# അമ്പലവയൽ
# ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട്















*ജനകീയാസൂത്രണത്തിന് ആശംസകൾ*

# അമ്പലവയൽ സർവീസ് സഹകരണബാങ്ക്

## ക്ലിപ്തം നമ്പർ. എഫ്. 7604.

### പി.ഒ. അമ്പലവയൽ, ഫോൺ - 60444

- എല്ലാവിധ കാർഷിക കാർഷികേതര, സ്വർണ്ണ പണ്ടപണയ വായ്പകളും നൽകുന്നു.
- വളം കീടനാശിനി എന്നിവ മിതമായ വിലക്ക് നൽകുന്നു.
- സെയ്ഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ഉടൻ ആരംഭിക്കുന്നു.

68 മാസം കൊണ്ട് നിക്ഷേപം ഇരട്ടിക്കുന്ന
"സ്വയം വർദ്ധിനി" നിക്ഷേപം.
സ്ഥിരനിക്ഷേപത്തിൻമേലുള്ള പലിശനിരക്ക്.

| | (9. 9. 96മുതൽ) |
|---|---|
| 30 ദിവസം മുതൽ 1 വർഷം വരെ. | 13% |
| 1 വർഷം മുതൽ 3 വർഷം വരെ. | 14 1/2% |
| 3. വർഷം മുതൽ 5 വർഷം വരെ. | 15% |
| 5 വർഷത്തിനു മുകളിൽ | 15 1/2% |

**റിക്കറിംഗ് ഡെപ്പോസിറ്റ് സ്കീം**

| പ്രതിമാസ ഗഡുസംഖ്യ | 67മാസംകൊണ്ട് യഥാർത്ഥത്തിൽ അടക്കുന്ന സംഖ്യ. | കാലാവധിക്കുശേഷം മടക്കി കൊടുക്കുന്ന സംഖ്യ. |
|---|---|---|
| 25 രൂപ | 1675 രൂപ | 2400 രൂപ |
| 50 ,, | 3350 ,, | 4800 ,, |
| 100 ,, | 6700 ,, | 9600,, |
| 100 ,, | 67000 ,, | 96000 ,, |

*നിങ്ങളുടെ മിച്ചമുള്ള പണം സഹകരണ ബാങ്കിൽ*
*നിക്ഷേപിക്കൂ, നിങ്ങളോടൊപ്പം നാടും വളരട്ടെ.*

വി. ശശിധരൻ.
(പ്രസിഡന്റ്)

കെ. ആർ. ശിവശങ്കരൻ
(സെക്രട്ടറി)

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## അമ്പലവയൽ
## ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്



*എഡിറ്റർ:*

ശ്രീ. എം. ജെ. ബേബി

*എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ:*

1. ശ്രീമതി കെ. ജഗദമ്മടീച്ചർ
2. ശ്രീ. എസ്സ്. ഉമ്മർ
3. ശ്രീ. എൻ. വാസുദേവൻ
4. ശ്രീ. കെ. വിജയൻ
5. ശ്രീ. സി. കുര്യാക്കോസ്സ്
6. ശ്രീ. എൻ. സി. കുര്യാക്കോസ്സ്
7. ശ്രീ. എം. യു. ജോർജ്ജ്
8. ശ്രീ. ടി. ശ്രീനിവാസൻ.

ഡി.ടി.പി & പ്രിന്റിംഗ് : സാൻ ജോർജിയ ഓഫ്സെറ്റ്
സുൽത്താൻ ബത്തേരി

# അമ്പലവയൽ ഗ്രാമപഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

## നമ്മുടെ ജനപ്രതിനിധികൾ

ശ്രീ. എം. പി. വീരേന്ദ്രകുമാർ. (ലോകസഭാംഗം)

ശ്രീ. പി. വി. വർഗ്ഗീസ്സ് വൈദ്യർ (നിയമസഭാംഗം)

ശ്രീമതി. കെ. എം. ഗ്രേസ്സി. (ജില്ലാ പഞ്ചായത്ത് മെമ്പർ)

ശ്രീമതി അന്നമ്മ മത്തായി (ബ്ലോക്ക് മെമ്പർ)

ശ്രീ. ടി. ജെ. രാജുജോൺ (ബ്ലോക്കു മെമ്പർ)

### ഗ്രാമപഞ്ചായത്ത്

ശ്രീമതി കെ. ജഗദമ്മടീച്ചർ (പ്രസിഡന്റ്)

ശ്രീ. എൻ. സി. കുര്യാക്കോസ്സ് (വൈസ് പ്രസിഡന്റ്)

ശ്രീ. ആലംതട്ടപ്രഭാകരൻ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

ശ്രീ. കെ. വിജയൻ. ,,

ശ്രീ. എം. യു. ജോർജ് ,,

ശ്രീ. എൻ. സി. കൃഷ്ണകുമാർ ,,

ശ്രീ. സി. ഗാഫൂർ ,,

ശ്രീ. കെ. പി. സെയ്തലവി ,,

ശ്രീ. കെ. റ്റി. ജോസഫ് ,,

ശ്രീമതി. കെ. ബി. അനിത ,,

ശ്രീമതി സി. അനിത ,,

ശ്രീമതി കെ. യു. കല്ല്യാണി ,,

# ഭരണ സമിതി അംഗങ്ങൾ



ഇരിക്കുന്നവർ

1. എൻ.സി.കുരിയാക്കോസ് (വൈസ് പ്രസിഡന്റ്)
2. കെ.ബി.അനിത (മെമ്പർ)
3. സി.അനിത (മെമ്പർ)
4. കെ.ജഗദമ്മ ടീച്ചർ (പ്രസിഡന്റ്)
5. കെ.വി.കല്യാണി (മെമ്പർ)
6. ആലന്താട്ടെ പ്രഭാകരൻ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

നില്ക്കുന്നവർ

1. എം.യു.ജോർജ്ജ് (മെമ്പർ)
2. കെ.ടി.ജോസഫ് (മെമ്പർ)
3. സി. ഗഫൂർ (മെമ്പർ)
4. കെ.പി.സെയ്തലവി (മെമ്പർ)
5. എൻ.സി. കൃഷ്ണകുമാർ (മെമ്പർ)
6. കെ.വിജയൻ (മെമ്പർ)

## എഡിറ്റോറിയൽ ബോർഡ്



ഇരിക്കുന്നവർ :

എൻ.സി.കുരിയാക്കോസ് (വൈസ് പ്രസിഡന്റ്), 2. ടി.ശ്രീനിവാസൻ (സെക്രട്ടറി)
3. കെ.ജഗദമ്മ ടീച്ചർ (പ്രസിഡന്റ്), 4. എൻ. വാസുദേവൻ, 5. എസ്. ഉമ്മർ

നിൽക്കുന്നവർ:

1. എം.വി.ജോർജ്ജ് (മെമ്പർ), 2. സി. കുരിയാക്കോസ് , 3. എം.ജെ.ബേബി ,
4. കെ. വിജയൻ(മെമ്പർ)

## പഞ്ചായത്ത് സ്റ്റാഫ്



നില്ക്കുന്നവർ (ഇടത്തു നിന്ന് വലത്തോട്ട്)

ആർ. പ്രേമലീല (സ്വീപ്പർ), ഇ.ജി. ബാലൻ (പൗണ്ട് കീപ്പർ), ദേവാനന്ദ്. കെ.പി. (യു.ഡി.സി), എം.കെ.ഗോപിനാഥൻ (സ്വീപ്പർ), എൻ.കെ. ബാലകൃഷ്ണൻ (എൽ.ഡി.സി), സനൽകുമാർ (എൽ.ഡി.സി), രാധ.സി.കെ. (പ്യൂൺ)

ഇരിക്കുന്നവർ

എ.സുശീല (പ്യൂൺ), കെ.ഇ.സതീശൻ (വി.ഡി.സി), എം.താഹക്കുട്ടി (യു.ഡി.സി), ടി. ശ്രീനിവാസൻ (ജനറൽ സെക്രട്ടറി), എം.കെ.മുരളീധരൻ (യു.ഡി.സി), കെ.എം.സരസ്വതി (യു.ഡിസി), സരസമ്മ.സി.കെ. (സ്കോവഞ്ചർ)

# വിഷയവിവരം


1. ആമുഖം.

2. പൊതുവിവരങ്ങളും, ഭരണപരമായ ചരിത്രവും.

3. സാമൂഹിക, സാംസ്കാരിക ചരിത്രപശ്ചാത്തലം.

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി വിഭവങ്ങൾ.

5. സാമൂഹ്യസാമ്പത്തിക മേഖലകൾ.

5.1. കൃഷിയും ജലസേചനവും.

5. 2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും.

5. 3. വിദ്യാഭ്യാസം.

5. 4. കുടിവെള്ളവും, പൊതുജനാരോഗ്യവും.

5. 5. വ്യവസായം.

5. 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

5. 7. പാർപ്പിടവും സാമൂഹ്യക്ഷേമവും.

5. 8. സംസ്കാരം.

5. 9. വനിത.

5. 10. സഹകരണമേഖല.

5.11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം,

5. 12. വിഭവസമാഹരണം.

5. 13. ടൂറിസം.

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ-ഗ്രൂപ്പ്.

# ആമുഖം

ഭാരതം സ്വതന്ത്രയായിട്ട് 49 വർഷം കടന്നുപോയി. നാടിന്റെ സമഗ്ര പുരോഗതിയെ ലക്ഷ്യമാക്കി 8 പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞു. 9ാം പദ്ധതിയുടെ പടിവാതിൽക്കൽ എത്തിനിൽക്കയാണ്. വിവിധമേഖലകളിൽ ഗണ്യമായ പുരോഗതി നാം നേടിയെടുത്തുവെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്, എന്നാൽ പദ്ധതികളുടെ ഗുണവശം താഴേ തട്ടിലേക്കെത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞില്ല. മുകളിൽനിന്ന് കാര്യങ്ങൾ തീരുമാനിച്ചു നടപ്പിൽ വരുത്തുന്നു എന്നതാണ് ഇതിന്റെ പ്രധാന കാരണം. നാടിന്റെ വിവിധങ്ങളായ കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് താഴേത്തട്ടിൽ നിന്ന് പദ്ധതി നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവന്നാൽ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയുകയുള്ളു. കേരളം ഒമ്പതാം പഞ്ചവത്സര പദ്ധതിയിലൂടെ അതിനു തുടക്കമിടുകയാണ്.

## എന്താണ് ജനകീയാസൂത്രണം?

പതിവ് ആസൂത്രണ പരിപാടിയിൽ നിന്ന് വ്യത്യസ്ഥമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് മൂന്ന് പ്രത്യേകതകളുണ്ട്. ഒന്ന്, പദ്ധതി കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളിൽ വലിയൊരു ഭാഗം, സാധാരണക്കാരായ നാട്ടിൻപുറത്തെ ജനങ്ങളുടെ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും രൂപപ്പെട്ടുവരുന്നുവെന്നതും, അവനിർമ്മിക്കാനുള്ള അവകാശം സ്ഥലത്തെ പഞ്ചായത്തുകൾക്ക് നൽകുന്നുവെന്നതും ഈ പ്രക്രിയയെ ജനകീയമാക്കിത്തീർക്കുന്നു: രണ്ട്, വികസനം ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണെന്നും, ഇതിൽ ഞാനും എന്റെ പ്രസ്ഥാനവും ഒരു പടി മുന്നിലായിരിക്കും എന്നുമുള്ള വാശിയിൽ ജനങ്ങൾ അണിനിരക്കുന്ന ഒരു മുന്നേറ്റമായി ഈ പ്രവർത്തനത്ത വിഭാവനം ചെയ്യുന്നതിലൂടെ ഇതൊരു പ്രസ്ഥാനമായിത്തീരുന്നു. മൂന്ന്, ആസൂത്രണം എന്നത് ഗൗരവമേറിയ ഒരു ശാസ്ത്ര സാങ്കേതിക പ്രവർത്തനമാണെന്ന കണിശത നിലനിർത്തിക്കൊണ്ടുതന്നെ അതിന്റെ ദുരൂഹത പൊളിച്ചുമാറ്റി ആസൂത്രണ പ്രക്രിയയെ കൂടുതൽ സുതാര്യമാക്കിത്തീർക്കുന്നു.

ഒൻപതാം പദ്ധതി 1997 ഏപ്രിൽ ഒന്നുമുതൽ അഞ്ചു വർഷത്തേക്കാണ്, ഈ കാലയളവിൽ ഏതാണ്ട് 14,000 കോടി രൂപയാണ് സംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയുന്നു. അതായത്, കഴിഞ്ഞ എട്ട് പദ്ധതികളിലും ചേർന്ന് പദ്ധതി വിഹിതമായി സർക്കാർ ചെലവാക്കിയതിനേക്കാൾ കൂടുതൽ തുക. ഇതിന്റെ 35-40 ശതമാനത്തോളം ഏതാണ്ട് 6000 കോടി-ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്കായി വിവിധ പഞ്ചായത്ത് സ്ഥാപനങ്ങളിലൂടെയും നഗരസഭകളിലൂടെയും ചെലവഴിക്കുന്നതാണ്. ഒരു പഞ്ചായത്ത് മേഖലയിൽ നാലര അഞ്ചു കോടി രൂപയോളം അടുത്ത അഞ്ചുവർഷങ്ങൾക്കിടയിൽ ചെലവാക്കാനായി ലഭിക്കും എന്നർത്ഥം. ഈ തുക എങ്ങനെ ചെലവാക്കണം? അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാവണം? അതിനുവേണ്ടിയാണ് ഗ്രാമസഭകളിലൂടെ വന്നിട്ടുള്ള കാര്യങ്ങളെ ക്രോഡീകരിച്ച് ഓരോ വികസന മേഖലകളിലൂടെയും പ്രശ്നങ്ങൾ, സാധ്യതകൾ എന്നീ രീതിയിൽ നാം വിശകലനം നടത്തി ഈ റിപ്പോർട്ടിന്റെ തുടർന്നുള്ള പേജുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പരിമിതമായ വരുമാനത്തിന്റെ ഫലപ്രദമായ വിനിയോഗമാണ് സാമ്പത്തികാസൂത്രണം. ഇപ്പോൾ കിട്ടുന്ന അഞ്ചു കോടി എന്നത് മുൻപത്തെക്കാൾ വലിയ തുക ആണെങ്കിലും ഒരു പഞ്ചായത്തിൽ ചെയ്തു തീർക്കേണ്ട കാര്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ പരിമിതമാണ്. അപ്പോൾ ഒരുറുപ്പിക എന്ത് ആവശ്യത്തിനായി ചെലവഴിക്കുമ്പോഴാണ് അതിൽനിന്ന് പരമാവധി സാമൂഹ്യനേട്ടം ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്നതെന്ന് പരിശോധിക്കണം. യാതൊരു വിധ മുൻഗണനാക്രമവും വിലയിരുത്തലും ഇല്ലാതെ പണം ചെലവഴിക്കയായിരുന്നു

ഇതുവരെ ചെയ്തത്. ``സ്വാധീന''മുള്ളവരുടെ വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാണ്, പദ്ധതി ചെലവിൽ വലിയൊരുഭാഗം ചെലവാക്കിയിരുന്നത് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ പോലും നേട്ടങ്ങൾ പരിമിതമായി മാത്രമേ ദരിദ്രജനങ്ങൾക്ക് കിട്ടിയിരുന്നുള്ളു. ഇതിന്റെയെല്ലാം ഫലമായി നാം വലിയൊരു ഊരാക്കുടുക്കിൽ അകപ്പെട്ടിരിക്കയാണ് തിക്ത ഫലങ്ങൾ ജനങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. ഭക്ഷണത്തിന് വേണ്ടതെല്ലാം ഇറക്കുമതി ചെയ്യണം. അന്യസംസ്ഥാനങ്ങളിലെ മഴ, വെള്ളം, വെയിൽ, ഗതാഗതം തുടങ്ങിയ കാര്യങ്ങളെ ആശ്രയിച്ചാണ് അരി, പച്ചക്കറി, മുട്ട, പലവ്യഞ്ജനങ്ങൾ എന്നിവ കേരളത്തിൽ കിട്ടുന്നത്. വ്യാവസായിക മേഖല ഏതാണ്ട് മുരടിച്ച മട്ടിലാണ്. തൊഴിലില്ലായ്മ വലിയൊരു പ്രശ്നമായി മാറിക്കഴിഞ്ഞു. ഇതോടൊപ്പം, നേരത്തെ നന്നായി നടന്നുവന്ന പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവ വിപുലമായ വിധത്തിൽ നിലവാരത്തകർച്ചയിൽ എത്തിനിൽക്കുന്നു. വൈദ്യുതി മേഖല പരിതാപകരമായ അവസ്ഥയിലാണ്. സംസ്ഥാനം ആരു ഭരിച്ചാലും ഇനി ഈ പ്രശ്നങ്ങളെ അവഗണിക്കാൻ സാധിക്കയില്ല. ഈ പ്രശ്നങ്ങളെ ധൈര്യസമേതം അഭിമുഖീകരിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡും, അതിനെ നയിക്കുന്ന സർക്കാരും തയ്യാറായി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രസക്തി. പ്രസക്തമായ ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തേണ്ടത് നാടിനെ സ്നേഹിക്കുന്നവരുടെ കടമയാണ്. ജനകീയ ആസൂത്രണപ്രസ്ഥാനം അതിനുള്ള അവസരം നൽകുകയാണ്. പഞ്ചായത്തുകൾ ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തണം.

പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാനുള്ള പണം പദ്ധതി വിഹിതമായി നൽകും. അധികാരം, ചട്ടം എന്നിവയൊക്കെ തീർപ്പു കൽപ്പിക്കാനായി സെൻകമ്മിറ്റി ശുപാർശകൾ നടപ്പാകുമെന്ന് കരുതുന്നു. അധികാരവും പണവും കിട്ടുമ്പോൾ അത് വിനിയോഗിക്കുന്നതിനുള്ള കൃത്യതയും ധാരണയും കാഴ്ചപ്പാടുമാണ് പ്രധാനമായി വേണ്ടത് ഇവയാകട്ടെ, കൂട്ടായ ചർച്ചകളിലൂടെയും സങ്കുചിത കക്ഷിരാഷ്ട്രീയത്തിന്നതീതമായ ഇടപാടുകളിലൂടെയും തുടർച്ചയായ പഠനത്തിലൂടെയും, അനുഭവങ്ങൾ പങ്കിടുന്നതിലൂടെയും മാത്രമേ ഉണ്ടാവുകയുള്ളു.

## പ്രവർത്തനങ്ങൾ

ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് അന്യത്ര ചേർക്കുന്നു.

| | |
|---|---|
| 14.9.96 ന്. | സംസ്ഥാന ജില്ലാ പരിശീലകർ, പഞ്ചായത്ത് മെമ്പർമാർ എന്നിവരുടെ കൂടിയാലോചനായോഗം - പങ്കെടുത്തവർ - 111 |
| 10. 9. 96. | ഗ്രാമസഭാ സംഘാടനത്തിനുവേണ്ടിയുള്ള മുഖ്യപരിശീലകരെ തെരഞ്ഞെടുക്കൽ |
| 23. 9. 96 | ഗ്രാമസഭാ ചർച്ച നയിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം |
| 3.10.96 ന് | സംസ്ഥാന, ജില്ല, പഞ്ചായത്ത് പരിശീലകർ പഞ്ചായത്ത്/ബ്ലോക്ക് അംഗങ്ങൾ ചേർന്ന് ദ്വിതീയവിവര ശേഖരണത്തിനുവേണ്ടി മൂന്ന് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. |
| 9.10.96 ന് | ഗ്രാമ/ബ്ലോക്ക്/ പഞ്ചായത്ത് അംഗങ്ങൾ, മുഖ്യപരിശീലകർ എന്നിവർ ചേർന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ 12 വിഷയങ്ങളായി ക്രോഡീകരിച്ചു. |
| 1.11.96. | ഉദ്യോഗസ്ഥന്മാരുടെ യോഗം |
| 2.11.96 | രണ്ടാംഘട്ട ഏകദിന ശില്പശാല, പഠന പര്യടനം.ചരിത്രാന്വേഷണം എന്നിവയ്ക്കുവേണ്ടി നാല് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി. |
| 4.11.96 | പഠന ഗ്രൂപ്പിൽ പ്രത്യേക പരിശീലനം |
| 6/11/96- 9/11/96. | പഠനപര്യടനം, ചരിത്രാന്വേഷണം, കാരണവന്മാരുമായുള്ള അഭിമുഖം |
| 9.11.96 | ശേഖരിച്ച വിവരങ്ങൾ വിലയിരുത്തൽ |

10.11.96 പഞ്ചായത്ത് മെമ്പർമാർക്ക് പ്രത്യേകം ക്ലാസ്സ്

11.11.96 ഉദ്യോഗസ്ഥരുടെയും മറ്റു വിദഗ്ദ്ധരുടെയും യോഗം

പഠന പര്യടനം, ദ്വിതീയ വിവരശേഖരണം, ഗ്രാമസഭാറിപ്പോർട്ട്, നടപ്പു പദ്ധതികളുടെ അവലോകനം. എന്നിവയിൽ നിന്നും ലഭിച്ച വിവരങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് 12.11.96ന് വിശദമായ ചർച്ച നടന്നു. ഇതിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, മറ്റു വിദഗ്ദ്ധർ, സംസ്ഥാന ജില്ലാ പഞ്ചായത്ത് തല പരിശീലകർ, പഞ്ചായത്ത്/ബ്ലോക്ക് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. പന്ത്രണ്ട് ഗ്രൂപ്പുകളിലായി നടന്ന ചർച്ചകളുടെ കരട് രൂപം 13.11.96ന് പൊതുചർച്ചയ്ക്ക് വിധേയമാക്കിയതിനുശേഷം എഴുതുവാനുള്ള സംഘത്തെ ഏൽപ്പിച്ചു. തുടർന്നുള്ള ദിവസങ്ങളിലായി ഈ സംഘം റിപ്പോർട്ടിന് അന്തിമ രൂപം നൽകുകയും പഞ്ചായത്ത് ബോർഡിനു മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുകയും 23.11.96ന് ചേർന്ന പഞ്ചായത്ത് ബോർഡ് വിശദമായ പരിശോധനയ്ക്ക് വിധേയമായി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ**

| വാർഡ്നമ്പരും, പേരും, | തിയ്യതി | ഗ്രാമസഭയിൽ പങ്കെടുത്തവരുടെ എണ്ണം | | | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|
| | | സ്ത്രീ. | പു. | ആകെ. | |
| 1. കാരച്ചാൽ | 29.9.96 | 39 | 173 | 212 | |
| 2. കുമ്പളേരി | 29.9.96 | 14 | 144 | 158 | |
| 3. ചീങ്ങേരി | 28.9.96 | 39 | 72 | 111 | |
| 4. അമ്പലവയൽ | 30.9,96 | 69 | 144 | 213 | |
| 5. മഞ്ഞപ്പാറ | 1.10.96 | 37 | 128 | 165 | |
| 6. ആണ്ടൂർ | 1.10.96 | 21 | 131 | 152 | |
| 7. കോട്ടൂർ | 26.9.96 | 20 | 113 | 133 | ഘഉഘഉ |
| 8. തോമാട്ടുചാൽ | 30.9.96 | 51 | 163 | 214 | |
| 9. കടൽമാട് | 27.9.96 | 21 | 98 | 119 | |
| 10. പുറ്റാട് | 28.9.96 | 40 | 147 | 189 | |
| 11. നെല്ലറാച്ചൽ | 2.10.96 | 35 | 208 | 243 | |
| 12. ചീങ്ങപ്പല്ലം | 27.9.96 | 56 | 141 | 197 | സമാപനം |
| | | 442 | 1662 | 2104 | |

*നരനും നരനും തമ്മിൽ*
*സാഹോദര്യമുദിക്കണം*
*അതിനു വിഘ്നമായുള്ള-*
*തെല്ലാമില്ലാതെയാകണം* -നാരായണഗുരു

# അമ്പലവയൽ ഗ്രാമപഞ്ചായത്ത്

## 1. പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അമ്പലവയൽ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | അമ്പലവയൽ, തോമാട്ടുചാൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | അമ്പലവയൽ, തോമാട്ടുചാൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | സുൽത്താൻ ബത്തേരി |
| താലൂക്ക് | : | സുൽത്താൻ ബത്തേരി |
| ജില്ല | : | വയനാട് |
| അസംബ്ലിമണ്ഡലം | : | സുൽത്താൻ ബത്തേരി |
| വിസ്തീർണ്ണം | : | 60.-65 ച. കി. മീറ്റർ |
| ജനസംഖ്യ | : | 31051 |
| പുരുഷൻമാർ | : | 15785 |
| സ്ത്രീകൾ | : | 15266 |
| ജനസാന്ദ്രത | : | 502 |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ടിന്റെ പേര് | : | ശ്രീമതി കെ. ജഗദമ്മടീച്ചർ. |
| വൈസ്പ്രസിഡണ്ടിന്റെ പേര് | : | ശ്രീ. എൻ. സി. കുര്യാക്കോസ് |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി–ചെയർമാൻ | : | ശ്രീ ആലന്തട്ട പ്രഭാകരൻ |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | സുൽത്താൻ ബത്തേരി, മീനങ്ങാടി പഞ്ചായത്തുകൾ. |
| കിഴക്ക് | : | നെന്മേനി പഞ്ചായത്തും, തമിഴ്നാട് സംസ്ഥാനവും |
| തെക്ക് | : | മേപ്പാടി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | മേപ്പാടി, മുട്ടിൽ പഞ്ചായത്തുകൾ |

## 2. ഭരണചരിത്രം

1961ൽ സംസ്ഥാന വ്യാപകമായി നടന്ന പഞ്ചായത്തുകളുടെ പുനഃസംഘടനയുടെ ഭാഗമായാണ് അമ്പലവയൽ പഞ്ചായത്ത് രൂപീകൃതമായത്.

20.11.1961 ലെ M.S. 161/61 (2) DD നമ്പർ കേരള സർക്കാർ വിജ്ഞാപന പ്രകാരം, പഞ്ചായത്ത് ഇൻസ്പെക്ടർ, കല്പറ്റ എന്ന ആളെ അമ്പലവയൽ പഞ്ചായത്ത് സ്പെഷ്യൽ ആഫീസറായി നിയോഗിച്ചു. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആദ്യയോഗം 17,12,63ന് ശ്രീ. ടി. പി. മാധവൻ നായരെ പ്രസിഡണ്ടായും ശ്രീ. പി. ബാലനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു. മേപ്പാടി പഞ്ചായത്തിലെ മുപ്പൈനാട് ദേശത്തിൽ പെട്ട കടൽമാട്, തോമാട്ടുചാൽ, കോട്ടൂർ, നെല്ലാറച്ചാൽ, പുറ്റാട്, ആണ്ടൂർ ചീങ്ങവല്ലം, കിടങ്ങനാട് ദേശത്തിൽ ഉൾപ്പെട്ട കുപ്പമുടി, അമ്പലവയൽ, പുറക്കാടി പഞ്ചായത്തിൽപെട്ട കളത്തുവയൽ, കാരച്ചാൽ, കുമ്പളേരി അടങ്ങിയ ചീങ്ങേരി പ്രദേശവും ചേർത്തുകൊണ്ടാണ് അമ്പലവയൽ പഞ്ചായത്ത് രൂപീകൃതമായത്. 1982---83 വർഷത്തിൽ വിവിധ വികസന മേഖലകളിൽ സഫലീകരിച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്തായി നമ്മുടെ പഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നു.

# വിവിധ വകുപ്പുകളുടെ ഓഫീസുകൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസ് | : | അമ്പലവയൽ |
| ഡെപ്യൂട്ടി കലക്ടർ ഓഫീസ് | : | അമ്പലവയൽ |
| ടെലഫോൺ എക്സ്ചേഞ്ച് | : | അമ്പലവയൽ |
| ടെലഫോൺ എക്സ്ചേഞ്ച് | : | വടുവഞ്ചാൽ |
| സബ്ബ് തപ്പാലാപ്പീസ് | : | അമ്പലവയൽ |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | കാരച്ചാൽ |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | കുമ്പളേരി |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | കളത്തുവയൽ |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | കടൽമാട് |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | പുറ്റാട് |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | നെല്ലാറച്ചാൽ |
| ബ്രാഞ്ച് തപ്പാലാപ്പീസ് | : | നരിക്കുണ്ട് |
| വില്ലേജ് ഓഫീസ് | : | അമ്പലവയൽ |
| വില്ലേജ് ഓഫീസ് | : | തോമാട്ടുചാൽ |
| പോലീസ് സ്റ്റേഷൻ | : | അമ്പലവയൽ |
| പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (K.A.U) | : | അമ്പലവയൽ |
| പ്രൈമറി ഹെൽത്ത് സെന്റർ- | : | അമ്പലവയൽ |
| സബ്സിഡയറി ഹെൽത്ത് സെന്റർ (S.H.C) | : | അമ്പലവയൽ |
| ആയുർവേദ ഡിസ്പൻസറി | : | അമ്പലവയൽ |
| ആയുർവേദ ഡിസ്പൻസറി | : | ചീങ്ങേരി |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | : | അമ്പലവയൽ |
| ലേഡിവില്ലേജ് എസ്റ്റൻഷൻ ഓഫീസ് | : | ആണ്ടൂർ |
| PWD (റോഡ്സ്) അസി. എഞ്ചിനീയർ ഓഫീസ് | : | അമ്പലവയൽ |
| IHRDE സെന്റർ | : | അമ്പലവയൽ |
| മൈനർ ഇറിഗേഷൻ AE ഓഫീസ് | : | അമ്പലവയൽ |
| ട്രൈബൽ എക്റ്റൻഷൻ ഓഫീസ് | : | അമ്പലവയൽ |
| മൃഗാശുപത്രി | : | തോമാട്ടുചാൽ |
| കൃഷിവിജ്ഞാനകേന്ദ്രം (KVK) | : | അമ്പലവയൽ |
| കൃഷിഭവൻ | : | അമ്പലവയൽ |
| ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം | : | അമ്പലവയൽ |

# ഭരണപരമായ ചരിത്രം

## മുൻകാലഭരണ സമിതികൾ (ആദ്യഭരണസമിതി) 1963 മുതൽ 1979 വരെ)

| ക്രമനമ്പർ, പേര്, | പദവി, | കാലയളവ് |
|---|---|---|
| 1. ശ്രീ. ടി. പി. മാധവൻനായർ. | പ്രസിഡന്റ് | 1963 മുതൽ 1966 വരെ |
| 2. ശ്രീ. പി. ബാലൻ | വൈസ്പ്രസിഡന്റ് | |
| ശ്രീ. പി. ബാലൻ | പ്രസിഡന്റ് | 1966 മുതൽ 1972 വരെ |
| 3. ശ്രീ. എൻ. ഗോവിന്ദൻ | വൈസ്പ്രസിഡന്റ് | 1966 മുതൽ 1978 വരെ |
| 4. ശ്രീ. കെ. സി. ജോർജ്. | പ്രസിഡന്റ് | 1972 മുതൽ 1979 വരെ |
| 5. ശ്രീ. എം. എം. മത്തായി | വൈസ്പ്രസഡന്റ് | 1978 മുതൽ 1979 വരെ |
| 6. ശ്രീ. കെ. രാജു ജയിംസ് | മെമ്പർ | 1963 മുതൽ 1979 വരെ |
| 7. ശ്രീ. എൻ. കുഞ്ഞമ്പു | മെമ്പർ | 1963 മുതൽ 1979 വരെ |
| 8. ശ്രീമതി ചരളിൽ ശോശാമ്മ | നോമിനേറ്റഡ് മെമ്പർ | 1963 മുതൽ 1979 വരെ |

## രണ്ടാമതു ഭരണസമിതി 1979 മുതൽ 1984 വരെ.

| | | |
|---|---|---|
| 1. ശ്രീ. എൻ. വാസുദേവൻ | പ്രസിഡന്റ് | 1979-1984 |
| 2. ശ്രീ. സി. മാമു | വൈസ്പ്രസിഡന്റ് | 1979-1984 |
| 3. ശ്രീ. പി. വി. ജോർജ് | മെമ്പർ | 1979-1984 |
| 4. ശ്രീ. ആലം തട്ട പ്രഭാകരൻ | മെമ്പർ | 1979-1984 |
| 5. ശ്രീ. സി. കുര്യാക്കോസ് | മെമ്പർ | 1979-1984 |
| 6. ശ്രീ. എൻ. വെള്ളൻ | മെമ്പർ | 1979-1984 |
| 7. ശ്രീമതി ബ്രിജിത്താ ജോസ്സഫ് | മെമ്പർ | 1979-1984 |
| 8. ശ്രീ. കെ. എ. തോമസ്സ് | മെമ്പർ | 1979-1984 |
| 9. ശ്രീ. കെ. സി. ജോർജ് | മെമ്പർ | 1979-1984 |

## മൂന്നാമതു ഭരണസമിതി 1988 മുതൽ 1995 വരെ.

| | | |
|---|---|---|
| 1. ശ്രീ. കെ. വിജയൻ | പ്രസിഡന്റ് | 1988-1991 |
| 2. ശ്രീ. കെ. അഹമ്മദുകുട്ടി | വൈസ് പ്രസിഡന്റ് | 1988-1991 |
| 3. ശ്രീ. സി. കുര്യാക്കോസ് | പ്രസിഡന്റ് | 1991-1995 |
| 4. ശ്രീമതി ശോശാമ്മ ഔസേപ്പ് | മെമ്പർ | 1991-1995 |
| 5. ശ്രീ. പി. അപ്പു. | മെമ്പർ | 1991-1995 |
| 6. ശ്രീ. എൻ വാസുദേവൻ | മെമ്പർ | 1991-1995 |
| 7. ശ്രീമതി പി. സി. ആയിഷ | മെമ്പർ | 1991-1995 |
| 8. ശ്രീ. കെ. എ. അബ്രഹാം. | മെമ്പർ | 1991-1995 |
| 9. ശ്രീ. എം. യു. ജോർജ് | മെമ്പർ | 1991-1995 |
| 10. ശ്രീ. ടി. കെ. ജയശങ്കരൻ | മെമ്പർ | 1991-1995 |
| 11. ശ്രീ കെ. ആർ. ഉണ്ണീരി | മെമ്പർ | 1991-1995 |

**1984 മുതൽ 1988 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.**



3

# സാമൂഹിക സാംസ്കാരിക ചരിത്രം

ലോകോത്തര ശിലാചിത്രങ്ങൾ ഉൾക്കൊള്ളുന്ന എടക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലനിരകളുടെ മടിത്തട്ടിലാണ് അമ്പലവയൽ ഗ്രാമം. വയലുകളും അതിനോട് ചേർന്ന് ക്ഷേത്രങ്ങളും ഉണ്ടായിരുന്നതുകൊണ്ടാണ് അമ്പലവയൽ എന്നു പേരുണ്ടായത്.

ചരിത്രാതീതകാലത്ത് തന്നെ ഇവിടെ ജനവാസം ഉണ്ടായിരുന്നുവെന്നതിന് തെളിവാണ് എടക്കൽ ഗുഹാചിത്രങ്ങൾ, മുനിയറകൾ, ഈ പ്രദേശത്തുനിന്നും ലഭിച്ച ശിലായുധങ്ങൾ ഗൃഹോപകരണങ്ങൾ എന്നിവ. ലോകപ്രശസ്തരായ പല ചരിത്രകാരന്മാരും ഇവിടെ എത്തി പഠനം നടത്തിയിട്ടുണ്ട്. ഈ പുരാണ സംസ്കൃതി ഇന്നും അനേകം ഗവേഷകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ചെമ്പുതകിടുകൾ കൊണ്ടു മേഞ്ഞ മേൽക്കൂരയുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള ഇവിടുത്തെ ചീങ്ങേരി അമ്പലം വളരെ പ്രസിദ്ധമാണ്. പഠന ഗവേഷണങ്ങൾക്ക് ഉതകുന്ന രീതിയിലുള്ള ഒരു ഹെറിറ്റേജ് മ്യൂസിയവും സമീപകാലത്ത് ഗുഹാഭിമുഖമായി അമ്പലവയലിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

കുറുമർ, പണിയർ, കാട്ടുനായ്ക്കർ ഊരാളിമാർ എന്നിവരായിരുന്നു ഇവിടുത്തെ ആദിമവാസികൾ. 18ാം നൂറ്റാണ്ടിൽ ചെട്ടിമാർ ഈ പ്രദേശത്ത് എത്തിയതോടുകൂടി കൃഷി, കന്നുകാലി വളർത്തൽ എന്നിവ ഇവിടെ വ്യാപിച്ചു. തുടർന്ന് തച്ചനാടൻ മൂപ്പൻമാരും ഇവിടെ എത്തിയതായി കാണുന്നു. പണിയർ ഏറിയ പങ്കും ഇവരുടെ അടിമകളായിരുന്നു. ഈ ഭൂമിയിൽ ഭൂരിഭാഗവും നിലമ്പൂർ കോവിലകം വകയായിരുന്നു. കോവിലകത്തേയ്ക്ക് അളക്കേണ്ട നെല്ല് പാട്ടം കോവിലകം വകയായ ബഡേരി കുന്നത്തുകോട്ട ക്ഷേത്രത്തിൽ എത്തിച്ചതായി ചരിത്രരേഖകളിൽ കാണുന്നു. കൃഷിക്കാർ താമസിക്കുന്ന കരഭൂമിക്കും, തൊട്ട്ചേർന്ന അപൂർവ്വം വയലുകൾക്കും മാത്രമായിരുന്നു മദ്രാസ് ഗവൺമെന്റ് പട്ടയം നൽകിയിരുന്നത്.

ഇക്കാലത്തെ വീടുകൾ മണ്ണുകുഴച്ച് പിടിപ്പിച്ചും മുളകൊണ്ട് മെടഞ്ഞ് മണ്ണുതേച്ചും ഉണ്ടാക്കിയ ഭിത്തികളോടു കുടിയവയായിരുന്നു.

കരഭാഗത്ത് ചോളം, മുത്താറി, പുകയില, ചാമ, കറുത്തൻ നെല്ല്, മത്തൻ, കുമ്പളം, ചേന, ചേമ്പ് എന്നിവയും, വയലുകളിൽ വാളിച്ച, തൊണ്ടി, കൊട്ടത്തൊണ്ടി, വെളിയൻ, ഗന്ധകശാല ജീരകശാല, പുന്നാടൻ തൊണ്ടി, കോതണ്ടൻ, ചോമാല, വെളുമ്പാല എന്നീ നെല്ലിനങ്ങളും കൃഷി ചെയ്തിരുന്നു. കീടകബാധയകറ്റുന്നതിന് ഒറ്റമുല മുറം കൊണ്ട് വീശിയകറ്റുകയും, വയലിൻ കരക്ക് ചപ്പുചവറുകളും, ഉണങ്ങിയ ഇല്ലിക്കമ്പുകളും കൂട്ടി തീയിട്ട് ചാഴികളെ ആകർഷിച്ച് വക വരുത്തുകയുമാണ് ചെയ്തിരുന്നത്. ചാഴിയെ മന്ത്രശക്തികൊണ്ട് വിലക്കുന്ന ഒരു രീതിയും ഉണ്ടായിരുന്നു. കൊയ്ത്തു കഴിഞ്ഞുള്ള മെതിക്ക് പകരം കന്നുകാലികളെ കെട്ടിയുള്ള ``ഒക്കൽ'' രീതിയാണു സ്വീകരിച്ചിരുന്നത്.

നാണയ വ്യവസ്ഥയോ മിച്ച ധാന്യം വിൽക്കാൻ പ്രത്യേക ചന്തയോ ഇവിടെ ഉണ്ടായിരുന്നില്ല. കണ്ണൂരിൽ നിന്നും മൈസൂരിൽ നിന്നും ഊട് വഴികളിലൂടെ ഇവിടെയെത്തുന്ന കച്ചവടക്കാരിൽനിന്നും ആവശ്യമായ വസ്ത്രം, പുകയില, ഉപ്പ്, എണ്ണ ഇത്യാദി സാധനങ്ങൾ വാങ്ങുകയും പകരം ധാന്യങ്ങൾ നെയ്യ്, തേൻ, സുഗന്ധ ദ്രവ്യങ്ങൾ തുടങ്ങിയവ കൊടുത്തുമുള്ള കൈമാറ്റ രീതിയാണ് നിലനിന്നിരുന്നത്.

കന്നുകാലികളെ വിട്ടുമേയ്ക്കുന്ന സമ്പ്രദായമായിരുന്നു അന്ന് നിലനിന്നിരുന്നത്. ഇവയെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി പെടത്തിയാല, പൊതാല എന്നിവ നിർമ്മിച്ചിരുന്നു. വിട്ടുമേയ്ക്കുന്ന കന്നുകാലികളുടെ ഗതിയറിയുന്നതിനുവേണ്ടി അവയുടെ കഴുത്തിൽ `തട്ട്' കെട്ടുന്ന സമ്പ്രദായവും ഉണ്ടായിരുന്നു.

കൃഷിപ്പണിയില്ലാതിരുന്ന സമയങ്ങളിൽ പണിയർ, നായ്ക്കർ, തുടങ്ങിയവർ തേനും കാട്ടുകിഴങ്ങും ശേഖരിച്ചും കുറുമർ `കൂഴംകുത്തി'യും ജീവിച്ചിരുന്നു. കുറുമരും ചെട്ടിമാരും പരസ്പരം നടീലിനും കൊയ്ത്തിനും സഹായിച്ചിരുന്നു. നടീൽ തീരുന്ന ദിവസം പണിയർ താളമേളങ്ങളോടെ വയൽ വരമ്പിലും അവരുടെ സ്ത്രീകൾ നാട്ടുന്നതിനിടയിൽ താളാത്മകമായി നൃത്തം വെച്ചും കുകിവിളിച്ചും `കമ്പളം' നടത്തിയിരുന്നു.

ഭക്ഷണക്രമം കാലാവസ്ഥയ്ക്ക് അനുയോജ്യമായിരുന്നു. ഇടവപ്പാതിക്കാലത്ത് ചാമയും, കന്നി പതിനഞ്ച് കഴിഞ്ഞ് കറുത്തൻ നെല്ലും, ഉപയോഗിച്ചിരുന്നു. പണിയർ ഞണ്ട്, നുഞ്ചി, താള് മുതലായവയും ഭക്ഷണമായി ഉപയോഗിച്ചിരുന്നു.

അമ്പും വില്ലും നരിക്കുന്തവും ആയുധങ്ങളായി ഉപയോഗിച്ചിരുന്നു. ഇവയുടെ ലോഹമുനകൾ ഊരാളിമാരുടെ ലോഹവിദ്യയ്ക്ക് തെളിവാണ്. ഇവർ കൊരമ്പക്കുട, ധാന്യം സൂക്ഷിക്കുന്നതിനുള്ള കൊമ്മ, കുട്ട, ഒറ്റമൂല മുറം, മീൻ പിടിക്കുന്നതിനുള്ള കുർത്ത എന്നിവയും നിർമ്മിച്ചിരുന്നു. കൂടാതെ ഇവർ ഒന്നാന്തരം മൺപാത്ര നിർമ്മാണക്കാരുമായിരുന്നു. പണിയരും കുടനിർമ്മാണത്തിൽ തല്പരരായിരുന്നു.

ചില പ്രത്യേക വിശേഷാവസരങ്ങളിൽ ആദിവാസി ഗോത്രങ്ങൾ പ്രത്യേകമായും, വർഷത്തിലൊരിക്കൽ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് `തിറ' ഉത്സവം നടത്തുകയും അതിൽ എല്ലാ വിഭാഗങ്ങളും അവരുടേതായ കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. തിറ, ഉച്ചാൽ, പുത്തരി എന്നിവ പ്രധാനാഘോഷങ്ങളായിരുന്നു. ചില അവസരങ്ങളിൽ എല്ലാ ഗോത്രവിഭാഗങ്ങളും പങ്കെടുത്തുകൊണ്ടുള്ള നരി പിടുത്തവും നടത്തിയിരുന്നു.

ആദിമനിവാസികളുടെ ഇടയിൽ ഒന്നാന്തരം വൈദ്യന്മാരുമുണ്ടായിരുന്നു. പച്ചമരുന്ന് ഉപയോഗിച്ചുള്ള ചികിത്സ കൂടാതെ മന്ത്രവാദവും ചികിത്സാവിധിയായി കല്പിച്ചിരുന്നു.

1850 ഓടുകൂടി വെള്ളക്കാർ വയനാട്ടിൽ തോട്ടങ്ങൾ തുറക്കുകയും അതിന്റെ ഭാഗമായി കപ്പമുടി, മഞ്ഞപ്പാറ എന്നീ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ ചീങ്ങവല്ലം മട്ടപ്പാറ എന്നീ നാട്ടുകാരുടെ എസ്റ്റേറ്റുകളും ഉണ്ടായതായി കാണാം. കുരുമുളകിൽ ആരംഭിച്ച തോട്ടകൃഷി ക്രമേണ കാപ്പികൃഷിയിലേയ്ക്ക് മാറി. എന്നാൽ മഞ്ഞപ്പാറയിൽ ആദ്യം തന്നെ റബ്ബർ കൃഷിയാണ് നടത്തിയിരുന്നത്. ഈ തോട്ടങ്ങളിൽ കങ്കാണി വ്യവസ്ഥയിൽ പുറമേനിന്ന് കൊണ്ടുവന്ന വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളാണ് പ്രവർത്തിച്ചിരുന്നത്. ഇക്കാലത്ത് ബഡേരി വഴി കടന്നുപോകുന്ന ഊട്ടി റോഡിൽ നിന്ന് മഞ്ഞപ്പാറ വരെ എത്തുന്ന ഒരു കാളവണ്ടി പാത ഒഴിച്ച് ഈ പ്രദേശത്ത് ഒരു റോഡും ഉണ്ടായിരുന്നില്ല.

1890-ൽ ആദിമജാതി സമാജത്തിന്റെ ആഭിമുഖ്യത്തിൽ നെല്ലാറച്ചാലിലാണ് ആദ്യമായി ഒരു വിദ്യാലയം ആരംഭിക്കുന്നത്. ഈ സ്കൂളിൽ ആദ്യകാലത്ത് കുറുമർ ഒഴികെയുള്ള ആദിവാസികൾക്ക് പ്രവേശനം നിഷേധിച്ചിരുന്നു. എന്നാൽ ഇതിനുമുമ്പു തന്നെ ചെട്ടിമാരുടെ വരവോടെ പുറമേ നിന്നും ആശാന്മാരെ കൊണ്ടുവന്ന് വീടുകളിൽ താമസിപ്പിച്ച് വിദ്യ അഭ്യസിപ്പിച്ചിരുന്നു. 1894ൽ അന്നത്തെ മലബാർ ജില്ലാപോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫോസറ്റ് കുപ്പമുടി എസ്റ്റേറ്റ് സന്ദർശിക്കുകയും യാദൃച്ഛികമായി എടക്കൽ ഗുഹയിലെത്തിച്ചേരുകയും ചെയ്തു. ഇങ്ങനെയാണ് എടക്കൽ ഗുഹയുടെ പ്രാധാന്യം പുറംലോകം അറിയാൻ ഇടയായത്.

1945ൽ വിമുക്ത ഭടന്മാരെ പുനരധിവസിപ്പിക്കുന്നതിന്ന് വേണ്ടി മദിരാശി സർക്കാർ ആവിഷ്ക

രിച്ച് നടപ്പിലാക്കിയ വയനാട് ലാന്റ് കോളനൈസേഷൻ സ്കീമിൽ ഈ പ്രദേശം ഉൾപ്പെട്ടുവെന്നതാണ് പരിഷ്കാരമാറ്റങ്ങൾക്ക് നാന്ദിയായത്. സമഗ്രമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് ആശുപത്രി, കൃഷി ഫാം, റോഡുകൾ, വിദ്യാലയങ്ങൾ ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവ്, മുതലായവയെല്ലാം ഇതിൽ ഉൾപ്പെട്ടിരുന്നു. ഇതിലേക്കാവശ്യമായ ഫണ്ടും വകയിരുത്തിയിരുന്നു. കുടിയിരുത്തപ്പെട്ടവർക്ക് വീടിന്നും, കൃഷിക്കും സഹായധനം അനുവദിച്ചിരുന്നു. ഈ പദ്ധതി ഈ പ്രദേശത്തിന്റെ പല മാറ്റങ്ങൾക്കും കാരണമായെങ്കിലും യഥാർത്ഥ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന്ന് കഴിഞ്ഞില്ല. ജനഹിതം മാനിക്കാതെയും ജനപങ്കാളിത്തം ഉറപ്പ് വരുത്താതെയും ഉദ്യോഗസ്ഥമേധാവിത്വത്തിൻ കീഴിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചുവെന്നതാണ് ഈ അവസ്ഥക്ക് കാരണം. കാർഷികവൃത്തിയുമായി ബന്ധമില്ലാത്തവരായിരുന്നു കുടിയിരുത്തപ്പെട്ടവരിൽ ഏറിയ കൂറും. പ്രതികൂല കാലാവസ്ഥയും, മാരകരോഗങ്ങളും മറ്റൊരു കാരണമാണ്. പദ്ധതിക്ക് വേണ്ടി, നിലവിൽ ഉണ്ടായിരുന്ന കൃഷിക്കാർക്ക് തുച്ഛമായ ഭൂമി കൊടുത്ത് ബാക്കി മുഴുവൻ നഷ്ടപരിഹാരം പോലും കൊടുക്കാതെ ഏറ്റെടുക്കുകയായിരുന്നു. ഇത് കുടിയിരുത്തപ്പെട്ടവരും തദ്ദേശീയരും തമ്മിൽ ഉണ്ടാകേണ്ട ഐക്യവും മാനസിക പൊരുത്തവും ഇല്ലാതാക്കി.

കോളനൈസേഷൻ സ്കീം നടപ്പിലാക്കുന്ന കാലഘട്ടത്തിൽ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം പദ്ധതിയുടെ ഭാഗമായിരുന്ന ചീങ്ങേരി പ്രദേശത്തും ആരംഭിച്ചു. കുടിയേറിയവരിൽ പലർക്കും പുഞ്ചശ്ശീട്ട് അവകാശം ലഭിച്ചിരുന്നു. ഇവരെ ഒഴിപ്പിക്കുന്നതിന്ന്, സർക്കാർ നടപടികൾ കൈകൊണ്ടപ്പോൾ കുടിയേറ്റക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. ചെറുത്ത് നിൽപ്പിന്റെ ചരിത്രം ഇവിടെ ആരംഭിക്കുന്നു. വീണ്ടും 1957ൽ ഒഴിപ്പിക്കൽ നടപടിയുമായി സർക്കാർ മുന്നോട്ട് വന്നു. ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തിന്ന് മുമ്പിൽ നടപടികൾ നിർത്തിവെക്കേണ്ടി വന്നു. 1962ൽ ഒഴിപ്പിക്കലിന്റെ കർശനമായ നടപടികൾ വന്നപ്പോൾ സ്ത്രീകളും കുട്ടികളും അടക്കം ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്ത് വരുകയും ഒഴിപ്പിക്കൽ നിർത്തിവെപ്പിച്ച് ഭൂമിയിൽ സ്ഥിരാവകാശം നേടിയെടുക്കുകയും ചെയ്തു. ഈ പോരാട്ടത്തിന്ന് നേതൃത്വം കൊടുക്കുവാൻ ശ്രീ. എ. കെ. ഗോപാലൻ ശ്രീ. ബി. വെല്ലിംഗ് ടൺ തുടങ്ങിയവർ ചീങ്ങേരിയിൽ വന്നിട്ടുണ്ട്.

**പട്ടയസമരം**

കുടിയിരുത്തപ്പെട്ടവർക്ക് നല്കിയിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുകയും വായ്പാപിരിവ് കർശനമാക്കുകയും ചെയ്തു. നിലനിൽപ്പിന്ന് പോലും ഗത്യന്തരമില്ലാത്ത കോളനി നിവാസികൾ ഭൂമി വിറ്റ് കടം തീർക്കുവാൻ നിർബന്ധിതരായി. കൈവശ ഭൂമിക്ക് പട്ടയമില്ലാത്ത സാഹചര്യത്തിൽ ബാങ്ക് വായ്പപോലും ലഭിക്കുമായിരുന്നില്ല. കുടിയിരുത്തപ്പെട്ടവരും ``കയ്യേറ്റ''ക്കാരും എന്ന വേർതിരിവ് യോജിച്ച പ്രക്ഷോഭത്തിന് വിഘാതമായിരുന്നു. എന്നാൽ 1968ൽ പട്ടയത്തിന്ന് വേണ്ടിയുള്ള പോരാട്ടം ചീങ്ങേരി സമരത്തെപ്പോലെ ഉജ്ജ്വലമാവുകയും കുടിയിരുത്തപ്പെട്ടവരും കുടിയേറ്റക്കാരും എന്ന വേർതിരിവ് ഉപേക്ഷിച്ച് ആബാലവൃദ്ധം ജനങ്ങളും ദീർഘമായ പോരാട്ടത്തിന്ന് ഇറങ്ങുകയും ഓഫീസ് വളഞ്ഞ് ഉദ്യോഗസ്ഥന്മാരെ ബന്ധനത്തിലാക്കുകയും ചെയ്ത ചരിത്രമുണ്ട്.

**ഭരണപരം**

1956ലാണ് അമ്പലവയൽ റവന്യു വില്ലേജ് രൂപീകരിച്ചത്. സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന റവന്യുവില്ലേജ് പുനസംഘടന പ്രകാരം മുപ്പൈനാട്, പുറക്കാടി, നെന്മേനി വില്ലേജുകളുടെ ഭാഗങ്ങൾ ചേർത്താണ് ഇതു രൂപീകൃതമായത്. ഭൂമിശാസ്ത്രപരമായ പരിഗണനകളൊ, ജനങ്ങളുടെ സൗകര്യമോ മാനിക്കാതെ കേവലം സർക്കാർ നടപടി മാത്രമായിരുന്നു ഇത്. ഭൂമിശാസ്ത്രപരമായി അമ്പലവയൽ വില്ലേജിന്റെ ഭാഗമായ അമ്പുകുത്തിമലയുടെ പടിഞ്ഞാറ് വശം ഈ വില്ലേജിൽ ഉൾപ്പെടാതെ പോയത് ഇതു കാരണമാണ്. വീണ്ടും 1986-ൽ അമ്പലവയൽ വില്ലേജ്, അമ്പലവയൽ, തോമാട്ടുചാൽ വില്ലേജുകളായി പുനർനിർണ്ണയം നടത്തുകയുണ്ടായി. ഇപ്പോൾ അമ്പലവയൽ ഗ്രാമപഞ്ചായത്ത് അമ്പലവയൽ, തോമാട്ടുചാൽ എന്നീ രണ്ടു റവന്യു വില്ലേജുകൾ ഉൾപ്പെട്ടതാണ്.

## പഞ്ചായത്ത് രൂപീകരണം

1961-ലാണ് അമ്പലവയൽ പഞ്ചായത്ത് രൂപീകൃതമായത്. അതുവരെ മേപ്പാടി പഞ്ചായത്തിൽ

ആയിരുന്ന കടൽമാട്, നെല്ലാറച്ചാൽ, പുറ്റാട്, കോട്ടൂർ, തോമാട്ടുചാൽ, ആണ്ടൂർ, ചീങ്ങവല്ലം പ്രദേശങ്ങളും കിടങ്ങനാട് പഞ്ചായത്തിന്റെ ഭാഗമായിരുന്ന കുപ്പമൂടി അമ്പലവയൽ ഭാഗങ്ങളും പുറക്കാടി പഞ്ചായത്തിന്റെ ഭാഗമായിരുന്ന കളത്തുവയൽ, കരച്ചാൽ കുമ്പളേരി പ്രദേശങ്ങളും അടങ്ങിയ ചീങ്ങേരി ദേശവും ചേർന്നതാണ് ഈ പഞ്ചായത്ത്. ഇതിൽ മേപ്പാടി പഞ്ചായത്തിൽ നിന്നും കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിൽ മാത്രമേ എന്തെങ്കിലും വികസനപ്രവർത്തനം നടത്തപ്പെട്ടിരുന്നുള്ളു എന്നതാണ് രേഖകൾ വ്യക്തമാക്കുന്നത്. 1963- ലാണ് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണസമിതി അധികാരം ഏറ്റെടുക്കുന്നത്. ആദ്യപ്രസിഡന്റ് ശ്രീ. T. P. മാധവൻനായർ ആയിരുന്നു.

സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി എടുത്തുപറയത്തക്ക പ്രവർത്തനങ്ങളൊന്നും ഈ പ്രദേശത്തിന് അവകാശപ്പെടാനില്ല. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പല വ്യക്തികളും കുടിയിരിത്തപ്പെട്ടവരും കുടിയേറ്റക്കാരുമായി പിൽക്കാലത്ത് ഇവിടെ എത്തിയവരിൽ ഉൾപ്പെടുന്നുണ്ട്. അമ്പലവയൽ കൃഷിഫാമിൽ AITUC- യുടെ നേതൃത്വത്തിൽ ഈ പഞ്ചായത്തിലെ ആദ്യത്തെ തൊഴിലാളി സംഘടന രൂപീകൃതമായി. ഈ സംഘടനയാണ് ആദ്യമായി തൊഴിലാളി സമരത്തിന് നേതൃത്വം കൊടുത്തത്.

ചരിത്രാതീത കാലം മുതൽ വിവിധ പരിണാമ പ്രക്രിയകൾക്ക് വിധേയമായ ഒരു ജനസമൂഹത്തിന്റെ രേഖാ ചിത്രമാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവന്നിരിക്കുന്നത്. ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും, തുടർന്ന് ഭരണപരമായ ഗർവ്വിന്റെയും പ്രാമാണ്യങ്ങൾ, ഒരു ചെറുത്തുനില്പുപോലും പ്രകടിപ്പിക്കാതെ, ഒരു നിയോഗം പോലെ ശിരസ്സാവഹിക്കാൻ തയ്യാറായ ജനപദങ്ങളുടെ കഥയാണ് അമ്പലവയലിന്റെ ചരിത്രം.

കുടിയിരുത്തപ്പെട്ടവരും കുടിയേറിയവരും തമ്മിൽ നിലനിന്നിരുന്ന മാനസികാനൈക്യം യോജിച്ച മുന്നേറ്റത്തിന് തടസ്സമായിരുന്നു. എന്നാൽ ചീങ്ങേരിയിലെ കുടിയിറക്കിനെതിരായി വിവിധ ജനവിഭാഗങ്ങൾ ചേർന്നു നടത്തിയ മുന്നേറ്റവും കോളനി ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി നടത്തിയ സമരവും നമ്മുടെ ചരിത്രത്തിന്റെ പ്രോജ്ജ്വലമായ അദ്ധ്യായങ്ങളാണ്. ഈ യോജിപ്പിന്റെ ഗുണവശങ്ങൾ സാംശീകരിക്കുന്നതിൽ നിന്നു മാത്രമേ പഞ്ചായത്തിന്റെ വികസന മുന്നേറ്റത്തിനു തുടക്കം കുറിക്കാൻ കഴിയൂ.

**തെറ്റ് ഒരു മനുഷ്യന്റെയല്ല, ഒരു വ്യവസ്ഥിതിയുടെതാണ്. ഇന്നു കാണുന്ന നാഗരികതയിലൂടെയാണ് (ആധുനിക നാഗരികത) ആ വ്യവസ്ഥിതി നിലനിർത്തപ്പെടുന്നത്. (ഗാന്ധി)**

**ചരിത്രം വിലയിരുത്തപ്പെടുമ്പോൾ
അതിന്റെ പിന്നിലുള്ള ശക്തികളെക്കുറിച്ചുള്ള
അറിവ് അനിവാര്യമാണ്.**

*-ഗാന്ധി*



4

# ഭൂപ്രകൃതി

ഭൂമധ്യരേഖയ്ക്ക് വടക്ക് അക്ഷാംശം 11.26 ഡിഗ്രിക്കും 11.59 ഡിഗ്രിക്കും, രേഖാംശം കിഴക്ക് 76.26 ഡിഗ്രിക്കും 75.46 ഡിഗ്രിക്കും ഇടയിലായാണ് അമ്പലവയൽ പഞ്ചായത്തിന്റെ സ്ഥാനം. സമുദ്രനിരപ്പിൽ നിന്നും 974 മീറ്റർ ഉയരത്തിൽ വയനാടിന്റെ തെക്ക് കിഴക്ക് മൂലയിലായി തമിഴ്നാട് അതിർത്തിയോട് ചേർന്നു സ്ഥിതിചെയ്യുന്നു. ഏകദേശം പടിഞ്ഞാറോട്ട് ചരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. പ്രാചീന സംസ്കൃതി കുടികൊള്ളുന്ന എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലയടിവാരത്തോട് ചേർന്നാണ് ഈ മനോഹരമായ ഭൂപ്രദേശം സ്ഥിതി ചെയ്യുന്നത്. പാറക്കെട്ടുകളും ചെറുകുന്നുകളും ഒരു കുന്നിന് ഒരു താഴ്‌വര എന്ന അനുപാതത്തിൽ നിമ്നോന്നതമായ ഈ പ്രദേശം ഏതൊരു പ്രകൃതി സ്നേഹിയേയും ഒരു നിമിഷം പിടിച്ച് നിർത്തുന്നതാണ്.

പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിലൂടെ കോട്ടൂർ പുഴ തെക്കോട്ടും പടിഞ്ഞാറ് അതിർത്തിയിലൂടെ കാരാപ്പുഴ വടക്കോട്ടും ഒഴുകുന്നു. ഗ്രാമത്തിന്റെ കിഴക്കുഭാഗത്ത് നെന്മേനി പഞ്ചായത്തും തമിഴ്നാട് സംസ്ഥാനവും പടിഞ്ഞാറ് മേപ്പാടി പഞ്ചായത്തും വടക്കു മീനങ്ങാടി ബത്തേരി പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാനത്ത് നിന്നും 11 കി. മീറ്റർ തെക്ക് പടിഞ്ഞാറായി അമ്പലവയലിലാണ് പഞ്ചായത്തിന്റെ ആസ്ഥാനം.

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗങ്ങൾ സാമാന്യം നിവർന്ന സമതലപ്രദേശങ്ങളാണ്. ചതുപ്പു നിറഞ്ഞ വയലുകൾ ഈ മേഖലയുടെ പ്രത്യേകതയാണ്.

സമുദ്രനിരപ്പിൽ നിന്നും ഉയർന്നു സ്ഥിതിചെയ്യുന്നതിനാൽ മിത ശീതോഷ്ണാവസ്ഥ ഇവിടെ അനുഭവപ്പെടുന്നു. അതുകൊണ്ട് മിതശീതോഷ്ണാവസ്ഥ ഇഷ്ടപ്പെടുന്ന വൈവിധ്യമാർന്ന വിളകളും ഇവിടെ നന്നായി വളരുന്നു. നല്ല കാലാവസ്ഥയാലും മറ്റു കാർഷിക ചുറ്റുപാടുകളാലും അനുഗ്രഹീതമായ ഈ ഗ്രാമം തോട്ടവിളകൾ, സുഗന്ധവിളകൾ, പുഷ്പഫലസസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, പച്ചക്കറികൾ എന്നീ വിവിധയിനം വിളകൾക്ക് വളരെ അനുയോജ്യമാണ്. വാണിജ്യ പ്രധാനമായ കോഴിക്കോട്, മൈസൂർ, ടൂറിസ്റ്റ് കേന്ദ്രമായ ഊട്ടി എന്നീ സ്ഥലങ്ങളുടെ ഇടത്താവളമായി മാറാൻ കഴിയുന്ന രീതിയിലാണ് ഈ ഭൂമിയുടെ സ്ഥാനം.

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ കരിങ്കല്ല് ഉല്പാദിപ്പിക്കുന്ന പ്രദേശമാണ് ഇത്. യാതൊരു നിയന്ത്രണവുമില്ലാതെ പ്രകൃതിദത്തമായ നിരവധി കരിങ്കൽ ശില്പങ്ങൾ വഹിക്കുന്ന ചീങ്ങേരി പാറ, ആറാട്ടുപാറ, മഞ്ഞപ്പാറ എന്നിവയുടെ മുഖങ്ങൾ ആധുനികയന്ത്രോപകരണങ്ങൾ കൊണ്ട് പൊട്ടിച്ച് വികൃതമാക്കപ്പെടുന്നു എന്നത് ദുഃഖകരമാണ്. അമ്പലവയലിന്റെ മനോഹരിത നശിപ്പിക്കുകയും കാലാവസ്ഥ വ്യതിയാനം തുടങ്ങിയ പരിസ്ഥിതി പ്രശ്ന

ങ്ങൾ സൃഷ്ടിക്കുന്നതുമായ പ്രവർത്തനങ്ങൾ എത്രകാലം തുടരാൻ കഴിയും എന്ന് ചിന്തിക്കേണ്ട തുണ്ട്. വൃക്ഷ നിബിഡമായിരുന്ന നമ്മുടെ നാട് ഇപ്പോൾ ചീങ്ങേരി, കുപ്പമുടി, മട്ടപ്പാറ തുടങ്ങിയ ചില എസ്റ്റേറ്റുകളിൽ മാത്രം കണ്ടുവരുന്ന വൻവൃക്ഷങ്ങൾ കൊണ്ട് തൃപ്തിയടയേണ്ടിവരുന്നു.

## കാലാവസ്ഥ

1960 കാലഘട്ടം വരെ കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഈ പ്രദേശം ഏറ്റവും കുറവ് മഴ ലഭിക്കുന്ന പ്രദേശമായി മാറിയിരിക്കുന്നു.

വർഷത്തിൽ 1681.4 മില്ലിമീറ്റർ മഴ ലഭിക്കുന്ന അമ്പലവയൽ പഞ്ചായത്തിലെ ആപേക്ഷിക ആർദ്രത 66.2 മുതൽ 91.7 ശതമാണ്. അന്തരീക്ഷ ഊഷ്മാവ് കൂടിയത് 23.2°c മുതൽ 32.3°c വരെയും കുറഞ്ഞത് 12.8°cമുതൽ 19.7°c വരെയുമാണ്. ജനുവരി, ഫെബ്രുവരി, മാർച്ച് ഒഴികെ എല്ലാ മാസങ്ങളിലും മഴ ലഭിക്കാറുണ്ട്. ജൂൺ, ജൂലായ്, ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ ഇടവപ്പാതി മഴയും ഒക്ടോബറിൽ ഒറ്റപ്പെട്ട കനത്ത മഴയും ലഭിക്കുന്നു. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തണുപ്പും, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ചൂട്, മറ്റ് മാസങ്ങളെ അപേക്ഷിച്ച് കൂടുതലായി അനുഭവപ്പെടുന്നു.

മെയ്മാസത്തിൽ ശക്തമായ കാറ്റ് അനുഭവപ്പെടുന്ന പ്രദേശമാണ് ഇത്. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗങ്ങളിൽ ഇരുണ്ട കോടയും ശീതക്കാറ്റും പലപ്പോഴും അനുഭവപ്പെടുന്നുണ്ട്. പുതുമഴയുടെ ആരംഭഘട്ടത്തിൽ ശക്തമായ ഇടിമിന്നലും ദൃശ്യമാണ്.

പട്ടിക 1

ഭൂമിസംബന്ധിച്ച വിവരം

| ക്രമനമ്പർ | ഇനം | വിസ്തീർണ്ണം ഏക്കർ. |
|---|---|---|
| 1. | പുരയിടം | 1 1452.53 |
| 2. | നിലം | 3035- |
| 3. | പുറമ്പോക്ക് | 237. 78 |
| 4. | തരിശ് | 150.19 |
| 5. | റോഡ് | 190 |
| 6. | തോട് | 148 |
| | ആകെ | 15162.50 |

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 15162.5 ഏക്കർ ആണ്. ഇതിൽ 14117 ഏക്കറും കൃഷിക്ക് അനുയോജ്യമാണ്. കാരാപ്പുഴ ഇറിഗേഷൻ പദ്ധതിക്കായി അക്വയർ ചെയ്ത 1302 ഏക്കർ സ്ഥലവും 606 ഏക്കർ പാറക്കെട്ടും കൃഷിക്ക് ഉപയുക്തമല്ലാത്ത പ്രദേശങ്ങളാണ്. 212 ഏക്കർ സ്ഥലം തരിശുഭൂമിയായി ഇപ്പോഴും നമ്മുടെ പഞ്ചായത്തിലുണ്ട്. പകുതി ഭാഗം വയലുകളിലും ഇരുപ്പുകൃഷി ചെയ്യാവുന്നതാണ്. അമ്പലവയൽ പഞ്ചായത്തിലെ ആകെ ഭൂവിസ്തൃതിയുടെ 12%സ്ഥലത്താണ് ധാന്യവസ്തുക്കൾ കൃഷിയിറക്കുന്നത് ധാന്യങ്ങൾ കൃഷി ചെയ്യുന്ന കൃഷിയിടങ്ങളിൽ തന്നെ പച്ചക്കറികളും പഴങ്ങളും വിളയുന്ന സുഗന്ധവിളകൾ 26.5% സ്ഥലത്തും, കാപ്പി തേയില, റബ്ബർ മുതലായ തോട്ടംവിളകൾ 71.5 % സ്ഥലത്തുമാണ് കൃഷിയിറക്കുന്നത്.

## ജൈവസമ്പത്ത്

മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് അപൂർവ്വമായ സസ്യലതാദികൾ കൊണ്ട് ധന്യമാണ് ഈ പഞ്ചായത്ത്. പനമെരു, മെരു, കുരങ്ങ്, മുള്ളൻപന്നി തുടങ്ങിയ ജീവികളും സർവ്വസുഗന്ധി, കർപ്പൂരം, വാനില, മുറിവുണക്കി, തുടങ്ങിയ സസ്യങ്ങളും ഇവയിൽ ചിലത് മാത്രമാണ്. കുരുമുളകിന്റെ വൈവിധ്യമാർന്ന ജൈവശേഖരവും ഇവിടെയുണ്ട്. ആറാട്ടുപാറയിൽ കരിങ്കുരങ്ങും ചീങ്ങേരി പാറയിൽ കാട്ടാടും ഉള്ളതായി കാണാം.

## ജല ലഭ്യത

ചെറുതും വലുതുമായ നിരവധി തോടുകളാൽ അനുഗ്രഹീതമാണ് അമ്പലവയൽ പഞ്ചായത്ത് ഇവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ജല സ്രോതസ്സ്. തോടുകളിൽ ശക്തമായ ഒഴുക്കില്ലെങ്കിലും പഞ്ചായത്തിലെ തോടുകളുടെ വിവരം താഴെ കൊടുക്കുന്നു.

1. അരിമുണ്ട തോട്
2. കാരാംകൊല്ലി ,,
3. കളത്തുവയൽ ,,
4. ഓടവയൽ ,,
5. കുട്ടാറ ,,

## കാലാവസ്ഥ

| വർഷം | വാർഷിക ശരാശരി | | | | മഴ | |
|---|---|---|---|---|---|---|
| | ഉയർന്ന താപനില (ഡിഗ്രിസെൽഷ്യസ്) | താഴ്ന്ന താപനില (ഡിഗ്രി സെൽഷ്യസ്) | ബാഷ്പനില(ശതമാനം) | കാറ്റിന്റെ വേഗം Km/hr | ആകെ മഴ(മിമി) | മഴ ദിനങ്ങൾ |
| 1991 | 27.4 | 17.8 | 72.8 | 3.4 | 2391.2 | 109 |
| 1992 | 27.2 | 17.6 | 76 | 3.8 | 2318.8 | 116 |
| 1993 | 27.0 | 17.9 | 75 | 3.9 | 2177 | 124 |
| 1994 | 26.9 | 17.1 | 79 | 3.6 | 2692.2 | 127 |
| 1995 | 27.6 | 15.6 | 75 | 3.1 | 2288 | 111 |

അവലംബം : അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം

6. ചെറുവയൽ ,,
7. വാളാശ്ശേരി ,,
8. കാരിവളം ,,
9. പാതിരമ്പത്ത് ,,
10. റാട്ടക്കുണ്ട് ,,
11. കുറ്റിക്കൈത ,,
12. മദ്ദണ്ഡമൂല ,,
13. ചക്രുട്ടി വയൽ ,,
14. താറ്റ്യാട് ,,
15. നെടുവള്ളി ,,
16. വട്ടത്തുവയൽ ,,
17. കമ്പാളക്കൊല്ലിത്തോട് ,,
18. കടൽമാട് ,,
19. പായിക്കൊല്ലി ,,
20. ആപ്പാളം ,,
21. അത്തിമട്ടം ,,
22. ചെന്നായക്കൊല്ലി,,
23. കരിംകുറ്റി ,,
24. ആട്ടുവായ് ,,
25. കുനിപ്പാളി ,,
26. ചീങ്ങവല്ലം ,,
27. മണൽവയൽ ,,
28. കുപ്പമുടി ,,
29. ആനപ്പാറ ,,
30. ആണ്ടൂർ ,,
31. ചീനപ്പുല്ല് ,,

**പുഴകൾ:**

കോട്ടൂർ പുഴയും കബനിയുടെ ഒരു പോഷക നദിയായ കാരാപുഴയുമടക്കം രണ്ടു പുഴകൾ പഞ്ചായത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു. കാരാപ്പുഴയിൽ 625 മീറ്റർ നീളത്തിലും 28 മീറ്റർ ഉയരത്തിലും അണകെട്ടി നിർമ്മിക്കുന്ന ജലസേചന പദ്ധതിയുടെ പണി ഇനിയും പൂർത്തിയായിട്ടില്ല. പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിന് ലഭ്യമല്ല എന്നതും പ്രസ്താവ്യമാണ്.

**കുളങ്ങൾ:**

1 .R.A.R.S. വക കുളം,

2. കാരച്ചാൽ കുളം

3. കുപ്പമുടി എസ്റ്റേറ്റ് വക കുളം

4. ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം വക കുളം

ഇത്രയധികം തോടുകളും മറ്റുമുണ്ടെങ്കിലും ചെറിയ തടയിണകൾ ഇടവിട്ടു നിർമ്മിച്ച് പാഴായി പോകുന്ന ജലസമ്പത്ത് തടഞ്ഞുനിർത്താൻ ശ്രമം നടക്കുന്നില്ല. ചതുപ്പ് താഴ്വാരങ്ങളിൽ കുള

| ഓരോ മാസവും പെയ്ത മഴ (മി.മി) മഴ ദിവസങ്ങൾ എന്ന ക്രമത്തിൽ | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ജനുവരി | | ഫെബ്രുവരി | | മാർച്ച് | | ഏപ്രിൽ | | മെയ് | | ജൂൺ | | ജൂലായ് | | ആഗസ്ത് | | സെപ്തംബർ | | ഒക്ടോബർ | | നവംബര് | | ഡിസംബർ | | ആകെ | |
| 1991 | 1 | - | 34 | 1 | 43.85 | | 156.2 | 9 | 192.6 | 11 | 388.2 | 23 | 719 | 26 | 365 | 17 | 838 | 9 | 215.2 | 13 | 102.4 | 5 | - | - | 2301.2 | 109 |
| 1992 | - | - | 0.6 | - | - | - | 44.4 | 4 | 234 | 12 | 587 | 17 | 535 | 26 | 315.2 | 23 | 196 | 16 | 181.6 | 7 | 224.8 | 11 | - | - | 231.8 | 116 |
| 1993 | 116.1 | - | 69.8 | 3 | 197.8 | 12 | 197.8 | 12 | 220.6 | 10 | 377.6 | 19 | 483.6 | 26 | 271.6 | 18 | 66.4 | 6 | 335 | 20 | 46.4 | 5 | 476 | 4 | 2177 | 124 |
| 1994 | 74.6 | 2 | 0.6 | - | 15.8 | 2 | 20.26 | 12 | 198 | 12 | 541.6 | 27 | 885.6 | 25 | 238 | 15 | 173.2 | 10 | 231 | 10 | 131.2 | 5 | - | - | 2692.2 | 127 |
| 1995 | 2.6 | - | 20.6 | 2 | 2.6 | - | 261.2 | 10 | 253.4 | 10 | 253.6 | 16 | 513.6 | 24 | 442 | 17 | 199.8 | 13 | 222.6 | 11 | 116 | 8 | - | - | 2228 | 111 |
| 1996 | 9.2 | 1 | - | - | - | - | 131.6 | 12 | 121.8 | 3 | 44.6 | 12 | 408. 8 | 20 | 251.4 | 18 | 252.8 | 11 | | | | | | | | |

അവലംബം: അമ്പലവയൽ കാർഷികഗവേഷണ കേന്ദ്രം

## പട്ടിക 4

### ഭൂവിനിയോഗം

| ഇനം | വിസ്തീർണ്ണം (ഏക്കർ) | ശതമാനം |
|---|---|---|
| കാരാപ്പുഴ പദ്ധതിക്കായി അക്വയർ ചെയ്തത് | 1302 8. | 6% |
| പാറ | 606 | 4 |
| റോഡ്, തോട് | 227 | 1.5 |
| ഗ്രൗണ്ട്, തരിശ് മുതലായവ | 212 | 1.4 |
| കാപ്പി | 4101 | 27.1 |
| കുരുമുളക് | 3075 | 20.3 |
| കവുങ്ങ് | 1666 | 11.1 |
| റബ്ബർ | 1025 | 6.7 |
| ഇഞ്ചി | 320 | 2.1 |
| തെങ്ങ് | 256 | 1.7 |
| യൂക്കാലിപ്റ്റസ് | 128 | 0.8 |
| തേയില | 65 | 0.4 |
| കിഴങ്ങുവർഗ്ഗങ്ങൾ | 128 | 0.8 |
| നെല്ല് | 1537 | 10.1 |
| വാഴ | 385 | 2.5 |
| പച്ചക്കറി | 64.5 | 0.4 |
| മറ്റിനം | 65 | 0.4 |
| ആകെ | 15162.5 | 100.00 |

അവലംബം ദ്രുതഗ്രാമ പഠന പര്യടനം

ങ്ങൾ നിർമ്മിച്ചാൽ, ജലസംഭരണികളുടെ വൻശേഖരം തന്നെ നമ്മുടെ പഞ്ചായത്തിലുണ്ടാക്കാൻ കഴിയും.

**മണ്ണ്**

പഞ്ചായത്തിന്റെ പല മേഖലകളിലും വ്യത്യസ്ത തരത്തിലുള്ള മണ്ണാണ് കാണപ്പെടുന്നത്. ഇവയെ പൊതുവെ താഴെ പറയും പ്രകാരം തരംതിരിക്കാവുന്നതാണ്.

A

1. മട്ടപ്പാറ
2. ആയിരം കൊല്ലി
3. കുറ്റിക്കൈതെ
4. ഇഡ്യംപാറ

— മണൽകലർന്നതും ഈർപ്പവും വളക്കൂറും കുറഞ്ഞ മണൽ കലർന്ന കറുത്ത മണ്ണ്.

B

1. കുപ്പമുടി
2. കുന്നളേരി
3. കാരച്ചാൽ
4. കളത്തുവയൽ

— വെള്ളാരം കല്ല്, പാറക്കല്ല് കലർന്ന വളക്കൂറുള്ള ഫല ഭൂയിഷ്ഠമായ മണ്ണ്.

C

1. മദണ്ഡ മൂല
2. പൊട്ടൻകൊല്ലി
3. പായ്ക്കൊല്ലി
4. മുന്നൂറ്
5. കടൽമാട്
6. മലയച്ചൻകൊല്ലി

— വളക്കൂറുള്ള കറുത്ത പശിമരാശിയുള്ള മണ്ണ്.

D

1. വേങ്ങച്ചാൽ
2. പീനപുറ്റ്
3. ഒന്നെയാർ

— വെള്ളാരം കല്ല്, ചരൽകല്ല്, കലർന്ന വളക്കൂർ ഇല്ലാത്ത മണ്ണ്.

E

1. കോട്ടൂർ
2. താറ്റിയാട്
3. ആനപ്പാറ
4. ആണ്ടൂർ

— ചുവപ്പ് നിറത്തോട് കൂടിയ വളം കുറഞ്ഞ മണ്ണ്.

F

1. പള്ളറവയൽ
2. നെല്ലാറച്ചാൽ
3. വെളുത്തൂർകുന്ന്

— സാമാന്യം വളമുള്ള ഇളം ചുവപ്പ് മണ്ണ്.

**നെൽവയലുകൾ:**

സാമാന്യം വളക്കൂറുള്ള പശിമയുള്ള മണ്ണ്, കര ഭാഗത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ ചതുപ്പുനിലമായി അധികവും കാണപ്പെടുന്നു. പടിഞ്ഞാറോട്ട് പോകും തോറും വിരിഞ്ഞ മണൽ പറ്റുള്ളതാണ് വയലുകൾ.

കാരാപ്പുഴ ജലസേചന പദ്ധതിയുടെ വൃഷ്ടി പ്രദേശം ഇരുഭാഗവും നമ്മുടെ പഞ്ചായത്തിലാണ്. പ്രധാനവയലുകളുടെ പേരാണു പിൽക്കാലത്ത് ആ പ്രദേശത്തെ ചെട്ടി സമുദായത്തിന്റെ കുടുംബ പേരായി അറിയപ്പെട്ടത്.

**വിശാലമായ നെൽവയലുകൾ:**

1. മണൽവയൽ
2. പങ്ങലേരി
3. ആട്ടുവായ്
4. കുണ്ടറഞ്ഞി
5. ഓടവയൽ
6. അരിമുണ്ട
7. മുണ്ടവര
8. കനൽവാടി
9. പാതിരമ്പത്ത്

ജനസംഖ്യ പട്ടിക V

| | | | | പട്ടികജാതികവർഗ്ഗം | | | | |
|---|---|---|---|---|---|---|---|---|
| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | S.C | S. T. | ഹിന്ദു | മുസ്ലിം | ക്രിസ്ത്യൻ |
| 1 | 1281 | 1207 | 2488 | 56 | 1296 | 332 | 236 | 568 |
| 2 | 1175 | 1355 | 2530 | 76 | 396 | 616 | 616 | 1128 |
| 3 | 1241 | 1435 | 2676 | 92 | 700 | 940 | 380 | 564 |
| 4 | 1449 | 1234 | 2683 | 164 | 244 | 1036 | 580 | 536 |
| 5 | 1325 | 1257 | 2582 | 92 | 268 | 668 | 984 | 472 |
| 6 | 1229 | 1207 | 2436 | 48 | 376 | 728 | 604 | 680 |
| 7 | 1319 | 1333 | 2652 | 104 | 84 | 984 | 684 | 796 |
| 8 | 1285 | 1296 | 2581 | 60 | 220 | 943 | 464 | 804 |
| 9 | 1374 | 1263 | 2637 | 88 | 352 | 984 | 548 | 656 |
| 10 | 1242 | 1144 | 2386 | 28 | 116 | 1008 | 448 | 784 |
| 11 | 1356 | 1276 | 2632 | 24 | 224 | 1072 | 600 | 712 |
| 12 | 1509 | 1259 | 2768 | 88 | 312 | 1064 | 476 | 828 |
| ആകെ | 15785 | 15266 | 31051 | 920 | 4588 | 10375 | 6620 | 8548 |

അവലംബം:- കാനേഷുമാരി കണക്ക്

10. കൊട്ടമ്പത്ത്
11. താഴത്തുവയൽ
12. അത്തിമട്ടം
13 പടിക്കാംവയൽ
14. കമ്പാളക്കൊല്ലി
15. വാളാശ്ശേരി
16. കുപ്പമുടി
17. ആണ്ടൂർ
18. മുപ്പിരേരി
19. കളത്തുവയൽ

**മൃഗസമ്പത്ത്:**

മൃഗസമ്പത്തിൽ പ്രധാനായത് സങ്കരഇനം പശുക്കളാണ്. ചുരുങ്ങിയ തോതിൽ ഉഴവുമാടുകളും കണ്ടുവരുന്നു. ആട്, പന്നി, മുയൽ, പട്ടി തുടങ്ങിയ വളർത്തു മൃഗങ്ങളുമുണ്ട്.

**മനുഷ്യവിഭവം:**

1995ലെ കണക്കു പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 31051 ആണ്. ഇതിൽ സ്ത്രീകൾ 15266 വരുന്നു. പട്ടിക V നോക്കിയാൽ സ്ത്രീകളുടെ എണ്ണവ്യത്യാസം, ഓരോ ജനവിഭാഗ ങ്ങളുടെയും, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും ഇനം തിരിച്ച കണക്ക് കാണാം. പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖല കൃഷിതന്നെയാണ്. കൃഷിയിടങ്ങ ളിലുള്ള അദ്ധ്വാനം അന്തസ്സ് കുറഞ്ഞ പണിയാ ണെന്ന ബോധം മുതൽ മുടക്ക് വർദ്ധിപ്പിക്കുവാൻ കാരണമായിട്ടുണ്ട്. കരിങ്കൽ ക്വാറികളാണ് സംഘ ടിത തൊഴിലാളികൾ പണിയെടുക്കുന്ന പ്രധാന മേഖല കെട്ടിട നിർമ്മാണം തുടങ്ങിയ അനവധി മേഖലകളിലും ധാരാളം പേർ ജോലി ചെയ്യു ന്നുണ്ട്. കൃഷിയിടങ്ങളിൽ പണിചെയ്യാനുള്ള മനസ്സ് രൂപപ്പെടുത്തിയെടുക്കാൻ യുവതലമുറയെ പ്രാപ്ത മാക്കിയാൽ ഈ പ്രദേശത്ത് തൊഴിൽ ഇല്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും..

5

# സാമൂഹിക സാമ്പത്തിക മേഖലകൾ



5.1

# കൃഷിയും ജലസേചനവും

കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള സമ്പദ്ഘടനയാണ് അമ്പലവയലിന്റേത്. 72% ആളുകളും കൃഷിയുമായി ബന്ധപ്പെട്ടാണ് ജീവിതം നയിക്കുന്നത്. കാപ്പി, കുരുമുളക്, കവുങ്ങ്, തെങ്ങ്, റബ്ബർ, ഇഞ്ചി, വാഴ, നെല്ല് എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ. ചുരുങ്ങിയ തോതിൽ തേയില, യൂക്കാലിപ്റ്റസ് കൃഷികളുമുണ്ട്. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷികൾ നടത്തുന്നത്.

അതിപുരാതനകാലം മുതൽ തന്നെ ഇവിടെ **ജനവാസമുണ്ടായിരുന്നു**. കുറുമർ, പണിയർ, കാട്ടുനായ്ക്കർ, ഊരാളി എന്നിവരായിരുന്നു ഇവിടത്തെ ആദിമ നിവാസികൾ. ഇവരിൽ കുറുമർ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നതായി ചരിത്രമുണ്ട്. 18-ാം നൂറ്റാണ്ടിൽ ചെട്ടിമാരുടെ വരവോടുകൂടി നെൽകൃഷിയുടെ വ്യാപ്തി വർദ്ധിച്ചു. ഇവർ നെൽകൃഷിക്കു പുറമേ മുത്താറി, ചോളം, തിന, മത്തൻ, കുമ്പളം, ചേന് എന്നീ കൃഷികളും അനുവർത്തിച്ചു പോന്നു. കൃഷിയോടൊപ്പം കന്നുകാലി വളർത്തലും പ്രധാന തൊഴിലായിരുന്നു. ചെട്ടിമാരുടേയും കുറുമരുടേയും ആശ്രിതരായി മറ്റു ഗോത്രവർഗ്ഗക്കാർ കാർഷിക തൊഴിലിൽ ഏർപ്പെട്ടുവന്നു.

കറുത്തൻ, തൊണ്ടി, ഗൊട്ടത്തൊണ്ടി, പുന്നാടൻ തൊണ്ടി, ചോമാല, വെളുമ്പാല, വെളിയൻ, ഗന്ധകശാല, ജീരകശാല, പാൽതൊണ്ടി തുടങ്ങിയ വിത്തിനങ്ങളാണ് പ്രചാരത്തിലുണ്ടായിരുന്നത്. ഒരുപ്പൂ മാത്രമേ കൃഷി ചെയ്തിരുന്നുള്ളൂ. വളമായി ചാണകവും ചാരവും മരച്ചപ്പുകളും ഉപയോഗിച്ചു പോന്നു. കീടബാധയകറ്റുന്നതിന് ഒറ്റമൂല മുറം കൊണ്ട് വീശിപ്പിടിച്ചും പാടത്ത് ചപ്പുകൾ കൂട്ടിയിടിച്ച് കത്തിച്ചും നശിപ്പിച്ചു പോന്നിരുന്നു. അപൂർവ്വമായി മന്ത്ര പ്രയോഗവും നടത്താറുണ്ട്. ധാന്യങ്ങൾ വേർതിരിച്ചെടുക്കുന്നതിന് വിസ്തൃതമായ കളത്തിൽ ഉഴവുകാലികളെ വട്ടത്തിൽ നടത്തുന്ന `ഒക്കൽ' രീതിയാണ് സ്വീകരിച്ചിരുന്നത്.

കന്നുകാലികളേയും കാർഷിക ഉൽപന്നങ്ങളെയും വില്പന നടത്തിയിരുന്നില്ല. വളരെ അത്യാവശ്യം വേണ്ടുന്ന വസ്തുക്കൾ വാങ്ങുന്നതിന് പകരമായി ധാന്യം, നെയ്യ്, തേൻ എന്നിവ കൈമാറുന്ന രീതിയാണ് നിലവിലിരുന്നത്. വീടുകൾ വയലിനോട് ചേർന്നായിരുന്നു. വീട്ടുപരിസരത്ത് കുരുമുളക്, കവുങ്ങ്, മുതലായവയും നട്ടുവളർത്തി പോന്നിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബ്രിട്ടീഷ് കമ്പനികൾ വയനാട്ടിൽ തോട്ട കൃഷി ആരംഭിച്ചതോടുകൂടിയാണ് റബ്ബർ, കാപ്പി, ഓറഞ്ച് കൃഷി എന്നിവയുടെ ആവിർഭാവം.

ചെട്ടിമാർക്കും കുറുമർക്കും ചുരുങ്ങിയ തോതിൽ മദ്രാസ് സർക്കാറിന്റെ പട്ടയ ഭൂമിയുണ്ടായിരുന്നു. പണിയരും, നായ്ക്കരും, ഊരാളിമാരും ഇവരുടെ കീഴിൽ കുടിയാന്മാരായിരുന്നു. കൃഷിഭൂമി ഭൂരിഭാഗവും നിലമ്പൂർ കോവിലകം വകയായിരുന്നതിനാൽ പാട്ട വ്യവസ്ഥയിലാണ് ചെട്ടിമാരും കുറുമരും കൃഷി നടത്തിയിരുന്നത്. കോവിലകത്തിന്റെ കമാ

ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച വിവരം

| ക്രമനമ്പർ | കൈവശഭൂമിയുടെ വിസ്തൃതി ഏക്രയിൽ | കൈവശക്കാരുടെ എണ്ണം |
|---|---|---|
| | 1 മുതൽ 10 സെന്റ് വരെ | 925 |
| | 10 മുതൽ 25 ,, | 2780 |
| | 25 മുതൽ 50 ,, | 2261 |
| | 50സെ. മുതൽ 1 ഏക്രവരെ | 1900 |
| | 1 ഏക്കർ മുതൽ 2 ഏക്രവരെ | 1420 |
| | 2 ഏക്കർ മുതൽ 5 ,, | 445 |
| | 5 ഏക്രക്കുമേൽ | 99 |
| | ആകെ | 9830 |

ണിമാരായി വന്നിരുന്ന നായൻമാർ ക്രമേണ ഭൂപ്രഭുക്കളായി.

1946-ൽ വയനാട് ഫാൻ്റ് കോളനൈസേഷൻ പദ്ധതി ആരംഭിച്ചതോടെ കോളനിക്കാരായും കുടിയേറ്റക്കാരായും കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ധാരാളം പേർ വന്നതോടുകൂടി കൃഷിരീതിയിൽ കാതലായ മാറ്റം വന്നു. കരഭൂമിയിൽ വ്യാപകമായി കറുത്തൻ നെല്ലും കപ്പ, ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും നാടൻ വാഴയിനങ്ങളും കൃഷിചെയ്തിരുന്നു. വയലിൻ പ്രധാനകൃഷി നെല്ല് തന്നെയായിരുന്നു. 1960-കളിൽ വ്യാപകമായി കപ്പയും പുൽതൈലകൃഷിയും ആരംഭിച്ചു. കുടിയേറ്റക്കാരുടെ വരവ് വർദ്ധിച്ചതോടെയാണ് കാപ്പി, കുരുമുളക്, റബ്ബർ, ഇഞ്ചി എന്നീ നാണ്യവിളകളുടെ കൃഷി വ്യാപകമായത്. കൃഷിഭൂമി നിലനിർത്തുന്നതിനും അവർക്ക് പട്ടയം ലഭിക്കുന്നതിനും വേണ്ടി നാനാവിധ കർഷക ബഹുജന പ്രക്ഷോഭങ്ങൾ ഈ കാലഘട്ടത്തിൽ ഉയർന്നുവന്നു. കോളനി പട്ടയസമരം, ചീക്കല്ലൂർ കർഷക സമരം എന്നിവ എടുത്തുപറയേണ്ടവയാണ്.

അടുത്തകാലം വരെ സമൃദ്ധമായി ഉത്പാദനവും വിപണനവും നടത്തിയിരുന്നതും പ്രധാന ഭക്ഷണയിനവുമായിരുന്ന കപ്പകൃഷി ഇന്ന് പേരിനു മാത്രമായിരിക്കുന്നു. അറുപതുകളിൽ കപ്പയും കയറ്റി നിരയായി ലോറികൾ ചുരമിറങ്ങിയിരുന്നത് ഒരു ദൃശ്യം തന്നെയായിരുന്നു. എന്നാൽ അതിന് വ്യത്യസ്തമായി ഇന്ന് ഇവിടുത്തെ ജനങ്ങൾ കപ്പയ്ക്കു വേണ്ടി ഏറനാടൻ കർഷകരെയാണ് ആശ്രയിക്കുന്നത്.

പുൽതൈലകൃഷി വ്യാപകമായിരുന്നിടത്താണ് നാണ്യവിളകൾ കൃഷിചെയ്തത്. പുൽതൈല നിർമാണത്തിനുവേണ്ടി ഒട്ടൊന്നുമല്ല മരങ്ങൾ വെട്ടിനശിപ്പിച്ചത്. 1970-ഓടുകൂടി ഈ കൃഷിയും ഇവിടെ നിന്നും അപ്രത്യക്ഷമായി. അടുത്തകാലത്തായി കവുങ്ങ് കൃഷി വ്യാപകമായിട്ടുണ്ട്. കാപ്പി, കുരുമുളക് കൃഷി കഴിഞ്ഞാൽ മൂന്നാം സ്ഥാനമാണ് കവുങ്ങിന്നുള്ളത്. നിലവിലുള്ള രീതിയിൽ വില തുടരുകയും രോഗം ബാധിക്കാതെയിരിക്കുകയും ചെയ്താൽ പത്തു വർഷത്തിനുള്ളിൽ കവുങ്ങ് കൃഷി പ്രഥമസ്ഥാനത്തേയ്ക്കുയരുന്നതാണ്.

കാർഷികമേഖലയിൽ തൊഴിൽ പ്രശ്നം രൂക്ഷമാണ്. കുടുംബത്തിലെ മുഴുവൻ അംഗങ്ങളും കൃഷിയിടങ്ങളിൽ ഒരുമിച്ച് ജോലി ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അതുപോലെ തൊട്ടടുത്ത വീട്ടുകാർ അന്യോന്യം 'കൂടിക്കൊടുത്ത്' പണി തീർത്തിരുന്നതും പരസ്പര സഹകരണത്തിന്റേയും സൗഹാർദത്തിന്റേയും ഇടമായി കൃഷിയെ കണ്ടിരുന്ന ആ കാലവും നമുക്ക് ഓർമ്മയായി മാറി. ഇന്ന് യുവാക്കൾ കൃഷിയെ മാന്യമായ ഒരു തൊഴിലായി കാണുന്നില്ല. ഈ മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടായെങ്കിൽ മാത്രമേ നമുക്ക് ഈ രംഗത്തിൽ പുരോഗതി ഉണ്ടാവുകയുള്ളൂ.

## കാർഷിക ഗവേഷണകേന്ദ്രം

കാർഷികരംഗത്തെ മുന്നേറ്റത്തിന് കോളനൈ

**പട്ടിക 1. കൃഷിയും വിളപരിപാലനവും**

(മൊത്തം 87.3 ഹെക്ടർ സ്ഥലത്തിൽ 80.15 ഹെക്ടറിൽ കൃഷി ചെയ്യുന്ന സ്ഥാപനത്തിലെ കൃഷിഭൂമിയുടെ ഉപയോഗരീതി)

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| കാപ്പി | 25.58 |
| കുരുമുളക് | 9.5 |
| നെല്ല് | 7.5 |
| മാവ് | 5.35 |
| മറ്റ് ഫലവർഗ്ഗങ്ങൾ (സപ്പോട്ട പേരക്ക തുടങ്ങിയവ) | 5.5 |
| തെങ്ങ് | 4.6 |
| കശുമാവ് | 1.75 |
| ഇഞ്ചി, മഞ്ഞൾ | 1.5 |
| ഗ്രാമ്പു | 1.0 |
| യൂക്കാലിപ്റ്റസ് | 12.0 |
| നഴ്സറി | 2.0 |
| മറ്റുവിളകൾ | 6.87 |
| മൊത്തം | 73.28 |

ടെൻഷൻ സ്കീമിനോടൊപ്പം സ്ഥാപിതമായ കൃഷി ഫാമിന്റെ പ്രേരണയും പ്രോത്സാഹനവും ഉണ്ടായിരുന്നു. 1946-ൽ സ്ഥാപിതമായ ഈ കേന്ദ്രം 1983-ൽ പ്രാദേശിക ഗവേഷണ കേന്ദ്രമായി അംഗീകരിക്കപ്പെട്ടു. നെല്ല്, കുരുമുളക്, ഇഞ്ചി, കാപ്പി, പച്ചക്കറികൾ തുടങ്ങി 12 വിളകളെ കുറിച്ച് ഇപ്പോൾ ഗവേഷണം നടന്നുവരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായി തദ്ദേശ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഗവേഷണ പ്രവർത്തനങ്ങളുടെ സത്ഫലം ഇവിടത്തെ കർഷകരിലേയ്ക്ക് പൂർണ്ണമായി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നുള്ളത് ഒരു പോരായ്മയാണ്. എന്നിരുന്നാലും നമ്മുടെ വികസന പ്രക്രിയയിൽ ഈ ഗവേഷണ സ്ഥാപനത്തിന് ഒരു വലിയ പങ്ക് വഹിക്കാൻ കഴിയുമെന്നതിന് സംശയമില്ല. പട്ടിക (1) കാണുക

**ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം. (CES)**

ആദിവാസികൾക്ക് വിവിധ വിളകളെക്കുറിച്ചുള്ള അറിവും കൃഷിരീതികളും പകർന്നു നൽകുകയും തൊഴിലവസരം നൽകി ജീവിതം നിലവാരം ഉയർത്തുന്നതിനുമായി കേരളകൃഷിവകുപ്പ് ചീങ്ങേരി ആദിവാസി കോളനിയിലെ 150 ഏക്കർ സ്ഥലം ഏറ്റെടുത്തു. തുടർന്ന് 1972ൽ 11.17 ഹെക്ടർ സ്ഥലം ``വാനില'' കൃഷി ചെയ്യുന്നതിനായി കൃഷി വകുപ്പിന് കൈമാറുകയുണ്ടായി.

100 ഏക്കറിൽ കാപ്പി കുരുമുളക് കൃഷിയും 50 ഏക്കറിൽ വിവിധ വിളകൾ

കൃഷി ചെയ്തു മാതൃകാഭക്ഷ്യോൽപാദനത്തോട്ടം എന്നപേരിൽ നടത്തിവരുന്നു

`വാനില' കൃഷി ചെയ്തിരുന്നിടത്ത് [illegible]മെന്നാണം താങ്ങുമരങ്ങളുടെ പൂന്തോട്ടമാണ് രൂപപ്പെട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഭാഗികമായി ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിയുന്നുണ്ട്. ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തനം നടത്തിവരുന്നു.

**കാപ്പികൃഷി**

ഇന്നു പഞ്ചായത്തിൽ കൃഷിയോഗ്യമായ കരഭൂമിയുടെ 40% സ്ഥലത്ത് കാപ്പികൃഷി ചെയ്യുന്നു. റോബസ്റ്റ, അറബി, കാവേരി, CxR എന്നീ ഇനം കാപ്പികൾ കൃഷി ചെയ്യുന്നുണ്ട്. പത്തുവർഷങ്ങൾക്കു മുൻപ് ഇത് 70 ശതമാനത്തോളമായിരുന്നു. നൂറു വർഷത്തിലേറെ പ്രായമുള്ള കാപ്പിച്ചെടികൾ ഇവിടെയുണ്ട്. കാപ്പിയുടെ വില കുറവും കോഫി ബോർഡിന്റെ

പട്ടിക 3 വിള, വിസ്തീർണ്ണം, ഉത്പാദനം

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് | | | |
| 1-ാം വിള | 0.32ht | 600kg from o.32 ht | 1875 kg/ht |
| 2-ാം വിള | 0.32 ht | 650 kg ,, | 2035 kg /ht |
| 3-ാം വിള | – | – | – |
| പയർ | – | – | – |
| എള്ള് | – | – | – |
| പച്ചക്കറികൾ | – | – | – |
| തെങ്ങ് | 600 nos | yieldings not started | |
| വാഴ | 1 ht | | |
| മരച്ചീനി | 1 ht | 12,000 kg | 12,000 kg |
| കുരുമുളക് | 4 ht | 3,250 kg | 872 kg/ht |
| പ്ലാവ് | – | – | – |
| കശുമാവ് | – | – | – |
| മാവ് | 15 nos | 200 kg - | – |
| റബ്ബർ | – | – | – |
| കവുങ്ങ് | 5ht | yiddings not started - | – |

നിയന്ത്രണവും കാരണം കാപ്പി പിഴുതുമാറ്റി കുരുമുളകു പോലുള്ള കൃഷിയിലേയ്ക്ക് മാറുകയുണ്ടായി. കോഫി ബോർഡിന്റെ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതോടെ കാപ്പിയുടെ വിലയിൽ വർദ്ധനവുണ്ടാവുകയും, കുരുമുളക് രോഗം ബാധിച്ച് നശിക്കുകയും ചെയ്തതോടെ വീണ്ടും കാപ്പി കൃഷിയിലേയ്ക്ക് കൃഷിക്കാർ മാറി വരുന്നുണ്ട്. പ്രതികൂല കാലാവസ്ഥയും അശാസ്ത്രീയ വളപ്രയോഗവും കീട രോഗബാധയും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ജലസേചന സൗകര്യവും ശാസ്ത്രീയമായ കൃഷി രീതികളും കീട, കുമിൾ രോഗ നിയന്ത്രണങ്ങളും ഉണ്ടെങ്കിൽ ഈ കൃഷി ലാഭകരമാക്കുവാൻ കഴിയും. വെളുത്തുതുരപ്പൻ, കായ്തുരപ്പൻ, മുഞ്ഞ എന്നീ രോഗങ്ങൾ പരക്കെ കണ്ടുവരുന്നുണ്ട്. ഏക്കറൊന്നിന് ശരാശരി 3 ക്വിന്റൽ കാപ്പി പരിപ്പ് ലഭിക്കുന്നുണ്ട്.

ഇപ്പോൾ വൻകിട തോട്ടക്കാരൊഴികെ ചെറുകിട തോട്ടക്കാർ പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തുവരുന്നത്. മഴ പിഴച്ചാൽ കാപ്പിച്ചെടികൾ വേണ്ടത്ര പൂവിരിയാതെ കൃഷി പിഴയ്ക്കുന്നു. ആയതിനാൽ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് സ്പ്രിങ്ക്ളറുകളുടെ ഉപയോഗം വ്യാപകമാക്കിയാൽ ഉല്പാദനം ഇരട്ടികണ്ട് വർദ്ധിപ്പിക്കാൻ കഴിയും. എന്നാൽ ഭാരിച്ച സാമ്പത്തിക ചെലവ് കാരണം ഇതിന് കൃഷിക്കാർക്ക് കഴിയുന്നില്ല.

പട്ടിക II

ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 0.32ht |
| പുരയിടം | 71.17 ht |
| പുറമ്പോക്ക് | – |
| കൃഷിയോഗ്യതരിശ് | – |
| കൃഷിയോഗ്യമല്ലാത്തത് | – |
| ആകെ | 71.49 ht |

**കുരുമുളക്**

ഏകദേശം 30 ശതമാനത്തോളം സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നു. മറ്റു കൃഷികളെ അപേക്ഷിച്ച് ലാഭകരമായ കൃഷിയാണ് വയനാടിന്റെ കറുത്ത പൊന്ന്. പഞ്ചായത്തിൽ വിവിധയിനം കുരുമുളക് വള്ളികൾ കൃഷിചെയ്യുന്നുണ്ട്. അത്യൽപ്പാദന ശേഷിയുള്ള പന്നിയൂർ, കരിമുണ്ട, വാലൻകൊട്ട, കാണിയക്കാടൻ, കല്ലുവള്ളി, നാരക

ഉംമുണ്ടി, ജീരക മുണ്ടി വെള്ളനാമ്പൻ, നടേശൻ, വയനാടൻ തുടങ്ങിയ വള്ളികൾ കൃഷിചെയ്യുന്നു. അടുത്തകാലത്ത് ദ്രുതവാട്ടരോഗം മൂലം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൃഷി നശിച്ചിട്ടുണ്ട്. അതുകൊണ്ട് കൃഷിക്കാർ മറ്റ് കൃഷികളിലേയ്ക്ക് മാറി കൊണ്ടിരിക്കുന്നു. ഈ കൃഷിയെ നിലനിർത്താൻ സമഗ്രപദ്ധതി ആവശ്യമാണ്. രോഗപ്രതിരോധ നടപടികൾ ഊർജ്ജിതമാക്കുകയും ശാസ്ത്രീയ ഗവേഷണങ്ങൾ നടത്തുകയും ശാസ്ത്രീയ പരിചരണമുറകൾ കൃഷിക്കാരെ പഠിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും വേണം. ഇപ്പോഴത്തെ ഉത്പാദന ക്ഷമത ഒരു കൊടിക്ക് 2 കിലോഗ്രാം എന്ന തോതിലാണ്. സസ്യസംരക്ഷണപ്രവർത്തനം പഞ്ചായത്തിന്റേയും കുരുമുളക് സമിതികളുടേയും നേതൃത്വത്തിൽ കൂട്ടായി നടത്തിയാൽ വിപ്ലവകരമായ കുതിച്ച് ചാട്ടം ഈ മേഖലയിൽ വീണ്ടും പ്രതീക്ഷിക്കാം.

**കവുങ്ങ്**

അടുത്ത കാലത്തായി വ്യാപകമായി കൃഷി ചെയ്തുവരുന്ന ഒരു വിളയാണിത്. കരഭൂമിയുടെ 5 ശതമാനത്തോളവും നിലത്തിന്റെ 25 ശതമാനത്തോളവും കവുങ്ങ് കൃഷി ചെയ്യുന്നു. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽ വയലുകളിൽ ഈ കൃഷി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. മറ്റ് കൃഷികൾക്കിടയിലും ഇത് വളർത്തിവരുന്നുണ്ട്. ഒരു മരത്തിൽ നിന്ന് ശരാശരി 4 കിലോ പാക്ക് ലഭിക്കുമ്പോൾ ഇന്നത്തെ വില കണക്കാക്കിയാൽ 120 രൂപ ഒരു മരത്തിൽ നിന്നും ആദായം ലഭിക്കുന്നു. അടക്ക സംസ്കരണ കേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ ഉയർന്ന വില കൃഷിക്കാർക്ക് ലഭിക്കും. മഹാളി രോഗം ഈ കൃഷിയെ ബാധിച്ചു തുടങ്ങിയിട്ടുണ്ട്. കൂട്ടായ മരുന്നു തളിക്കുന്ന സംവിധാനം ഉണ്ടാക്കണം. നാടൻ, കാസർകോടൻ, മംഗളം, സൗത്ത് കാനറ, എന്നീ ഇനങ്ങളാണ് ഇവിടെ നിലവിലുള്ളത്

**റബ്ബർ**

പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമല്ല. ഏതാണ്ട് 8 ശതമാനത്തിൽ ഒതുങ്ങി നില്ക്കുന്നു. സ്ഥലപരിമിതിയും ഉത്പാദന കുറവും പട്ടപ്പീയൽ രോഗവും കൃഷിക്കാരെ അലട്ടുന്നുണ്ട്. രോഗപ്രതിരോധ സംവിധാനവും റബ്ബർ ബോർഡിന്റെ പ്രോത്സാഹനവും സഹായവും ഉണ്ടായാൽ റബ്ബർ കൃഷി വ്യാപിപ്പിക്കാൻ കഴിയും. ക്രോണൽ, GTI, RRI 600, 105, നാടൻ എന്നിവയാണ് ഇവിടെ പൊതുവെ കൃഷിചെയ്തു വരുന്നത്.

**തെങ്ങ്:**

ഇവിടെ തെങ്ങിൻതോട്ടങ്ങൾ വിരളമാണ്. എല്ലാ കർഷകരും ചുരുങ്ങിയ തോതിൽ കൃഷിചെയ്തിട്ടുണ്ട്. ഏതാണ്ട് 5 ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ. വളരെ കുറച്ച് എണ്ണത്തിൽ മാത്രമേ ഉല്പാദനമുള്ളൂ. കാലാവസ്ഥയുടെ പ്രത്യേകത കാരണം പണ്ടുകാലത്ത് തേങ്ങയുടെ കാമ്പ് ഉറയ്ക്കാത്ത രീതിയുണ്ടായിരുന്നു. ഉല്പാദന ക്ഷമത തെങ്ങൊന്നിന് ശരാശരി 60 എണ്ണം മാത്രമാണ്. കൃഷി വികസിപ്പിക്കുന്നതിന് നാളികേര ബോർഡിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കണം. നാളികേര വികസനത്തിന് രൂപീകൃതമായ കേരസമിതിയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

**നെല്ല്**

കരഭൂമിയുടെ 25 ശതമാനം മാത്രമാണ് വയലുള്ളത്. ആകെയുള്ളതിന്റെ 1/4 ഭാഗം മാത്രമാണ്. ഇരുപ്പൂ കൃഷി ചെയ്യുന്നത് പത്തു വർഷത്തിനുള്ളിൽ മുപ്പത് ശതമാനത്തോളം വയൽ, കവുങ്ങ്, വാഴ മുതലായ കൃഷിയിലേക്ക് മാറിപ്പോയിട്ടുണ്ട്. ഉല്പാദന ചെലവിന്റെ വർദ്ധനവ് ആണ് മറ്റ് കൃഷികളിലേയ്ക്ക് തിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. വർദ്ധിച്ചു വരുന്ന കൂലി ചെലവിനു പുറമേ ഇഞ്ചി കൃഷിയ്ക്കെന്ന പേരിൽ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും കാപ്പി മേഖലയിലേയ്ക്കും മറ്റു തൊഴിൽ മേഖലയിലേയും തൊഴിലാളികൾ പോകുന്നത് വേണ്ടത്ര പണിക്കാരെ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ജലസേചന സൗകര്യകുറവും കൃഷി നഷ്ടമാവുന്നതിന് ഒരു കാരണമാണ്. ജലസേചന സൗകര്യം ഉണ്ടാക്കുകയും ഉത്പാദനചെലവ് കുറയുകയും ഉല്പാദന ബോണസ് വർദ്ധിപ്പിക്കുകയും ചെയ്താൽ നെൽകൃഷി ലാഭകരമാക്കാവുന്നതാണ്.

**തേയില**

പഞ്ചായത്തിന്റെ അപൂർവ്വം ചില മേഖലകളിൽ തേയില കൃഷി ചെയ്യുന്നു. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന പ്രദേശത്താണ് ഈ കൃഷിയുള്ളത്.

പ്രാധാന്യം വിളവ് ലഭിക്കുന്ന ഇനങ്ങൾക്ക് ജലസേചന സൗകര്യം ഉണ്ടായാൽ വിളവ് വർദ്ധിപ്പിക്കാം.

**യൂക്കാലി**

ഫലഭൂയിഷ്ടമില്ലാത്തതും പാറയോട് ചേർന്ന മണ്ണിലും മാത്രമേ യൂക്കാലി കൃഷി ചെയ്തുവരുന്നുള്ളൂ. കൂടാതെ കാർഷിക ഗവേഷണ കേന്ദ്രത്തിലും ഈ കൃഷിയുണ്ട്. സുഗന്ധ ദ്രവ്യനിർമ്മാണ വസ്തുവെന്ന നിലയിൽ ഒരു നല്ല വരുമാനമാർഗ്ഗമാണ്.

**വാഴ**

ലാഭകരമായ നേന്ത്രവാഴകൃഷി വയലുകളിൽ വ്യാപകമായി ചെയ്തുവരുന്നു. പത്ത് വർഷം മുമ്പു വരെ കൃഷിയിടങ്ങളിൽ ഒരു ഇടവിളയായി നാടൻ വാഴ കൃഷി ചെയ്തിരുന്നു. ഇന്നവ നാമമാത്രമായി തീർന്നിട്ടുണ്ട്. നേന്ത്രവാഴയ്ക്ക് തണ്ടുതുരപ്പൻ, ഓല കരിച്ചിൽ, കുറുനാമ്പ് രോഗം എന്നിവ കണ്ടുവരുന്നു. ഉത്പാദന ക്ഷമത കുല ഒന്നിന് 8kgവരെയാണ്. ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ സ്വീകരിച്ചാൽ ഈ കൃഷിയുടെ സാധ്യതകൾ ഏറെയാണ്.

**ഇഞ്ചി**

ഹ്രസ്വകാല വിളയായ ഇഞ്ചി കരയിലും വയലിലും കൃഷിചെയ്യുന്നു. മഹാളി രോഗമാണ് ഈ കൃഷിയെ കാര്യമായി ബാധിക്കുന്നത്. വ്യാപകമായ ഈ രോഗ ബാധകാരണം കർണ്ണാടകയിലേയ്ക്കും ഷിമോഗ, കുടക് എന്നീ പ്രദേശങ്ങളിലേയ്ക്കും ഇഞ്ചി കൃഷി ചെയ്യുന്നതിനായി കൃഷിക്കാർ കൂട്ടത്തോടെ പോകുന്നുണ്ട്. വിപണനം ചില കുത്തക മുതലാളിമാരുടെ കൈകളിലായതുകാരണം കൃഷിക്കാരന് മതിയായ വില ലഭിക്കുന്നില്ല. ഇഞ്ചി സംസ്കരിക്കുന്നതിനുള്ള സംസ്കരണ ഫാക്ടറി ജില്ലയിൽ ഒന്നെങ്കിലും ഉണ്ടാവുകയാണെങ്കിൽ ഉയർന്ന വില കർഷകന് ലഭ്യമാക്കാൻ കഴിയും. ശരാശരി 10 മേനി വിളവ് ലഭിക്കുന്നുണ്ട്.

**ചേന**

കർഷകർ കരയിലും ഒരുപ്പൂവയലിലും ചേന കൃഷി ചെയ്തുവരുന്നു. ഒര ഹ്രസ്വകാല വിളയാണ്. കൃഷിനാശം കാര്യമായി വരാറില്ല. ശാസ്ത്രീയമായി വളം ചെയ്താൽ നല്ല വിളവ് ലഭിക്കുന്നുണ്ട്. വില സ്ഥിരത ഇല്ലാത്തതാണ് കൃഷിക്കാരുടെ പ്രധാന പ്രശ്നം.

**പച്ചക്കറി കൃഷി**

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഒറ്റപ്പെട്ട് പച്ചക്കറി കൃഷി ചെയ്തുവരുന്നുണ്ട്. ആവശ്യത്തിനനുസരിച്ച് ഉത്പാദനം ഇല്ല. കർണ്ണാടകത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്നാണ് ഇവിടെ വിപണനം നടത്തുന്നത്. പഞ്ചായത്തിലാവശ്യമുള്ള പച്ചക്കറികൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനുള്ള ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ഓരോ വീട്ടിലും അടുക്കളത്തോട്ടം എന്ന നിർദ്ദേശം ഉയർന്നുവരികയും ആവശ്യമായ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും സഹകരണാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ വാങ്ങി വിപണനത്തിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്താൽ സ്വയം പര്യാപ്തത കൈവരിക്കാം.

മറ്റു കൃഷികളെന്ന രീതിയിൽ ഏലം, മഞ്ഞൾ, കൊക്കോ, ഗ്രാമ്പു, പഴവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞ തോതിൽ കൃഷിചെയ്തുവരുന്നു.

**മണ്ണ്**

കുന്നുകളും താഴ്വരകളും പാറക്കെട്ടുകളും നെൽപാടങ്ങളും ഇടകലർന്നു കിടക്കുന്ന ഇവിടുത്തെ ഭൂമിയുടെ വിസ്തൃതിയിൽ 65 ശതമാനവും കറുത്ത വളക്കൂറുള്ള മണ്ണും 15 ശതമാനം ചുവപ്പു മണ്ണും 17 ശതമാനം ചുവപ്പുകലർന്ന ഫലഭൂയിഷ്ടത കുറഞ്ഞ മണ്ണും 3 ശതമാനം പാറക്കെട്ടുകളും ആണ്. സ്ഥിതി വിവരക്കണക്കനുസരിച്ച് 1299.5 ഏക്കർ പുറമ്പോക്ക് ഭൂമിയും 102. 13 ഏക്കർ തരിശ് ഭൂമിയുമുണ്ട്.

**മണ്ണ് സംരക്ഷണം**

മണ്ണൊലിപ്പ് നമ്മുടെ പ്രധാന പ്രശ്നമാണ്. കുന്നും കുത്തനെ ഇറക്കങ്ങളുമുള്ള പ്രദേശമായതിനാൽ കൃഷി പണിയെടുക്കുമ്പോൾ മണ്ണൊലിപ്പ് ശക്തമാവുന്നു. ഇതുകാരണം വളമണ്ണ് ഒലിച്ച്പോയി ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നു. ജലം തടഞ്ഞുനിറുത്തുന്നതിന് ബണ്ടുകളും കൃഷിയിടങ്ങളിൽ കയ്യാലകളും ചാലുകളും നിർമ്മിച്ച് മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കാവുന്നതാണ്.

**മണ്ണുപരിശോധന**

മണ്ണുപരിശോധന സംവിധാനം ഇല്ലാത്തതി

നാൽ ഇവിടുത്തെ കർഷകർക്ക് മണ്ണുപരിശോധന നടത്താൻ കഴിയാറില്ല. ഇതിനുള്ള സംവിധാനം മാനന്തവാടിയിലാണുള്ളത്. അതിനാൽ ശരിയായ വളപ്രയോഗം നടക്കുന്നില്ല. അശാസ്ത്രീയമായ വള പ്രയോഗവും കീടനാശിനി പ്രയോഗവും മണ്ണിന്റെ ഘട നയിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. മണ്ണു പരി ശോധനയ്ക്ക് വേണ്ട സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

**വളപ്രയോഗം**

കൃഷിക്കാരിൽ 50 ശതമാനം പേർ രാസവ ളവും ജൈവവളവും ഉപയോഗിക്കുമ്പോൾ മറ്റുള്ള വർ രാസവളം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കൃഷിയിൽ താല്പര്യം കുറയുന്നതിന് ഒരു പ്രധാന കാരണം വളത്തിന്റെ വില കൂടുതലാണ്.

**മറ്റുപ്രശ്നങ്ങൾ:**

കാർഷിക മേഖല ഇന്നൊരു പ്രതിസന്ധിയി ലാണ്. മാനദണ്ഡമില്ലാതെ തൊഴിൽ മേഖലയിൽ ഉണ്ടാവുന്ന കൂലിവർദ്ധനവ്, രാസവളം അടക്കം കാർഷിക ഉപകരണങ്ങളുടെ അമിതവില വർദ്ധന, വിളയെടുപ്പ് കാലത്തുള്ള വിലയിടിവ്, കീടബാധമൂ ലമുള്ള കൃഷിനാശം തുടങ്ങിയവ കാരണങ്ങളാണ്. നിലവിൽ പുരുഷന്മാർക്ക് 80 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 50 രൂപയും കൂലി ലഭിക്കുന്നു.

**കൃഷിഭവന്റെ പ്രവർത്തനം**

ഇവിടെ ഒരു കൃഷിഭവൻ ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം വേണ്ടത്ര അളവിൽ കർഷ കന് ലഭിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ കൃഷി ഡെമോൺസ്ട്രേറ്റർമാർ വാർഡുകൾ തോറും സഞ്ചരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഓഫീസിൽ ഇരുന്ന് ഉപദേശിക്കുന്ന അവസ്ഥയാ ണിതിന്നുള്ളത്. ആവശ്യത്തിന് സ്റ്റാഫില്ലെന്നതാണ് കാരണമെന്നറിയുന്നു. അത് പരിഹരിക്കുന്നതിന് ആവ ശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിച്ച് അവരെ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നതിന് പര്യാപ്തരാക്കണം. കൃഷിഭവനിലൂടെ വിത്തുകളും ആവശ്യമായ തൈകളും വിതരണം ചെയ്യുന്നത് കാര്യക്ഷമമാക്കുക. നെൽകൃഷിയെ പ്രോത്സാഹി പ്പിക്കുന്നതിനാവശ്യമായ പ്രത്യേക ശ്രദ്ധയും പരിച രണവും ആവശ്യമാണ്.

**കൃഷിവിജ്ഞാനകേന്ദ്രം**

ശാസ്ത്രീയ കൃഷിരീതികൾ, മൃഗസംര ക്ഷണം, ഗൃഹശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രവർത്തിപരിചയത്തിലൂടെ പരിശീലനം നൽകുന്നു എന്ന ലക്ഷ്യത്തോടെ 1982 ഒക്ടോബ റിൽ കേരള കാർഷിക സർവ്വകലാശാലയുടെ പ്രൊജക്ടായി പ്രവർത്തനം തുടങ്ങി. 1984ൽ ഭാര തീയ കൃഷിഗവേഷണ കൗൺസിലിന്റെ സാമ്പ

മണ്ണ് സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിപ്രദേശ വിസ്തീർണ്ണം (ഹെക്ടർ) | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക (Rs) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | എടക്കൽ ട്രൈബൽ കോളനി (Employment Assurance Scheme | 9.3775 | 1994 | 1994 | 71,929 | 12nos. |
| 2. | അത്തിച്ചാൽ പാടശേഖരം (Under natural (Calamity) - | - | 1995 | 1995 | 1,50,424 | 25 nos |
| 3. | ഊർജ്ജിത സുഗന്ധവിള വികസനപദ്ധതി | | 1993 | പൂർത്തീകരിച്ചിട്ടില്ല | | 122nos |

അവലംബം മണ്ണുസംരക്ഷണ വിഭാഗം :കൃഷിഭവൻ

## വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 530 ഹെക്ടർ | 2100 MT | 3962 |
| നെല്ല് (മുന്നാംവിള) | 160 ,, | 736 MT | 4600 Kg/ha |
| നെല്ല് (മുന്നാംവിള) - | - | - | -- - |
| പയർ | 10 ,, | 12000kg | 1200 kg/he |
| എള്ള് | 3 ,, | 960 kg | 320 kg/ha |
| പച്ചക്കറികൾ | 1.4 ,, | 11,100 kg | 9400 kg/ha |
| തെങ്ങ് | 250 Ha | 7,81,250 nuts | 20 nuts/palm. |
| വാഴ | 110 Ha | 34 37.5 MT | 31250 kg/ha |
| മരച്ചീനി | 8 Ha | 200 MT | 990 Kg/ha |
| കുരുമുളക് | 1420 Ha | 1278 MT | 990 Kg/Ha |
| പ്ലാവ് | 2 Ha | 1800 Friuts | 25 fruits /tree |
| കശുമാവ് | 0.8 Ha | 126 Kg | 160 kg/ha |
| മാവ് | 1.5 Ha | 13050 kg. | 8700 Kg /ha |
| കവുങ്ങ് | 70 Ha | 1,31,25,000 | Nios 1500nuts/palm |
| കാപ്പി | 2438 Ha | 3657 MT | 1500 Kg/ha |
| ഇഞ്ചി | 120 Ha | 960 MT | 8000 Kg/he |
| യൂക്കാലിപ്റ്റസ് | 50 HT | | |

അവലംബം: കൃഷിഭവൻ,

തിക സഹായം കിട്ടിതുടങ്ങി. ഇവിടെ വിള പ്രദർശനം, പശു വളർത്തൽ കേന്ദ്രം, മുയൽ വളർത്തുകേന്ദ്രം എന്നീ പ്രദർശനയൂണിറ്റുകൾ ഉണ്ട്. പ്രതീക്ഷിത ലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വിലയിരുത്തപ്പെടേണ്ടതാണ്.

**വിപണനം:**

അമ്പലവയൽ, വടുവഞ്ചാൽ, തോമാട്ടുചാൽ, മീനങ്ങാടി, മാത്തൂർ, നെല്ലാടി എന്നീ കേന്ദ്രങ്ങളിൽ ഉത്പ്പന്നങ്ങളുടെ വിപണനം നടക്കുന്നു. വിളവെടുപ്പ് കാലത്ത് ഉത്പന്നങ്ങളുടെ വിലയിടിവ് കാരണം കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. ചെറുകിട കർഷകർ കിട്ടുന്ന വിലയ്ക്ക് ഉല്പന്നം വിറ്റഴിക്കാൻ നിർബന്ധിതരാകുന്നു. ഇതിന് പരിഹാരമായി പഞ്ചായത്തിൽ സംഭരണ സംവിധാനം ഉണ്ടാക്കുകയും ഉത്പാദനത്തിന്റെ ഈടിന്മേൽ വായ്പ ലഭിക്കുന്നതിനുമുള്ള സാധ്യതകൾ ആരായുകയും വേണം.

**ജലസേചനം**

പടിഞ്ഞാറൻ അതിർത്തിയിൽ കൂടി ഒഴുകുന്ന കാരാപ്പുഴ ജലസേചന പദ്ധതിക്കായി 411.9 ഹെക്ടർ കരഭൂമിയും 10.8 നിലവും ഏറ്റെടുത്തിട്ടുണ്ട്. 37.5 ഹെക്ടർ കരഭൂമിയും 108.5 ഹെക്ടർ നിലവും ഏറ്റെടുക്കുന്നതിനുവേണ്ടി സർവ്വേ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശമായിരുന്നു കാരാപ്പുഴ അണക്കെട്ട് പദ്ധതിക്കായി ഏറ്റെടുക്കൽ ചെയ്യപ്പെട്ടത്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചതോടെ കാർഷിക വിഭവങ്ങളും വിഭവസമാഹരണസാധ്യതകളും പാടെ നശിച്ചത് പഞ്ചായത്തിന്റെ മൊത്തം വികസനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ പഞ്ചായത്തിൽ പ്രത്യക്ഷത്തിൽ യാതൊരു പ്രയോജനവും ഈ പദ്ധതികൊണ്ട് ലഭ്യമാകുന്നില്ല.

ഇവിടെ നിരവധി വറ്റാത്ത തോടുകളും ഒരു പുഴയുമുണ്ട്. എന്നാൽ ഇവയൊന്നും വേണ്ടത്ര കൃഷിയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകാരണം നെൽവയലുകളിൽ അനാതു ശതമാനവും മറ്റ് കൃഷികൾ ചെയ്യാൻ നിർബന്ധിതരാവുന്നു. വിവിധ തോടുകളിലായി 18 ചെക്ക് ഡാമുകൾ നില

## നടീൽ വസ്തു വിതരണം.

| ഇനം | എണ്ണം | | | |
|---|---|---|---|---|
| | 1993-94 | 1994-95 | 1995-96 | 1996-97 |
| തെങ്ങ് | 6,417 | 2,435 | 5,076 | 3,593 |
| കുരുമുളക് | 8,000 | 34,000 | 11,900 | 40,000 |
| കശുമാവ് | - | 1,155 | 240 | 120 |
| മാവ് | 208 | 113 | 320 | 132 |
| പേര | 48 | 38 | - | - |
| നെല്ലി | 81 | - | - | - |
| കൊക്കൊ | – | – | 330 | 228 |

അവലംബം കൃഷിഭവൻ

## ദുരിതാശ്വാസ വിതരണം.

| വർഷം | പ്രകൃതിക്ഷോഭിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | കൊടുങ്കാറ്റ് | | |
| 1993–94 | - | – | 14 Ht | - | – | |
| 1994–95 | – | – | 3. Ht | - | – | 6422 |
| 1995–965 | 11.36 Ht | – | 6 Ht | - | – | 21863 |

അവലംബം: കൃഷിഭവൻ

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ.

| കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മണ്ഡരി | ആകെ |
| 250 ഹെക്ടർ | 28,000 | 22,000 | 50,000 | - | 50 | 600 | - | 10 | 660 |

### കൈവശഭൂമി വിസ്തീർണ്ണം

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 1769 |
| 2. | ചെറുകിട കർഷകർ (1-2ഹെക്ടർ വരെ) | 2660 |
| 3. | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) | 576 |

അവലംബം: കൃഷിഭവൻ

### കാർഷികോപകരണങ്ങൾ

| ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | [illegible] പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ടില്ലർ | നാടൻകലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക് സ്പ്രേയർ | മറ്റുള്ളവ | | | |
| – | 4 | ബ്ലേക്ക് കലപ്പ 1300 | 300 | 120 | 2 | 1 | 10 | 6 |

അവലംബം : കൃഷിഭവൻ.

### രാസവളം കീടനാശിനി വിപണനം

| സ്ഥാപനം | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | Kg. | ദ്രാവ്യം | ഖരം | Kg. | ദ്രാവ്യം | ഖരം | Kg | ദ്രാവ്യം | ഖരം. |
| സഹകരണം | 3,45,345 | 14900 | 790.65 | 3,37819 | 15,500 | 11,510.300 | 3,02,088 | 10,900 | 4[illegible].550 |
| സ്വകാര്യം | 5,25,000 | 78 ലി. | 821 | 6,00,000 | 108 ലി. | 1055 കി. | 6,50,000 | 161 ലി. | 1108 കി. |

വിലയുണ്ട്. തോടുകളിൽ 500 മീറ്ററിന് ഒരു തടയണ എന്ന തോതിൽ നിർമ്മിക്കുന്നതും അരികുകളിൽ കൈത, നായ്ക്കരിമ്പ്, എന്നിവ വച്ച് പിടിപ്പിക്കുന്നതിനും പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

**തോടുകൾ**

അരിമുണ്ട, കളത്തുംവയൽ, പാതിരമ്പത്ത്, ഓടവയൽ, കാരാംകൊല്ലി, വട്ടക്കുണ്ട്, കുപ്പമുടി, കുറ്റികൈത, മദ്ദണ്ഡമൂല, ചക്കുട്ടിവയൽ, പാമ്പ്ള, ആനപ്പാറ, ആണ്ടൂർ, താറ്റ്യാട്, കരിവളം, വാളശ്ശേരി, നെടുമുരളി, പീനപ്പുല്ല്, വട്ടത്തുവയൽ, കമ്പാളക്കൊല്ലി, കാൽമാട്, ഇരുട്ടറക്കൊല്ലി, അത്തിമട്ടം, കൂട്ടാറ, ചെറുവയൽ, ചെന്നായ്ക്കൊല്ലി, കരിങ്കുറ്റി, കുണ്ടരഞ്ഞി, ആടുവയ്, കുനിപ്പാളി, മീങ്ങാവില്ലം എന്നീ തോടുകളും കോട്ടൂർ പുഴയും നിലവിലുണ്ട്.

പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം |
|---|---|---|---|---|---|
| 1. | നരിക്കുണ്ട് | 1994 | 1994 | 50,000 | 2,00 - |
| 2. | നരിക്കുണ്ട്കനാൽ | 1996 | 1996 | 66,500 | 2.00 - |
| 3. | അത്തിച്ചാൽ | 1994 | പൂർത്തിയായിട്ടില്ല | 3,95,000 | 48 |
| 4. | നീർച്ചാൽ (2 കുളങ്ങൾ) | 1990 | 1990 | 1,39.000 | 10 |

അവലംബം : കൃഷിഭവൻ, മൈനർ ഇറിഗേഷൻ.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചനപദ്ധതി

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ) | എസ്റ്റിമേറ്റ് (Rs) |
|---|---|---|---|
| 1 | വെള്ളക്കെട്ട മൂല വിസിബിയുടെയും കനാലിന്റെയും അറ്റകുറ്റപ്പണികൾ | 8.00 | 2,00,000 |
| 2 | വട്ടത്തുവയൽ വി. സി. ബിയുടെ കനാലിന്റെ അറ്റകുറ്റപ്പണികളും കനാൽ ദീർഘിപ്പിക്കലും | 10.00 - | - |

അവലംബം : മൈനർ ഇറിഗേഷൻ

**പ്രശ്നങ്ങൾ**

-കാർഷിക വിളകൾക്ക് ആദായകരമായ വില ലഭ്യമല്ല.

-ഇടത്തട്ടുകാരുടെ ചൂഷണം

വിളവെടുപ്പുകാലത്ത് നാണ്യവിളകളുടെ വില കുറവ്.

ഉൽപാദന ചെലവിന്റെ വർദ്ധനവ് കാരണം നെൽകൃഷി ലാഭകരമല്ല.

ജലസേചന സൗകര്യകുറവും വർദ്ധിപ്പിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളും.

-കർഷക തൊഴിലാളികളുടെ കൂലിവർദ്ധനയും കൂലിക്കാരുടെ ലഭ്യതാകുറവും

-കീടബാധമൂലമുള്ള കൃഷിനാശം

രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനയും യഥാസമയത്തെ ലഭ്യതകുറവും

-സംഭര-വിതരണ കേന്ദ്രങ്ങളുടെ അഭാവം

-ശാസ്ത്രീയ കൃഷി രീതികളെ കുറിച്ചുള്ള അറിവില്ലായ്മ

-ജൈവ വളത്തിന്റെ ലഭ്യതാകുറവ്

-കാർഷിക മേഖലയിൽ നിന്നുള്ള ഒഴിഞ്ഞു പോക്ക്

-വായ്പ ലഭിക്കാനുള്ള സൗകര്യക്കുറവും വായ്പയിന്മേലുള്ള ഉയർന്ന പലിശ നിരക്കും

-കൃഷിയിടങ്ങളിലെ തരിശുഭൂമികൾ.

**സാദ്ധ്യതകൾ**

-നാണ്യവിളകളുടേയും പച്ചക്കറി ഉല്പന്നങ്ങളുടേയും വില നിശ്ചിത തോതിൽ ലഭിക്കുന്നില്ല. ഫാക്ടറി ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കുമ്പോൾ വില നിശ്ചയിക്കുവാനുള്ള അവകാശം ഉല്പാദകനുണ്ട്. എന്നാൽ കർഷകർ സംഘടിത ശക്തിയല്ലാത്തതിനാലും ഏകീകരിക്കുന്ന ഏജൻസികൾ നിലവിലില്ലാത്തതിനാലും കച്ചവടക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സാധനങ്ങൾ വില്ക്കേണ്ടിവരുന്നു. കയറ്റുമതി ചെയ്യുന്ന സാധനങ്ങളുടെ വിലപോലും കൃത്യസമയത്ത് അറിയുവാനുള്ള സാഹചര്യം ഇന്നില്ല. സർക്കാർ ഇടപെടലുകൾ കാര്യക്ഷമമാക്കുകയും വിപണിയെ സംബന്ധിച്ച വിവരങ്ങൾ സുതാര്യമാക്കേണ്ടതുമാണ്.

-വിദേശനാണ്യം നേടിത്തരുന്ന നാണ്യവിളകൾ സുഗന്ധവിളകൾ എന്നിവ കയറ്റുമതി ചെയ്യുന്നതിൽ രാജ്യാന്തര കുത്തകകൾ നിലനില്ക്കുന്നു. സംഭരണവും വിതരണവും പൊതുമേഖലയിൽ ശക്തമാക്കാനുള്ള സാദ്ധ്യതകൾ ആരായണം.

-ഇഞ്ചി, ചേന എന്നീ ഉല്പന്നങ്ങളുടെ വിപണനത്തിൽ പ്രാദേശിക കുത്തക നിലനില്ക്കുന്നു. ഉപഭോഗം നടക്കുന്ന സംസ്ഥാനങ്ങളിലെ വില കർഷകർ അറിയുന്നില്ല. ഈ മേഖലയിലെ കുത്തക ഇല്ലായ്മ ചെയ്യാൻ സംസ്ഥാനാന്തര സമിതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

-ഇഞ്ചി സംസ്കരണഫാക്ടറി വയനാട്ടിൽ സ്ഥാപിക്കാം.

-ഉത്പാദന സീസണിൽ പൊതുവെ വിലകുറവ് അനുഭവപ്പെടുന്നു. സഹകരണാടിസ്ഥാനത്തിൽ കാർഷിക വിഭവങ്ങൾ സൂക്ഷിക്കാനും അവയുടെ ജാമ്യത്തിൽ അഡ്വാൻസുകൾ ലഭ്യമാക്കാനും ഉള്ള സംവിധാനത്തോടുകൂടിയ വേർഹൗസു സ്ഥാപിക്കാവുന്നതാണ്.

-നിയമ നിർമ്മാണം മാത്രം നടത്തി വയൽ കരയാക്കുന്ന പ്രക്രിയ അവസാനിപ്പിക്കുവാൻ കഴിയുകയില്ല. മുതൽമുടക്കിനേക്കാൾ കുറഞ്ഞ വരുമാനം മാത്രം കിട്ടുമ്പോൾ ഭൂമി തരിശിടുകയോ വാഴ, കമുക് തുടങ്ങി മറ്റ് ലാഭകരമായ കൃഷികളിലേയ്ക്ക് തിരിയുകയോ സ്വാഭാവികമാണ്. പീഡിത മേഖല എന്ന നിലയിൽ സാർവ്വത്രിക പ്രോത്സാഹനം നൽകണം.

-കർഷക തൊഴിലാളി മേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുവാൻ ക്ഷേമപദ്ധതികൾ വിപുലമാക്കുകയും നിലവിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ രംഗത്ത് ഉറച്ചുനില്ക്കുന്നുവോ എന്ന് പരിശോധിക്കുകയും ചെയ്യുക.

കൂടാതെ കൃഷി മേഖലയെ സ്വയം തൊഴിൽ പദ്ധതിയിൽപ്പെടുത്തി യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കാം.

നമ്മുടെ മണ്ണിനനുയോജ്യമായ ജൈവ കീടനാശിനികളുടെ പ്രയോഗം പ്രചരിപ്പിക്കാതെ പരസ്യങ്ങളിൽ കുടുങ്ങി `സർവ്വ കീടസംഹാരിയായി' കീടനാശിനി ഉപയോഗിക്കുന്നത് ഒഴിവാക്കുക. വിദഗ്ദ്ധന്മാരുടെ അഭിപ്രായാനുസരണം മാത്രം ഇവ ഉപയോഗിക്കുവാനുള്ള ബോധവൽക്കരണപരിപാടികൾ ആവിഷ്കരിക്കുക. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന പല കീടനാശിനികളും വിദേശരാജ്യങ്ങളിൽ നിരോധിച്ചവയാണ്. ഇവ ഏതൊക്കെയാണെന്ന് കണ്ടെത്തി ഉപയോഗം നിയന്ത്രിക്കുക. സബ്സിഡി നിരക്കിൽ കുമിൾ നാശിനി, കീടനാശിനി എന്നിവയുടെ വിതരണം വിപുലപ്പെടുത്തുക. മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന സംയുക്തകമ്മിറ്റി രൂപീകരിക്കുക.

-ശാസ്ത്രീയ വളപ്രയോഗരീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക. രാസവള സബ്സിഡി തുടരുക.

ജൈവവളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലത്തിൽ ചർച്ചകളും സെമിനാറുകളും നടത്തുക. കന്നുകാലിസമ്പത്ത് വേണ്ടത്രയുള്ള ഇവിടെ കമ്പോസ്റ്റ് തയ്യാറാക്കാനുള്ള അറിവ് ഗ്രാമതലത്തിൽ പ്രചരിപ്പിക്കുകയും ധനസഹായങ്ങൾ കൊടുക്കുകയും ചെയ്യുക.

-കാർഷിക മേഖലയിൽനിന്നും മാറി കൂടു

തൽ വേഗം ലാഭം കിട്ടാൻ സാദ്ധ്യതയുള്ള പുത്തൻ പണമിടപാടുകളിലേയ്ക്കും കച്ചവടത്തിലേയ്ക്കും തിരിയുന്ന പ്രവണത അടുത്ത കാലത്ത് ദൃശ്യമുണ്ട്. അതിനാൽ കർഷകർക്ക് സാമൂഹ്യ അംഗീകാരവും പരിഗണനയും നല്കാനുള്ള പദ്ധതികൾ കൊണ്ട് ഈ ഒഴിഞ്ഞുപോക്ക് തടയണം.

ബാങ്കുകളുടെ വായ്പാതോത് വർദ്ധിപ്പിക്കണം. വായ്പാ സംവിധാനത്തിൽ സമൂലമായ അഴിച്ചു പണി നടത്താൻ നബാർഡിന്റെ സമീപനം ഉദാരമാകണം. കൂടാതെ ബാങ്കുകളിൽ രാസവള ബില്ല് നിർബന്ധമാക്കാതിരിക്കുക. നിർബന്ധമായി രാസവളം വാങ്ങണമെന്നത് ഒഴിവാക്കുക.

–സഹകരണ നിയമവും ബാങ്കിംഗ് ചട്ടങ്ങളും പരിഷ്കരിക്കണം. ഈ രംഗത്തെ ഇടത്തട്ട് ഒഴിവാക്കി പലിശ നിരക്ക് കുറയ്ക്കാവുന്നതാണ്.

–ഔഷധ കൃഷി, ഉദ്യാനകൃഷി, കൂൺകൃഷി എന്നിവയ്ക്ക് ഇവിടുത്തെ കാലാവസ്ഥ വളരെ അനുയോജ്യമാണ്. ആവശ്യമായ പ്രായോഗിക പരിശീലനവും ഉപദേശവും ഉണ്ടെങ്കിൽ ഈ രംഗത്തേയ്ക്ക് വീട്ടമ്മമാരുടെയും യുവാക്കളേയും ആകർഷിക്കാൻ കഴിയും.

–ഹൈസ്കൂൾ തലത്തിൽ കുട്ടികൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്ത് കൃഷി പ്രോത്സാഹിപ്പിക്കുക. വീട്ടുവളപ്പിൽ ഏറ്റവും നന്നായി കൃഷി ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകാൻ നിയമനിർമാണം നടത്തുക.

–കാർഷികോല്പന്നങ്ങൾ കൈമാറ്റം നടത്താൻ അന്തിച്ചന്ത ആരംഭിക്കുക.

–തോമാട്ടുചാലിൽ സഹകരണസംഘത്തിന്റെ കീഴിൽ രാസവള വിൽപ്പന ആരംഭിക്കുക.

–വർദ്ധിച്ചുവരുന്ന കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാൻ സഹകരണ മേഖലയിൽ അടയ്ക്ക സംസ്കരണഫാക്ടറിക്ക് അമ്പലവയലിൽ തുടക്കം കുറിക്കുക.

–തോട് പുറമ്പോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് തോട് സംരക്ഷണത്തിനായി കൈത, നായ് കരിമ്പ് മുതലായവ ജനപങ്കാളിത്തത്തോടെ വച്ച് പിടിപ്പിക്കാം.

–കൃഷിയിടങ്ങൾ പൂർണ്ണമായി ഉപയോഗിക്കാൻ പ്രേരണ നൽകുക.

–റവന്യൂ ഭൂമിയും, പുറമ്പോക്ക് ഭൂമിയും പച്ചക്കറി കൃഷിക്ക് ലീസിന് നൽകാം.

–പാട ശേഖര സമിതികൾ, കുരുമുളക് സമിതികൾ എന്നിവ മുഖേന കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കൈവശ കൃഷിക്കാർക്ക് പട്ടയം ലഭിക്കുവാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തുക.

കുളങ്ങൾ നിർമ്മിക്കാം

ചരിവുകളിൽ കയ്യാലകളും ചാലുകളും നിർമ്മിച്ച് ജലം തടഞ്ഞുനിറുത്താൻ സാധിക്കും.

–കയ്യാലകൾ നിർമ്മിച്ചും കൈവേലികൾ വ്യാപിപ്പിച്ചും മണ്ണൊലിപ്പു തടയാവുന്നതാണ്.

കൂടാതെ താഴെപറയുന്ന തോടുകളിലും സ്ഥലങ്ങളിലും ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കിയാൽ വിളവ് വർദ്ധിപ്പിക്കാൻ കഴിയും.

അരിമുണ്ട തോട്ടിൽ നിന്ന് വെള്ളം പമ്പ് ചെയ്താൽ 150 ഏക്കറും കളത്തുവയൽ തോട്ടിൽ ജലസേചനം സൗകര്യമുണ്ടാക്കിയാൽ 25 ഏക്കറും തോമാട്ടുവയലിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ 30 ഏക്കറും പാതിരമ്പത്ത് തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ചാൽ 35 ഏക്കറും അത്തിച്ചാൽ പാടശേഖരത്തിന്റെ പമ്പ് ഹൗസിൽ വൈദ്യുതി എത്തിച്ചാൽ 100 ഏക്കറും ഇരുപ്പൂ കൃഷി ചെയ്യാം.

–റാട്ടക്കുണ്ട് തോടിൽ 2 തടയണകൾ നിർമ്മിച്ച് കനാലും പണിതാൽ 25 ഏക്കർ ഇരുപ്പൂ കൃഷി ചെയ്യാം.

–കുപ്പമുടി തോട്ടിലുള്ള ചെക്ക് ഡാമിലെ കനാൽ നീട്ടി വെള്ളം പമ്പു ചെയ്താൽ 60 ഏക്കർ ഇരുപ്പൂ കൃഷി നടത്താം.

– അണ്ടൂർ, ചീനാപ്പുല്ല് ചക്രൂട്ടി വയൽ, കരിംകുറ്റി വയൽ എന്നിവിടങ്ങളിൽ തടയണ നിർമ്മിച്ചാൽ 100 ഏക്കർ ഇരുപ്പൂ കൃഷി ചെയ്യാം.

–മഞ്ഞപ്പാറ കുളത്തിൽനിന്നും കുടിവെള്ളത്തിനു വേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വെള്ളം കോട്ടൂർ പദ്ധതി പൂർത്തീകരിക്കുന്നതോടെ കരിങ്കുറ്റി പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ചാൽ 150 ഏക്കർ കരഭൂമിയിൽ ജലസേചനം

നടത്താം.

ആനപ്പാറ തോട്ടിലെ ചെക്കുഡാമിൽ വെള്ളം ശേഖരിച്ച് പമ്പ് ചെയ്താൽ 50 ഏക്കറും കുറിഞ്ഞിലകം തോട്ടിൽ ചെക്ക് ഡാമും പാമ്പ്ള തോട്ടിൽ തടയണയും നിർമ്മിച്ചാൽ 90 ഏക്കർ ഇരുപ്പൂകൃഷി ചെയ്യാം.

–കോട്ടൂർ, കരിവളം തോട്ടിൽ തടയണയും നടുകൊല്ലി തോട്ടിൽ പമ്പ്സെറ്റും സ്ഥാപിച്ചാൽ 75 ഏക്കർ ഇരുപ്പൂ കൃഷി ചെയ്യാൻ കഴിയും.

–നെടുമുളി ഇറിഗേഷൻ കനാൽ നീട്ടുകയും വട്ടത്തുവയൽ തോടിൽ ചെക്കുഡാം നിർമ്മിച്ചാൽ 25 ഏക്കർ സ്ഥലത്തും കൃഷി ചെയ്യാം.

–കമ്പാളക്കൊല്ലി ചെക്ക് ഡാമിൽ നിന്ന് കനാൽ നീട്ടുകയും പായ്കൊല്ലി തോടിൽ ബണ്ട് നിർമ്മിക്കുകയും ആപ്പാളം കടൽമാട് തോട്ടിൽ തടയണയും നിർമ്മിക്കാം.

–കരിങ്ങലോട്, പുറ്റാട്, കാരം കൊല്ലി എന്നീ തോടുകളിൽ നിന്ന് ജലസേചന സൗകര്യം ഉണ്ടാക്കിയാൽ 100 ഏക്കറോളം കൃഷി ഇരുപ്പൂവാക്കാം.

–കുനിപ്പാളി, തോരാട്ട്, ചീങ്ങവല്ലം, മദ്ദണ്ണ മുല തോടുകളിൽ നിന്ന് ജലസേചന സൗകര്യമുണ്ടാക്കിയാൽ 100 ഏക്കർ നെൽകൃഷിക്കും കരകൃഷിക്കും ഉപയോഗിക്കുവാൻ കഴിയും.

നിലവിൽ 18 ചെക്ക് ഡാമുകൾ പഞ്ചായത്തിലുണ്ടെങ്കിലും കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നത് വളരെ കുറച്ചു മാത്രമേയുള്ളൂ.

മണ്ണുസംരക്ഷണ പ്രവർത്തനത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

–കാർഷിക അനുബന്ധവ്യവസായങ്ങൾ സ്ഥാപിക്കുക.

കർഷകസമിതികൾക്ക് ഗ്രാന്റോടുകൂടി സ്പിംഗ്ലർ സെറ്റ് നൽകുക. (കാപ്പി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും)

നല്ലയിനം വിത്തിനങ്ങളും, നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് വിതരണം നടത്തുക.

കേരളകാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ ശാലയും കൃഷിവകുപ്പ് വക ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമും ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. ശാസ്ത്രജ്ഞരുടെ നേരിട്ടുള്ള സഹായം കർഷകർക്കു ലഭിക്കാൻ ഇത് അനുകൂലമാണ്. മണ്ണ് പരിശോധന, രോഗപ്രതിരോധപ്രവർത്തനം, ശാസ്ത്രീയ കൃഷിരീതികൾ മേന്മയേറിയ വിത്തുകൾ നടീൽ വസ്തുക്കൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സ്ഥാപനങ്ങൾ വഴിയുള്ള സാധ്യത വിനിയോഗിക്കണം. ഇതിനായി കൃഷിഭവൻ– കൃഷിവകുപ്പ്, ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം ഇവയുടെ ഒരു സംയുക്ത സംവിധാനം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

> *"വളം പാടത്തിടാഞ്ഞാലൊരിക്കലും*
> *തെളിവില്ല വിതച്ചാലും നട്ടാലും*
> *അതുതന്നെയുമല്ല വിളവിങ്കൽ*
> *അതികഷ്ടം കുറച്ചിലുമായ് വരും"*
>
> **–സി.എ.ഇന്നസ്സ്, കൃഷിഗീത**



5.1

# മൃഗസംരക്ഷണം, മത്സ്യബന്ധനം

### മൃഗസംരക്ഷണം

അമ്പലവയൽ പഞ്ചായത്തിൽ പശു ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. 60 ശതമാനത്തോളം ആളുകൾ പശു വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. ഉപതൊഴിലായി സ്വീകരിച്ചവർ 40 ശതമാനത്തോളം വരും. ജില്ലയിലെ തന്നെ മുഖ്യ പാലുൽപ്പാദന കേന്ദ്രമാണ് നമ്മുടെ പഞ്ചായത്ത്. പശുക്കളിൽ 75 ശതമാനവും അത്യുൽപാദന ശേഷിയുള്ള സങ്കര ഇനത്തിൽപ്പെട്ടവയാണ്. ആദിവാസി വിഭാഗത്തിൽ പെട്ട ചിലരും വയനാടൻ ചെട്ടിമാരും നാടൻ കന്നുകാലികളെ കൂട്ടത്തോടെ വളർത്തുന്നുണ്ടെങ്കിലും കലർപ്പില്ലാത്ത നാടൻ പശുക്കൾ തുലോം കുറവാണ്. ആടുവളർത്തലിൽ കൂടുതൽപേരും താൽപര്യം കാണിക്കുന്നുണ്ട്. ആടുകളിൽ മുഖ്യപങ്കും മേന്മ കുറഞ്ഞ നാടൻ ഇനങ്ങളാണ്. എരുമ പോത്ത് ഉഴവുകാള പന്നി എന്നിവയെ കുറഞ്ഞതോതിൽ മാത്രമേ വളർത്തുന്നുള്ളൂ. മുയൽ വളർത്തുന്നവർ നാമമാത്രമാണ്. വീട്ടുവളപ്പിൽ നാടൻ ഇനത്തിലും സങ്കരഇനത്തിലും പെട്ട കോഴികളെ വളർത്തുന്നത് വ്യാപകമായി നിലവിലുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ആരും തന്നെ കോഴിവളർത്തൽ ആരംഭിച്ചിട്ടില്ല.

പണ്ടുകാലത്തെ നാടൻ കന്നുകാലികളെയും ഉഴവ് മാടുകളേയും ആടുകളേയും കൂട്ടത്തോടെ വളർത്തിയിരുന്നു. കാലികളെ മേയ്ക്കുന്നതിന് ധാരാളം മേച്ചിൻപുറങ്ങളും തരിശായി കിടക്കുന്ന കൃഷിസ്ഥലങ്ങളും ഉണ്ടായിരുന്നു. കാലികളുടെ കഴുത്തിൽ മരംകൊണ്ടുണ്ടാക്കിയ തട്ട കെട്ടി ഒറ്റപ്പെട്ടുപോകാതെ സംരക്ഷിച്ചും വൈകുന്നേരങ്ങളിൽ വയലുകളിൽ നിർമ്മിച്ച മുളകൊണ്ടുണ്ടാക്കിയ "പ്ലാത്തിയിൽ" കൂട്ടിയും വളർത്തുന്ന രീതി നിലനിന്നിരുന്നു. ആദിവാസികൾ വളർത്തുന്ന കന്നുകാലികളെ മാംസത്തിനായി വില്പന നടത്തിയിരുന്നില്ല. നെല്ല് ഒക്കൽ ഇടുന്ന അപൂർവ്വ രീതിയും നിലനിന്നിരുന്നു. കാട്ടുമൃഗങ്ങളുടെ ശല്യം നമ്മുടെ പഞ്ചായത്തിലും അനുഭവപ്പെ ട്ടിട്ടുണ്ട്. സമീപകാലം വരെ പുലി, കാട്ടാട്, പന്നി, കുരങ്ങ്, മുള്ളൻപന്നി, നരി എന്നീ കാട്ടുമൃഗങ്ങൾ നമ്മുടെ പ്രദേശത്ത് വിഹരിച്ചിരുന്നു. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നരി പന്നി, കുരങ്ങ് മുള്ളൻപന്നി എന്നിവയുടെ ഉപദ്രവങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർ പന്നികളേയും, മറ്റും നായാടി മാംസത്തിനും മറ്റും ഉപയോഗിക്കുക പതിവായിരുന്നു. എന്നാൽ ഇന്ന് അപൂർവ്വമായി ചില സന്ദർഭങ്ങളിൽ മാത്രമെ നായാട്ടിന് ഇറങ്ങാറുള്ളു.

എക്സ് സർവ്വീസ്മെൻ കോളനിക്കാരുടേയും മറ്റും കുടിയേറ്റക്കാരുടെ വരവും തരിശ് ഭൂമി കൃഷിക്ക് വേണ്ടി ഉപയോഗിച്ച് തുടങ്ങിയതും കന്നുകാലി

വളർത്തലിന്റെ പഴയരീതിക്ക് മാറ്റം വരുത്തി. പാലിന്റെ വിപണനസാധ്യത വർദ്ധിച്ചപ്പോൾ നാടൻകന്നുകാലികളെ വിറ്റഴിക്കുകയും സങ്കര ഇനം കന്നുകാലികളിലേക്ക് ക്രമേണ ശ്രദ്ധതിരിയുകയും ചെയ്തു. ഊട്ടി കോയമ്പത്തൂർ, കേരളത്തിന്റെ തെക്കൻ ജില്ലകൾ എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവന്ന പുതിയ പശുക്കളിലൂടെ കൃത്രിമ ബീജ സങ്കലനത്തിലൂടെയും സങ്കര ഇനം പശുക്കൾ വ്യാപകമാകുകയും ചെയ്തു. 1966ൽ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ക്ഷീരസഹകരണസംഘം നിലവിൽവന്നു. ഇന്ന് ഇരുപത് സെന്ററുകളിൽകൂടി കർഷകരിൽനിന്ന് പ്രതിദിനം 7500 ലിറ്റർ പാൽ ശേഖരിച്ചുവരുന്നു. പതിനായിരം ലിറ്ററോളം പാൽ ഇവിടെ ഉല്പാദി പ്പിക്കപ്പെടുന്നുണ്ട്. ഒരു ലിറ്റർ പാലിന് ശരാശരി 8 രൂപ കർഷകന് നല്കിയും 8.20 പൈസ നിരക്കിൽ 88 ശതമാനത്തോളം പാൽ മിൽമയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്രാദേശിക വില്പനക്ക് 10. 50 പൈസയാണ് ഈടാക്കുന്നത്.

1980ൽ അമ്പലവയൽ പഞ്ചായത്തിൽ മൃഗാശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ നാല് സബ്സെന്ററുകളും രണ്ട് ഇൻസമിനേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. സെന്ററിൽ ജീവനക്കാരുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. കന്നുകുട്ടികൾക്ക് വിര ശല്യത്തിനുള്ള മരുന്നുകൾ പലപ്പോഴും സെന്ററുകളിൽ ലഭ്യമല്ല. മൃഗാശുപത്രി ഇപ്പോൾ തോമാട്ടുചാലിലാണ് സ്ഥിതിചെയ്യുന്നത്. ആശുപത്രി നിർമിക്കുന്നതിനുവേണ്ടി തോമാട്ടുചാലിലും, അമ്പലവയലിലും അമ്പത് സെന്റ് സ്ഥലവീതമുണ്ടെങ്കിലും ആവശ്യമായ കെട്ടിടമോ ഫർണീച്ചറുകളോ പ്രാഥമിക സൗകര്യങ്ങളോ നിലവിലില്ല. ഗവണ്മെന്റിൽ നിന്ന് അനുവദിച്ച 17 ലക്ഷം രൂപ ഉപയോഗിക്കാതെ കിടക്കുകയാണ്. നിലവിലുള്ള ആശുപത്രിയുടെ സേവനം മുഴുവൻ കർഷകർക്ക് ലഭ്യമാവുന്നില്ല. 75 ശതമാനം ജനങ്ങളും 10 കിലോമീറ്ററോളം സഞ്ചരിച്ചുവേണം തോമാട്ടുചാലിലുള്ള ആശുപത്രിയിൽ എത്തിച്ചേരാൻ. സ്വന്തം ചെലവിൽ ഡോക്ടറെ കൊണ്ടുപോവേണ്ട സ്ഥിതിയു ള്ളതിനാൽ വൻ സാമ്പത്തിക ബാദ്ധ്യത കർഷർ അനുഭവിക്കുന്നു. അകിടുവിക്കം, കുളമ്പുരോഗം ഉദരരോഗങ്ങൾ, പരാദരോഗങ്ങൾ, വന്ധ്യത, എന്നീ രോഗങ്ങൾ വളർത്തുമൃഗങ്ങളിൽ കണ്ടുവരുന്നു.

ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ കീഴിൽ നമ്മുടെ പഞ്ചായത്തിൽ കാലിത്തീറ്റ നിർമ്മാണത്തിനും വിതരണത്തിനുമായി ``ആംകോ'' കാലിതീറ്റ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളും മറ്റും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരേണ്ടതുകൊണ്ടും അവയുടെ വിലവർദ്ധന കൊണ്ടും കാലിത്തീറ്റയുടെ ഉല്പാദന ചിലവ് കൂടുന്നു.

പട്ടിക.1

മൃഗങ്ങളും പക്ഷികളും

| ഇനം | 1987 | 1996 |
|---|---|---|
| പശു | | |
| നാടൻ | 2519 | കുറഞ്ഞു. |
| സങ്കരം | 6037 | വർദ്ധിച്ചു. |
| എരുമ | 781 | കുറഞ്ഞു |
| കാള | 878 | കുറഞ്ഞു |
| പോത്ത് | 944 | കുറഞ്ഞു |
| ആട് | 1460 | വർദ്ധിച്ചു |
| പന്നി | 137 | കുറഞ്ഞു |
| മുയൽ | – | – |
| പട്ടി | 3403 | വർദ്ധിച്ചു. |
| കോഴി | 24713 | മാറ്റമില്ല |
| താറാവ് | 41 | മാറ്റമില്ല |

അവലംബം മൃഗാശുപത്രി തോമാട്ടുചാൽ

പഞ്ചായത്തിൽ പന്ത്രണ്ട് കേന്ദ്രങ്ങളിലായി ഇറച്ചി വിപണനം നടത്തുന്നുണ്ട്. നാലു സ്ഥിരം കേന്ദ്രങ്ങളും ആഴ്ചയിൽ ഒരിക്കൽ നടത്തുന്ന എട്ടു കേന്ദ്രങ്ങളുമാണ് നിലവിലുള്ളത്. പ്രതിദിനം നാല് കിന്റൽ മാട്ടിറച്ചിയും ഇരുപത്തഞ്ച് കിലോഗ്രാം ആട്ടിറച്ചിയും അമ്പത്കിലോഗ്രാം കോഴിഇറച്ചിയും വിൽപന നടത്തുന്നുണ്ട് ഇവയിൽ വെറും രണ്ട് ശതമാനം മാത്രമേ ഇവിടെ വളർത്തുന്നവയായുള്ളു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ് ബാക്കിയുള്ളവ. വേസ്റ്റുകൾ പരിസരമലിനീകരണത്തിന്

കാരണമാകുന്നുണ്ട്. അശാസ്ത്രീയവും ശുചിത്വഹീനവുമായ സാഹചര്യങ്ങളിലുമാണ് മുഴുവൻ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്.

ഇറച്ചി വിപണന ദൈനംദിന പട്ടിക

| ഇനം | തൂക്കം | വില/kg | മൊത്തം വില |
|---|---|---|---|
| മാട്ടിറച്ചി | 400 kg | 35 | 14000 |
| ആട്ടിറച്ചി | 25 kg | 85 | 20125 |
| കോഴിഇറച്ചി | 50kg | 59 | 2500 |
| മുട്ട | 4000nos | 1.50/nos | 6000 |
| ആകെ | | | 24,625 |

**ആടുവളർത്തൽ**

ആടുവളർത്തൽ വ്യാപകമായി വരുന്നുണ്ടെങ്കിലും നല്ല ഇനം ആടുകളെ ലഭ്യമല്ല. മുൻകാലങ്ങളിൽ വളർത്തിയ രീതിക്ക് മാറ്റം വരുത്തി ആധുനിക രീതിയിലുള്ള കൂടുകൾ നിർമ്മിച്ച് ശാസ്ത്രീയമായ രീതിയിൽ കൂട്ടമായി ആടുകളെ വളർത്താൻ പ്രോത്സാഹനം നൽകേണ്ടതാണ്. നല്ല ഇനം പന്നിക്കുഞ്ഞുങ്ങളെ വളർത്താൻ താത്പര്യമുള്ള, കൃഷിക്കാർ ഉണ്ടെങ്കിലും പന്നിക്കുഞ്ഞുങ്ങളെ ലഭ്യമല്ലാത്തതിനാൽ ഉല്പാദനം പുരോഗ മിക്കുന്നില്ല. പാഴായികൊണ്ടിരിക്കുന്ന വേസ്റ്റുകൾ പന്നികൾക്ക് ആഹാരമാക്കി ഉപയോഗി ക്കാവുന്നതാണ്. നമ്മൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കോഴിയിറച്ചിയും മുട്ടയും മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതും പോഷകഗുണം കുറഞ്ഞവയുമാണ്. നാടൻ കോഴിമുട്ടക്കും കോഴിയിറച്ചിക്കും താരതമ്യേന വിലക്കൂടുതൽ ലഭിക്കുമെങ്കിലും വാണിജ്യ അടിസ്ഥാനത്തിൽ ഒരു യൂണിറ്റിനുപോലും രൂപം കൊടുക്കുവാൻ കഴിയാതിരുന്നത് വലിയ പോരായ്മയാണ് പ്രതിദിനം 4,000 കോഴിമുട്ടകൾ നമ്മുടെ പഞ്ചായത്തിൽ വിൽപ്പന നടത്തുന്നുണ്ട. കൂടാതെ ശരാശരി 50 കിലോ കോഴിയിറച്ചിയും ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്നു. വിപണിയിൽ എത്തുന്ന നാടൻകോഴിയും മുട്ടയും രണ്ടു ശതമാനം മാത്രമേ ഉള്ളൂ.

3000ത്തിൽ പരം നായ്ക്കൾ നമ്മുടെ പഞ്ചായത്തിൽ വളർത്തപ്പെടുന്നുണ്ട്. എന്നാൽ കുറഞ്ഞ നായ്ക്കൾക്കു മാത്രമേ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുള്ളൂ. പേപ്പട്ടി ശല്യം മനുഷ്യർക്കു പുറമേ കന്നുകാലികളെയും ബാധിക്കുന്നുണ്ട്. തെരുവ്നായ്ക്കളെ നശിപ്പിച്ചും വളർത്തുനായ്ക്കളെ പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കിയും പേ വിഷബാധ തടയാവുന്നതാണ്. കോഴിവസന്തക്കുള്ള പ്രതിരോധ കുത്തിവെപ്പ് നിലവിലുണ്ടെങ്കിലും സാധാരണ കർഷകർ ഇക്കാര്യത്തിൽ ബോധവാന്മാരല്ല.

**പ്രശ്നങ്ങൾ**

1. വർദ്ധിച്ച കാലിവളർത്തൽ ചിലവുകൾ
2. പുല്ലിന്റെ ലഭ്യത കുറവ്
3. പാലിന്റെ വിലക്കുറവ്
4. ചികിത്സയുടെ മറ്റു സേവനങ്ങളുടെയും അപര്യാപ്തത

കുമ്ബ്ളേരിയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

5. ഉല്പാനക്ഷമത കൂടിയ ആട് പന്നി കോഴി എന്നിവയുടെ ദൗർല്ലഭ്യം. 6 ബാങ്ക് വായ്പയുടെ അപര്യാപ്ത. 7. പേപ്പട്ടി ശല്യം

8. കോഴിവളർത്തലിൽ സഹകരണ പ്രസ്ഥാനത്തിന്റെ അഭാവം.

9. ശാസ്ത്രീയപരിപാലനമുറകളിലുള്ള ബോധവൽകരണത്തിന്റെ പോരായ്മ.

10. ഗുണമേന്മയുള്ള കോഴിത്തീറ്റയുടെ ലഭ്യതയില്ലായ്മ.

**സാധ്യതകൾ**

പോഷകഗുണമുള്ള കാലിത്തീറ്റയുടെ ലഭ്യതക്കുറവ് ക്ഷീരകർഷകരെ അലട്ടുന്ന ഒരു പ്രശ്നമാണ്. കമ്പോളത്തിൽ ലഭ്യമായ പല ബ്രാന്റുകളിൽ ഇറങ്ങുന്ന കാലിത്തീറ്റകളും ഗുണനിലവാരത്തിൽ വളരെ പിന്നോക്കമാണെന്നു മാത്രമല്ല പാലുൽപാദനവുമായി ഒരിക്കലും പൊരുത്തപ്പെടാത്ത വിലയുമാണ് ചുമത്തുന്നത്. ഇതിനൊരു പരിഹാരം കണ്ടെത്തുന്നതിലൂടെ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ഗുണനിലവാരമുള്ള കാലിത്തീറ്റ പ്രാദേശികമായി ലഭ്യമായ അസംസ്കൃതപദാർത്ഥങ്ങൾ

ഉപയോഗിച്ചുകൊണ്ട് നിർമ്മിച്ചാൽ അത്തരം കാലിത്തീറ്റ ഇവിടുത്തെ പശുക്കൾക്ക് കൂടുതൽ യോജിച്ചതായിരിക്കും. ചായച്ചണ്ടി, കാപ്പിത്തൊണ്ട്, പ്രാദേശികമായി ലഭ്യമാവുന്ന പദാർത്ഥങ്ങൾ നമുക്ക് അനവധിയുണ്ട്. ഇതിനുപുറമെ തീറ്റപ്പുല്ല് കൃഷിയും ചീമക്കൊന്ന മുതലായ പച്ചിലച്ചെടികളുടെ കൃഷിയും വ്യാപിപ്പിക്കേണ്ടതുണ്ട്. ഇത്തരം ചെടികൾ വേലികളായി നിലകൊള്ളുന്നതിനു പുറമെ കാലിത്തീറ്റയായി മാറുന്നു എന്നുള്ളത് വലിയ ഒരു കാര്യമാണ്. കാലിത്തീറ്റക്ക് നിലവിലുള്ള നികുതി പിൻവലിക്കുകയും സബ്സിഡി നൽകുകയും ചെയ്യുന്നത് ഗുണകരമായിരിക്കും.

പുല്ല്, വൈക്കോൽ, ഇവ സംസ്കരിച്ച് സംഭരിച്ച് വെക്കുവാനുള്ള പഞ്ചായത്ത് തലത്തിലുള്ള ഒരു കേന്ദ്രമുണ്ടാക്കുകയാണെങ്കിൽ കന്നുകാലി വളർത്തലിന് കൂടുതൽ സഹായകരമായിരിക്കും.

പാലിന്റെ ഉല്പാദനച്ചിലവ് കുറച്ചുകൊണ്ടു വരാൻ കഴിഞ്ഞെങ്കിൽ മാത്രമേ ക്ഷീരകർഷകർക്ക് ഈ രംഗത്ത് പിടിച്ചു നിൽക്കാൻ കഴിയുകയുള്ളു. അതിനനു സൃതമായി നല്ലയിനം പുൽവിത്തുകളുടെ പ്രചരണം മിൽമയുടെ കാര്യക്ഷമമായ ഇടപെടൽ, പ്രാദേശിക ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള പ്രാദേശിക ക്ഷീരസംഘങ്ങളുടെ പ്രചരണ പ്രവർത്തനങ്ങൾ, ഉല്പാദനബോണസ് ഇവയെല്ലാം അത്യാവശ്യ ഘടകങ്ങളാണ്.

വയനാട്ടിൽ ഏറ്റവും ക്ഷീരകർഷകരുള്ള ഒരു പഞ്ചായത്താണ് അമ്പലവയൽ. നിലവിൽ തോമാട്ടുചാലിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും ലഭ്യമല്ല. ഇതിനു പരിഹാരമാകണമെങ്കിൽ അമ്പലവയൽ ആസ്ഥാനത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കണം. മൃഗാശുപത്രിയോടനുബന്ധിച്ച് പേവിഷ പ്രതിരോധമരുന്നും പേവിഷബാധയ്ക്ക് എതിരെയുള്ള മരുന്നും ലഭ്യമാക്കേണ്ടതുണ്ട്.

മാരകമായ രോഗബാധകൾ ഈ പ്രദേശത്ത് കണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിന്

### മൃഗങ്ങളുടെ രോഗവിവരം

അവലംബം: മൃഗാശുപത്രി തോമാട്ടുചാൽ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | Digestive Disordres<br>ദഹന സംബന്ധമായവ | 128 | 4 | 36 | – | – | – | – |
| 2 | Resperative Diseaces<br>ശ്വാസ കോശ സംബന്ധമായ | 28 | 2 | 18 | – | – | 276 | – |
| 3 | Mefrabolic Deceases<br>ഉപാപചയ സംബന്ധം | 41 | | 12 | – | – | 90 | – |
| 4 | Skin Deceases<br>ത്വക്ക് രോഗങ്ങൾ | 252 | 12 | 56 | 4 | 4 | – | 24 |
| 5 | Deficiency Deceases<br>പരാദ രോഗങ്ങൾ | 82 | 2 | 14 | 21 | – | – | – |
| 6 | Parasitic diseases<br>(പരാദരോഗങ്ങൾ) | 488 | 16 | 236 | 48 | 24<br>– | 672 | 14 |
| 7 | Gynacological-Deceases<br>പ്രത്യുൽ പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 232 | 4 | 31 | – | – | – | – |
| 8 | Infertility<br>വന്ധ്യത | 138 | 6 | | – | – | – | – |
| 9 | Maslicis Decreases<br>അകിടുവീക്കം | 166 | – | 12 | – | – | – | – |
| 10 | Ephemeral Fever<br>മുടന്തൻ പനി | 188 | 2 | – | – | 4 | – | – |
| 11 | Contagious Deceases<br>പകർച്ചവ്യാധികൾ | 65 | – | 32 | 4 | | 262 | – |

മൃഗസംരക്ഷണവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം ആവശ്യമാണ്.

ദുർബ്ബലരായ പല കർഷകരും തങ്ങളുടെ ഏകജീവിതാശ്രയമായ പശുവളർത്തലിൽ നിന്നും പിന്തിരിയുവാൻ ഇത് കാരണമാകുന്നുണ്ട്. സർക്കാരിന്റെ ഇടപെടലിന് ഇവിടെയാണ് പ്രസക്തിയേറുന്നത്. പരിപൂർണ്ണമായും സൗജന്യമായി കന്നുകാലികൾക്ക് ഇൻഷൂറൻസ് നടത്തി ക്കൊടുത്താൽ മാത്രമെ കർഷകന് ഗുണകരമാകുകയുള്ളു. അടുത്തകാലത്തായി ബീജത്തിന്റെ നിലവാരത്തെക്കുറിച്ച് കർഷകരിൽ ആശങ്കയുണ്ട് ക്ഷീരോൽപാദനവർദ്ധനവ് ആവശ്യമായ ഘടകമായതിനാൽ ഇൻസമിനേഷൻ സെന്ററുകളിലൂടെ വിതരണം ചെയ്യുന്ന ബീജത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. 846 പശുക്കൾ 372 കിടാരികൾ എരുമകൾ എന്നിവക്ക് കൃത്രിമ ബീജസങ്കലനം നടത്തിയതായും ഇതിൽ 122 കേസുകളിൽ ഒന്നിലധികം തവണ ബീജസങ്കലനം നടത്തപ്പെട്ടതായും കാണുന്നു. കന്നുകാലികൾക്ക് സാധാരണയായി ഉണ്ടാവുന്ന രോഗങ്ങൾക്ക് ഡോക്ടറുടെ സഹായമില്ലാതെ തന്നെ ചികിത്സി ക്കാ വുന്ന രീതിയിൽ കർഷകരെ പരിശീലിപ്പിച്ചെടുക്കുകയയാണെങ്കിൽ അനാവശ്യമായ സാമ്പത്തിക നഷ്ടങ്ങൾ ഒഴിവാക്കാവുന്നതാണ്.

ഇന്ന് ബാങ്കുകളിൽനിന്നും പശുക്കളെ വാങ്ങുവാൻ ലഭിക്കുന്ന വായ്പ അപര്യാപ്തമാണ്. കാലോചിതമായി ഇത് പരിഷ്കരിച്ചെങ്കിൽ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തുന്നവരെയും മറ്റു ദുർബ്ബല വിഭാഗങ്ങളേയും ഈ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയും. ഗുണനിലവാരം കുറഞ്ഞ പശുക്കളെ ലഭ്യമാകുന്ന വായ്പ്പക്ക് അനുസരിച്ച് വാങ്ങുന്നതുകൊണ്ട് വേണ്ടത്ര പ്രയോജനമുണ്ടാകുന്നില്ല. വായ്പ തിരിച്ചടക്കാനും കഴിയാതെ വരുന്നു. ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ചിലവിൽ ക്ഷീരകർഷകമേള സംഘടിപ്പിക്കുകയും മാതൃകാ ഡയറി യൂണിറ്റിന് സമ്മാനങ്ങൾ നല്കുകയും ചെയ്യുക. നമ്മുടെ പഞ്ചായത്തിൽ ആടുവളർത്തലിന് നല്ല സാധ്യതയുണ്ട്. ഇവിടുള്ള മല നിരകളും ഒഴിഞ്ഞു കിടക്കുന്ന കാരാപ്പുഴ പദ്ധതി പ്രദേശവും അനു കൂലഘടകങ്ങളാണ്. മാത്രമല്ല ആടുവളർത്തൽ താരതമ്യേന ചെലവു കുറഞ്ഞ പദ്ധതിയുമാണ്. കന്നുകിടാങ്ങളെ വളർത്തുന്ന യൂണിറ്റുകൾക്കും ഇവിടെ സാധ്യതയുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നല്ല കന്നുകുട്ടികളെ തെരഞ്ഞെടുക്കുകയും ഇവയ്ക്ക് വായ്പ ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാകുകയും ചെയ്യുകയാ ണെങ്കിൽ ഈ രംഗത്തേക്ക് കടന്നുവരാൻ തയ്യാറുള്ളവർ അനവധിയുണ്ട്. ഇതിന്റെ പ്രധാനഗുണമെന്നത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ കാലാവസ്ഥയിൽ വളരുന്ന പശുക്കളെ ദീർഘദൂരം കൊണ്ടുവരുന്നതും മദ്ധ്യവർത്തികളുടെ ഇടപെടൽ കൊണ്ടുണ്ടാവുന്ന നഷ്ടവും ഒഴിവാക്കാവുന്നതാണ്.

നല്ല ആദായകരമായി നടത്താവുന്ന മറ്റൊരു പദ്ധതിയാണ് പന്നിവളർത്തൽ.

നല്ല ഇനം പന്നികളെ പ്രത്യേകം സജ്ജമാക്കിയ കൂടുകളിൽ വളർത്തുകയാണെങ്കിൽ നല്ല ആദായം ലഭിക്കും. ഭക്ഷണസാധനങ്ങൾ, ഹോട്ടലുകൾ, പച്ചക്കറികടകൾ എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഇവയ്ക്ക് ആഹാരമാണ്. അതുവഴി പരിസരമലിനീകരണവും ഒരളവോളം ഒഴിവാക്കാൻ കഴിയും. വീട്ടുവളപ്പിലെ കോഴികൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തന്മൂലം വീട്ടമ്മമാർക്ക് ഒരു വരുമാനമാർഗ്ഗവും ആഹാരക്രമത്തിലെ പോഷകസാന്നിദ്ധ്യവും ഗുണകരമായ ഒരു മാറ്റമായിരിക്കും. മുട്ടക്കും ഇറച്ചിക്കും വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഗതികേടിന് ഒരു പരിഹാരമാകും. കോഴികൃഷിയോടൊപ്പം തന്നെ കാടക്കോഴിയും ആദായകരമായ ഒരു ജീവിതമാർഗ്ഗമാണ്. ശാസ്ത്രീയ മൃഗപ രിപാലന രീതികളിൽ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സഹായത്തോടു കൂടി ഈ രംഗത്തെ നൂതനമായ ആശയങ്ങൾ കർഷകർക്ക് പകർന്നുകൊടു ക്കുന്നതിനു വേണ്ടിയുള്ള പരിശീലന പരിപാടികൾ ആണ്ടിൽ ഒരിക്കലെങ്കിലും സംഘടിപ്പിക്കുക. ശാസ്ത്രീയ

മായ അറവുശാലകൾ സ്ഥാപിക്കുക.

## മത്സ്യബന്ധനം

ആദ്യകാലങ്ങളിൽ ആദിവാസിവിഭാഗത്തിൽ പെട്ടവർ പുഴകളിലും തോടുകളിലും ഉണ്ടായിരുന്ന മത്സ്യം ``ഒറ്റാൽ'' ``ചാട'' എന്നിവ ഉപയോഗിച്ച് പിടിക്കുന്ന പതിവുണ്ടായിരുന്നു. ഇവയെ കാലങ്ങളോളം കേടുവരാതെ ഉണക്കി സൂക്ഷിച്ചിരുന്നതായി അറിയുന്നു. ജലസ്രോതസ്സുകളുടെ നശീകരണം മൂലം മത്സ്യസമ്പത്ത് ഇപ്പോൾ നാമമാത്രമാണ്. ആദിവാസി വിഭാഗത്തിലെ പണിയ സമുദായത്തിൽപ്പെട്ടവർ ഇന്നും വയലുകളിലും മറ്റുമുള്ള `` ഞണ്ട്'' ``ഞവിണി'' എന്നിവ പിടിച്ച് ഉപയോഗിക്കുന്നുണ്ട്.

കടൽമത്സ്യം മാത്രമാണ് ഇന്ന് ഇവിടെ ലഭ്യമാകുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ അയിലയും മത്തിയുമാണ്. പ്രതിദിനം 2500 കിലോഗ്രാം പച്ചമത്സ്യവും 250 കിലോഗ്രാം ഉണക്കമത്സ്യവും നമ്മുടെ പഞ്ചായത്തിൽ വിപണനം നടത്തുന്നുണ്ട്. വിപണനവുമായി ബന്ധപ്പെട്ട് അൻപതോളം തൊഴിലാളികൾ ഈ മേഖലയിലുണ്ട്.

മത്സ്യക്കൃഷി ശാസ്ത്രീയമായി നടത്തുന്നതിനെക്കുറിച്ച് ഇന്നാട്ടുകാരുടെ ശ്രദ്ധ ഇപ്പോഴും വേണ്ടത്ര പതിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ**

മത്സ്യകൃഷിയെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്

ജലസംഭരണികളുടെ കുറവ്

ഗുണമേന്മയില്ലാത്ത മത്സ്യങ്ങളുടെ വിപണനവും അവ ഉയർത്തുന്ന ആരോഗ്യപ്രശ്നവും

**സാദ്ധ്യത**

ശസ്ത്രീയമായ മത്സ്യകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണം.

കാർഷികാവശ്യങ്ങൾക്കായി കുളങ്ങൾ വിപുലപ്പെടുത്തി നല്ല ഇനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

വംശനാശം നേരിടുന്ന പുഴമത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് തോടുകളിൽ ജനപങ്കാളിത്തത്തോടെ ബണ്ടുകൾ കെട്ടുക.

അമ്പലവയൽ അങ്ങാടിയിൽ ഒരു മത്സ്യമാർക്കറ്റ് നിർമ്മിക്കുക.

കേടുവരാത്ത നല്ല ഇനം മത്സ്യ ലഭ്യതക്കുള്ള സാദ്ധ്യതകൾ ആരായുക.

**കുറിപ്പുകൾ**

*1. പ്ലാത്തി.*

മുള്കൊണ്ട് മടഞ്ഞ് വൃത്താകൃതിയിൽ വയലുകളിലാണ് ഇത് സ്ഥാപിക്കുക. ഒരു വാതിലുമുണ്ടാവും. കുറച്ചുനാൾ കഴിയുമ്പോൾ വയലിന്റെ മറ്റൊരു സ്ഥാനത്തേക്കു മാറ്റും. അങ്ങനെ അടുത്ത കൃഷി ആകുമ്പോഴേക്കും ഒരുവിധം എല്ലാ സ്ഥാനങ്ങളിലും വളം വിതറാതെ തന്നെ ഫലഭൂയിഷ്ടമാകും എന്നതാണ് ഇതിന്റെ പ്രത്യേകത.

*2. ഒക്കൽ*

വയനാട്ടിൽ ഇപ്പോൾ അപൂർവ്വമായേ ഒക്കൽ കണ്ടുവരുന്നുള്ളൂ. കന്നുകാലികളെ ഉപയോഗിച്ച് നെല്ല് മെതിച്ചെടുക്കുന്ന സമ്പ്രദായമാണ് ഇത്. വീടിനോട് ചേർന്ന കളങ്ങളിൽ രണ്ടുരീതിയിൽ ഒക്കൽ നടത്തിയിരുന്നു. ഒന്ന് കളത്തിന്റ നടുവിലുള്ള കുറ്റിയോട് (മേട്ടിക്കുറ്റി) ബന്ധിച്ച് കാലികളെ ഒരു നിരയായി കഴുത്തിൽ ഒറ്റക്കയറുകൊണ്ട് ഒന്നായി പിണച്ചുകെട്ടുന്നു. അതിനുശേഷം നെല്ലിനുമുകളിലൂടെ നടത്തുന്നു. മേട്ടിക്കുറ്റിയോട് ചേർത്ത് കെട്ടുന്ന പോത്തിന് മേട്ടിപോത്ത് എന്നുവിളിക്കും. രണ്ട് കന്നുകാലികളെ മേട്ടിക്കുറ്റി ഇല്ലാതെ തന്നെ ബന്ധിച്ചുനടത്തുന്ന പരിപാടി.

*''രാത്രിനേരം പിരിയാതെ തീനിട്ടു*
*നേത്രങ്ങൾ കൊണ്ട് താൻ തന്നെ നോക്കണം''*
**-സി.എ.ഇന്നസ് (ഐ.സി.എസ്), കൃഷിഗീത**



5.3

# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിജ്ഞാബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തെയും ലക്ഷ്യം. വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനം കൂടിയാണ്. വ്യക്തികളുടെ വികസനമെന്നത് അതിന്റെ ആദ്യപടി മാത്രമാണ്. വ്യക്തികളിലൂടെ പ്രദേശത്തിന്റേയും, പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെയും വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സാദ്ധ്യമാകേണ്ടത്. ഈ അറിവിന്റെ വെളിച്ചത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തേയും അതിന്റെ പ്രശ്നങ്ങളേയും സാധ്യതകളേയും പരിശോധിക്കേണ്ടതുണ്ട്.

## ചരിത്രം

അമ്പലവയൽ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം നെല്ലാറച്ചാലിലാണ് ആരംഭിച്ചത്. 1890ൽ മുപ്പൈനാട് ആദിമജാതി സമാജം സ്കൂൾ എന്ന പേരോട്ട് കൂടി പ്രവർത്തിച്ചിരുന്നതായി രേഖകളിൽ കാണുന്നു. എന്നാൽ ഇതിന് മുമ്പ് തന്നെ അന്യസ്ഥലങ്ങളിൽ നിന്നെത്തി ഇവിടുത്തെ ചെട്ടിമാരുടെയും മറ്റു വീടുകളിൽ താമസിച്ചു പഠിപ്പിച്ചിരുന്ന സമ്പ്രദായത്തെക്കുറിച്ചും ചില രേഖകൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ അടുത്ത ഘട്ടം ആരംഭിക്കുന്നത് കോളനൈസേഷൻ സ്കീമിന്റെ ആവിർഭാവത്തോടെയാണ്. അമ്പലവയലിൽ സ്കൂളിന് ആരംഭം കുറിക്കുന്നത് 1944ൽ ആണ്. ഒരു സ്കൂളിന് വേണ്ടിയുള്ള പ്രവർത്തനം 1952ൽ തോമാട്ടു ചാലിൽ കുമാരി കൗസല്യയുടെ നേതൃത്വത്തിൽ ആരംഭിച്ചതായി കാണാം. വടുവൻചാൽ എയിഡഡ് എൽ.പി.സ്കൂൾ എന്നായിരുന്നു വിദ്യാലയത്തിന്റെ പേര്. ഓടിട്ട സ്കൂൾ കെട്ടിടത്തിൽ ഒന്നാം ക്ലാസും രണ്ടാംക്ലാസും ഒരുമിച്ചാണ് ആരംഭിച്ചത്. ഒന്നാം ക്ലാസിൽ 26ഉം 2-ാം ക്ലാസിൽ 10ൽ താഴെയും കുട്ടികളാണ് അന്നുണ്ടായിരുന്നത്. കുട്ടികളെ സ്കൂളിൽ ചേർക്കുന്നകാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി രക്ഷാകർത്താക്കളുടെ ഭാഗത്തു നിന്നുണ്ടായില്ല. തുടർന്ന് അമ്പലവയലിൽ കോളനൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി ഒരു സ്കൂൾ നീസൽഹട്ടിൽ ആരംഭിച്ചു. സംസ്ഥാന രൂപീകരണത്തോട് കൂടിയാണ് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നത്. സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള വിദ്യാലയങ്ങളുടെ പേരുവിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

അമ്പലവയൽ ഗവ.ഹയർസെക്കന്ററി സ്കൂളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും കമ്പ്യൂട്ടർ കോഴ്സും നടത്തുന്നു. സ്വകാര്യ മേഖലയിലും ഒരു കമ്പ്യൂട്ടർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ആറ് സ്വകാര്യ നഴ്സറി സ്കൂളുകൾ ഉള്ളതിൽ നാലെണ്ണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്. സെന്റ് മേരീസ് പ്രൈമറി സ്കൂൾ സെവൻത് ഡേ അഡ്വന്റിസ്റ്റ് ഇംഗ്ലീഷ് സ്കൂൾ, സെന്റ് മേരീസ് ഇംഗ്ലീഷ് എൽ.പി.സ്കൂൾ തോമാട്ടുചാൽ, എന്നിവ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം

പട്ടിക 1

| | സ്കൂളിന്റെ പേര് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | | |
|---|---|---|---|---|---|---|
| | | | | | ആൺ | പെൺ |
| 1 | G.V.H.S. സ്കൂൾ അമ്പലവയൽ | 1183 | 1180 | 2363 | 214 | 247 |
| 2 | G.H.S വടുവൻചാൽ | 804 | 745 | 1549 | 78 | 108 |
| 3 | G.U.Pസ്കൂൾ, കാരച്ചാൽ | 131 | 114 | 245 | 52 | 40 |
| 4 | G.U.Pസ്കൂൾ, നെല്ലാറച്ചാൽ | 327 | 289 | 616 | 103 | 94 |
| 5 | സെന്റ് മേരീസ് AUPസ്കൂൾ, ചീങ്ങേരി | 249 | 237 | 486 | 73 | 67 |
| 6 | G.L.Pസ്കൂൾ, അമ്പലവയല് | 262 | 274 | 536 | 55 | 67 |
| 7 | G.L.Pസ്കൂൾ, ചീങ്ങേരി | 103 | 97 | 200 | 54 | 60 |
| 8 | G.L.Pസ്കൂൾ, ആണ്ടൂർ | 57 | 57 | 114 | 5 | 4 |
| 9 | G.L.Pസ്കൂൾ, വേങ്ങച്ചാൽ | 52 | 56 | 108 | 16 | 22 |
| 10 | G.L.Pസ്കൂൾ, പുറ്റാട് | 73 | 64 | 137 | 28 | 26 |
| 11 | G.L.Pസ്കൂൾ, കടൽമാട് | 72 | 68 | 140 | 14 | 17 |
| | ആകെ | 3313 | 3181 | 6494 | 692 | 752 |

സ്കൂളുകളാണ്. എന്നാൽ തോമാട്ടുചാലിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത. ശ്രീ.ചിൻമയ വിജ്ഞാനമന്ദിരം മലയാളം മീഡിയം സ്കൂളാണ്.

ഇവയ്ക്കുപുറമേ ആണ്ടൂർ അമ്പലവയൽ എന്നീ ഗവ. എൽ.പി.സ്കൂൾ, ഇവകളോട് ചേർന്ന് നടത്തുന്ന പ്രീപ്രൈമറി ക്ലാസുകളും ഉണ്ട്. മാതൃസംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ ക്ലാസ്സുകൾക്ക് പ്രോത്സാഹനവും സഹയാവും നൽകാവുന്നതും മറ്റ് സ്കൂളുകൾക്ക് മാതൃകയാക്കാവുന്നതുമാണ്.

പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലെ വിദ്യാർത്ഥികളുടെ താമസത്തിനും പഠനത്തിനുമായി മൂന്ന് ഹോസ്റ്റലുകൾ ഉണ്ട്. പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലാണവ. ഇതിൽ രണ്ടെണ്ണം പെൺകുട്ടികൾക്കുള്ളവയാണ്.

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ 22 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടുന്നു. അതിൽ 9 ശതമാനം തോറ്റ് പഠിക്കുന്നവരാണ്. 89പേർ പഠനം നിർത്തിയതായും കാണുന്നുണ്ട്. എന്നാൽ മറ്റ് വിഭാഗങ്ങളിൽ 5 ശതമാനം പേർ മാത്രമേ തോറ്റ് പഠിക്കുന്നുള്ളൂ (പട്ടിക 2 കാണുക) അതിനാൽ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഇവരുടെ നിലവാരം ഉയർത്തുവാനുള്ള പ്രത്യേക പരിപാടികൾ നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിന് പാരലൽ കോളേജുകൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. അമ്പലവയലിലും തോമാട്ടുചാലിലുമായി മൂന്ന് പാരലൽ കോളേജുകൾ ഉണ്ട്. മൂന്ന് സ്വകാര്യ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ കീഴിൽ ഒരു വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിലവിലുണ്ട്. കൊച്ചുകുട്ടികളുടെ പോഷകാഹാരവിതരണവും മാനസിക കായിക വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു 17 അങ്കൺവാടികൾ സമഗ്രശിശുവികസന പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പട്ടിക വർഗ വകുപ്പിന്റെ ഒരു കിന്റർ ഗാർട്ടനും പ്രവർത്തിച്ചുവരുന്നു.

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസം**

1982-83ലാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അമ്പലവയൽ ഹൈസ്കൂളിനോട് ചേർന്ന് ആരംഭിച്ചത്. അതോടുകൂടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി മാറി. ഓർണമെന്റൽ ഗാർഡനിംഗ് നേഴ്സറി മാനേജ്മെന്റ്, പ്ലാന്റ് പ്രൊട്ടക്ഷൻ എന്നീ രണ്ടു വിഷയങ്ങളിലായി 97

പട്ടിക 2

| സ്റ്റാൻ ഡേർഡ് | തോറ്റുപഠിക്കുന്നവർ SC/ST കുട്ടികൾ ആൺ | പെൺ | ആകെ | മറ്റുള്ളവർ ആൺ | പെൺ | ആകെ | പഠനം നിർത്തിയവർ SC/ST കുട്ടികൾ ആൺ | പെൺ | ആകെ | മറ്റുള്ളവർ ആൺ | പെൺ | ആകെ | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 3 | 4 | – | – | – | 7 | 7 | 14 | 2 | 4 | 6 | 20 |
| 2 | 10 | 8 | 18 | 22 | 20 | 42 | 4 | 4 | 8 | 7 | 3 | 10 | 18 |
| 3 | 6 | 6 | 12 | 15 | 19 | 34 | 4 | 5 | 9 | 2 | 3 | 5 | 14 |
| 4 | 11 | 11 | 22 | 12 | 11 | 23 | 5 | 4 | 9 | 3 | 2 | 5 | 14 |
| 5 | 10 | 8 | 18 | 13 | 12 | 25 | 5 | 5 | 10 | 6 | 4 | 10 | 20 |
| 6 | 11 | 3 | 14 | 17 | 18 | 35 | 5 | 5 | 10 | 7 | 8 | 15 | 25 |
| 7 | 0 | 11 | 21 | 15 | 17 | 32 | 7 | 4 | 11 | 5 | 5 | 10 | 21 |
| 8 | 8 | 7 | 15 | 11 | 10 | 21 | 6 | 6 | 12 | 7 | 6 | 13 | 25 |
| 9 | 7 | 3 | 10 | 19 | 10 | 29 | 5 | 5 | 10 | 8 | 7 | 15 | 25 |
| 0 | – | – | – | – | – | – | – | – | – | – | – | – | – |
| ആകെ | 74 | 60 | 134 | 124 | 117 | 241 | 48 | 45 | 93 | 47 | 42 | 89 | 152 |

വിദ്യാർത്ഥികളുണ്ട്. ഇവരിൽ 54 പേർ പെൺകുട്ടികളാണ്. കൂടുതൽ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ·SC/ST |
|---|---|---|---|---|
| ഒന്നാം വർഷം | 49 | 25 | 24 | |
| രണ്ടാംവർഷം | 48 | 18 | 30 | |
| ആകെ | 97 | 43 | 54 | 7-3 |

ആറ് അദ്ധ്യാപകരുടെ സേവനമാണ് ലഭിക്കുന്നത്. 1991-92 മുതലുള്ള വിജയശതമാനം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 91-92 | 95 |
| 92-93 | 78 |
| 93-94 | 80 |
| 94-95 | 78 |
| 95-96 | 54 |

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ട്. വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ മോശമല്ലാത്ത ഒരു അവസ്ഥയാണ് പട്ടിക മൂന്നിൽ കാണുന്നതെങ്കിലും ക്ലാസ്മുറികൾ, മൂത്രപ്പുര, ബെഞ്ച്, ഡെസ്ക് എന്നിവ ആവശ്യമായിടത്ത് അനുവദിക്കേണ്ടതുണ്ട്. ഒന്നുമുതൽ പത്ത് വരെ ക്ലാസുകളിലായി 1549 കുട്ടികൾ പഠിക്കുന്ന വടുവഞ്ചാൽ ഹൈസ്കൂളിൽ ഒരു മൂത്രപ്പുരയില്ലെന്നത് മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതാണ്. (പട്ടിക 3.)

വിദ്യാഭ്യാസ നിലവാരം പ്രധാനമായും കണക്കാക്കുന്നത് എസ്.എസ്.എൽ.സി ഫലത്തെ ആശ്രയിച്ചാണ്, എന്നതുകൊണ്ട് പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളുടെ നിലവാരം ഇനിയും ഉയരേണ്ടതുണ്ടെന്ന് പട്ടിക 4 പരിശോധിച്ചാൽ കാണാം. അതാകട്ടെ പ്രൈമറി തലത്തിൽ നിന്നും ഈ വിദ്യാലയങ്ങളിലേക്ക് വരുന്ന വിദ്യാർത്ഥികളെ ആശ്രയിച്ചാണിരിക്കുന്നത്. പ്രാഥമിക വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തി ഈ ദുസ്ഥിതിക്കും പരിഹാരമുണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക 4

എസ് എസ്.എൽ.സി വിജയശതമാനം

| സ്കൂളിന്റെ പേര് | 91-92 % | 92-93 % | 93-94 % | 94-95 % | 95-96 % |
|---|---|---|---|---|---|
| 1. G.H.S. വടുവൻചാൽ | 11 | 18 | 20 | 14 | 20-2 |
| 2. G.V.H.S.S അമ്പലവയൽ | 39 | 38 | 36 | 35 | 51 |

കൂടുതൽ ശ്രദ്ധയും പ്രോത്സാഹനവും നല്കുകയാണെങ്കിൽ ഇവിടുത്തെ കുട്ടികളും ശ്രദ്ധിക്കപ്പെടുമെന്നുള്ളതിന് സംശയമില്ല. ഉദാഹരണമായി അമ്പലവയൽ ഗവ.എൽ.പി. സ്കൂളിലെ രണ്ട് കുട്ടികൾക്കാണ് സംസ്ഥാന തലത്തിൽ എൽ.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ചത്. എസ്.എസ്.എൽ.സി വിജയശതമാനത്തിൽ പിന്നിലാണെങ്കിലും ഡിസ്ക്കസ് ത്രോയിലും ഷോട്ട് പുട്ട് കബഡി ഇനത്തിലും വടുവഞ്ചാൽ ഹൈസ്കൂൾ സംസ്ഥാനതല ജേതാക്കളായി.

**ഭൗതിക സൗകര്യങ്ങളുടെ വിവരം**

വിജയശതമാനം ഉയർത്തുവാൻ കഴിഞ്ഞതിലുപരി സംസ്ഥാന കായികമേളയിലും അമ്പലവയൽ ഹൈസ്കൂൾ കഴിഞ്ഞ വർഷം ശ്രദ്ധിക്കപ്പെട്ടു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതോടൊപ്പം തന്നെ കുട്ടികളുടെ കായികവും കലാപരവുമായ കഴിവുകൾ വളർത്തുന്നതിന് ഇനിയും പ്രോത്സാഹനം കൊടുക്കേണ്ടിയിരിക്കുന്നു.

അതിനുതകുന്ന രീതിയിൽ കളിസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കാവുന്നതാണ്. അദ്ധ്യയന വർഷാരംഭം തന്നെ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കേണ്ടതും, പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, കുട, ബാഗ് മുതലായവ സ്കൂളിൽ തന്നെ നിർമിച്ചാൽ വില കുറച്ച് കൊടുക്കുവാൻ സാധിക്കും. അതിന് വേണ്ട പ്രവർത്തനം തലേവർഷം തന്നെ ആരംഭിക്കണം. കുട്ടികളുടെ ഒഴിവുസമയങ്ങൾ ക്രാഫ്റ്റ് പിരിയഡ് മുതലായവ ഇതിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. പരിമിത ഇടത്തരം വരുമാനക്കാരായ മാതാപിതാക്കൾക്ക് ഇതു ഒരു സഹായവുമായിത്തീരും.

ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി മൂന്നും നാലും കിലോമീറ്റർ യാത്ര ചെയ്യേണ്ടുന്ന അവസ്ഥയാണ് ഇന്നുമുള്ളത്. ആയതിനാൽ പാംപ്ല, കോട്ടൂർ, വട്ടത്തുവയൽ, മുന്നൂറ്, കരിങ്ങലോട്, പോത്തുകെട്ടി (അമ്പലക്കുന്ന്) എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ അനുവദിക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽ പോത്തുകെട്ടി (അമ്പലക്കുന്ന്)യിൽ DPEP യുടെ കീഴിലുള്ള വിദ്യാലയം പരിഗണിക്കാവുന്നതാണ്.

വിദൂര ജില്ലകളിൽ നിന്നുള്ള അദ്ധ്യാപകരാണ് നമ്മുടെ ജില്ലയിൽ അധികവും. അവർക്കാവശ്യമായ താമസസൗകര്യങ്ങളുടെ അപര്യാപ്തത സേവന മനസ്ക്കരായ അവരിൽ പലരേയും ഇവിടെ തുടരാൻ പ്രേരിപ്പിക്കുന്നില്ല. ഇതുനമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരത്തെ വലിയൊരളവോളം ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കേന്ദ്രത്തിലെങ്കിലും ഇതിന് പരിഹാരമായി താമസ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ എൽ.പി, യു.പി. എന്നിവ യഥാക്രമം യു.പി. എച്ച്,എസ് ആയി ഉയർത്തുവാനുള്ള നിർദ്ദേശം ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുണ്ട്. നിലവിലുള്ള സാഹചര്യങ്ങളനുസരിച്ച് ഈ ആവശ്യങ്ങൾ പരിഗണിക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വെച്ചുകൊണ്ട് നെല്ലാറച്ചാൽ, കാരച്ചാൽ, എന്നീ സ്ഥലങ്ങൾ പരിഗണിക്കാവുന്നതാണ്.

ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇല്ലാത്ത ഈ പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി വിപുലപ്പെടുത്തുകയാണ് അഭികാമ്യം. അതിനാൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ അമ്പലവയൽ ഹയർസെക്കണ്ടറിയിൽ അനുവദിച്ചാൽ ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

അമ്പലവയൽ വൊക്കേഷണൽ ഹയർസെക്കണ്ടറിയോട് ചേർന്നുള്ള കംപ്യൂട്ടർ സെന്ററിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലെ തൊഴിലന്വേഷകർക്ക് ഗുണകരമാകുന്ന രീതിയിൽ വ്യാപിപ്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇവിടെ നിന്നും കമ്പ്യൂട്ടർ പഠനത്തിന് വേണ്ടി ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടിവരുന്ന അസൗകര്യം ഒഴിവാക്കാവുന്നതാണ്. രാവിലെ 9 മണിമുതൽ 10 വരെയും വൈകുന്നേരം 4 മുതൽ 6 മണിവരേയുള്ള സമയം ഇവർക്ക് അനുവദിച്ച് കൊടുക്കാവുന്നതാണ്.

ഇപ്പോൾ നിലവിലുള്ള പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമെങ്കിൽ അവയുടെ സ്ഥാനം മാറ്റേണ്ടതുമാണ്. ഇത് ഈ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നുള്ള ലക്ഷ്യത്തെ മുൻനിർത്തിയുമായിരിക്കണം.

## പട്ടിക 3

## ഭൗതിക സൗകര്യങ്ങളുടെ വിവരം

| | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി മുറികൾ ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ളഭൂമി/ ഉണ്ട്, ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുരകൾ ഒരേസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം കിണർ പൈപ്പ്-ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം: ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | |
| 1 | G.L. P. S അമ്പലവയൽ | 14 | 2 | 2 | ഇല്ല | 8 | 13 | ഇല്ല | ഇല്ല | 1 | 3 | 15 | 1 | 3 | 2 | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | മതിയാകും | 10 | 25 | 18 | 10 | ഉണ്ട് | |
| 2 | G.L. P. S കടൽമാട് | 4 | 12 | 1 | – | 2 | 4 | – | – | – | 2 | – | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 2 | – | – | 5 | 1,2,5 | മേശ, അലമാര, കസേര |
| 3 | G.L. P. S ചീങ്ങേരി | 5 | 1 | – | – | 1 | – | – | 5 | ഉണ്ട് | 2 | 10 | 1 | 1 | – | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 3 | 2 | 2 | |
| 4 | G.L. P. S ചീങ്ങവല്ലം | 4 | – | 1 | – | – | ഹാൾ | – | 2 | ഉണ്ട് | 2 | 10 | 2 | 2 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 10 | – | – | 3,4,3 | മേശ,കസേര അലമാര, |
| 5 | G.L. P. S പുറ്റാട് | 4 | 1 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | 1 | ഉണ്ട് | 1 | 2 | 8 | 1 | ഇല്ല | ഉണ്ട് | ഇല്ല | താൽകാലികം | ഉണ്ട് | ഇല്ല | 6 | 3 | 2 | 2 | – | |
| 6 | G.L. P. S ആണ്ടൂർ | 4 | 2 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | – | – | 1 | 4 | 1 | 2 | 2 | 2 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 25 | 10 | 4 | 10 | 2,1 | മേശ,അലമാര, |
| 7 | G.U. P. S കാരച്ചാൽ | 12 | 3 | 1 | ഇല്ല | 3 | 4 | ഇല്ല | 6 | ഉണ്ട് | 1 | 10 | 1 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | താൽകാലികം | ഇല്ല | ഇല്ല | 5 | 5 | 5 | 5 | 5 | അലമാര |
| 8 | G.U. P. S നെല്ലാറച്ചാൽ | 16 | 2 | – | – | 20 | – | – | – | ഉണ്ട് | 3 | 15 | – | 3 | 3 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 20 | 10 | 16 | 2,10,1 | മേശ,കസേര അലമാര, |
| 9 | G.H. S. വടുവൻചാൽ | 37 | 6 | – | – | 18 | 8 | – | 10 | ഉണ്ട് | ഇല്ല | – | 4 | ഇല്ല | 2 | ഉണ്ട് | ഉണ്ട് | താൽകാലികം | 2 | ഇല്ല | 50 | – | 30 | 35 | 5 | അലമാര |
| 10 | G.V.H. S അമ്പലവയൽ | 52 | 6 | 2 | 1 | 24 | 9 | 19 | 5 | ഉണ്ട് | 3 | 35 | 1 | 1 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 40 | 40 | 18 | 52 | 10 | കസേര |
| 11 | സെന്റ് മേരീസ് AUPS ചീങ്ങേരി കുപ്പേരി | 15 | 1 | 4 | – | 1 | – | 15 | – | ഉണ്ട് | 3 | 75 | – | 1 | – | ഉണ്ട് (പൈപ്പ്) | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | – | – | – | – | – | – |

നെല്ലാറച്ചാൽ, കാരച്ചാൽ എന്നിവിടങ്ങളിൽ ഹോസ്റ്റൽ സ്ഥാപിക്കേണ്ടതുമാണ്.

കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കേണ്ടതാണ്. ചുമരുകൾക്ക് വെള്ളയടിക്കൽ, സ്കൂളിന് ചുറ്റുമുള്ള ജൈവവേലി നിർമ്മാണം, കളിസ്ഥലം നന്നാക്കൽ, പാചകപ്പുര നിർമ്മാണം എന്നിവ പി.ടി.ഐയുടെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

വടുവൻചാൽ ഹൈസ്കൂളിൽ പ്രൈമറി വിഭാഗം വേർതിരിക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ രണ്ടു വിഭാഗത്തിലും കൂടുതൽ ശ്രദ്ധ ചെലുത്താനും സ്കൂളിന്റെ നിലവാരം ഉയർത്താനും കഴിയും. പി.ടി.എയുടെ പ്രവർത്തനം നന്നായ സ്കൂളുകളിലൊക്കെ നിലവാരം ഉയർന്നതായി കാണുന്നു. തോമാട്ടുചാലിൽ ഹോസറ്റൽ കെട്ടിടം പണി ഉടനെ ആരംഭിക്കേണ്ടതുണ്ട്.

ഗ്രാമത്തിലെ ജനങ്ങൾക്ക് പൊതുവായ ആവശ്യങ്ങൽക്ക് വേണ്ടി സമ്മേളിക്കുവാനുള്ള പ്രധാന സ്ഥലം അവിടത്തെ സ്കൂളുകളാണ്. സാഹിത്യസമാജം പോലുള്ള പരിപാടികൾ നടത്താനും ഒരു ഹാൾ അത്യാവശ്യമാണ്. അതിനാൽ ഹാളില്ലാത്ത കാരച്ചാൽ, നെല്ലാറച്ചാൽ എന്നീ യു.പി.സ്കൂളുകളിൽ ഓരോ ഹാൾ പണിയുന്നത് നന്നായിരിക്കും.

ആരോഗ്യമുള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികളേയും പരിശോധിച്ച് ആണ്ടിലൊരിക്കലെങ്കിലും രോഗനിർണ്ണയം നടത്തണം. ഇക്കാര്യത്തിന് സന്നദ്ധ പ്രവർത്തകർ, ആരോഗ്യമേഖലയിലെ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഏതാണ്ട് നിലച്ചുപോയ സാക്ഷരതാ പ്രവർത്തനങ്ങളും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

15. തുടർവിദ്യാഭ്യാസ മേഖലയിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ ഗ്രാമത്തിലും അതിന് വേണ്ടി ഒരു കേന്ദ്രം ഉണ്ടാക്കുകയും വേണം. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്കും അവർക്ക് വേണ്ട ധാരണയില്ലാത്ത മേഖലകളിൽ തുടർ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. ഡയറ്റിലെ ജില്ലാ വിഭവകേന്ദ്രത്തിന്റേയും, ജില്ലാ സാക്ഷരതാ കേന്ദ്രത്തിന്റേയും സഹായം പ്രയോജനപ്പെടുത്താവുന്നതാണ്. വായനശാലകൾ ഉപയോഗിച്ചും ഓരോ പ്രവർത്തനത്തേയും സജീവമാക്കണം.

അക്കാദമിക് പ്രവർത്തനങ്ങൾ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, ജനകീയ പ്രവർത്തനങ്ങൾ, ഇവ സമജ്ജസമായി സമ്മേളിച്ചെങ്കിൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസ മേഖല പരിപുഷ്ടമാകൂ. അദ്ധ്യാപകർക്ക് തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കാൻവേണ്ടി ഒരു വേദിയുണ്ടാക്കുക. ഇവിടെ വെച്ച് തങ്ങളുടെ സംശയങ്ങൾ തീർക്കുന്നതിന് വിദഗ്ദരെ ക്ഷണിച്ച് വരുത്താം.

അയൽവക്ക സമ്പർക്കപരിപാടിയിലൂടെ അദ്ധ്യാപകർക്ക് പരസ്പരം സന്ദർശനങ്ങൾ നടത്താവുന്നതാണ്. മറ്റ് സ്കൂളുകളിൽ നടക്കുന്ന ഗുണകരമായ കാര്യങ്ങൾ കണ്ട് തങ്ങളുടെ സ്കൂളിൽ പ്രാവർത്തികമാക്കുന്നതിന് ഇത് സഹായിക്കുന്നു.

**മാതൃകാ അംഗനവാടികൾ**

പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ഗ്രാമപഞ്ചായത്തിനകത്തെ പ്രൈമറി പ്രീപ്രൈമറി സ്ഥാപനങ്ങൾ, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ എന്നിവയുടെ ചുമതല അതാത് പഞ്ചായത്തുകൾക്കാണ്. വീടും വിദ്യാലയവും തമ്മിലുള്ള അന്തരം ഇല്ലാതാക്കുക, കുട്ടികളിൽ പഠനത്തിന് താല്പര്യം ഉണ്ടാക്കുക, എന്നിവ പരിപാടിയുടെ ലക്ഷ്യമായി മാറണം. അംഗൻവാടികളെ പ്രീപ്രൈമറി വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റാവുന്നതാണ്. ആദ്യപടിയെന്ന നിലയിൽ പഞ്ചായത്തിൽ ഒരു മാതൃകാ പ്രീപ്രൈമറിയാക്കി ഒരു അംഗ നവാടിയെ വളർത്തിയെടുക്കണം. കാറ്റും വെളിച്ചവും നന്നായി കടക്കുന്ന വിശാലമായ ക്ലാസ്മുറിയും ഭക്ഷണമുറിയും കുടിവെള്ളത്തിനും, ലഘുഭക്ഷണത്തിനുമുള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം, കക്കൂസ്, മൂത്രപ്പുര, എന്നിവ അടിസ്ഥാന കാര്യങ്ങളാണ്.

കുട്ടികളുടെ മാനസികോല്ലാസത്തിനുതകുന്ന പഠനവിനോദ ഉപകരണങ്ങളാണ് സജ്ജീകരിക്കേണ്ടത് ശരിയായ പരിശീലനം കിട്ടിയ കുട്ടികളെ സ്നേഹിക്കാൻ കഴിയുന്ന ആളായിരിക്കണം അദ്ധ്യാപിക. ശിശുപരിചരണത്തിൽ താല്പര്യവും കുട്ടികളോട് സ്നേഹവുമുള്ള ആയയും ഉണ്ടായിരിക്കണം. ഔപചാരിക പഠനത്തിന് തീരെ പ്രാധാന്യം കൊടുക്കാത്ത പാഠ്യ

പദ്ധതിയാണ് വേണ്ടത്. കളി, പാട്ട്, പ്രവർത്തനം, എന്നിവയാണ് നടക്കേണ്ടത്. മാതൃഭാഷ മാത്രമേ മാധ്യമമായി ഉപയോഗിക്കാവൂ.

**സ്കൂൾ കോംപ്ലക്സ്**

1966ൽ പുറത്തുവന്ന കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ സുപ്രധാന നിർദ്ദേശങ്ങളിലൊന്നായിരുന്നു സ്കൂൾ കോംപ്ലക്സ് രൂപീകരണം. ഒരു ന്യൂക്ലിയസ് ഹൈസ്കൂളും അവിടേക്ക് കുട്ടികളെ എത്തിക്കുന്ന പ്രൈമറി സ്കൂളുകളും ചേർന്നതാണ് ഒരു സ്കൂൾ കോംപ്ലക്സ്. ഇതിന്റെ ഗുണങ്ങൾ പ്രധാനമായും രണ്ടാണ്. ഒന്ന്, സ്കൂളുകൾ തമ്മിലുള്ള അകൽച്ച അവസാനിക്കയും അവ പരസ്പരം ചേർന്നു പ്രവർത്തിക്കുന്ന ചെറു ഗ്രൂപ്പുകളായി മാറുകയും ചെയ്യും. പല നൂതന സംരംഭങ്ങൾക്കും ഈ ഗ്രൂപ്പുകൾക്ക് വേദിയൊരുക്കാൻ സാധിക്കും. രണ്ട്, വിദ്യാഭ്യാസ വകുപ്പിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരങ്ങളിൽ നല്ല ഭാഗം കോംപ്ലക്സിലേക്ക് വികേന്ദ്രീകരിച്ച് നൽകാനാവും. ഇത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കും.

**ജനകീയ പ്രവർത്തനങ്ങൾ**

സ്കൂളിനെ ഒരു സാമൂഹിക സ്ഥാപനമാക്കി മാറ്റാൻ കഴിയുന്ന വിധം സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ സാധിക്കണം. സ്കൂളിനെ നിലനിർത്തുവാനും, മെച്ചപ്പെടുത്തുവാനും തങ്ങൾക്കും ഏറെ ചെയ്യാനുണ്ട് എന്ന ബോധം തദ്ദേശവാസികൾക്ക് ഉണ്ടാവണം. ഒറ്റപ്പെട്ട പ്രവർത്തനം കൊണ്ട് മാത്രം കാര്യങ്ങൾ ഭംഗിയാവില്ലെന്ന തിരിച്ചറിവ് അദ്ധ്യാപകർക്കും വേണം.

**-മാതൃ സംഘം ശക്തിപ്പെടുത്തൽ**

സ്കൂളിനെ വീടുമായി ബന്ധപ്പെടുത്താൻ പറ്റിയ ഏറ്റവും ഫലപ്രദമായ സംരംഭമാണ് മാതൃസംഘം. ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

**പഠനോത്സവം**

ക്ലാസ്സ് അന്തരീക്ഷത്തിൽ നിന്നും വേറിട്ട് കളിയും കാര്യവും സംയോജിപ്പിച്ച് കൊണ്ടുള്ള ക്യാമ്പുകൾ ജാതിമത സാമ്പത്തിക ഭിന്നതകൾക്കതീതമായ ഒരു ഐക്യബോധം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കണം.

**പഠനോപകരണ നിർമ്മാണം**

പാഠഭാഗങ്ങൾ കുട്ടികൾക്ക് ഗ്രഹിക്കാൻ കഴിയുമാറ് പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് കൊണ്ട് പഠനോപകരണങ്ങൾ നിർമ്മിക്കണം.

വിദ്യാലയങ്ങളുടെ നടത്തിപ്പ്, കെട്ടിടം, ഫർണിച്ചർ, ഭദ്രത, അച്ചടക്കം, പഠനനിലവാരം, എന്നിവയുടെ മേന്മ, എന്നിവയെല്ലാം സ്കൂളും രക്ഷിതാക്കളുമായ ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. നിലവിൽ എല്ലാ സ്കൂളുകളുടേയും അനുബന്ധമായി അദ്ധ്യാപകരക്ഷാകർതൃ സമിതികൾ ഉണ്ട്. അപൂർവ്വം ചിലവ മാത്രമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. മാതൃസംഘങ്ങളും ചില സ്ഥാപനങ്ങളോട് ചേർന്ന് സംഘടിപ്പിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. ഭൂരിഭാഗം പ്രാഥമിക വിദ്യാലയങ്ങളിലും പഠന നിലവാരം മോശമായി കാണുന്നു.

2. സ്കൂളുകളിൽ കെട്ടിടങ്ങൾ, ഫർണിച്ചർ, കളിസ്ഥലം എന്നിവ തീരെ അപര്യാപ്തമാണ്.

3. പ്രാഥമിക വിദ്യാലയങ്ങളിൽ എത്താൻ രണ്ടുമുതൽ നാലു കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കേണ്ടതുള്ളതിനാൽ ഇത്തരം പ്രദേശത്ത് സ്കൂളിൽ പോകാത്തവരും വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരുമായ കുട്ടികൾ വർദ്ധിക്കുന്നു.

4. വിദ്യാലയങ്ങളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ സേവനം ലഭിക്കാത്ത്തു കാരണം പാഠ്യവിഷയങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല.

5. എസ്സ് എസ്സ്. എൽ സിയിലെ വിജയശതമാനക്കുറവ് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുത്തുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽക്കിടയിലെ വിജയശതമാനക്കുറവും അവരിൽ നിന്നുള്ള ഉപരിപഠനത്തിനുപോകുന്നവരുടെ ശോഷണവും.

7. കായിക-കലാവാസനകളെ പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

8. ഉന്നത വിദ്യാഭ്യാസ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥിതി.

9. പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകങ്ങൾ മറ്റു പഠനോപകരണങ്ങൾ എന്നിവ കൃത്യമായും മിത വിലക്കും ലഭ്യമല്ല.

10. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സംവിധാനം ഇല്ലായ്മ.

11. വിദ്യാലയ നടത്തിപ്പിലും വിദ്യാഭ്യാസകാര്യത്തിലും ബഹുജനങ്ങൾക്കുണ്ടായിരിക്കേണ്ട മുൻകൈ ഇല്ലാത്ത സ്ഥിതി.

12. വിദ്യാലയാന്തരീക്ഷവും കുട്ടികളുടെ ആരോഗ്യ പരിപാലനവും ശ്രദ്ധിക്കാത്ത സ്ഥിതി.

**സാദ്ധ്യതകൾ**

1. രണ്ടു കിലോമീറ്ററിലധികം ദൂരം നടന്നു പ്രാഥമിക വിദ്യാലയത്തിൽ എത്തേണ്ട കുട്ടികൾ താമസിക്കുന്ന പാ പ്ല, കോട്ടൂർ വട്ടത്തുവയൽ, പെരുമ്പാടിക്കുന്ന്, അമ്പലക്കുന്ന് എന്നീ സ്ഥലങ്ങളിൽ പുതിയ

പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ചു സ്കൂൾ വിദ്യാഭ്യാസ പ്രായമുള്ളവരെ ആകെ വിദ്യാലയത്തിലെത്തിക്കാം.

2. പ്രാഥമിക വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അദ്ധ്യാപക തസ്തികകൾ യഥാസമയം നിയമനം നടത്തുകയും ചെയ്താൽ പഠന നിലവാരം ഉയർത്താനാവും.

3. പ്രാഥമിക വിദ്യാലയങ്ങളോട് ചേർന്നുള്ള അദ്ധ്യാപകരക്ഷാകർത്തൃസമിതി സജീവമാക്കുകയും മാതൃസമാജങ്ങൾ രൂപീകരിച്ചു അഭ്യസ്തവിദ്യരായ യുവതികളുടെ സഹായത്തോടെ പ്രീ– പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്താൽ ശിശുവിദ്യാഭ്യാസം മെച്ചപ്പെടുത്താം.

4. എല്ലാ സ്കൂളുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ, പഠന ഉപകരണങ്ങൾ കളിസ്ഥലം ഗ്രന്ഥശാല എന്നിവ ഉണ്ടായിരിക്കേണ്ടതും സ്കൂൾ സ്ഥലം ജൈവവേലിയോ ചുറ്റുമതിലോ കെട്ടി സംരക്ഷിക്കുകയും ചെയ്താൽ ആരോഗ്യകരമായ പഠന അന്തരീക്ഷം ഉണ്ടാക്കാനാകും.

5. കലാപരവും കായികവുമായ വികാസത്തിനുള്ള പാഠ്യവിഷയങ്ങൾ പഠിപ്പിക്കാൻ പ്രാപ്തരായ അദ്ധ്യാപകരുണ്ടായാൽ കായിക–കലാപ്രതിഭകളെ ഉയർത്തിക്കൊണ്ടുവരാനാകും.

6. നിലവിലുള്ള സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധന വായ്പയും ഗ്രാന്റും വർദ്ധിപ്പിച്ചാൽ പാഠപുസ്തകങ്ങൾക്ക് പുറമേ വസ്ത്രം. പഠനോപകരണങ്ങൾ കുട തുടങ്ങി കുട്ടികൾക്കാവശ്യമായ എല്ലാം മിതവിലക്കു ലഭ്യമാക്കാനാകും.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽകി അമ്പലവയൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ കൃഷിക്കുപുറമെ, വെറ്ററിനറി, നേഴ്സിംഗ്, മെക്കാനിക്കൽ തുടങ്ങിയ ട്രേഡുകൾ കൂടി അനുവദിക്കുകയും കംപ്യൂട്ടർ ട്രെയ്നിംഗ് സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

8. വടുവൻചാൽ ഗവൺമെന്റ് സെക്കന്ററി സ്കൂളിൽ പ്ലസ്ടു അനുവദിച്ച് ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കിയാൽ കൂടുതൽ പേർ തുടർ വിദ്യാഭ്യാസ തല്പരരാകും.

ഈ വിദ്യാലയത്തിലെ പ്രാഥമിക വിഭാഗം വേർപ്പെടുത്തുന്നത് ഭരണപരവും പഠനപരവുമായി മെച്ചപ്പെടുത്തുന്നതിന് സഹായകമായിരിക്കും.

9. എല്ലാ വിദ്യാലയത്തോടും ചേർത്ത് അദ്ധ്യാപകർക്കുള്ള താമസ സൗകര്യം ഉണ്ടാക്കിയാൽ വിദൂര സ്ഥലങ്ങളിൽ നിന്നും എത്തുന്ന അദ്ധ്യാപകരുടെ നല്ല സേവനം ഉറപ്പാക്കാം.

10. കൃത്യവും വിദഗ്ദവുമായ വൈദ്യപരിശോധനാ പരിപാടികൾ എല്ലാ വിദ്യാലയങ്ങളിലും നടത്തി കുട്ടികളുടെ പൊതു ആരോഗ്യനില മെച്ചപ്പെടുത്താനാകും.

11. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുകയും അവർക്കു നല്കിവരുന്ന പ്രത്യേക ട്യൂഷൻ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്താൽ ഈ വിഭാഗം കുട്ടികളുടെ വിജയശതമാനം ഉയർത്താനാകും.

12. പഞ്ചായത്തിലെ എൽ.പി., യു.പി സ്കൂളായും യു.പി. സ്കൂൾ ഹൈസ്കൂളായും ഉയർത്താനുള്ള ഗ്രാമസഭകളിലെ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്. നെല്ലാറച്ചാൽ യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയാൽ കാരാപ്പുഴ പദ്ധതി കാരണം ഒറ്റപ്പെട്ടു പോകുന്ന സ്ഥലത്തെ വിദ്യാർത്ഥികൾക്കു സഹായകമായിരിക്കും.

11. സ്കൂൾവക സ്ഥലത്തിൽ കളിസ്ഥലമാക്കുവാൻ കഴിയാത്ത ഭാഗത്ത് വൃക്ഷത്തൈ നട്ടുവളർത്തുക.

"കിളികളെപ്പിടിച്ച് ആകാശത്തേക്ക് പറത്തേണ്ട കൈകളിൽ, നാമെന്താണ് കൊടുത്തിരിക്കുന്നത്? അവരുടെ തലകളിൽ നാം എത്ര നഗരങ്ങളും കോട്ടകളും പണിയുന്നു? നമുക്കിഷ്ടമുള്ള, നമുക്ക് രസിക്കുന്ന 'സത്യങ്ങൾ' പറയാൻ അവരെ പ്രലോഭിപ്പിക്കുന്നു. ഓർക്കുക. അവരുടെ ഇംഗിതങ്ങളാണ് നമ്മുടെ വഴികൾ. അതു മറക്കുന്ന സമൂഹവും സംസ്ക്കാരവും ഗതിയറ്റുപോകും"

(കെ.ജി.ശങ്കരപ്പിള്ള)



5.4

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ ഈ പഞ്ചായത്തിൽ ആദിവാസികളും, ചെട്ടിമാരും നിലമ്പൂർ കോവിലകത്തിന്റെ കാര്യസ്ഥന്മാരായിരുന്ന നായകന്മാരും ചില തോട്ട ഉടമകളുടെ കങ്കാണികളുമായിരുന്നു വസിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ പറയത്തക്ക മാരക രോഗങ്ങളാണെന്നും തന്നെ ഇവർക്കിടയിൽ ഉണ്ടായിരുന്നില്ല. ചികിത്സ നടത്തുന്നതിലുപരി ചിട്ടയാർന്ന ജീവിതക്രമമായിരുന്നു ഇവർ പുലർത്തിപോന്നിരുന്നത്. കുടിവെള്ളത്തിന് ശുദ്ധമായ നീരുറവയെ ആശ്രയിക്കുകയും, കലർപ്പില്ലാത്തതും, കീടനാശിനികളും മറ്റും ഉപയോഗിക്കാത്തതുമായ ഭക്ഷ്യധാന്യങ്ങൾ സ്വയം കൃഷിചെയ്ത് ഭക്ഷിക്കുകയും ചെയ്തുപോന്നു. ഇവരിൽ രോഗമുണ്ടായാൽ പാരമ്പര്യ ചികിത്സയും, അനുഷ്ഠാന കർമ്മങ്ങളും കൊണ്ട് സുഖപ്പെടുത്തിവന്നു.

കുടിയിരുത്തപ്പെട്ടവരും, ആദിവാസികളും 1940 കളിൽ മലേറിയ തുടങ്ങിയ മാരകരോഗങ്ങളുടെ പിടിയിലമർന്നു. 1949ൽ അമ്പലവയലിൽ ഗവ: ആശുപത്രി സ്ഥാപിതമായതോടെയും, മദിരാശി ഗവൺമെന്റിന്റെ മലേറിയ നിർമ്മാർജ്ജന പരിപാടി കൂടുതൽ ഊർജ്ജിതമാക്കിയതോടെയും, ഈ മാരകരോഗങ്ങളെ ഉന്മൂലം ചെയ്യാനും, രോഗചികിത്സാ സംവിധാനം മെച്ചപ്പെടുത്താനും കഴിഞ്ഞു.

ചീങ്ങേരി ഗിരിവർഗ്ഗ കോളനി പദ്ധതിയുടെ ഭാഗമായി ആ വിഭാഗത്തിന്റെ ചികിത്സക്ക് മാത്രമായി ഒരു ആയുർവ്വേദ ഡിസ്പൻസറിയും, 1972ൽ മാർട്ടിൻ മെഡിക്കൽ സെന്ററും, നിലവിലുള്ള മറീന ഹോസ്പിറ്റൽ 1978 അമ്പലവയൽ നഴ്സിങ്ങ് ഹോം എന്ന പേരിലും സ്ഥാപിച്ചു. 1990ൽ പോപ്പുലേഷൻ പ്രൊജക്ട് പ്രകാരം, പഞ്ചായത്തിന്റെ 7 കേന്ദ്രങ്ങളിൽ മാതൃശിശു ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1992ൽ ഗവ: ആയുർവേദാശുപത്രിയും സ്ഥാപിതമായി. കൂടാതെ പാരമ്പര്യ വൈദ്യന്മാരും സ്വകാര്യ ഡിസ്പൻസറികളും, ഒരു മർമ്മ ചികിത്സാ കേന്ദ്രവും നിലവിലുണ്ട്.

1991ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 30442 ആയിരുന്നു. 1996ൽ ഇതു 31051 ആയി വർദ്ധിച്ചു. പിന്നിട്ട മൂന്നു വർഷങ്ങളിലെ ജനന-മരണ നിരക്ക് അനുസരിച്ച് ജനന നിരക്ക് 13-69 ഉം, മരണനിരക്ക് 4.35 ഉം ആണ്. സംസ്ഥാന ജനനമരണ നിരക്ക് യഥാക്രമം 17ഉം 5.9ഉം ആണ്. സംസ്ഥാനനിരക്കുമായി തുലനപ്പെടുത്തുമ്പോൾ നമ്മുടെ ഗ്രാമത്തിന്റേതു കുറവാണെന്നു കാണാം.

3 കൊല്ലത്തെ ജനന മരണനിരക്ക്

പട്ടിക I

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1993-94 | 307 | 143 | 1 |
| 1994-95 | 370 | 134 | 2 |
| 1995-96 | 598 | 129 | 7 |

പട്ടിക-2

| പ്രായക്രമം | 15-19 | 20-24 | 25-2 | 30-34 | 35-39 | 40-44 |
|---|---|---|---|---|---|---|
| എണ്ണം | 326 | 1575 | 1894 | 1332 | 1076 | 340 |

(അവലംബം PHC അമ്പലവയൽ)

ചികിത്സാ സംവിധാനങ്ങൾ വർദ്ധിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ രോഗാതുരത വർദ്ധിക്കുന്നതായാണനുഭവം. നിരവധി ആളുകൾ പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളേയും ഡോക്ടർമാരെയും സമീപിച്ച് രോഗചികിത്സ നടത്തുന്നുണ്ട്. ഗവൺമെന്റ് ഉടമയിലുള്ള ആശുപത്രികളിലും ഡിസ്പൻസറികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും, മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ശുശ്രൂഷയും, സൗജന്യാ ചികിത്സാ സഹായങ്ങളും അടിക്കടി ചുരുങ്ങിക്കൊണ്ടിരിക്കയാണ്. ആധുനിക സൗകര്യങ്ങളോട് കൂടിയ ആശുപത്രികളും രോഗപരിശോധനാ സംവിധാനങ്ങളും സാധാരണ ജനങ്ങൾക്ക് അപ്രാപ്യമാണ്. എന്നാൽ നിസ്സാര രോഗലക്ഷണങ്ങൾക്കു പോലും സ്വകാര്യ ചികിത്സാലയങ്ങളെ തേടിപോവുകയും, ചികിത്സ നടത്തുകയും ചെയ്യുന്നത് മാന്യതയായി കാണുന്ന പ്രവണത സമ്പന്ന വിഭാഗങ്ങളിൽ വ്യാപകമാവുന്നു. സാധാരണ പ്രസവത്തേക്കാൾ ശസ്ത്രക്രിയാരീതി അഭികാമ്യമായി കരുതുന്ന പ്രവണതയും വർദ്ധിച്ച് കാണുന്നു.

മാതൃശിശുസംരക്ഷണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ ബൃഹത്തായ പദ്ധതികൾ ഉണ്ടെങ്കിലും പൊതുജനാരോഗ്യ നിലവാരം മോശമായി വരികയാണ്. 1995-96ൽ ജനനനിരക്ക് മുൻകാലങ്ങളെക്കാൾ ഇരട്ടിയോളം വർദ്ധിച്ചതായി കാണുന്നത് പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരുടെ എണ്ണവുമായി ബന്ധപെട്ടതാണെന്ന് അനുമാനിക്കാം.

കുടുംബാസൂത്രണം നമ്മുടെ പഞ്ചായത്തിൽ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും 95-96ൽ ജനന നിരക്കിൽ വർദ്ധനയുണ്ടായതിന്റെ കാരണം പരിശോധിക്കപ്പെടണം. 1990ൽ ഗവ: ആശുപത്രിയോട് ചേർന്ന് പ്രസവവാർഡ്, ഓപറേഷൻ തിയറ്റർ, ലബോറട്ടറി, തുടങ്ങിയവ സ്ഥാപിച്ചു. മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, ശിശുക്കൾ എന്നിവരുടെ കാര്യത്തിൽ ഇതിനുശേഷം കൂടുതൽ ശ്രദ്ധ ലഭിക്കുന്നുണ്ട്. അമ്മമാരെ സംബന്ധിക്കുന്ന വിവരങ്ങൾ കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ പുരോഗതി കാണിക്കുന്നുണ്ട്.

പകർച്ചവ്യാധികൾ, വാതരോഗം, ത്വക്കുരോഗം തുടങ്ങിയവയും എലിപ്പനിപോലുള്ള പുതിയ രോഗങ്ങളും ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മാനസികസംഘർഷങ്ങളും തന്മൂലമുള്ള രോഗങ്ങളും യുവതലമുറയിൽ കൂടുതൽ വ്യാപിച്ചു വരുന്നു. പഞ്ചായത്തിൽ ഒരു വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെയ്പ് നടത്തിയതായും 399 ഗർഭിണികളെ ക്രമമായി നിരീക്ഷണ വിധേയരാക്കിയതായും ഇക്കൊല്ലത്തെ ആരോഗ്യ പ്രവർത്തന റിപ്പോർട്ടിൽ കാണുന്നു. എന്നാലും ആരോഗ്യ പരീക്ഷയുടെ കാര്യത്തിൽ ശരിയായ അവബോധം ബഹുജനങ്ങളിൽ സൃഷ്ടിക്കാനുള്ള ആസൂത്രണം പ്രവർത്തനം അനിവാര്യമാണ്. നേത്രരോഗങ്ങളും ദന്തരോഗങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ഈ രോഗ ചികിത്സക്ക് ആവശ്യമായ സംവിധാനങ്ങളും ഡോക്ടർമാരും

പട്ടിക - 3

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം |
|---|---|---|
| ഒരു കുട്ടി | 1436 | 1122 |
| രണ്ട് കുട്ടികൾ | 2428 | 2383 |
| രണ്ടിൽ കൂടുതൽ | 2333 | 1591 |

(അവലംബം PHC അമ്പലവയൽ)

പട്ടിക - 4

ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക്രോഗം | വാതരോഗം | പകർച്ച വ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ |
| 92-93 | 2110 | 67209 | 14829 | 37983 | 18063 | 4 | 10063 |
| 93-94 | 3538 | 102623 | 13394 | 39295 | 22997 | - | 30599 |
| 94-95 | 4453 | 82501 | 9944 | 28976 | 21861 | 2 | 20388 |
| 95-96 | 6398 | 87502 | 9002 | 23993 | 23993 | 2 | 30054 |

പട്ടിക-5

പഞ്ചായത്തിലെ ചികിത്സാ സ്ഥാപന വിവരങ്ങൾ.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത്സെന്റർ അമ്പലവയൽ | അലോപ്പതി | സ്വന്തം | 23 | 1949 | |
| 2 | ഐ. പി. പി. സബ് സെന്റർ കുമ്പളേരി | ,, | ,, | 1 | 1990 | |
| 3 | ട്രൈബൽ സബ്സെന്റർ ചീങ്ങേരി | ,, | ,, | 2 | 1982 | |
| 4 | മെയിൻസെന്റർ അമ്പലവയൽ | ,, | ,, | 2 | 1990 | |
| 5 | ഐ. പി. പി. സബ് സെന്റർ, ആനപ്പാറ | ,, | ,, | 2 | 1990 | |
| 6 | ഐ. പി. പി. സബ്സെന്റർ, നെല്ലാറച്ചാൽ | ,, | ,, | 2 | 1990 | |
| 7 | എഫ്. ഡബ്ളിയു. സി. സെന്റർ ചീങ്ങവല്ലം | ,, | ,, | 1 | 1990 | |
| 8 | ഐ. പി. പി. സബ് സബ്സെന്റർ തോ മാട്ടുചാൽ | ,, | ,, | 2 | 1990 | |
| 9 | ഐ. പി. പി. സബ് സെന്റർ മുന്നൂറ് | ,, | ,, | 2 | 1990 | |
| 10 | അമ്പലവയൽ ഗവ:ആയുർവേദ ഡിസ്പൻസറി | ആയുർവേദം | പഞ്ചായത്ത് കെട്ടിടം | 4 | 1992 | |
| 11 | ചീങ്ങേരി ഗവ:ആയുർവേദ ഡിസ്പൻസറി | ,, | വാടക | 4 | 1957 | |
| 12 | മാർട്ടിൻ മെഡിക്കൽ സെന്റർ | അലോപ്പതി മിഷൻ | സ്വന്തം | 10 | 1972 | |
| 13 | മറീന ഹോസ്പിറ്റൽ | ,, സ്വകാര്യം | ,, | 8 | 1993 | |

പഞ്ചായത്തിൽ വിരളമാണ്. സ്കൂൾ കുട്ടികൾക്ക് രോഗ പരിശോധനയും, അന്ധതാ നിവാരണക്യാമ്പുകളും വമ്പിച്ച പ്രചരണം നടത്തി സംഘടിപ്പിക്കുന്നുണ്ടെങ്കിലും സ്ഥിരമായ ചികിത്സാ സംവിധാനം ഉണ്ടാകാതെ വ്യാപകമായി ഉയരുന്ന നേത്ര ദന്ത രോഗങ്ങൾക്ക് ശമനമുണ്ടാക്കാൻ കഴിയുകയില്ല.

ഗവ: ആയുർവ്വേദ ഡിസ്പൻസറിക്ക് സൗകര്യപ്രദമായ കെട്ടിടം ഇല്ലാതിരുന്നിട്ടും പ്രതിവർഷം ശരാശരി 30400 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്. ഡിസ്പൻസറി ആശുപത്രിയായി ഉയർത്തി, കിടത്തി ചികിത്സിക്കാനുള്ള സംവിധാനവും, മരുന്നും നൽകിയാൽ ഈ സ്ഥാപനം വഴിയുള്ള ചികിത്സ കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്നതാണ്.

നാലര പതിറ്റാണ്ടുകൾക്ക് മുമ്പ്, സ്ഥാപിക്കപ്പെട്ട അമ്പലവയൽ ഗവ: ഡിസ്പൻസറി ആശുപത്രിയായി ഉയർത്തുകയും ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ, കാലഘട്ടത്തിന്റെ ആവശ്യത്തിന് ഉതകും വിധം വിപുലപ്പെടുത്തുകയോ, ചെയ്തിട്ടില്ല. മറിച്ച് നിലവിൽ ഉണ്ടായിരുന്ന മൊബൈൽ ഡിസ്പൻസറി വാഹനം തുരുമ്പിച്ചും, പ്രവർത്തനം നിലച്ചും, ഫലത്തിൽ ഇല്ലാതായിരിക്കുന്നു. പഴയ കെട്ടിടങ്ങളും, ഫർണീച്ചറുകളും ജീർണ്ണാവസ്ഥയിലാണ്. ശുദ്ധജലലഭ്യത പോലുമില്ലാതെ രോഗികൾ വിഷമിക്കയും, കൃത്യമായ ആശുപത്രി ശുചീകരണം അസാദ്ധ്യമാക്കുകയും ചെയ്തിരിക്കുന്നു. ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക, നേത്ര ദന്തരോഗ ചികിത്സാ സംവിധാനം ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഇനിയും നിർവ്വഹിക്കപ്പെട്ടിട്ടില്ല. എക്സറേ യൂണിറ്റ്, ആംബുലൻസ് സൗകര്യം ബ്ലഡ് ബാങ്ക്, ബോധവൽക്കരണ കൗണ്ടർ എന്നിവ ഏർപ്പെടുത്തേണ്ടതാണ്.

## ആരോഗ്യപരിപാലനത്തിലെ നാടൻ രീതികൾ

സാഹചര്യങ്ങളിൽ നിന്നെന്ന പോലെ, അവയെക്കാൾ കൂടുതലായി, ശീലങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്നതാണ് ആരോഗ്യം എന്ന ദേഹവസ്തു. പലപ്പോഴും ബാഹ്യസാഹചര്യങ്ങളുടെ പ്രാതികൂല്യത്തെ വലിയൊരു പരിധിവരെ ശീലങ്ങൾ കൊണ്ട് അതിജീവിക്കാൻ കഴിയും. ആഹാരം, വിഹാരം, (പ്രവൃത്തികൾ) ഇവയിലുള്ള ശൈലികളെയാണ് ശീലം എന്നതുകൊണ്ട് ഉദേശിക്കുന്നത്. ഈ ശീലങ്ങൾ സംസ്കാരത്തിന്റെ ഉൽപ്പന്നങ്ങളോ ഘടകങ്ങളോ ആണ്.

ഗൃഹചികിത്സാ രീതികൾ ഇതിൽ മുഖ്യപരാമർശമർഹിക്കുന്നു. പാചകത്തിനുവേണ്ടി അടുക്കളയിൽ സംഭരിച്ചിട്ടുള്ള ദ്രവ്യങ്ങൾ (മല്ലി, ചുക്ക്, ജീരകം തുടങ്ങിയവ) വീടുമുറ്റത്തോ പറമ്പിലോ ലഭ്യമാകുന്ന സസ്യ ഔഷധങ്ങൾ (തുളസി, പനികൂർക്ക, മുത്തങ്ങ തുടങ്ങിയവ) ഉപയോഗിച്ച് സാധാരണരോഗങ്ങൾക്ക് ചെയ്യുന്ന ലഘു ചികിത്സകളെയാണ് ഗൃഹചികിത്സ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഏതു നേരത്തും ഇവ ലഭ്യമാണ്. വലിയ നിർമ്മാണ പ്രക്രിയകളൊന്നും വേണ്ടതില്ല, എന്നതെല്ലാമാണ് ഇതിന്റെ മുഖ്യ സവിശേഷതകൾ. ഗൃഹചികിത്സയിലെ മിക്കവാറും ഔഷധങ്ങൾക്ക് ആഹാരപരമായ ഒരു മൂല്യമുണ്ട്. അതുകൊണ്ട് അവ ശരീരത്തിന് തികച്ചും പരിചിതവും അസൗകര്യങ്ങളൊന്നും ഉണ്ടാക്കാത്തതുമാകുന്നു. പോഷകഗുണങ്ങളും അവയിൽ പലതിനുമുണ്ട്. വ്യത്യസ്തതോതിലാണെങ്കിലും നമ്മുടെ ഗ്രാമ ഗോത്ര സമൂഹങ്ങളിൽ ഗൃഹചികിത്സാ രീതികൾ ഇന്നും നിലവിലുണ്ട്.

ഏതേത് ആഹാരാദികളാണ് ഹിതമായത് എന്നതും പരമ്പരാസിദ്ധമായ അറിവുകളിൽപെടുന്നു. ശിശുക്കൾക്ക് കായയോ കുവനൂറോ മുത്താറിയോ പൊടിച്ച് കുറുക്കിക്കൊടുക്കുന്നതും ഗർഭിണികൾ രാവിലെ വെണ്ണ കഴിക്കുന്നതും പോലുള്ള ഉദാഹരണങ്ങൾ ധാരാളം പഴഞ്ചൊല്ലുകളിലും, നാടൻ ശീലുകളിലുമുണ്ട് ധാരാളം ആരോഗ്യ വിജ്ഞാന ശകലങ്ങൾ- മുത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം, തേക്കാത്ത എണ്ണയ്ക്ക് ധാര- ദിനചര്യയുമായി ബന്ധപ്പെട്ടവപോലെ തന്നെ രോഗങ്ങളുടെ ചികിത്സയെ സൂചിപ്പിക്കുന്നവയുമുണ്ട്. ചക്ക, മാങ്ങ ഇവ കൊണ്ടുള്ള അജീർണ്ണത്തിൽ ചക്കക്ക് ചുക്ക്, മാങ്ങക്ക് തേങ്ങ

കാലത്തിനനുസരിച്ച് ചര്യകളിൽ വരുത്തേണ്ട മാറ്റങ്ങളെ പറ്റിയും ജനങ്ങൾ ബോധവാന്മാരായിരുന്നു. കർക്കിടക മാസത്തിൽ വിവിധതരം ലഘുവായ ഔഷധങ്ങൾ ശീലിക്കുന്നതും ഇലക്കറികൾ കൂടുതലായും ഉപയോഗിക്കുന്നതും സ്മരിക്കുക. കഷായ

ക്കഞ്ഞി കുടിക്കുന്ന സമ്പ്രദായവുമുണ്ട്.

രോഗനിർണ്ണയത്തിനു മുമ്പുണ്ടായിരുന്നു ചില നാടൻ രീതികൾ. മഞ്ഞപ്പിത്തം തിരിച്ചറിയാൻ ചോറുപയോഗിച്ചുള്ള പരീക്ഷണം തന്നെ ഉദാഹരണം മഞ്ഞപ്പിത്തം കൊടിഞ്ഞിക്കുത്ത്, പേപ്പട്ടിവിഷം തുടങ്ങിയവയ്ക്ക് മാത്രം ചികിത്സിക്കുന്ന കുടുംബങ്ങളുമുണ്ട് നമ്മുടെ നാട്ടിൽ. അനേകകാലമായി കുടുംബങ്ങളിൽ നിന്നും സമൂഹങ്ങളിൽ നിന്നും അനുഭവിച്ചറിഞ്ഞതാണിത്. ഇന്ന് ഈ ശീലങ്ങളിൽ പലതും മറന്നുപോയി.

കേരളജനതയുടെ ആരോഗ്യവസ്ഥയെ High morbidity low motatity syndrome എന്നാണ് വിശേഷിപ്പിക്കുന്നത്. കുറഞ്ഞ മരണനിരക്കാണെങ്കിലും ഉയർന്ന രോഗാതുരത.

നാടൻരീതികൾ കുറ്റമറ്റവയാണോ? ഉത്തരം-അല്ല. ഇവ സമഗ്രമാണോ? ഉത്തരം-അല്ല. ഇവയിൽ മാത്രമൂന്നി വൈദ്യശാസ്ത്രസമ്പ്രദായങ്ങളെ മുഴുവൻ ഒഴിവാക്കാമോ? ഉത്തരം-പറ്റില്ല. നാടൻ രീതികളിൽ അന്ധ വിശ്വാസങ്ങളും കാണും.മതാചാരങ്ങളുമായി കൂടികലർന്ന ശീലങ്ങളുമുണ്ട്. ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ, ഇവയെ തിരിച്ചറിഞ്ഞ്, യുക്തമായ പരിഷ്കാരങ്ങൾ വരുത്തി നടപ്പിൽ വരുത്തുന്നത് തീർച്ചയായും പ്രയോജനം ചെയ്യും. രോഗം വരുമ്പോൾ മാത്രം ആരോഗ്യത്തെപ്പറ്റി ഓർമ്മ വരുന്ന ഇക്കാലത്ത് ഈ ശീലങ്ങൾ ശരീരത്തെപറ്റിയും സ്വാസ്ഥ്യ സംരക്ഷണത്തെപറ്റിയും അവബോധവും ജാഗ്രതയുമുണർത്തുന്നു.

**പ്രശ്നങ്ങൾ:**

1. നിലവിൽ ഗവൺമെന്റ് ആഭിമുഖ്യമുള്ള ഡിസ്പൻസറികൾ ഐ. പി. പി. സെന്ററുകൾ എന്നിവയുടെ പിന്നോക്കാവസ്ഥയും, കാര്യക്ഷമതാക്കുറവും.

2.ആശുപത്രി ഉപദേശക സമിതികൾ, മഹിള സ്വസ്ത സംഘങ്ങൾ എന്നിവയുടെ നിർജീവാവസ്ഥ.

3. ഹോമിയോ, മർമ്മ ചികിത്സ, ദന്ത-നേത്ര ചികിത്സ എന്നിവക്ക് സംവിധാനങ്ങൾ ഇല്ല.

4. പൊതുജനാരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ആഭാവം.

5. പാരമ്പര്യ ചികിത്സയുടെയും പച്ചമരുന്നുകളുടെയും സംരക്ഷണത്തിനും പരിപോഷണത്തിനും പരിഗണന ഇല്ലായ്മ.

6. പ്രകൃതി ചികിത്സ, യോഗാഭ്യാസമുറകൾ തുടങ്ങിയ രംഗങ്ങളിൽ ഉള്ള താല്പര്യക്കുറവ്.

7. അംഗൻവാടികൾ, സ്കൂളുകൾ എന്നിവയോടനുബന്ധിച്ചുള്ള ആരോഗ്യബോധവൽക്കരണ രോഗ പരിശോധന എന്നീ പരിപാടികൾ കേവലം ചടങ്ങായി മാറുന്നു.

8. സാമൂഹ്യ പരീരക്ഷ അർഹിക്കുന്ന വികലാംഗർ, വൃദ്ധജനങ്ങൾ തുടങ്ങിയവർക്ക് ഉള്ള സേവന സംവിധാനത്തിന്റെ പോരായ്മ.

**സാദ്ധ്യതകൾ**

1. നിലവിൽ ഗവ: ആഭിമുഖ്യത്തിലുള്ള ചികിത്സാലയങ്ങൾ ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിലാകുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റേയും ജനങ്ങളുടെയും യോജിച്ച പരിശ്രമം കൊണ്ട് ഇവയുടെ ഉദ്ധാരണ പ്രവർത്തനങ്ങൾ സജീവമാക്കാൻ കഴിയും.

2. ഗവ: ഡിസ്പൻസറിയോട് തൊട്ട് ചേർന്ന റവന്യൂഭൂമി, ആയുർവേദ ഹോമിയോ ഡിസ്പൻസറികൾക്ക് കൈമാറിയും സംസ്ഥാനഗവൺമെന്റിന്റെ അനുമതിയും ഫണ്ടും ലഭ്യമാക്കിയും പുതിയ ഡിസ്പൻസറികൾ നിർമ്മിക്കാവുന്നതാണ്.

3. വനിതകൾക്ക് പ്രത്യേക പ്രാതിനിധ്യം നൽകി ആശുപത്രി ഉപദേശക സമിതികളും മഹിള സ്വസ്ത് സമിതികളും പുനസംഘടിപ്പിച്ച് ആരോഗ്യ പരിപാലന സംവിധാനവും ജനങ്ങളുമായുള്ള ബന്ധവും പുഷ്ടിപ്പെടുത്തി സേവന പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തം വരുത്തേണ്ടതാണ്.

4. മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മഹിളാ സംഘടനകൾ, യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ, പി.ടി.എ. പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെട്ട് പഞ്ചായത്ത് തല ആരോഗ്യ ബോധവൽക്കരണ സമിതി രൂപീകരിച്ച്, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ആരോഗ്യ ബോധവൽക്കരണം, വിദ്യാർത്ഥികളുടെയും മറ്റും ആരോഗ്യ പരിശോധന പരിപാടി, വികലാംഗവൃദ്ധ ജനപരിരക്ഷ

പ്രവർത്തനങ്ങൾ, രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ ബഹുജന പങ്കാളിത്തത്തോടെയും ധർമ്മസ്ഥാപനങ്ങളുടെ സഹായത്തോടെയും സമാഹരിച്ച് നടപ്പാക്കാവുന്നതാണ്.

5. ക്ഷയിച്ചു കൊണ്ടിരിക്കുന്ന പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങൾ, മർമ്മ ചികിത്സ എന്നിവ പരിപോഷിപ്പിക്കാൻ ആവശ്യമായ നടപടികളും പച്ച മരുന്നു തോട്ടകൃഷിയുടെ പ്രോത്സാഹനവും പഞ്ചായത്തും ആരോഗ്യവകുപ്പും ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

6. ചീങ്ങേരി ഗിരിവർഗ്ഗ കോളനിയോടനുബന്ധിച്ച് നാലു പതിറ്റാണ്ടുകൾക്കപ്പുറം സ്ഥാപിച്ച ആദ്യ ആയുർവ്വേദ ഡിസ്പൻസറിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ഗിരിവർഗ്ഗ ക്ഷേമവകുപ്പിന് കോളനി ഭൂമി വിനിയോഗിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

7. ചികിത്സാ സൗകര്യങ്ങൾ തീരെയില്ലാത്ത കടൽമാട്, പുറ്റാട് കുമ്പളേരി കാരച്ചാൽ എന്നീ പ്രദേശങ്ങളിൽ ആയുർവേദ ഡിസ്പൻസറികൾ സ്ഥാപിച്ചാൽ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും.

## കുടിവെള്ളം

ആധുനിക ജീവിതത്തിൽ വർഷംതോറുമുള്ള, അനുഷ്ടാനമായിരിക്കുന്നു വരൾച്ച. ജലസമൃദ്ധമായിരുന്ന നമ്മുടെ കേരളവും മാർച്ച്–ഏപ്രിൽ–മെയ് മാസങ്ങളിൽ വരൾച്ചയുടെ പിടിയിലമരുന്നു.നമ്മുടെസമൃദ്ധമായിരുന്ന തോടുകളും, അരുവികളും, ഉറവുകളും ഏറെ ശോഷിച്ചിരിക്കുന്നു. നഗര വ്യവസായ മാലിന്യങ്ങൾ തള്ളാനുള്ള കുപ്പതൊട്ടികളാണവ. ജലം നമുക്കൊരു ഉപഭോഗവസ്തുവാണ്. ജീവന്റെ സമഗ്രതയിൽനിന്ന് ജലത്തെവേർപ്പെടുത്തുന്നതോടെയാണ് വരൾച്ചയും ആരംഭിക്കുന്നത് . പ്രകൃതി വിരുദ്ധമായ ആധുനിക ഉപഭോഗരീതികളാണ് വരൾച്ചക്ക് കാരണം. വരൾച്ചയെ നാം നേരിടുന്നതും ആധുനിക വികസന മാനദണ്ഡങ്ങൾ കൊണ്ടു തന്നെ ഓരോ ഗ്രാമത്തിന്റേയും ജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടെ ചെറുതും വലുതുമായ ജലസ്രോതസ്സുകളെ ആരോഗ്യമുള്ളതാക്കുന്ന ലളിതമായ വഴികൾ നാം അന്വേഷിക്കാറേയില്ല. അത്തരം വഴികൾ പണമുണ്ടാക്കാനുള്ള കുറുക്കുവഴികളല്ലല്ലോ. മനുഷ്യന്റെ അത്യാർത്തിയാണ് നമ്മുടെ പരിഹാരമാർഗ്ഗവും.

നമ്മുടെ ഗ്രാമത്തിൽ ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിവരെ വയൽ കരകളോട് ചേർന്നുള്ള പനംകുറ്റി, ചെറുകുഴികൾ എന്നീ പ്രകൃതിദത്ത ജലസ്ത്രോതസ്സുകളെയാണ്, കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിച്ചിരുന്നത്. ജനവാസംകുറവായതിനാൽ ഈ സൗകര്യം അന്നത്തെ ഉപയോഗത്തിന് ധാരാളമായിരുന്നു. എന്നാൽ കുടിയേറ്റവും കുടിയിരുത്തലും ആരംഭിച്ചതോടെ കുടിവെള്ള പ്രശ്നവും ആരംഭിച്ചു. കിണറുകൾ നിർമ്മിക്കാൻ സാദ്ധ്യമല്ലാത്ത പാറകെട്ടുകളും, മലകളും വ്യാപിച്ചു കിടക്കുന്ന പ്രദേശമായതിനാൽ വളരെ ദൂരെയുള്ള പ്രകൃതിദത്ത ശ്രേണിക്കളയാണ് ഇവർ കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തിയിരുന്നത്. 1950-ൽ വിമുക്തഭടപുനരധിവാസ പദ്ധതിയുടെ ഭാഗമായി, ഉദ്യോഗസ്ഥന്മാരുടെ ക്വാർട്ടേഴ്സുകൾ ആശുപത്രി എന്നിവയ്ക്ക് മാത്രമായി ഓവർഹെഡ് ടാങ്കും കിണറും നിർമ്മിച്ചിരുന്നു.

വികസനബ്ലോക്ക്, പഞ്ചായത്ത്, പി. എച്ച്. ഇ. ഡി തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ പല ഘട്ടങ്ങളിലായി കേണികളും, കിണറുകളും നിർമ്മിച്ചു. പഞ്ചായത്തിന്റെ വകയായി 12 പൊതു ടാപ്പുകളോടുകൂടി ആസ്ഥാനത്ത് മാത്രം ജലസംവിധാനമുണ്ട്. വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായും പഞ്ചായത്ത് മുൻകൈഎടുത്ത് കേണികൾ കിണറുകൾ മുതലായവ നിർമ്മിക്കുകയും നിലിവിലുള്ളവയുടെ അറ്റകുറ്റ പണികളും നടത്തിപ്പോരുന്നു. ഈപഞ്ചായത്തിൽ നിലവിലുള്ള പൊതു കിണറുകളുടെയും കേണികളുടെയും വിവരം താഴെ പട്ടിക 1-ൽ ചേർക്കുന്നു.

ഭൂഗർഭ ജല ലഭ്യതയ്കുവേണ്ടി കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പലതിലും വെള്ളം കിട്ടാനില്ല. കൂടുതൽ കുഴൽ കിണറുകൾ നിർമ്മിക്കാൻ ഭൂഗർഭ സർവ്വേ പരിശോധനയിൽ ഇവിടെ സാധ്യതകൾ കുറവാണ്എന്നാണ് തെളിഞ്ഞത്.

കുടിയേറ്റത്തെതുടർന്ന് കാടുകൾ തെളിച്ചും കൊല്ലിപ്രദേശങ്ങൾ തൂർത്ത് കൃഷിയിടമാക്കിയും, വ്യാപകമായി മരങ്ങൾ വെട്ടിമാറ്റിയതുകൊണ്ടും പ്രകൃതിദത്തജലസ്ത്രോതസ്സുകൾ ഭൂരിപക്ഷവും അപ്രത്യക്ഷമായിട്ടുള്ളതായി കാണാം.

പട്ടിക 1

അമ്പലവയൽ പഞ്ചായത്തിലെ കിണർ /കേണി ശുദ്ധജല വിതരണ സംവിധാനം

| കിണർ/കേണി | കുഴൽകിണർ | മിനി വാട്ടർസപ്ലൈ സ്കീം | പ്രകൃതിദത്തജല | വിതരണ പദ്ധതി |
|---|---|---|---|---|
| 223 | 8 | 3 | 2 | |

പട്ടിക1 B

കിണർകേണി വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | എണ്ണം | വാർഡ് | എണ്ണം |
|---|---|---|---|
| 1 | 21 | 7 | 18 |
| 2 | 20 | 8 | 16 |
| 3 | 16 | 9 | 17 |
| 4 | 12 | 10 | 20 |
| 5 | 18 | 11 | 25 |
| 6 | 18 | 12 | 22 |

പ്രധാന പ്രകൃതിദത്ത നീരുറവകൾ

| ക്രമ നമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1 | ആറാട്ടുപാറ ലക്ഷംവീട് പരിസരം | 11 |
| 2 | അമ്പലവയൽ വികാസ് കോളനി താഴെ | 4 |
| 3 | മഞ്ഞപ്പാറ | 5 |
| 4 | കരിംകുറ്റി | 5 |
| 5 | ചീങ്ങവല്ലം | 12 |
| 6 | കരിങ്ങലോട് | 9 |
| 7 | അടിവാരം | 11 |
| 8 | ഇയ്യമ്പാറ | 10 |
| 9 | തോമാട്ടുചാൽ | 8 |

കൂടാതെ സമീപവാസികൾക്ക് സ്വന്തമായി പൈപ്പ് വഴി വിതരണ സൗകര്യം ഉണ്ടാക്കുന്നതിനായി മഞ്ഞപ്പാറയിൽ പഞ്ചായത്ത് തടയണ നിർമ്മിച്ചെങ്കിലും പൂർണമായും ഉപയുക്തമല്ല. ഇത്തരത്തിലുള്ള പ്രാദേശിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയാണെങ്കിൽ ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാക്കും. ചീങ്ങേരി ട്രൈബൽ കോളനി നിവാസികൾക്ക് ജലവിതരണത്തിനായി ട്രൈബൽ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ച പ്രത്യേക ജലവിതരണ പദ്ധതിയും നിലവിലുണ്ട്.

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ 179.29 ലക്ഷംമുടക്കി കോട്ടൂർ ശുദ്ധജല വിതരണ പദ്ധതി 1989-ൽ ആരംഭിച്ചു. 178 ഓപ്പൺ ടാപ്പുകളും 97.8 Km വിതരണ പൈപ്പുകളും സ്ഥാപിച്ച് ഒരു വർഷം പിന്നിട്ടെങ്കിലും പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചില്ല. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണവും, നിലവിലുള്ള കുടിവെള്ള സംരക്ഷണവും ഉറപ്പുവരുത്തുന്നതോടെ നമ്മുടെ ഗ്രാമത്തിലെ ശുദ്ധജല ലഭ്യത ഏതാണ്ട് ഉറപ്പാക്കാനാവുമെന്ന് പ്രത്യാശിക്കാം. ഇതിന് പരമാവധി ഡൊമസ്റ്റിക് കണക്ഷൻ നൽകുകയും ഇനിയും വിതരണലൈൻ നൽകിയിട്ടില്ലാത്ത കേന്ദ്രങ്ങളിലും കുടിവെള്ളം ഏർപെടുത്തുകയും ജല അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് മുന്നോട്ട് നീക്കേണ്ടതും അത്യാവശ്യമാണ്.

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി പരിഗണിക്കുമ്പോൾ കുന്നിൻചരിവുകളിൽ 12 മീറ്റർ വരെ താഴ്ചയിലും കുന്നിൻ മുകളിൽ 20 മീറ്ററിലധികവും താഴ്ചയിൽ മാത്രമേ ജലലഭ്യതയുള്ളൂ. ഇതുകൊണ്ടു തന്നെ, കുന്നിൻമുകളിൽ കിണറുകളുടെ ആവശ്യം ഭീമമായ സാമ്പത്തിക ബാധ്യതയുള്ളതും ജലലഭ്യത കുറഞ്ഞതുമാണ്. ഇത്തരം മേഖലകളിൽ മിനി വാട്ടർ സപ്ലൈസ് കീം പ്രയോഗത്തിൽ കൊണ്ടുവരാവുന്നതാണ്. ആയതിലേക്കായി ഗുണഭോക്താക്കളുടെ പങ്കാളിത്തവും തുടർപ്രവർത്തനവും ഉപയോഗപ്പെടുത്തുവാനും ശ്രമിക്കാവുന്നതാണ്.

**പ്രശ്നങ്ങൾ**

1. നിലവിലുള്ള പൊതുകിണറുകൾ, കേണികൾ എന്നിവ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയും സ്വകാര്യ കിണറുകളടക്കം ക്ലോറിനേറ്റു ചെയ്തും കുടിവെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനമില്ലായ്മ.

പട്ടിക–2

### അമ്പലവയൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| വാർഡ് | കിണർ | കേണി | മിനിവാട്ടർ സപ്ലൈസ്കീം | പൈപ്പ്ലൈൻ(ശുദ്ധ ജലവിതരണ പദ്ധതി) | വിശദീകരണങ്ങൾ |
|---|---|---|---|---|---|
| I | 7 | 4 | 1 | നീട്ടണം | പൈപ്പ് ലൈൻ എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ കേണികൾ നിർമ്മിക്കുക |
| II | 5 | 7 | 2 | നീട്ടണം | |
| III | 3 | 2 | 1 | നീട്ടണം | |
| IV | 3 | 4 | ആശുപത്രിക്ക് മാത്രമായി 2 ഒരു പദ്ധതി | വികാസ് കോളനിശുദ്ധജല പദ്ധതിപൂർത്തീകരിക്കുക | പമ്പും മോട്ടോറും നന്നാക്കുക, എടക്കൽകോളനിയിലേക്ക്പൈപ്പ ലൈൻ നീട്ടണം |
| V | 4 | 5 | | കരിംകുറ്റി, ച്രക്കുട്ടിവയൽ ആനപ്പാറ, താറ്റിയാട്, പുതുക്കാട് ക്വാറി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടണം | മഞ്ഞപ്പാറ, പുതുക്കാട് 4സെന്റ് കോളനിഎന്നിവിടങ്ങളിലെ കിണറുകൾ നന്നാക്കണം |
| VI | 3 | - | 1 തണ്ണിച്ചോല | ഡൽഹിക്കുന്ന് നീട്ടണം | ഒരു കുഴൽ നിർമ്മിക്കണം, അമ്പലകിണർ ആഴം കൂട്ടണം |
| VII | 2 | - | | നീട്ടണം | നടുകൊല്ലിയിൽ കുഴൽ കിണർ ആദിവാസി കോളനികളുടെ സമീപ പ്രദേശത്ത്കിണർ കേണി എന്നിവ നിർമ്മിക്കണം |
| VIII | 2 | 5 | 2 | നീട്ടണം | |
| IX | 2 | 4 | 1 | നീട്ടണം | പായ്ക്കൊല്ലിപുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം നടത്തുക |
| X | | 4 | 1 | നീട്ടണം | |
| XI | 4 | 3 | 1 | നീട്ടണം | |
| XII | 3 | 2 | - | നീട്ടണം | ഒരു കുഴൽ കിണർ മരത്താട്ട് നിർമ്മിക്കുക |

2. പ്രകൃതിദത്ത ജലസ്രോതസ്സുകൾ അശുദ്ധമാക്കാതിരിക്കാൻ പരിസരമലിനീകരണത്തിനെതിരായ ബോധവല്കരണത്തിന്റെ അഭാവം.

3. പൊതുടാപ്പുകളും, മറ്റു കുടിവെള്ള സംവിധാനങ്ങളും ദുരുപയോഗം ചെയ്യുകയും മലിനപ്പെടുത്തുകയും ചെയ്യും വിധം പോറ്റുമൃഗങ്ങളെ കുളിപ്പിക്കുക, വാഹനങ്ങൾ കഴുകുക, ഇഷ്ടികനിർമ്മാണം കെട്ടിടനിർമ്മാണം തുടങ്ങിയവക്കും, കുളി വസ്ത്രം കഴുകൽ എന്നിവക്കും നിയന്ത്രണം ഏർപ്പെടുത്താതിരിക്കുക.

4. സമയബന്ധിതമായി നടപ്പിലാക്കേണ്ട പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ നീണ്ടുപോവുകയും യന്ത്രത്തകരാറും വൈദ്യുതികുഴപ്പവും മറ്റും മൂലം ജലവിതരണം തടസ്സപ്പെട്ടാൽ ചുമതലപ്പെട്ടവർ അലസമായി തക്കസമയത്ത് റിപ്പയർ നടത്താതിരിക്കുക.

5. സർവ്വോപരി സ്ത്രീകളിലും സാധാരണക്കാരിലും ശുദ്ധജലഉപയോഗത്തെ സംബ്ധിച്ചുള്ള ബോധവല്കരണത്തിന്റെ കുറവ്.

**സാധ്യതകൾ**

1. ഗ്രാമപഞ്ചായത്തിൽ ജലഅതോറിറ്റി മനസ്സുവെയ്ക്കുകയും ജനസമ്മർദ്ധം ഉയർന്നുവരുകയും ചെയ്താൽ കോട്ടൂർ പദ്ധതി താമസംവിന കമ്മീഷൻ ചെയ്ത് ജലലഭ്യത സുഗമമാക്കാവുന്നതാണ്.

2. നിലവിലുള്ള കേണികൾ, കിണറുകൾ മിനി ജലവിതരണസംവിധാനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികളും ഉറപ്പാക്കാൻ പഞ്ചായത്ത് ഗുണഭോക്താക്കളുടെ മുൻകൈ പ്രവർത്തനം സംഘടിപ്പിച്ചാൽ ജലമലിനീകരണം ഒഴിവാക്കാവുന്നതാണ്.

3. കുടിവെള്ളത്തിനുള്ള പൊതുസംവിധാനം, കെട്ടിടം പണി, വാഹനം കഴുകൽ, തുടങ്ങിയവയ്ക്കായി ദുർവിനിയോഗം ചെയ്യുന്നതും ജലം മലിനമാക്കുന്ന വിധം വസ്ത്രം കഴുകൽ കുളി എന്നിവ നടത്തുന്നതും കർശനമായി നിരോധിക്കുകയും അത്തരം പ്രവർത്തനങ്ങളെ തടയുന്ന ജനങ്ങളുടെ ഇടപെടലും ഉറപ്പാക്കിയാൽ ജലമലിനീകരണം ഉറപ്പാക്കി ജലമലിനീകരണം തടയാനാകും.

4. പ്രകൃതിദത്ത അരുവികളും ഉറവകളും സംരക്ഷിക്കുകയും മഴവെള്ളം പാഴായിപ്പോവുന്നത് തടയാൻ ബണ്ടുകൾ, കയ്യാലകൾ, നീർക്കുഴികൾ എന്നിവ നിർമ്മിച്ച് സംരക്ഷിപ്പിക്കുകയും ചെയ്ത് ഉപരിതലജലനിരപ്പ് ഉയർത്താവുന്നതും വരൾച്ചാ കാലത്ത് ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

5. മരങ്ങൾ വെച്ചുപിടിപ്പിക്കുകയും വനനശീകരണം തടയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്താൽ ഉപരിതലജലലഭ്യതയുടെ ശോഷിപ്പ് നിയന്ത്രിക്കാനാവും.

6. അരുവികൾ, തോടുകൾ, കൊല്ലിപ്രദേശങ്ങൾ എന്നിവയുടെ കരയിൽ ഇല്ലി, കൈത, പുൽവർഗ്ഗങ്ങൾ എന്നിവ നട്ടുവളർത്തി ഉറവ നിലനിർത്താൻ കഴിയും.

7. കുന്നിൻപ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനുപകരം മിനി ജല വിതരണ പദ്ധതികൾ (ജനങ്ങളുടെ പങ്കാളിത്തത്തിലും ഉത്തരവാദിത്വത്തിലും) നടപ്പാക്കുക.

കുടിവെള്ളക്ഷാമം സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പട്ടിക രണ്ടിൽ ചേർക്കുന്നു.

**പരിസരശുചിത്വം**

ശുചിത്വത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ ഏറ്റവും പ്രാധാന്യം നൽകേണ്ടത് വ്യക്തി ശുചിത്വത്തിനാണ്. ശുചിത്വമുള്ള വ്യക്തിയിലേ ആരോഗ്യമുള്ള മനസ്സും ശരീരവും ഉണ്ടാവൂ. പരിസരശുചിത്വം, വീടും പരിസരവും ഉൾപ്പെടുന്ന ഭാഗത്ത് നിന്നാരംഭിക്കണം. വ്യവസായവൽക്കരണം, മോട്ടോർ വാഹനങ്ങൾ തുടങ്ങിയ ആധുനിക വികാസത്തിന്റെ ദൂഷ്യവശം എന്ന നിലയിൽ പരിസരമലിനീകരണം ഗൗരവമായ പ്രശ്നമാണ്. നമ്മുടെ ഗ്രാമം വ്യവസായരഹിതപ്രദേശമാണെങ്കിലും വാഹനങ്ങളുടെ ആധിക്യവും ജനപ്പെരുപ്പവും പൊതു അങ്ങാടികളുടെയും, പൊതു സ്ഥാപനങ്ങളുടെയും വളർച്ചയും റോഡുകൾ എടുപ്പുകൾ എന്നിവയുടെ നിർമ്മാണരീതിയുടെയും മറ്റും ഭാഗമായി പരിസരശുചിത്വ പ്രശ്നം ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു. ഈ ഗ്രാമത്തിലെ ഇടത്തരക്കാരടക്കമുള്ള ബഹുഭൂരിപക്ഷം വീടുകൾക്കും അനുബന്ധമായി ആരോഗ്യകരമായ കക്കൂസ്, സംവിധാനമില്ല. പഞ്ചായത്തിന്റെ ആസ്ഥാനമടക്കം പ്രധാനകേന്ദ്രങ്ങളിൽപ്പോലും പൊതു കക്കൂസോ മൂത്രപ്പുരയോ ഇല്ല. ബഹുഭൂരിപക്ഷം സ്കൂളുകൾക്കും മതിയായ യൂറിനൽ സംവിധാനമില്ലാത്തതും പരിമിതമായി ഉള്ളതുതന്ന പരിരക്ഷിക്കപ്പെടാതെ വൃത്തിഹീനമായി കിടക്കുകയാണ്. ശാസ്ത്രീയമായ അറവുശാലകളോ മത്സ്യമാംസ വില്പനസ്റ്റാളുകളോ ഈ ഗ്രാമത്തിലില്ല. ഭക്ഷ്യാവശ്യങ്ങൾക്ക് കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളെ പരിശോധിക്കുകയും അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടുന്നില്ല. റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ ഓടകൾ ഉണ്ടാക്കാതിരിക്കുകയും ഉള്ളവതന്നെ വൃത്തിയായി സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്നു. ഈച്ച, കൊതുക് തുടങ്ങിയ രോഗാണു വാഹികളായ ജീവികളെ നശിപ്പിക്കാൻ നടപടികൾ ഇല്ല. കുടിവെള്ളം മലിനമാകാത ഇരിക്കാനുള്ള നടപടികളൊ ശുചീകരണ പ്രക്രിയകളോ നടക്കുന്നില്ല. ഈ സാഹചര്യത്തിൽ നമ്മുടെ ഗ്രാമത്തിന്റെ ശുചിത്വത്തിനും ജനതയുടെ ആരോഗ്യത്തിനും ഭീഷണിയായി തീർന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ കെട്ടിടനിർമ്മാണ ചട്ടം ബാധകമല്ലാത്തതുകൊണ്ട് കെട്ടിടനിർമാണത്തിന്റെ അശാസ്ത്രീയത നിയന്ത്രിക്കാൻ ആവുന്നില്ല. പുതിയ കെട്ടിടങ്ങളോടനുബന്ധിച്ച് പരിസര ശുചിത്വ സംവിധാനം ഉണ്ടാവുന്നില്ല. പാവപ്പെട്ടവർക്ക് ഭവന

നിർമ്മാണസഹായങ്ങൾ നൽകുമ്പോൾ പോലും കക്കൂസ്, കുളിമുറി എന്നിവ നിർബന്ധമാക്കുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് പൊതുകക്കൂസുകൾ നിർമ്മിക്കുമ്പോൾ ജലലഭ്യത പോലും പരിഗണിക്കാത്തത് കാരണം പലതും വൃത്തിഹീനമായി രോഗാണു സങ്കേതങ്ങളാകുന്നു. ജനങ്ങൾ കുറവായിരുന്ന കാലത്തേതുപോലെ തുറസ്സായ സ്ഥലത്ത് വിസർജനം നടത്തുന്ന ശീലം ഇന്നും തുടരുന്നു.

**പ്രശ്നങ്ങൾ – സാദ്ധ്യതകൾ**

1) പഞ്ചായത്ത് ആസ്ഥാനമടക്കം ജനങ്ങൾ ഒത്തുകൂടുന്ന പ്രധാനകേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ നിർമിച്ച് മലിനീകരണം തടയാവുന്നതാണ്.

2) കെട്ടിടനിർമാണചട്ടം ബാധകമാക്കിയാൽ എടുപ്പുകളുടെ നിർമാണത്തോടൊപ്പം തന്നെ ശുചീകരണസംവിധാനങ്ങൾ സൃഷ്ടിക്കപ്പെടും.

3) റോഡുകൾക്ക് ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിച്ച് മലിനജലം ഒഴിവാക്കുകയും നിലവിലുള്ള ഓടകളിൽ ചപ്പുചവറുകൾ ഓടമൂടി ദുർവിനിയോഗം ചെയ്യുന്നതും ശിക്ഷാർഹമാക്കുകയും ചെയ്താൽ കൊതുകുശല്യം, അന്തരീക്ഷ മലിനീകരണം എന്നിവ തടയാനാകും.

4) സ്കൂൾ പി. ടി. എ. കളും, വ്യാപാരിവ്യവസായി പോലെയുള്ള സംഘടനകളും ശുചിത്വ കർമ്മപരിപാടികൾ ആവിഷ്കരിച്ച് സ്കൂളുകൾക്ക് അനുബന്ധമായും പ്രധാന വ്യാപാരകേന്ദ്രങ്ങളിലും ആവശ്യമായ മലമൂത്രവിസർജന സംവിധാനം ഉണ്ടാക്കി പരിരക്ഷിക്കുകയും പഞ്ചായത്ത് ആരോഗ്യ പ്രവർത്തർ ഇവയ്ക്ക് മേൽനോട്ടം വഹിക്കുകയും ചെയ്താൽ ഈ രംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കാവുന്നതാണ്.

5. നമ്മുടെ ഗ്രാമത്തിലെ ഗവർമെന്റ് ഡിസ്പൻസറിയിലെ കക്കൂസുകളും ഓടകളും വൃത്തിയാക്കി ഈ വിധ പ്രവർത്തനങ്ങൾക്കും മാതൃകയായാൽ അതൊരു നേതൃത്വമായിരിക്കും.



5.5

# വ്യവസായം

അമ്പലവയലിന്റെ വ്യാവസായിക ചരിത്രം ആരംഭിക്കുന്നത് 1950 കളിലാണ്. ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് ചില സുപ്രധാന സംഭവങ്ങളാണല്ലോ. വയനാട് കൊളനൈസേഷൻ പദ്ധതി ഇത്തരത്തിലൊന്നാണ്.

ഈ പദ്ധതിയോടനുബന്ധിച്ച് വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു `ഫ്രൂട്ട് കാനിങ്ങ്' യൂണിറ്റ് ആരംഭിച്ചു. പഴവർഗ്ഗങ്ങളുടെ സംസ്കരണവും വിപണനവുമായിരുന്നു ലക്ഷ്യം. ഇതിനാവശ്യമായ കെട്ടിടവും യന്ത്രസാമഗ്രികളും സജ്ജമാക്കുകയും പ്രവർത്തന മൂലധന മുടക്കിന് വക കൊള്ളിക്കയും ചെയ്തിരുന്നു. വയനാടിന്റെ പ്രകൃതി, കാലാവസ്ഥ, കൃഷിരീതി, എന്നിവയോട് വളരെ പൊരുത്തപ്പെടുന്ന ഒന്നായിരുന്നു ഈ യൂണിറ്റ്. എന്നാൽ, സംവിധാനങ്ങളുടെ പോരായ്മയും ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലായ്മയും കാരണം അടച്ചു പൂട്ടപ്പെടുകയാണുണ്ടായത്.

കുടിയിരുത്തപ്പെട്ട വിമുക്തഭടന്മാരുടെ തൊഴിലവസരം വികസിപ്പിച്ചുകൊണ്ട് അവർക്കൊരു ജീവിതമാർഗ്ഗം പ്രദാനം ചെയ്യുക. എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പട്ടുനൂൽ വ്യവസായമാണ് മറ്റൊന്ന്. പ്രവർത്തനം തുടങ്ങിയ ഒരു പദ്ധതിയാണിത്. അഞ്ച് ഏക്ര സ്ഥലവും കെട്ടിട സൗകര്യങ്ങളും ഒരുക്കി മൾബറിച്ചെടി വച്ചുപിടിപ്പിച്ചു. കൊക്കൂൺ സംസ്കരണവും തുടങ്ങി. ഈ പദ്ധതി ഇന്ന് ഉദ്ദേശിച്ച രീതിയിൽ വികസിച്ചിരുന്നുവെങ്കിൽ ദക്ഷിണേന്ത്യയിലെ തന്നെ എണ്ണപ്പെട്ട ഒരു പട്ടുനൂൽ വ്യവസായ കേന്ദ്രമാകുമായിരുന്നു അമ്പലവയൽ.

ഹരിജൻ പുനരധിവാസ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ ഒരു ഫർണീച്ചർ നിർമ്മാണ യൂണിറ്റ് ചീങ്ങേരിയിൽ സ്ഥാപിച്ചിരുന്നു. കൈത്തൊഴിലുകാർക്ക് കൂടുതൽ തൊഴിലവസരം നൽകുക, ആവശ്യമായവർക്ക് തൊഴിൽ പരിശീലനം നൽകുക എന്നതായിരുന്നു ലക്ഷ്യം.

എന്നാൽ മുകളിൽ സൂചിപ്പിച്ച വൈകല്യങ്ങൾ കാരണം ഈ പദ്ധതിയും ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു.

## പരമ്പരാഗത വ്യവസായങ്ങൾ

ഇവിടുത്തെ മണ്ണും പ്രകൃതിയുമായി പൊരുത്തപ്പെട്ട നൂറ്റാണ്ടുകളായി രൂപപ്പെട്ട ഈ വ്യവസായങ്ങൾ നിലനിൽപിനുവേണ്ടി കഷ്ടപ്പെടുകയാണ്. ആദിവാസികൾ ഉൾപ്പെട്ട ജനവിഭാഗത്തിന്റെ ജീവിതമാർഗ്ഗമായിരുന്നു ഇവയിലധിക പങ്കും. ഇന്ന് പലരും ജീവിതമാർഗ്ഗം തേടി തങ്ങളുടെ ജീവിതരീതിയും ചര്യകളുമായി തീരെ പൊരുത്തമില്ലാത്ത മേഖലകളെ ശരണം പ്രാപിച്ചു കൊണ്ടിരിക്കുന്നു. ഇത് ആശാവഹമായ മാറ്റമല്ല.

കൊരമ്പക്കൊട, കൊമ്മകുട്ട, പരമ്പ്, മുറം,

മീൻ പിടിക്കുന്നതിനും നായാടുന്നതിനും ആവശ്യമായ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ആദിവാസികൾ തങ്ങളുടെ കരവിരുത് പ്രകടിപ്പിച്ചിരുന്നു. ഇന്ന്, ഈറ്റ, മുള എന്നിവയുടെ ലഭ്യതക്കുറവ്, ഇവ ഇടതൂർന്ന് വളർന്നിരുന്ന ചതുപ്പുകളുടെ രൂപഭേദപ്പെടുത്തൽ എന്നീ കാരണങ്ങൾ മൂലം ഈ കൈത്തൊഴിലുകൾ ഇവിടെനിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ഒരു കുടുംബം മുഴുവൻ ഈ ജോലികളിൽ വ്യാപൃതരായിരുന്നുവെന്നുള്ളതാണ് പ്രത്യേകത. ആയതിനാൽ പാരമ്പര്യ, കൈത്തൊഴിലുകളുടെ പുനരു ജ്ജീവനത്തിന് നാം വലിയ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

മൺപാത്രനിർമ്മാണമാണ് ഭീകരമായ പ്രതിസന്ധിയെ നേരിടുന്ന മറ്റൊരു തൊഴിൽരംഗം. പശിമയുള്ള മണ്ണ് കിട്ടാനില്ലാത്തതാണ് പ്രധാനകാരണം. അമിതമായ രാസവള കീടനാശിനി പ്രയോഗം മണ്ണിന്റെ പശിമ നഷ്ടപ്പെടുത്തി ഇത്തരം മണ്ണുകൊണ്ടുള്ള പാത്രങ്ങൾ പെട്ടെന്ന് വിള്ളുകയും ഉപയോഗ ശൂന്യമാവുകയും ചെയ്യുന്നു. അലൂമിനിയം, സ്റ്റീൽ പാത്രങ്ങളുടെ ഉപയോഗം വ്യാപകമായതും ഈ തൊഴിലിൽ പിടിച്ചു നിർത്താൻ ഇവരെ പ്രേരിപ്പിക്കുന്ന മറ്റ് പ്രോത്സാഹനങ്ങൾ ഇല്ലാത്തതും മൺപാത്ര നിർമ്മാണത്തെ അനാകർഷകമാക്കി.

ആധുനിക വ്യാവസായിക ഉൽപ്പന്നങ്ങളുമായി മത്സരിച്ച് നിൽക്കാനുള്ള കഴിവില്ലായ്മ, ഉപഭോക്താക്കളുടെ അഭിരുചിയിൽ വന്ന മാറ്റം, സാമ്പത്തിക സാങ്കേതിക സഹായങ്ങളുടെ ദൗർല്ലഭ്യം തുടങ്ങിയ ഒട്ടനവധി വെല്ലുവിളികൾ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്നു.

പപ്പട നിർമ്മാണം, ഇരുമ്പു പണി എന്നീ മേഖലയിലേക്കും വൻകിട കമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങളുമായി എത്തിയതോടെ അത്തരം തൊഴിലുകൾ ചെയ്ത് ഉപജീവനം കഴിച്ചിരുന്നവർ ഈ മേഖലയെ കൈയ്യൊഴിഞ്ഞു തുടങ്ങി.

ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ ധനസഹായത്തോടെ അടുത്ത കാലത്ത് ചീങ്ങേരിയിൽ ആരംഭിച്ച ചീവക്കാ സംസ്കരണ യൂണിറ്റ് ഇപ്പോൾ പ്രവർത്തന രഹിതമാണ്. വലിയൊരു തൊഴിൽ ദാദാവായി മാറാൻ കഴിയുമായിരുന്ന ഈ സ്ഥാപനം ഇങ്ങനെയായിത്തീർന്നതിന്റെ കാരണങ്ങൾ അന്വേഷണവിധേയമാക്കേണ്ടതുണ്ട്: (പട്ടിക ഒന്ന് നോക്കുക)

**നിലവിലുള്ള വ്യവസായ സംരഭങ്ങൾ.**

പഞ്ചായത്തിൽ ചെറുതും വലുതുമായി മൊത്തം 108 വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇവയിൽ നാലെണ്ണം സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു. ബാക്കി സ്വകാര്യ സംരംഭങ്ങളാണ്. നേരിയ തോതിൽ പരമ്പരാഗത വ്യവസായങ്ങളും നിലവിലുണ്ട്. ഇവയിൽ എല്ലാംകൂടി 2474 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരിൽ 1291 പേർ സ്ത്രീകളും 1183 പേർ പുരുഷന്മാരുമാണ്. ഇവയെക്കുറിച്ചുള്ള വിവരങ്ങൾക്ക് പട്ടിക രണ്ട്, നാല് നോക്കുക

**സ്ത്രീകളുടെ പങ്കാളിത്തം:**

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.96% മാത്രമാണ് വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നത്. ഇതിൽ 52% സ്ത്രീകളാണ്. കരിങ്കൽ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉള്ളതുകൊണ്ടും നാമമാത്രമായിട്ടാണെങ്കിലും സ്ത്രീകൾക്ക് തൊഴിൽ കൊടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള വനിതാസംരംഭങ്ങൾ പ്രവർത്തിക്കുന്നതുമാണിതിനു കാരണം. സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ മേഖല സൃഷ്ടിക്കുകയാണെങ്കിൽ കൂടുതൽ പേരെ ആകർഷിക്കാൻ കഴിയും.

**സഹകരണ മേഖല**

അമ്പലവയലിന്റെ വ്യാസായിക ഭൂപടത്തിൽ സഹകരണ മേഖലക്ക് ഒരു സ്ഥാനമുണ്ട്. അമ്പലവയൽ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ വ്യവസായ സംരംഭങ്ങൾ എന്ന നിലക്ക് പതിനൊന്ന് തൊഴിലാളികൾ ജോലി ചെയ്യുന്ന കാലിത്തീറ്റ ഫാക്ടറിയും ആറ് സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. 2500ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്ന കരിങ്കൽ വ്യവസായ മേഖലയിൽ, വയനാട് മൈനിങ്ങ് ആന്റ് മരാമത്ത്

പട്ടിക 1, പരമ്പരാഗത വ്യവസായങ്ങൾ

| ക്രമനമ്പർ | വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | പപ്പടനിർമ്മാണം | 3 | 3 | 5 | 8 |
| 2 | കൊട്ടനിർമ്മാണം | 2 | 2 | 4 | 6 |
| 3 | കളിമൺപാത്ര നിർമ്മാണം | 2 | 2 | 3 | 5 |
| 4 | ഇരുമ്പുപണി | 16 | 16 | – | 16 |
| | ആകെ | 23 | 23 | 12 | 35 |

പട്ടിക 3

വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമനമ്പർ | വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | ആംകോ കാലിതീറ്റ ഫാക്ടറി | 1 | 11 | – | 11 |
| 2 | ക്ഷീരോല്പന്ന നിർമ്മാണം | 1 | – | 6 | 6 |
| 3 | വയനാട് മൈനിംഗ് & മരാമത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | 1 | 30 | 20 | 50 |
| 4 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ വനിതാ സംഘം | 1 | – | 20 | 20 |
| | ആകെ | 4 | 41 | 46 | 87 |

വർക്കേഴ്സ് ഇന്റസ്ട്രിയൽ കോർപ്പേറേറ്റീവ് സൊസൈറ്റി എന്ന പേരിൽ തൊഴിലാളികളുടെ ഒരു സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. വനിതാസഹകരണസംഘം റെഡിമെയ്ഡ് വസ്ത്രനിർമ്മാണം നടത്തിവരുന്നു.

കൈത്തൊഴിൽ, ഗ്രാമീണവ്യവസായങ്ങൾ തുടങ്ങിയവയുടെ വികസനത്തിന് നിർലോഭമായ സാമ്പത്തികസഹായം നൽകുന്ന ഖാദിഗ്രാമ വ്യവസായ ബോഡിന്റെ പ്രവർത്തനമേഖല ഈ പഞ്ചായത്തിലേക്ക് വ്യാപിച്ചിട്ടില്ല. ഈറ്റകൊണ്ടുള്ള കുട്ട, പരമ്പ്, എന്നിവയുടെ നിർമ്മാണം, വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന വിവിധ ഇനം വ്യവസായങ്ങൾ എന്നിവ ഈ ഏജൻസിയുടെ കീഴിൽ, സഹകരണമേഖലയിൽ തന്നെ സംഘടിപ്പിക്കേണ്ടതാണ്. (പട്ടിക 3)

**സ്വകാര്യമേഖല**

ഈ അടുത്തകാലത്ത്, ഉയർന്ന ഉല്പാദനക്ഷമതയും, ആധുനികസാങ്കേതിക സജ്ജീകരണങ്ങളും ഉള്ള ഒരു ബിസ്ക്കറ്റ് ഫാക്ടറി അമ്പലവയലിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വ്യവസായസംരംഭകരെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമായ മറ്റൊരു സംരംഭമാണ് തോമാട്ടുചാലിൽ ആരംഭിച്ചിട്ടുള്ള തേയിലഫാക്ടറി. ചെറുകിട കർഷകർ തേയിലകൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാർഷികമേഖലയ്ക്ക് ഗുണകരമായൊരു സംരംഭമായി ഇതിനെ കണക്കാക്കാം.

പട്ടിക. 4
വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

| മേഖല | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| ചെറുകിട വ്യവസായം | 1119 | 1233 | 2352 |
| സഹകരണം | 41 | 46 | 87 |
| പരമ്പരാഗത വ്യവസായം | 23 | 12 | 35 |
| ആകെ | 1183 | 1291 | 2474 |

വിവിധമേഖലകളിലായി വിന്യസിച്ചിരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളും ഉണ്ട്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, ബേക്കറികൾ, കാപ്പി-കറിപൗഡർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കരിങ്കൽക്വാറി, അച്ചടിശാലകൾ, മെക്കാനിക്കൽ വർക്ക് ഷോപ്പുകൾ, സർവീസ്സ്റ്റേഷൻ, സോഡാ ഫാക്ടറി, ഇഷ്ടികനിർമ്മാണം എന്നിവയിൽ ഇവ പരിമിതപ്പെടുന്നു.

വ്യവസായങ്ങൾ വളർത്തുന്ന കാര്യത്തിൽ അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിലും വ്യവസായസംരംഭകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. സഹായവും വായ്പയും നൽകാൻ ചുമതലപ്പെട്ട ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും, ലൈസൻസ് നൽകേണ്ട അധികൃതരും, വൈദ്യുതി ബോഡും അനുവർത്തിച്ചുവരുന്ന കർക്കശവും മേധാവിത്തപരവുമായ സമീപനങ്ങൾ വ്യവസായ സംരംഭകരെ പിൻതിരിപ്പിക്കുന്നതാണ്. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ദൗർല്ലഭ്യവും, വിപണന സൗകര്യങ്ങളുടെ കുറവും, ഗതാഗത-വാർത്താവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തതയും വ്യവസായ വളർച്ചക്ക് വിലങ്ങുതടിയാണ്.

**പ്രശ്നങ്ങൾ**

1. വ്യവസായസംരംഭകർക്കുള്ള പരിശീലന സംവിധാനത്തിന്റെ കുറവ്

2 ഗതാഗതവാർത്താവിനിമയങ്ങളുടെ അപര്യാപ്തത

3. വൈദ്യുതിപ്രശ്നങ്ങൾ

4. അസംസ്കൃതവസ്തുക്കളുടെ ദൗർല്ലഭ്യം

5. വിപണനസാധ്യത കുറവ്

6. സാമ്പത്തിക സഹായങ്ങളും വായ്പകളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

7 ഖാദിഗ്രാമവ്യവസായ ബോർഡ് പോലെയുള്ള ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഏജൻസികളുമായുള്ള ബന്ധമില്ലായ്മ.

**സാധ്യതകൾ**

1 പഴവർഗങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യപാനീയ ഉൽപന്നങ്ങളുടെ നിർമ്മാണം.

2. കാപ്പിത്തൊണ്ട് ഉപയോഗിച്ചുള്ള ജൈവവള നിർമ്മാണം

3. എല്ലുപൊടി, തുകൽ സംസ്കരണം

4. മാംസ സംസ്കരണം

5. തേനീച്ച വളർത്തൽ

6. കുട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം

പട്ടിക. 2
അമ്പലവയൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | വ്യവസായങ്ങൾ | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | സിമന്റ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം | 3 | 5 | 10 | 15 |
| 2 | ഇഷ്ടിക നിർമ്മാണം | 4 | 20 | 20 | 40 |
| 3 | ഫർണിച്ചർ നിർമ്മാണം | 2 | 3 | - | 3 |
| 4 | ഈർച്ചമിൽ | 1 | 3 | - | 3 |
| 5 | ബേക്കറി | 2 | 6 | 11 | 17 |
| 6 | അച്ചടിശാല | 2 | 3 | 7 | 10 |
| 7 | ടയർ റീസോളിംഗ് | 2 | 5 | - | 5 |
| 8 | പ്ലാസ്റ്റിക് | 1 | 2 | 3 | 5 |
| 9 | കാപ്പി-കറിപൗഡർ | 3 | 2 | 4 | 6 |
| 10 | നെല്ല്-കാപ്പി കുത്തുമില്ലുകൾ | 30 | 30 | 1 | 31 |
| 11 | യൂക്കാലി വാറ്റൽ | 5 | 10 | 2 | 12 |
| 2 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 10 | 10 | 25 | 35 |
| 13 | മെക്കാനിക്കൽ വർക്ക്ഷോപ്പ് | 6 | 8 | - | 8 |
| 14 | ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ് | 2 | 2 | - | 2 |
| 15 | റേഡിയോ&ഇലക്ട്രോണിക്സ് വർക്ക്ഷോപ്പ് | 6 | 6 | - | 6 |
| 16 | സർവ്വീസ് സ്റ്റേഷൻ | 1 | 2 | - | 2 |
| 17 | സോഡാ ഫാക്ടറി | 2 | 2 | - | 2 |
| 18 | കരിങ്കൽ ക്വാറി | 22 | 1000 | 1050 | 2150 |
| | ആകെ | 104 | 1119 | 1233 | 2352 |

7. ഫർണീച്ചർ നിർമ്മാണം

8 വീട്ടിവേര്, കാപ്പിത്തടി എന്നിവ ഉപയോഗിച്ചുള്ള ദാരുശില്പങ്ങളുടെ നിർമ്മാണം

9. മുരിക്ക്, സിൽവർ ഓക്ക് മറ്റു പാഴ്മരങ്ങൾ ഉപയോഗിച്ചുള്ള പാക്കിംഗ് സാധനങ്ങളുടെ നിർമ്മാണം

10. റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം

11. അച്ചാർ, കൊണ്ടാട്ടം, ചിപ്സ് തുടങ്ങിയവയുടെ നിർമ്മാണം

12. ടൂറിസം

13. വ്യവസായസംരംഭങ്ങളുടെ ഭാഗമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.

14 അടക്ക സംസ്കരണഫാക്ടറി സഹകരണമേഖലയിൽ

15. കുപ്പമുടി സാറ്റാർച്ച് ഫാക്ടറിയുടെ സ്ഥലവും കെട്ടിടവും ഉപയോഗിച്ച് സഹകരണമേഖലയിൽ പാഴ്ത്തടികൾകൊണ്ട് പാക്കിംഗ് സാധനങ്ങൾ നിർമ്മിക്കാനുള്ള ഫാക്ടറി

16. ഇഞ്ചി കുരുമുളക് സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ സംസ്കരണം ചീങ്ങേരി ചീവക്കാ ഫാക്ടറിയുടെ കെട്ടിടവും സ്ഥലവും ഉപയോഗിച്ച് ആദിവാസി സമൂഹത്തിന് തൊഴിൽ നൽകുന്ന ഒരു സംരംഭമായി സഹകരണമേഖലയിൽ കൊണ്ടുവരാവുന്നതാണ്.

**സാധ്യതയുള്ള മറ്റു വ്യവസായങ്ങൾ**

1. വൻകിട വ്യവസായം : സിമിന്റുനിർമ്മാണ യൂണിറ്റ് (കളത്തുവയൽ) കാരാപ്പുഴയിലെ വെള്ളവും ചീങ്ങേരി പാറയും ഉപയോഗിച്ച്.

2. ഇടത്തരം വ്യവസായം : കാരാപ്പുഴ കാച്ച്മെന്റ് ഏരിയയിൽ ഇറച്ചി, തോൽ, എല്ല് സംസ്കരണവും കയറ്റുമതിയും.

3 ചെറുകിട വ്യവസായം 1.ഇഷ്ടികനിർമ്മാണം 2 .കാർഷികോപകരണ നിർമാണശാല. 3. ഡ്രൈക്ലീനിങ്ങ് യൂണിറ്റ്. 4 വാഴനാര് കാപ്പിത്തൊണ്ട്, കുരുമുളക് ചണ്ടി എന്നിവ ഉപയോഗിച്ച്. 5. നെല്ലുകുത്തി പാക്കറ്ററി, പൊടിയരി, അരിപ്പൊടി എന്നിവ ഉണ്ടാക്കുന്ന യൂണിറ്റ്. 6 ഗോതമ്പ് പൊടിച്ചുവിൽക്കുന്ന യൂണിറ്റ്. 7. ആടുവളർത്തൽ, പന്നി വളർത്തൽഫാം 8. റബ്ബർ പാലും ഷീറ്റും ഉപയോഗിച്ചുള്ളവ. 9. കുട, ബുക്ക്, ബേഗ് എന്നിവയുടെ നിർമ്മാണ യൂണിറ്റ്. 10. പലഹാരനിർമ്മാണം.

**അടച്ചുപൂട്ടിക്കിടക്കുന്ന സംരംഭങ്ങൾ**

1. കുപ്പമുടി സ്റ്റാർച്ച് ഫാക്ടറി 2. ചീങ്ങേരി ചീവക്കാ ഫാക്ടറി 3. റാട്ടക്കുണ്ട് നെയ്ത്തുശാല. 4 ആദിവാസി സഹകരണസംഘം വക കരിങ്കൽകോറി.

> "ഒരു യന്ത്രത്തിന്റെ യഥാർത്ഥ സ്ഥാനം ഉപകരണമെന്ന നിലയിൽ മനുഷ്യന്റെ കൈകളിലാണ്. പക്ഷെ മനുഷ്യനെ യന്ത്രത്തീറ്റയാക്കി മാറ്റിയാൽ സർവ്വവും തലകീഴാവും. യന്ത്രത്തിനു വേണ്ടിയല്ല മനുഷ്യൻ നിലകൊള്ളുന്നത്"
>
> **(കുമരപ്പ)**



5.6

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

മറ്റേതൊരു വികസന മേഖലയെയും പോലെ വിമുക്തഭട പുനരധിവാസ കോളനികളുടെ രൂപീകരണവും, ചീങ്ങേരി ദേശത്തെ കുടിയേറ്റവുമാണ്, ഈ പ്രദേശത്ത് ഗതാഗത സൗകര്യങ്ങൾക്ക് നാന്ദിയായത്. ആദികാലങ്ങളിൽ ആദിവാസികളും, ചെട്ടിമാരും ഉപയോഗിച്ചിരുന്നത് വനനിബിഢമായ പ്രദേശത്തെ ഊടുവഴികളായിരുന്നു. എന്നാൽ കോഴിക്കോട് ഊട്ടി റോഡിൽ വടുവഞ്ചാലിൽ നിന്നും മഞ്ഞപ്പാറ വരെയുള്ള കാളവണ്ടിപാത ഉണ്ടായിരുന്നു. അന്യ പ്രദേശങ്ങളിൽ നിന്ന് മരച്ചീനി കൃഷിക്കായി വന്നവർ തങ്ങളുടെ ഉൽപ്പന്നങ്ങൾ കയറ്റി അയക്കുന്നതിനും ഇംഗ്ലീഷ് സ്കോട്ടിഷ് കമ്പനികളുടെ ഉടമസ്ഥതയിലുണ്ടായിരുന്നറബ്ബർ എസ്റ്റേറ്റുകളിൽ നിന്ന് മരം മുറിച്ചു മാറ്റുന്നതിനും, കൈവശഭൂമിക്ക് പട്ടയം ലഭിച്ചപ്പോൾ മരവില അടക്കുന്നതിനായി തടികൾ കടത്തിക്കൊണ്ടു പോകുന്നതിനും പുതിയ മൺറോഡുകൾ നിർമ്മിക്കുകയുണ്ടായി.

1960കളുടെ അവസാന കാലഘട്ടം വരെ കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നതിനും, നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് മേപ്പാടി, മീനങ്ങാടി, ബത്തേരി തുടങ്ങിയ അങ്ങാടികളുമായി ബന്ധപ്പെട്ടിരുന്നത് കാൽ നടയായിട്ടായിരുന്നു. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് മഞ്ചലും തുണിക്കസേരയും ഉപയോഗിച്ചിരുന്നു. ജനപങ്കാളിത്തത്തോടുകൂടിയാണ് അക്കാലത്ത് പ്രധാനപ്പെട്ട പല റോഡുകളുടെയും നിർമാണം നടന്നിരുന്നത്. കോളനിപ്രദേശത്തെ മഞ്ഞപ്പാറ നെടുമ്പാല മേപ്പാടി റോഡ് ഇവയിൽ പ്രധാനപ്പെട്ടവയാണ്.

ആയിരത്തി തൊള്ളായിരത്തി അറുപത്തിഒന്നിൽ അമ്പലവയൽ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ മേപ്പാടി പഞ്ചായത്തിൽ നിന്നും ചേർത്ത പ്രദേശങ്ങളിൽ റോഡുനിർമ്മാണത്തിനും സംരക്ഷണത്തിനും തുക ചിലവഴിച്ചതായി റിക്കാർഡുകളിൽ കാണാം. കോളനൈസേഷന്റെ ഭാഗമായി വിവിധ റോഡുകളുടെ നിർമ്മാണം നടന്നു. കാർഷിക വിഭവങ്ങൾ കാളവണ്ടിയിൽ വില്പനകേന്ദ്രത്തിൽ എത്തിക്കുന്നതിന് കൃഷിക്കാർ കൂട്ടായ്മയോടെ നിർമ്മാണം നടത്തിയിരുന്നു എന്നതാണ് ഗതാഗതമേഖലയുടെ ചരിത്രപശ്ചാത്തലം. പഞ്ചായത്തു രൂപീകരണത്തോടെ ഗതാഗതമേഖലയിൽ സാരമായ മാറ്റങ്ങൾ കണ്ടുതുടങ്ങി. പരിമിതമായ പഞ്ചായത്ത് വിഭവവും ജനശക്തിയും സമന്വയിപ്പിച്ച ഒട്ടേറെ ഗ്രാമീണറോഡുകളുടെ നിർമാണപ്രവർത്തനങ്ങൾ നടത്തുകയും പഞ്ചായത്തിന്റെ വർദ്ധിച്ചുവന്ന വരുമാനവിഹിതവും LInk Roads, NREP RLEGP എന്നീ സ്കീമുങ്ങളിൽനിന്നും ലഭിച്ച ധനസഹായവും വിനിയോഗിച്ച് പല ഗ്രാമീണ റോഡുകളുടെ ഉപരിതല പരിഷ്കരണവും നടന്നു. JRY, അൺ ടൈഡ് ഫണ്ട് എന്നീ സ്കീമുങ്ങളുടെ ആവിർഭാവത്തോടെ പ്രകടമായ മാറ്റം കാണപ്പെട്ടു. എന്നാൽ വിവിധ പദ്ധതിയിൽ ടാർ ചെയ്ത റോഡുകൾ യഥാസമയം സംരക്ഷണ പ്രവർത്തികൾ നടക്കാത്തതിനാൽ ഗതാഗതയോഗ്യ

മല്ലാതായിത്തീർന്നു. അമ്പലവയൽ പഞ്ചായത്തിൽ 61.350 k.M ടാർറോഡും 34.3 k.M സോളിംങ് റോഡും 156.5 K.M മൺറോഡും നിലവിലുണ്ട്. ഇതിൽ കൊളഗപ്പാറ-വടുവഞ്ചാൽ അമ്പലവയൽ - ചുള്ളിയോട് pwd റോഡുകളൊക്കെ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. സോളിങ്ങ് റോഡുകൾ ടാർ ചെയ്യണമെന്നും മുഴുവൻ നടപ്പാതകളും കല്ല് വിരിച്ച് സഞ്ചാരയോഗ്യമാക്കണമെന്നും, ഗതാഗതസൗകര്യമില്ലാത്തതിനാൽ കാൽനടയാത്ര ചെയ്യേണ്ടിവരുന്നുവെന്നതും പന്ത്രണ്ട് വാർഡുകളിലെ റിപ്പോർട്ടുകളിലും പ്രതിപാദിക്കുന്നു.

പഞ്ചായത്തിലെ പ്രധാനറോഡുകളിൽ കൊളഗപ്പാറ-വടുവഞ്ചാൽ, അമ്പലവയൽ ചുള്ളിയോട് എന്നീ PWD റോഡുകളിൽ മാത്രമേ ബസ് സർവീസ് നിലവിലുള്ളു. സ്വകാര്യബസ്സുകളാണ് ഈ റൂട്ടുകളിൽ അധികവും. പെരുമ്പാടിക്കുന്ന്, പുറ്റാട്, പാമ്പ്ള, കളത്തുവയൽ, കുമ്പളേരി, കാരച്ചാൽ, നെല്ലാറച്ചാൽ എന്നിവിടങ്ങളിൽ ബസ് സർവീസ് ഉണ്ടായിരുന്നെങ്കിലും പൂർണ്ണമായും നിലച്ചിരിക്കുന്നു. ഗ്രാമീണ യാത്രയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കാരച്ചാൽ, നെല്ലാറച്ചാൽ, തോമാട്ടുചാൽ, പുറ്റാട് എന്നിവിടങ്ങളിൽ ഷെയറുകൾ പിരിച്ചും കമ്പനികൾ രൂപീകരിച്ചും ബസുകൾ വാങ്ങിയെങ്കിലും റോഡുകളുടെ ശോചനീയാവസ്ഥ സർവീസ് നിലയ്ക്കാൻ ഇടയാക്കി. കാരാപ്പുഴ പദ്ധതി നടപ്പിലാക്കുന്നതോടെ പുറ്റാട്, മലയച്ചങ്കൊല്ലി, ആട്ടുവായി തുടങ്ങിയ പ്രദേശങ്ങൾക്ക് പഞ്ചായത്ത് ആസ്ഥാനവുമായി ഇപ്പോഴുള്ള ഗതാഗതസംവിധാനം പോലും നഷ്ടമാകും.

കുണ്ടരഞ്ഞി റോഡും ആട്ടുവായ് പ്രദേശവും ഉയർത്തിയുംമലയച്ചൻകൊല്ലി പുറ്റാട് കരിങ്ങലോട് കടൽമാട് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തുന്ന ഏഴു കി.മി. റോഡ് ഗതാഗതയോഗ്യമാക്കി ഇത് പരിഹരിക്കണമെന്ന് 9,10,11,12 ഗ്രാമസഭയിലെ റിപ്പോർട്ടുകളിൽ ശക്തമായ ആവിശ്യമുയർന്നു. ആയിരംകൊല്ലി അമ്പലവയൽ മഞ്ഞപ്പാറ നരിക്കുണ്ട് ആണ്ടൂർ, ചീനപ്പുല്ല് ഒന്നേയാർ തോമാട്ടുചാൽ മേനോൻമുക്ക് ആനപ്പാറ എന്നിവിടങ്ങളിലാണ് പഞ്ചായത്ത് വക ബസ് വെയിറ്റിംഗ് ഷെഡ്ഡുകളുള്ളത്. കുപ്പമുടി, കുമ്പളേരി കാരച്ചാൽ ഒഴലക്കൊല്ലി എന്നിവിടങ്ങളിലും മൂന്ന് പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ കൊളഗപ്പാറ കവലയിലും വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതാണ്. കൊളഗപ്പാറയിൽ ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് തുടങ്ങിയ ബസുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കണമെന്നും സാംസ്കാരിക കേന്ദ്രങ്ങളുള്ള അമ്പലവയലിൽനിന്നും കെ. എസ്. ആർ. ടി. സി. സംസ്ഥാന സർവീസുകൾ ആരംഭിക്കണമെന്നുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നു.

ആസൂത്രണപദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കാവുന്ന വിഹിതം മുഴവനും ഗതാഗത മേഖലയിലേക്ക് മാറ്റിവച്ചാലും അഞ്ചുവർഷംകൊണ്ട് ലക്ഷ്യത്തിലെത്താൻ സാധിക്കാത്ത തരത്തിലുള്ള നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. ജനപങ്കാളിത്തവും ജനശക്തിയും സ്വരൂപിക്കേണ്ട മേഖലകൾ കണ്ടെത്തി, പ്രധാന ഗ്രാമീണറോഡുകളുടെ നിർമ്മാണവും സംരക്ഷണവും മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ഉതകുംവിധം പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

പ്രധാന P. W. D. റോഡുകൾ

| | വീതി മീറ്റർ | നീളം കി. മീ. |
|---|---|---|
| 1. കൊളഗപ്പാറ-വടുവഞ്ചാൽ- റോഡ് | 8മീ. | 14കി.മീ. |
| 2. അമ്പലവയൽ- ചുള്ളിയോട് റോഡ് | 8മീ. | 03 കി.മീ. |
| 3. നരിക്കുണ്ട്-തോമാട്ടുചാൽ (പ്രവൃത്തിയിൽ) | 8മീ. | 09.9കി.മീ |
| 4. അമ്പലവയൽ-മീനങ്ങാടി (പ്രവൃത്തിയിൽ) | 8മീ. | 05.4 കി. മീ. |

കാരാപ്പുഴ പദ്ധതി റോഡുകൾ

| | | |
|---|---|---|
| 1. അമ്പലവയൽ-അടിവാരം കാരാപ്പുഴ | 10മീ. | 5.620 കി.മീ. |
| 2. പോത്തുകെട്ടി-വെള്ളട | 10മീ. | 1.530കി. മീ. |

ടാർ ചെയ്ത പഞ്ചായത്തു റോഡുകൾ

| | | |
|---|---|---|
| 1. കുമ്പളേരി-മുരണി-മീനങ്ങാടി | 8മീ. | 03കി.മീ. |
| 2. കാരച്ചാൽ-കാരാപ്പുഴ | 8മീ. | 02കി.മീ. |
| 3. കുമ്പളേരി-പോത്തുകെട്ടി | 8മീ. | 02കി. മീ. |
| 4. കുമ്പളേരി-പട്ടിപ്പെറ്റമ്പലം | 8മീ. | 01കി.മീ. |
| 5. കോളനി-കോംപ്ലക്സ് റോഡ് | 10മീ. | 00.5കി.മീ |
| 6. അമ്പലവയൽ-TB റോഡ് | 8മീ. | 00.350കി.മീ |

7. അമ്പലവയൽ ഹരിജൻ ഹോസ്റ്റൽ റോഡ് 8മീ. 00.200കി. മീ

8. മഞ്ഞപ്പാറ-നെല്ലാറച്ചാൽ 8മീ. 04കി.മീ

9. ആനപ്പാറ-തറ്റ്യാട്-ഒന്നേയാർ 8മീ. 03.5കി.മീ

10. കരടിപ്പാറ-പാംബ്ല 8മീ. 01.2കി.മീ

11. കാട്ടിക്കൊല്ലി-കടൽമാട് 8മീ. 1.5 കി.മീ

12. മലയച്ചംകൊല്ലി-മുരണി 8മീ. 0.5കി.മീ

13. മട്ടപ്പാറ സ്കൂൾ റോഡ് 8മീ. 0.300കി.മി

**സോളിംഗ് നടത്തിയ റോഡുകൾ**

| ക്ര.ന | സോളിംഗ് നടത്തിയ റോഡുകൾ | വീതി | നീളം |
|---|---|---|---|
| 1. | കൊളഗപ്പാറ-വട്ടത്തിമൂല (500m soling) | 6 | 1.600 |
| 2. | അടിവാരം-പോത്തുകെട്ടി | 8 | 1 |
| 3. | കുമ്പളേരി-കാരംകൊല്ലി | 6 | 0.4 |
| 4. | അമ്പലവയൽ-എടക്കൽകോളനി | 6 | 1.250 |
| 5. | അമ്പലവയൽ-എടക്കൽക്കുന്ന്(400m soling) | 6 | 1.250 |
| 6. | മഞ്ഞപ്പാറ-നീർച്ചാൽ | 5 | 1.500 |
| 7. | സിൽക്ക് ഫാം-ആണ്ടൂർ | 8 | .750 |
| 8. | വടുവഞ്ചാൽ-കോട്ടൂർ | 7 | 1.500 |
| 9. | തോമാട്ടുചാൽ-കമ്പാളക്കൊല്ലി-വട്ടത്തുവയൽ(1km soling) | 8 | 4.00 |
| 10. | മുന്നൂറ്-കുണ്ടറ | 8 | 2.00 |
| 11. | കടൽമാട്-കരിങ്ങലോട് | 8 | 3. |
| 12. | കടൽമാട്-കടലാട്(450 m soling) | 8 | .900 |
| 13. | ആണ്ടൂർ-ചീനപ്പുല്ല് | 6 | 1.500 |
| 14. | ആണ്ടൂർ-സ്കൂൾകുന്ന് | 6 | .350 |
| 15. | തോമാട്ടുചാൽ-എരുമാട് | 8 | 1.600 |
| 16. | കോട്ടൂർ-വാളാശ്ശേരി (100സോളിംഗ്) | 8 | 2 |
| 17. | കണ്ടകർണ്ണംകുന്ന്-കല്ലേരി | 8 | .850 |
| 18. | പാംബ്ല-നടുകൊല്ലി | 8 | 1.00 |
| 19. | മലയച്ചംകൊല്ലി-പുറ്റാട്-കരിങ്ങലോട് | 8 | 4.00 |
| 20. | മലയച്ചംകൊല്ലി-നെല്ലാറച്ചാൽ | 8 | 1.700 |
| 21. | നെല്ലാറച്ചാൽ-പള്ളിവയൽ | 8 | 1.400 |
| 22. | വേങ്ങച്ചാൽ-പൊട്ടംകൊല്ലി | 8 | 3.300 |
| 23. | വേങ്ങച്ചാൽ-ചീങ്ങവല്ലം | 6 | 1 |
| 24. | മഞ്ഞപ്പാറ-മരത്താട്ട്-പൊട്ടംകൊല്ലി(1.500 m soling) | 6 | 2.500 |
| 25. | കോളിമൂല-ബദർകണ്ടം | 6 | 0.500 |
| 26. | ആയിരംകൊല്ലി-ക്വാറിറോഡ് | 6 | 1.00 |
| 27. | നെല്ലാറച്ചാൽ-സ്കൂൾറോഡ് | 8 | 0.350 |
| 28. | ആയിരംകൊല്ലി-ഈച്ചമാനിക്കുന്ന് | 6 | 0.750 |
| 29. | അമ്പലവയൽ-മുസ്ലീം പള്ളി-സ്കൂൾറോഡ് | 4 | 0.300 |
| 30 | തോമാട്ടുചാൽ-ചീനപ്പുല്ല് | 6 | 1.00 |

പഞ്ചായത്തിലെ മറ്റു പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ

| No. | റോഡിന്റെ പേര് |
|---|---|
| 1. | കുമ്പളേരി-കാരച്ചാൽ-മീനങ്ങാടി |
| 2. | കുമ്പളേരി-പട്ടിപ്പെറ്റമ്പലം-കൃഷ്ണഗിരി |
| 3. | കൊളഗപ്പാറ-വട്ടത്തിമൂല-പൂതിക്കാട് |
| 4. | അമ്പലവയൽ-എടക്കൽ |
| 5. | വടുവഞ്ചാൽ-കോട്ടൂർ-എരുമാട് |
| 6. | തോമാട്ടുചാൽ-എരുമാട് |
| 7. | തോമാട്ടുചാൽ-കമ്പാളക്കൊല്ലി-വട്ടത്തുവയൽ |
| 8. | കടൽമാട്-കടലാട് |
| 9. | കടൽമാട്-കരിങ്ങലോട്-പുതിയപാടി |
| 10. | വടുവന-കല്ലികെണി |
| 11. | മലയച്ചംകൊല്ലി-മുരണി-നത്തൻകുനി |
| 12. | തോമാട്ടുചാൽ-കരടിപ്പാറ |
| 13. | കാരച്ചാൽ-മുണ്ടവര-മുണ്ടക്കൊല്ലി |
| 14. | ഇയ്യംപാറ-കാരംകൊല്ലി-നത്തംകുനി |
| 15. | കടൽമാട് സ്കൂൾകുന്ന്-പാടിവയൽ |
| 16. | വടേരി-കമ്പാളക്കൊല്ലി |
| 17. | കമ്പാളക്കൊല്ലി-വരിപ്ര |
| 18. | പുറ്റാട്-കരിങ്ങലോട്-പുതിയപാടി |
| 19. | നെല്ലാറച്ചാൽ-ചീപ്രംകുന്ന് റോഡ് |

| No. | പഞ്ചായത്തിലെ മൺറോഡുകൾ | വീതി | നീളം |
|---|---|---|---|
| 1 | കാരംകൊല്ലി-ചീങ്ങേരി-വെള്ളട 6 | 2.km | |
| 2. | കാരച്ചാൽ-പന്ത്രബത്ത് | 6 | 1.500 |
| 3. | കാരച്ചാൽ-മുണ്ടവര-മുണ്ടക്കൊല്ലി 6 | 2. | |
| 4. | പോത്തുകെട്ടി-പാതിരമ്പത്ത് | 4 | 1.200 |
| 5. | അത്തിച്ചാൽ-മുണ്ടക്കൊല്ലി | 4 | 0.800 |
| 6. | കാരച്ചാൽ-കനൽവാടി | 5 | 0.800 |
| 7. | മുരണി-പന്ത്രബത്ത് | 4 | 0.300 |
| 8. | കോളിമൂല-അത്തിച്ചാൽ | 5 | 0.400 |
| 9. | ആറാട്ടുപാറ-റാട്ടക്കുണ്ട് | 6 | 1.200 |
| 10. | കാരംകൊല്ലി-റാട്ടക്കുണ്ട് | 4 | 1.200 |
| 11. | കുമ്പളേരി-കാരംകൊല്ലി | 6 | 1.500 |
| 12. | കുമ്പളേരി-സ്കൂൾറോഡ് | 6 | 0.800 |

| | | | |
|---|---|---|---|
| 13. | ഈട്ടിക്കവല-കൊടശ്ശേരിക്കുന്ന് | 6 | 5.00 |
| 14. | കുപ്പമുടി-വട്ടത്തിമൂല | 6 | 0.600 |
| 15. | പൊൻമുടിക്കോട്ട-കുപ്പമുടിപാറ | 6 | 0.500 |
| 16. | താണിവയൽ-തമ്പുരാട്ടിക്കാവ് | 6 | 0.400 |
| 17. | അമ്പലവയൽ-കുറ്റിക്കൈത | 6 | 1.00 |
| 18. | അമ്പലവയൽ-മാങ്കൊമ്പ് | 8 | 0.500 |
| 19. | മഞ്ഞപ്പാറ-ക്വാറി-കുറ്റിക്കൈത | 6 | 2.00 |
| 20. | മഞ്ഞപ്പാറ-മട്ടണ്ണമൂല | 6 | 1.00 |
| 21. | നീർച്ചാൽ-ആനപ്പാറ ഗസ്റ്റ് ഹൗസ് | 6 | 1.700 |
| 22. | ഗസ്റ്റ് ഹൗസ്-നരിക്കുണ്ട് | 6 | 0.600 |
| 23. | മഞ്ഞപ്പാറ-ചുണ്ടേക്കാട്ടിൽ | 6 | 0.600 |
| 24. | മഞ്ഞപ്പാറ-ഓടവയൽ | 6 | 3.00 |
| 25. | ആനപ്പാറ-ആണ്ടൂർ | 5 | 2.00 |
| 26. | ആനപ്പാറപാലം-കുണ്ടിക്കാവയൽ | 4 | 1.00 |
| 27, | തണ്ണിച്ചോല-ആലുംചോട് | 5 | 2.00 |
| 28. | നെന്മേനി അതിർത്തി-പാാംബ്ല | 6 | 1.500 |
| 29. | കുറിഞ്ഞിലകം-അമ്പലമൂല | 6 | 1 |
| 30 | അമ്പലമൂല-ആനപ്പാറപാലം | 4 | 1 |
| 31. | കുറിഞ്ഞിലകം-ശ്മശാനം | 6 | 0.500 |
| 32. | തോമാട്ടുചാൽ-കരിവളം | 6 | 1 |
| 33. | കോട്ടൂർ-കല്ലിക്കെണി | 6 | 2.00 |
| 34. | പാാംബ്ല-പനഞ്ചിറ | 4 | 0.150 |
| 35. | പാാംബ്ല-താളൂർ | 6 | 0.250 |
| 36. | താറ്റ്യാട്-പാാംബ്ല | 8 | 0.400 |
| 37. | തോമാട്ടുചാൽ-കരിവളം(മുല്ലാക്ക) | 4 | 0.300 |
| 38. | തോമാട്ടുചാൽ-മാരിക്കുന്ന് | 4 | 0.500 |
| 39 | വട്ടത്തുവയൽ-നായ്ക്കംപാടിക്കുന്ന് | 4 | 0.500 |
| 40 | കാട്ടിക്കൊല്ലി-നെടുവള്ളി | 4 | 0.600 |
| 41. | വട്ടത്തുവയൽ-മലംക്കൊല്ലി | 4 | 1.00 |
| 42. | ഒന്നേയാർ-മാരിക്കുന്ന് | 4 | 1 |
| 43. | മേനോൻമുക്ക്-കടവത്തുവയൽ | 4 | 0.700 |
| 44. | കടവത്തുവയൽ-പള്ളിക്കവല | 4 | 0.600 |
| 45. | കടൽമാട്-സ്കൂൾക്കുന്ന് | 6 | 1.300 |
| 46. | കാട്ടിക്കൊല്ലി-പായിക്കൊല്ലി | 6 | 1.200 |

| | | | |
|---|---|---|---|
| 47. | കടൽമാട്-കടലാട്ട് | 8 | 1 |
| 48. | വെരുമ്പാടിക്കുന്ന്-അത്തിമുട്ടം | 6 | 2.300 |
| 49. | പെരുമ്പാടിക്കുന്ന്-പങ്ങലേരി | 6 | 1.500 |
| 50. | കരിങ്ങലോട്-കൈതോല | 4 | 1.300 |
| 51. | പെരുമ്പാടികുന്ന്-കൈതോല | 4 | 1.300 |
| 52. | കരിങ്ങലോട്-കൈതോല | 4 | 1.300 |
| 53. | പെരുമ്പാടികുന്ന്-ചെറുവയൽ | 6 | 1.00 |
| 54. | പായകൊല്ലി-ചെറുവയൽ | 6 | 0.600 |
| 55. | കടൽമാട്-പ്ലാക്കുറ്റികുന്ന് | 6 | 0.700 |
| 56. | ഇയ്യംപാറ-കാരം കൊല്ലി | 6 | 1.500 |
| 57. | പുറ്റാട്ട്-പീലിമൂല | 6 | 0.500 |
| 58. | ഇയ്യംബാറ-നല്ലന്നൂർ | 4 | 1.500 |
| 59. | മലയച്ചംകൊല്ലി-പുറ്റാട്സ്കൂൾകുന്ന് | 4 | 1.200 |
| 60. | മലയച്ചംകൊല്ലി-പുല്പാടികുന്ന് | 6 | 0.250 |
| 61. | പുറ്റാട്-പൊകലം കുന്ന് | 4 | 1-00 |
| 62. | പ്ലാക്കുനി-ഇയ്യംപാടി | 4 | 0.600 |
| 63. | പുറ്റാട്-മണൽ വയൽ | 4 | 0.600 |
| 64. | മുരണിവയൽ-കരിങ്ങലോട് | 4 | 1.00 |
| 65. | വേങ്ങേരി-കളത്തുവയൽ | 4 | 0.500 |
| 66. | കളത്തുവയൽ-ചീങ്ങേരി | 4 | 0.750 |
| 67. | അടിവാരം-ഓടവയൽ | 6 | 2 |
| 68. | കളത്തുവയൽ-മുച്ചിലേരി | 4 | 0.600 |
| 69. | ഒഴലകൊല്ലി-ഓടവയൽ | 5 | 0.800 |
| 70. | ഒഴലകൊല്ലി-കുണ്ടരഞ്ഞി | 4 | 1 |
| 71. | കുണ്ടരഞ്ഞി-വെളുത്തൂർ | 4 | 1.500 |
| 72. | വേങ്ങേരി-കരിവയൽ | 4 | 1.00 |
| 73. | നെല്ലാറച്ചാൽ-കരിവലം | 4 | 0.400 |
| 74. | നെല്ലാറച്ചാൽ-ഞാവലം | 8 | 1 |
| 75. | നെല്ലാറചാൽ-വില്ലുന്നി | 8 | 1 |
| 76. | വില്ലുന്നി സ്കൂൾ റോഡ് | 4 | 0.800 |
| 77. | വില്ലുണ്ണി അമ്പലകുന്ന് | 4 | 1 |
| 78. | കൂമുൾകണ്ടി-വില്ലുന്നി | 4 | 0.800 |
| 79. | ഒഴലക്കൊല്ലി ടൗൺ ഓടവയൽ | 4 | 0.600 |
| 80. | പൊട്ടംകൊല്ലി-ചുണ്ടകൊല്ലി-ചെറുപയർ | 4 | 1.500 |

| | | | |
|---|---|---|---|
| 81. | പൊട്ടം കൊല്ലി നെല്ലാറച്ചാൽ | 8 | 0.80 |
| 82. | ചീനപ്പുല്ല് പായ്ക്കെല്ലി | 4 | 1 |
| 83. | പായികൊല്ലി-കടൽമാട് | 4 | 1 |
| 84. | ആണ്ടുർ-തോരാട്ട് നായ്കകോളനി | 5 | 1 |
| 85. | ചീങ്ങവല്ലം-പായികൊല്ലി | 6 | 1.500 |
| 86. | വേങ്ങച്ചാൽ-ചേലമൂല | 4 | 1 |
| 87. | കാളിമൂല-പാതിരമ്പത്ത് | 4 | 800 |
| 88. | നടുകൊല്ലി പാമ്പള | 6 | 1.250 |
| 89. | കരടിപാറ-പാബ്ല | 8 | 1250 |
| 90. | പാമ്പ്ള-പനഞ്ചിറ | 6 | 0.150 |
| 91. | നെല്ലാറച്ചാൽ ലക്ഷം വീട് കോളനി റോഡ് | 4 | 0.600 |

**പുതുതായി മെറ്റലിംഗ്-ടാറിംഗ് നടത്തേണ്ട പ്രധാനറോഡുകൾ**

1. കാരംകൊല്ലി-വെള്ളട
2. കാരച്ചാൽ-പന്ത്രമ്പത്ത്
3. ആറാടുപാറ-റാട്ടകുണ്ട്
4. അമ്പലവയൽ-ചീനക്കാമൂല-കാരംകൊല്ലി
5. കൊളഗപ്പാറ-വട്ടത്തിമൂല
6. വികാസ് കോളനി റോഡ്
7. അമ്പലവയൽ -എടക്കൽ കോളനി
8. മഞ്ഞപ്പാറ-ഓടവയൽ
9. ആനപ്പാറ-ആണ്ടൂർ
10 ആണ്ടൂർ-അമ്പലമൂല
11. നടുകൊല്ലി-പാമ്പള
12. വടുവഞ്ചാൽ-കോട്ടൂർ പാബ്ല
13. കോട്ടൂർ-കല്ലികെണി
14. തോമാട്ടുചാൽ-കബാളകൊല്ലി വട്ടത്തുവയൽ
15. തോമാട്ടുചാൽ ചീനപ്പുല്ല്-ആണ്ടൂർ
16. മുന്നൂറ്-കുണ്ടറ
17. കടൽമാട്-കരിങ്ങലോട്
18. മലയച്ചംകൊല്ലി-പുറ്റാട്-കരിങ്ങലോട്
19. പുറ്റാട്-സ്കൂൾകുന്ന്
20. നെല്ലാറച്ചാൽ -പള്ളവയൽ
21. അടിവാരം-ഓടവയൽ
22. മഞ്ഞപ്പാറ-മരത്താട്ട്-പൊട്ടംകൊല്ലി
23. വേങ്ങച്ചാൽ-പൊട്ടംകൊല്ലി-പള്ളവയൽ
24. നിർച്ചാൽ മഞ്ഞപ്പാറ റസ്റ്റ് ഹൗസ് റോഡ്
25. അമ്പലവയൽ മാങ്കൊമ്പ്

**പുതിയറോഡ് വെട്ടുന്നതിനും പുനരുദ്ധാരണത്തിനും ജന പങ്കാളിത്തം വാഗ്ദാനം ചെയ്ത റോഡുകൾ.**

1. കെട്ടമ്പത്ത് കോളനി-കാരച്ചാൽ
2. പോത്തുകെട്ടി-കാരംകൊല്ലി
3. പോത്തുകെട്ടി-ബാലവാടി വെള്ളക്കെട്ട്
4. കുമ്പളേരി-ആറാടുപാറക്കുന്ന്
5. താന്നിവയൽ-പണിയകോളനി-കൊളഗപ്പാറ
6. മഞ്ഞപ്പാറ-മുണ്ടേക്കാട്
7. അടിവാരം-ഓടവയൽ -കരിങ്കുറ്റി
8. അടിവാരം-ഓടവയൽ-പ്ലാക്കുനി-ഒഴലക്കൊല്ലി
9. പുതുക്കാട്-കുറ്റികൈത.
10. എടക്കൽ കോളനി-അമ്പലവയൽ എടക്കൽകുന്ന്
11. വടുവഞ്ചാൽ-കടവത്തുവയൽ
12. S.N കോളേജ്-തോമാട്ടുചാൽ
13. നെല്ലറച്ചാൽ നാല് സെന്റ് കോളനി റോഡ്
14. കുറ്റികൈത-കൊതകുത്തി പാററോഡ്

**പ്രധാന കോളനി റോഡുകൾ**

| | | ദൂരം |
|---|---|---|
| 1 | കാരച്ചാൽ ബദർക്കണ്ടം റോഡ് | .500 |
| 2 | അമ്പലവയൽ-കാരം കൊല്ലിറോഡ് | 2.00 |
| 3 | താഴത്തുവയൽ-കൊട്ടമ്പത്ത് | 0.300 |
| 4 | മാങ്ങോട്ട് കോളനി | 0.500 |
| 5 | മഞ്ഞപ്പാറ-താഴെപണിയകോളനി | 0.300 |
| 6. | പാബ്ല - ആദിവാസി കോളനി | 0.300 |
| 7. | കരടിപ്പാറ പാബ്ല - കോളനി | 1.200 |
| 8 | കമ്പാളക്കൊല്ലി-വരിപ്ര | 0.50 |
| 9 | കടൽമാട്-ചുരിമൂല കോളനി | 1 |
| 10. | അത്തിമട്ടം-കോളനി | 0.800 |
| 11. | പായികൊല്ലി-മുന്നൂറ് കോളനി | 0.600 |
| 12. | വേങ്ങേരി-ഓടവയൽ കോളനി | 0.400 |
| 13. | നെല്ലാറച്ചാൽ-ഞാവലം | 1 |
| 14. | നെല്ലാറച്ചാൽ-വില്ലൂന്നി റോഡ് | 1. |
| 15. | നിർച്ചാൽ-കോളനി റോഡ് | 1.300 |

**നടപ്പാതകൾ-ഇടവഴികൾ**

1 കാരച്ചാൽ-അയ്യപ്പൻമൂല
2 കാരച്ചാൽ നടുവീട്
3 മട്ടപ്പാറകുന്ന്-കുപ്പക്കൊല്ലി
4 കുപ്പമുടി അംഗൻവാടി-കിണർ
5 കുപ്പമുടി-ടിമ്പർ യാർഡ്
6 കുപ്പമുടി-വട്ടത്തിമൂല
7 കൊളഗപ്പാറ ഹൗസിംഗ് കോളനി
8 അമ്പലവയൽ മഠം-കിണർ
9 എടക്കൽ റോഡ്-താഴെ
10. ഡൽഹിക്കുന്ന്-കോളനി
11. L.P സ്കൂൾ എടക്കൽകുന്ന്
12. പുതുക്കാട്-കുറ്റിക്കൈത-കാരാപ്പുഴ റോഡ്
13. ഒഴലക്കൊല്ലി-ഓടവയൽ
14. പായിക്കൊല്ലി-ചീനപ്പുല്ല്
15. ഓന്നേയാർ-ചീനപ്പുല്ല്
16. നെല്ലാറച്ചാൽ-ചൂണ്ടകുന്ന്
17. കടുവത്തുവയൽ-മേനോൻമുക്ക്
18. മഞ്ഞപ്പാറ-മദണ്ണമൂല
19. ആണ്ടൂർ നായ്കകോളനി
20. പാബ്ല ആദിവാസികോളനി
21. ആണ്ടൂർ സ്കൂൾകുന്ന് ആനപ്പാറ
22. ആനപ്പാറ റോഡ് - നടുക്കൊല്ലി
23. കമ്പാളകൊല്ലി-മലയച്ചൻകൊല്ലി
24. കമ്പാളകൊല്ലി-നെടുമുള്ളി-കടൽമാട്
25. മലകൊല്ലി-തോമാടുചാൽ
26. തോമാടുചാൽ-കമ്പാളകൊല്ലി
27. കടൽമാട് സ്കൂൾകുന്ന്-നെടുമുള്ളി
28. കടലികുന്ന്-നായ്കകോളനി
29. പീലിമൂല നടപ്പാത
30. കാരംകൊല്ലി-പാണ്ഡ്യൻകുന്ന്
31. മലയാച്ചംകൊല്ലി-പുല്പാടികുന്ന്
32. മലയാച്ചംകൊല്ലി-വയൽ
33. മഞ്ഞപ്പാറ-നെല്ലാറച്ചൽ
34. കുണ്ടരഞ്ഞി-വില്ലൂന്നി-ചെമ്പൂത്തി
35. നെല്ലറച്ചാൽ-സ്കൂൾപിൻവശം
36. ചീങ്ങേരി-പുത്തൂർകണ്ടിവയൽ
37. അടിവാരം-കറുകുറ്റി
38. കുഴിവയൽ-മാങ്കുന്ന്
39. നരിക്കുന്ന്-പായിക്കൊല്ലി-ചേനമൂല
40. പായിക്കൊല്ലി-പഞ്ചായത്ത് കിണർ
41. മദ്ദണ്ണമൂല-ചീങ്ങവല്ലം
42. പൊട്ടംകൊല്ലി-ചീനപ്പുല്ല്
43. പായികൊല്ലി-ചീനപ്പുല്ല്
44. തോരാട്ടുകുന്ന്-വേങ്ങച്ചാൽ
45. മഞ്ഞപ്പാറ-നെല്ലാറച്ചാൽ-റോഡ്വയൽ
46. പൊട്ടംകൊല്ലി-ഹെൽത്ത് സെന്റർ
47. കണ്ടകർണ്ണൻകുന്ന്-നടുകൊല്ലി
48. പാമ്പ്ള-നടുക്കൊല്ലി
49. കരടിപ്പാറ-തറ്റ്യാട്-മുള്ളൂർകൊല്ലി.
50. താറ്റ്യാട് കേണി
51. കണ്ടകർണ്ണൻകുന്ന്-ആറുമാട്ട്കുന്ന്

**പ്രശ്നങ്ങൾ**

-റോഡുകളുടെ ശോചനീയാവസ്ഥ

-റോഡുകൾക്ക് ഓടകളില്ല. ഉള്ളവ സംരക്ഷിക്കപ്പെടുന്നുമില്ല.

-യഥാസമയത്തെ അറ്റകുറ്റപ്പണികളുടെ വീഴ്ച.

-ഫണ്ടിന്റെ അപര്യാപ്തത

-മണ്ണിന്റെയും കാലാവസ്ഥയുടെയും പ്രത്യേകത

-റോഡിന്റെ വീതിക്കുറവ്

-ജില്ലാ ആസ്ഥാനത്തേയ്ക്കും ദീർഘദൂരത്തേയ്ക്കുമുള്ള യാത്രാസൗകര്യമില്ലായ്മ

-കാരാപ്പുഴ പദ്ധതിയും പദ്ധതി പ്രദേശത്തുള്ള റോഡുകളും

-മരപ്പാലങ്ങളുടെ ജീർണ്ണാവസ്ഥ

**സാധ്യതകൾ**

-മുൻഗണനാടിസ്ഥാനത്തിൽ പുതിയ റോഡുകൾ ടാർ ചെയ്യുക. വഴി ശോചനീയാവസ്ഥ മാറ്റാവുന്നതാണ്.

-നിലവിലുള്ള ടാർറോഡുകളുടെ സംരക്ഷണ പ്രവർത്തനം നടത്തുക.

-സന്നദ്ധപ്രവർത്തനത്തിലൂടെ ഓടകളുടെയും നടപ്പാതകളുടെയും നിർമ്മാണവും സംരക്ഷണവും ഉറപ്പുവരുത്താവുന്നതാണ്.

-ഫണ്ടുകൾ അനുവദിക്കുമ്പോൾ

-ജനസംഖ്യ, വിസ്തീർണ്ണം എന്നിവയോടൊപ്പം വികസനത്തിലെ പിന്നോക്കാവസ്ഥയും കൂടി കണക്കിലെടുക്കേണ്ടതാണ്.

-ജനപങ്കാളിത്തത്തോടെ മൺറോഡുകളുടെ നിർമ്മാണം നടത്തുക വഴി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

-മണ്ണിന്റെ ഘടനയും കാലാവസ്ഥയുടെ പ്രത്യേകതയും പരിശോധിച്ച് റോഡ് നിർമ്മാണത്തിന് നാടിന് യോജിച്ച സാങ്കേതിക വിദ്യ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ സംരക്ഷണം ഉറപ്പു വരുത്താവുന്നതാണ്.

-പട്ടണ പരിഷ്കരണം കാരാപ്പുഴ പദ്ധതിയുടെ ക്യാച്ച്മെന്റ് ഏരിയായിൽകൂടി കടന്നുപോകുന്ന റോഡുകളുടെ പകരം സംവിധാനം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്.

-തോട്ടങ്ങളിലും, പറമ്പിലും, കാടുവെട്ട്, കിള എന്നിവ നടത്തുന്നതോടൊപ്പം അതിർത്തിയിലെ റോഡിലുള്ള കാടും ഓടയും തെളിച്ച് സംരക്ഷിക്കേണ്ട ചുമതല തന്റേതാണെന്ന ബോധം വളർത്തേണ്ടതാണ്.

-ആണ്ടിൽ ഒരിക്കൽ മരപ്പാലങ്ങൾ നിർമ്മിക്കുന്നു. പാഴ്ചിലവ് ഒഴിവാക്കാൻ ചുരുങ്ങിയ ചെലവിൽ കോൺക്രീറ്റ് സ്ലാബ് ഇടുന്ന സംവിധാനം പരിശോധിക്കേണ്ടതാണ്.

**ഊർജ്ജം**

സമൃദ്ധമായ വനസമ്പത്ത് വരദാനമായി ലഭിച്ച ഒരു പ്രദേശമായിരുന്നു നമ്മുടേത്. പ്രകൃതിയെ പൂർണ്ണമായ ആശ്രയിച്ച് കഴിഞ്ഞ ജനസമൂഹം വയൽകൃഷിയിൽ കൂടുതൽ ശ്രദ്ധിച്ചത് വനം നശിപ്പിച്ച് വിളഭൂമിയാക്കി മാറ്റുന്നതിന് ഇടം നൽകിയില്ല. ഇക്കാരണത്താൽ വനനാശം താരതമ്യേന കുറവായിരുന്നു. വല്ലപ്പോഴും പടർന്നു പിടിക്കുന്ന കാട്ടുതീയും ആദിവാസികൾ തണുപ്പകറ്റുന്നതിന് വെട്ടിമാറ്റുന്ന മരങ്ങളുമായിരുന്നു നഷ്ടമാവുന്ന സ്രോതസ്സ്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ പിരിഞ്ഞുവന്ന പട്ടാളക്കാരുടെ പുനഃരധിവാസത്തിനായി ഈ പ്രദേശം തെരഞ്ഞെടുത്തതും, `Grow more food' പ്രോഗ്രാമിൽ പ്രേരിതമായി തിരുവിതാംകൂർ പ്രദേശത്തുനിന്നും വ്യാപകമായി കുടിയേറ്റം നടന്നതും ഭൂമിയിൽ കൃഷിയിറക്കുന്നതിന് മരങ്ങൾ മുറിച്ചു മാറ്റപ്പെട്ടതും വനനശീകരണത്തിന് ആക്കം കൂട്ടി. അക്കാലത്ത് കാടുകൾ വെട്ടിപ്പിടിച്ച് തൈലപ്പുല്ല് കൃഷിചെയ്യുവാൻ വ്യഗ്രത കാട്ടുകയും, തൈലം വാറ്റുന്നതിനും മരങ്ങൾ വിറകാക്കി മാറ്റിയതും ഇതിന് വേഗതകൂട്ടി. 1967-ൽ കൈവശഭൂമിക്ക് പട്ടയം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുകയും തടിവില അടയ്ക്കുവാൻ സാമ്പത്തിക ശേഷിയില്ലാത്ത കൃഷിക്കാരെ ചൂഷണം ചെയ്ത മരവ്യാപാരികളും ഇടത്തട്ടുകാരും ചേർന്ന് നമ്മുടെ പ്രദേശത്തെ തരിശാക്കി മാറ്റി.

ഇട തൂർന്നു നിന്നിരുന്ന ഇല്ലിമുളംകാടുകൾ ഇവിടുത്തെ ജൈവ ആവാസ വ്യവസ്ഥയുടെ

പ്രത്യേകത ആയിരുന്നു. എന്നാലിന്ന് പരിമിതമായേ ഇവ കാണുന്നുള്ളൂ. ആദിവാസികൾ വീട്, കൊട്ട, പരമ്പ്, മുറം, മറ്റുപകരണങ്ങൾ എന്നിവ ഇവ കൊണ്ടുണ്ടാക്കുകയും ആഹാരമായി മുളയരി, മുളംകൂമ്പ് എന്നിവയും ഉപയോഗിച്ചിരുന്നു.

**ഇന്ധനം**

അടുത്തകാലം വരെ പൂർണ്ണമായും വിറക് ഇന്ധനമായി ഉപയോഗിച്ചിരുന്നെങ്കിലും യാതൊരു തത്വദീക്ഷയുമില്ലാതെ സർക്കാർ ഭൂമിയിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റപ്പെട്ടതിന്റെ ഭാഗമായി ഇന്ന് പാചകത്തിന് മറ്റ് സാദ്ധ്യതകൾ ആരായുകയാണ്. എന്നാലും പരിമിതമായി ലഭ്യമായവ ശേഖരിച്ച് സുമാർ 80% ജനങ്ങളും പാചകത്തിന് വിറകിനെ തന്നെയാണ് ആശ്രയിക്കുന്നത്. ബാക്കി 20%വരുന്നവർ മണ്ണെണ്ണ, ഗ്യാസ്, അനർട്ട് എന്നിവയുടെ സ്റ്റൗകളും ഉപയോഗിക്കുന്നു. ചുരുക്കം വീടുകളിൽ ഗോബർ ഗ്യാസിന്റെ ഉപയോഗവും ഉണ്ട്. കാർഷിക മേഖലയിൽ കാരച്ചാൽ, കളത്തുവയൽ എന്നീ പ്രദേശങ്ങളിൽ ജലസേചനത്തിനായി വൈദ്യുതി മോട്ടോറുകൾ ഉപയോഗിക്കുന്നു.

മറ്റു പ്രദേശങ്ങളിൽ അധികവും ഡീസൽ മോട്ടോറുകളെയാണ് ആശ്രയിക്കുന്നത്.

**വൈദ്യുതി**

പഞ്ചായത്തിൽ വൈദ്യുതി വരുന്നതിനു മുമ്പേതന്നെ പഴയ നെല്ലാറച്ചാൽ അങ്ങാടിയിലും അമ്പലവയലിലും മണ്ണെണ്ണ ഉപയോഗിച്ച് മരംകുറ്റികളിൽ പ്രത്യേകമായി സംവിധാനം ചെയ്ത തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്നു. ഇപ്പോൾ സുൽത്താൻ ബത്തേരി, വൈത്തിരി KSEB സെക്ഷന്റെ കീഴിൽ വരുന്ന ബത്തേരി, കൂട്ടമുണ്ട 66 K. V. സബ്ബ് സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിലെ വിവിധമേഖലകളിൽ വൈദ്യുതി ലഭിക്കുന്നത്.

ട്രാൻസ്ഫോർമറുകൾ (നിലവിലുള്ളത്)

| No | സ്ഥലം | കപ്പാസിറ്റി (KVA) |
|---|---|---|
| 1) | ആനപ്പാറ | 63 |
| 2) | RARS | 100 |
| 3) | അമ്പലവയൽ | 160 |
| 4) | മാർട്ടിൻ ആശുപത്രി | 100 |
| 5) | ചീങ്ങേരി കോളനി | 63 |
| 6) | B.M.B കമ്പനി | 100 |
| 7) | കുപ്പമുടി | 63 |
| 8) | ആണ്ടൂർ | 100 |
| 9) | മിൽക്ക് സൊസൈറ്റി | 100 |
| 10) | തോമാട്ടുചാൽ | 63 |
| 11) | കോട്ടൂർ | 100+63 |
| 12) | കടൽമാട് | 63 |
| 13) | കാരച്ചാൽ | 100 |
| 14) | കുമ്പളേരി | 100 |

അവലംബം:- KSEB ബത്തേരി

ഇവകൂടാതെ മീനങ്ങാടി പഞ്ചായത്തിലെ താഴത്തുവയൽ, മേപ്പാടി പഞ്ചായത്തിലെ പള്ളികവല ട്രാൻസ്ഫോമറുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിലേയ്ക്ക് കറണ്ട് വിതരണം നടക്കുന്നുണ്ട്.

ട്രാൻസ്ഫോർമറുകൾ (കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടവ)

1) കാരച്ചാൽ

2) കുപ്പമുടി

ട്രാൻസ്ഫോർമർ (പുതിയതായി സ്ഥാപിക്കേണ്ടവ)

1) മുന്നൂർ

2) കാരച്ചാൽ കോളിമൂല

3) മഞ്ഞപ്പാറ

4) കാരാംകൊല്ലി

5) റാട്ടക്കുണ്ട്

6) കമ്പാളക്കൊല്ലി

7) അത്തിച്ചാൽ

ദീർഘ ദൂരത്തേയ്ക്ക് സിങ്കിൾ ഫെയ്സ് ലൈനുകൾ പോകുന്നതുമൂലം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. അതിനാൽ താഴെപറയുന്ന ലൈനുകൾ ത്രീഫെയ്സ് ലയിനുകൾ ആയി മാറ്റേണ്ടതാണ്.

1) കുമ്പ്ലേരി–കാരച്ചാൽ ലൈൻ

2) കുപ്പമുടി–കൊളഗപ്പാറ ,,

3) അമ്പലവയൽ–കുറ്റിക്കൈത ,,

4) മഞ്ഞപ്പാറ–ഒഴലക്കൊല്ലി ,,

5) മുന്നൂറ്–പെരുമ്പാടികുന്ന് ,,

6) അത്തിച്ചാൽ–പെരുമ്പാടികുന്ന് ,,

**തെരുവ് വിളക്കുകൾ**

പഞ്ചായത്തിൽ അമ്പലവയൽ ടൗണിൽ മാത്രമാണ് തെരുവുവിളക്കുകൾ ഉള്ളത്. അത് തന്നെ കൃത്യമായി കത്തുന്നില്ല. പഞ്ചായത്ത് സ്ഥാപിച്ച മൂന്ന് സോഡിയം വേപ്പർ ലാമ്പുകൾ റിപ്പയർ ചെയ്ത് പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. പ്രതിമാസം 1266 രൂപ കറണ്ടുചാർജായി തെരുവ് വിളക്കിനത്തിൽ അടയ്ക്കുന്നുണ്ട്.

പുതിയതായി തെരുവുവിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

1) കാരച്ചാൽ–അമ്പലവയൽ റോഡ്

2) കുമ്പ്ളേരി–താഴത്തുവയൽ

3) കുമ്പ്ളേരി–കാരാം കൊല്ലി

4) ആയിരംകൊല്ലി–ഈച്ചമാനിക്കുന്ന്

5) അമ്പലവയൽ –കുറ്റിക്കൈത

6) വടുവഞ്ചാൽ–മഞ്ഞപ്പാറ

7) തോമാട്ടുചാൽ–കടൽമാട്–മുന്നൂറ്

8) ഒന്നേയാർ–നടുകൊല്ലി

9) കുപ്പമുടി–കൊളഗപ്പാറ

10)അമ്പലവയൽ–നടുകൊല്ലി

11)ആയിരം കൊല്ലി താഴെ കവല

12)ആയിരം കൊല്ലി മേലെ കവല

13)ഹരിജൻ ഹോസ്റ്റൽ കവല

14)കന്യാസ്ത്രീ മഠം ജംഗ്ഷൻ

15)മുസ്ലിം പള്ളി കവല

16)മ്യൂസിയം കവല

17)അയ്യപ്പക്ഷേത്രം കവല

18)ആണ്ടൂർ–ചീനപ്പുല്ല്

19)മഞ്ഞപ്പാറ–നെല്ലാറച്ചാൽ

20)പുറ്റാട്

വൈദ്യുതി എത്താത്ത വയറിങ്ങ് നടത്തിയ കോളനികൾ

| SC | ST |
|---|---|
| 1)കുമ്പ്ളേരി | 1)എടയ്കൽ |
| 2)വികാസ് കോളനി | 2)ചീങ്ങേരി |
| 3)നെടുമുള്ളി | 3)വരിപ്ര |
| 4)മുന്നൂർ | 4)കൊട്ടമ്പത്ത് |
| 5)ചീനപ്പുല്ല് തമിഴർ കോളനി | 5)മാങ്കോട് |
| 6)കടവത്തുവയൽ | 6)വേങ്ങേരി |

കാർഷിക, വ്യവസായ, ഗാർഹിക ആവശ്യങ്ങൾക്ക് കണക്ഷന് അപേക്ഷിച്ചിട്ടും നാളിതുവരെ ലഭിക്കാത്ത താഴെ പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതി അടിയന്തിരമായും എത്തിക്കേണ്ടതാണ്.

1) അത്തിച്ചാൽ പാടശേഖരസമിതിയുടെ പമ്പ്ഹൗസ്

2) കുറ്റിക്കൈത വനിതാ വ്യവസായ കേന്ദ്രം

3) മഞ്ഞപ്പാറ ഒഴലക്കൊല്ലി മട്ടണ്ണമൂല മരത്താട്ട് കാർഷിക കണക്ഷൻ.

മിനിമം ഗ്യാരണ്ടി പ്രകാശം വ്യവസ്ഥ ചെയ്തിട്ടുള്ള താഴെ പറയുന്ന പ്രവർത്തികൾ ത്വരിതപ്പെടു

ത്തേണ്ടവ.

1) ആണ്ടൂർ ട്രാൻസ്ഫോർമറിൽ നിന്നും 100-ൽപരം അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുള്ളത് അടിയന്തിരമായി കൊടുക്കേണ്ടതാണ്.

2) പായക്കൊല്ലി, വേങ്ങച്ചാൽ, ചീങ്ങാവല്ലം പൊട്ടൻകൊല്ലി പ്രദേശങ്ങളിലെ 118 കണക്ഷൻ

3) പെരുമ്പാടിക്കുന്ന് കുണ്ടറ പ്രദേശത്തെ 110 കണക്ഷൻ

4) കരടിപ്പാറ പാമ്പ്ല മിനിമം ഗാരണ്ടി പരിപാടി

5) പുറ്റാട് മിനിമം ഗാരണ്ടി പരിപാടി ത്വരിതപ്പെടുത്തുക.

ആദിവാസി കോളനികളടക്കമുള്ള ആവാസകേന്ദ്രങ്ങളിലേയ്ക്ക് പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

1) അയ്യപ്പമൂല കോളനി - വാർഡ് -1
2) നടുവീട് -- ,, +
3) അരിമുണ്ട - ,, +
4) മുണ്ടവര - ,, +
5) കൊരവുകണ്ടി - ,,
6) വെള്ളട - ,,
7) കുമ്പ്ളേരി ലക്ഷം വീട് വാർഡ് 2
8) ആറാട്ടുപാറ ,,
9) പോത്തുകെട്ടി ,,
10) ആറാട്ട് പാറക്കുന്ന് ,,
11) ആയിരം കൊല്ലി (കുപ്പക്കൊല്ലി),, 3
12) മട്ടപ്പാറ ,, 3
13) വേങ്ങംപറ്റ (വട്ടത്തിമൂല) ,, 3
14)താന്നിവയൽ ,, 3
15) കൊളഗപ്പാറ ,, 3
16) വികാസ് കോളനി ,, 4
17)എടക്കൽ കുന്ന് ,, 4
18) ദേവിക്കുന്ന് ,, 4
19)കുറ്റികൈത ,, 4
20)ഓടവയൽ കോളനി ,, 11
21) മഞ്ഞപ്പാറ താഴെ കോളനി,, 5
22)കുറ്റികൈത അടിവാരം ,, 5
23) മുണ്ടക്കാട്ടു പ്രദേശം ,, 5
24) പുതുക്കാട്ട് ലക്ഷംവീട് ,, 5
25)നീർച്ചാൽ ലക്ഷംവീട് ,, 5
26)നീർച്ചാൽ കോളനി ,, 5
27)കരിങ്കുറ്റി ,, 6
28)പാംപ്ല കോളനി ,, 6
29)അമ്പലമൂല കിഴക്കേകുന്ന് ,, 6
30) കരിവളം ,, 7
31) ഒന്നേയാർ ലക്ഷം വീട് ,, 7
32)നാഗത്താൻ കുന്ന് ,, 7
33)വാളശ്ശേരി കോളനി ,, 9
34) കരിങ്ങലോട് ,, 9
35) പായിക്കൊല്ലി ,, 9
36) മുന്നൂറ് കോളനി വാർഡ് " 9
37) ഒഴലക്കൊല്ലി ,, ,, 11
38) മരത്താട്ട് ,, ,, 12
39) കൂട്ടാറ ,, ,, 12
40) ചീങ്ങവല്ലം ,, ,, 12
41) തോരാട്ട് കോളനി ,, 12
42) പള്ളുവയൽ ,, ,, 11
43) മലയച്ചം കൊല്ലി ,, ,, 10
44) കുണ്ടറ കോളനി ,, ,, 9
45) നെല്ലാറകോളനി ST ,, 11
46) വില്ലുന്നി കോളനി ST ,, 11
47) പഴയമൂല കോളനി ST ,, 11
48) ചീനപ്പുല്ല് തമിഴ് കോളനി,, 8

**പ്രശ്നങ്ങൾ**

-പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

-ഭരണപരമായ അസൗകര്യം

-വോൾട്ടേജ് കുറവും പ്രസരണനഷ്ടവും

-വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണമില്ലായ്മ

-മരങ്ങളുടെ വ്യാപകമായ നാശം

–ബോധവൽക്കരണകുറവ്

**സാദ്ധ്യതകൾ**

–പഞ്ചായത്തിലെ വൈദ്യുതി വിതരണം വൈത്തിരി, സുൽത്താൻ ബത്തേരി സെക്ഷനുകളുടെ പരിധിക്കുള്ളിലായതുകൊണ്ട്, കറണ്ട് ചാർജ്ജ ടയ്ക്കുന്നതിനും, ലൈനുകളിൽ നിരന്തരം വരുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വളരെ ബുദ്ധിമുട്ടുന്നുണ്ട്. പഞ്ചായത്തിലെ വൈത്തിരി സെക്ഷന്റെ കീഴിലുള്ളതും മീനങ്ങാടി ഓവർസീയറുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളും സംയോജിപ്പിച്ച് അമ്പലവയൽ കേന്ദ്രമായി ഒരു സബ് എൻജിനീയർ ആഫീസ് അനുവദിച്ച് സുൽത്താൻ ബത്തേരി സെക്ഷന്റെ കീഴിലാക്കുക.

–പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ജനപങ്കാളിത്തത്തോടെ KSEB ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ മരച്ചില്ലകൾ മുറിച്ചുമാറ്റുക.

–വൈദ്യുതി ഉപയോഗം കുറയ്ക്കുവാൻ നിലവിലുള്ള സ്ലാബ് സമ്പ്രദായം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജ് നിശ്ചയിക്കുകയും സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക.

–കേടുവന്ന മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കുക

–പുതിയ ലൈനുകൾ വലിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ മാത്രം ബോർഡ് നൽകുകയും ബാക്കി പ്രവർത്തി ഗുണഭോക്താക്കളുടെ സഹകരണത്തോടെ നടത്തുകയും എസ്റ്റിമേറ്റിൽ നിന്നും മേൽതുക കുറവുവരുത്തുകയും ചെയ്യാവുന്നതാണ്.

–പഞ്ചായത്ത് തലത്തിൽ KSEB ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ഉൾപ്പെട്ട സമിതി രൂപീകരിക്കുകയോ, ഓവർസിയർ മുതൽ താഴെ വരുന്ന ഉദ്യോഗസ്ഥന്മാരെ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുകയോ ചെയ്യുക.

–ചിനക്കാമൂല അടിവാരം കുറ്റികൈത, കമ്പാളക്കൊല്ലി, കാരാംകൊല്ലി എന്നിവിടങ്ങളിൽ മിനി വൈദ്യുത പദ്ധതിയും മുന്നൂറ്, നെല്ലാറച്ചാൽ, ചീങ്ങേരിപാറ, അമ്പലവയൽ എന്നീ സ്ഥലങ്ങളിൽ വന്റ് ഫാമുകളും സ്ഥാപിക്കണം. എന്നീ നിർദ്ദേശങ്ങൾ പഠനവിധേയമാക്കുക.

## മറ്റ് സാദ്ധ്യതകൾ

**മെച്ചപ്പെട്ട വിറകടുപ്പുകൾ :**

ഗ്രാമീണ ഊർജ്ജാസൂത്രണത്തിൽ അടുപ്പുകളുടെ പ്രാധാന്യം ഓർക്കുമ്പോൾ മെച്ചപ്പെട്ട വിറകടുപ്പുകളെപറ്റി പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ പരമ്പരാഗത വിറകടുപ്പുകൾക്ക് രണ്ടുണ്ട് ദോഷം. ഒന്നാമത് അടുപ്പിൽ നിന്നും ഉയരുന്ന പുക അടുക്കളയിൽ പെരുമാറുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു. അമ്മയോടൊപ്പമുള്ള കൈകുഞ്ഞുങ്ങളുടെ ആരോഗ്യത്തെയും ഇത് ബാധിക്കുന്നു.

രണ്ടാമത്തെ തകരാറ് അടുപ്പിന്റെ ദക്ഷതക്കുറവാണ്. വിറകിലടങ്ങിയിരിക്കുന്ന ഇന്ധനമൂല്യത്തിന്റെ എട്ടിലൊന്നുപോലും പാത്രത്തിൽ പിടിക്കുന്നില്ല. പാവപ്പെട്ടവന്റെ ഇന്ധനമാണെന്നാണ് വയ്പ് എങ്കിലും വിറക് വില കൊടുത്തു വാങ്ങുന്ന ഒരു കുടുംബം പാചകാവശ്യത്തിന് ചെലവാക്കുന്ന തുക ഗ്യാസ് വാങ്ങുന്നവരുടേതിനേക്കാൾ കൂടുതലാണ്. പാചകവാതകത്തിന്റെ ഉയർന്ന ഇന്ധനമൂല്യവും (വിറകിന്റെ മൂന്നിരട്ടി) ഗ്യാസ് സ്റ്റൗവിന്റെ ഉയർന്ന ഊർജ്ജക്ഷമതയും (വിറകടുപ്പിന്റെ അഞ്ചിരട്ടി) ആണ് ഈ വിരോധാഭാസത്തിന് കാരണം. ബയോഗ്യാസ് അടുപ്പും പുകയില്ലാത്ത മെച്ചപ്പെട്ട വിറകടുപ്പുകളും പ്രചരിപ്പിക്കേണ്ടതിന്റെ പ്രസക്തി ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. വിറക് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വീടുകളിലും മെച്ചപ്പെട്ട അടുപ്പുകൾ സ്ഥാപിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. മെച്ചപ്പെട്ട അടുപ്പുകളുടെ പ്രചരണത്തിന്നായുള്ള ദേശീയ പരിപാടി(NPIC) കേരളത്തിൽ അനർട്ട് (ANERT) എന്ന സർക്കാർ സ്ഥാപനമാണ് നടപ്പാക്കുന്നത്. അതുകൂടാതെ സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP) ലഭ്യമാണ്. നമ്മുടെ പഞ്ചായത്തിൽ അടുപ്പ് സ്ഥാപിക്കാൻ വൈദഗ്ദ്യം ഉള്ളവർ വേണ്ടത്ര ഇല്ലെങ്കിലും അനർട്ടുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടിവരും. അടുപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ മോൾഡുകൾ ഗ്രില്ലുകൾ പൈപ്പുകൾ ഇഷ്ടിക മുതലായവയുടെ ലഭ്യതയും ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഒരു സമഗ്ര അടുപ്പ് പദ്ധതിക്ക് രൂപം കൊടുക്കുകയാണ് ആദ്യപടി. കിട്ടാവുന്ന അനർട്ട് സബ്സിഡിക്കും സഹായ

ങ്ങൾക്കും പുറമേ ഉപയോക്താക്കളുടെ വിഹിതം പഞ്ചായത്തിൽനിന്നും ലഭ്യമാക്കാവുന്നതാണ്. സേവനസഹായങ്ങൾ (പണം വസ്തുക്കൾ സഹായം) ഇതെല്ലാം പദ്ധതി രൂപീകരിക്കുമ്പോൾ കണക്കിലെടുക്കണം.

**ഊർജ്ജക്ഷമത കൂടിയ മറ്റുപകരണങ്ങൾ**

പാചക ഊർജം ലാഭിക്കുന്നതിന് വലിയൊരു അളവിൽ സഹായിക്കുന്ന ഉപകരണങ്ങളാണ് പ്രഷർകുക്കറും കച്ചിപ്പെട്ടിയും (insulated Box) വിറകടുപ്പ് ഉപയോഗിക്കുന്നവർക്കും പ്രഷർകുക്കർ ഉപയോഗിക്കാം. വലിയൊരു അളവിൽ ഇന്ധനവും സമയവും ലാഭിക്കാം. ഉയർന്ന വിലയാണ് ഒരു തടസ്സം. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അനർട്ട് പ്രഷർകുക്കറുകൾക്ക് സബ്സിഡി നൽകുന്നുണ്ട്. അനർട്ടിന്റെ IREP ഓഫീസുമായി ബന്ധപ്പെട്ട് സബ്സിഡിയോടു കൂടിയ പ്രഷർകുക്കർ വിതരണവും ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം. വെറും സൗജന്യ വിതരണം എന്നതിലുമുപരിയായി ഇതോടൊപ്പം പാചകത്തിനുള്ള ഊർജച്ചെലവ് എങ്ങനെയെല്ലാം കുറയ്ക്കാം എന്നതിനെക്കുറിച്ചുള്ള ബോധവല്ക്കരണവും ഇതിന്റെ ഭാഗമാണ്. ഇവിടെയാവും കച്ചിപ്പെട്ടിയുടെ ഉപയോഗവും പ്രസക്തമാകുന്നത്. അരി വെക്കുമ്പോഴാണ് നമ്മുടെ വീടുകളിൽ ഏറ്റവും അധികം ഇന്ധനം ചെലവാകുന്നത്. അരിക്കുള്ള വെള്ളം തിളച്ചുകഴിഞ്ഞാൽ വാസ്തവത്തിൽ പിന്നെ അടുപ്പു കത്തിക്കേണ്ട ആവശ്യമില്ല. വെപ്പുപാത്രത്തിൽ ചൂട് നിലനിർത്തിയാൽ മതി. ഇതിന് നല്ല താപപ്രതിരോധശേഷിയുള്ള ഒരു പെട്ടിയിൽ പാത്രം ഇറക്കി അടച്ചുവെച്ചാൽ മതിയാകും. ഇതിനുള്ള വളരെ ലഘുവായ ഒരു മാതൃകയാണ് കച്ചിപ്പെട്ടി. ഒരു വീഞ്ഞപ്പെട്ടിയിൽ വൈക്കോലോ ചകിരിയോ മറ്റോ ഇട്ട് താപപ്രതിരോധം സൃഷ്ടിച്ച് അടുപ്പ് വെയ്ക്കാൻ സഹായിക്കുന്ന ഉപകരണം. ഇത്തരം പെട്ടികളുടെ നിർമാണവും (അടുപ്പുനിർമാണം പോലെ) തൊഴിലവസരം സൃഷ്ടിക്കുന്ന ഒരു പരിപാടിയാക്കി മാറ്റാം. നമ്മുടെ പഞ്ചായത്തിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന മുന്നൂറിലേറെ വീടുകളുണ്ട്. പലതരം മണ്ണെണ്ണ സ്റ്റൗകൾ വിപണിയിൽ ലഭ്യമാണ്. ദക്ഷതയുടെ കാര്യത്തിൽ വളരെ വിത്യാസമുണ്ട്. മണ്ണെണ്ണ ചെലവ് കുറയ്ക്കാനുതകുന്ന മെച്ചപ്പെട്ട സ്റ്റൗ ആദ്യം രൂപകല്പന ചെയ്ത് മാർക്കറ്റിലിറക്കിയത് ഇന്ത്യൻ ഓയിൽ കോർപറേഷനായിരുന്നു. (നൂതൻ സ്റ്റൗ) മെച്ചപ്പെട്ട സ്റ്റൗ തിരഞ്ഞെടുത്ത് സബ്സീഡിയോടുകൂടി വിതരണം ചെയ്യുന്ന പരിപാടി അനാർട്ട് IREPയിലൂടെ നടപ്പാക്കുന്നുണ്ട്. ഈ പരിപാടിയും നമ്മുടെ സമഗ്രഊർജ്ജ ആസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പാക്കണം.

**ദക്ഷത കൂടിയ വൈദ്യുതി വിളക്കുകൾ**

നാം സാധാരണ ഉപയോഗിക്കുന്ന വൈദ്യുതി ബൾബുകൾ വെളിച്ചത്തേക്കാൾ ചൂടാണ് നല്കുന്നത്. ട്യൂബ്ലൈറ്റിന് ബൾബിനെ അപേക്ഷിച്ച് നാലിരട്ടിയോളം പ്രകാശക്ഷമതയുണ്ട്. പക്ഷേ, വില സ്വല്പം കൂടുതലാണ്. ചെറിയ മുറികളിൽ 40 വാട്ടിന്റെ ട്യൂബ് ലൈറ്റ് അധികപ്പറ്റുമാണ്. ട്യൂബ്ലൈറ്റിന്റെ `ചോക്ക്' പത്തുവാട്ടോളം കറന്റ് വേറെയും എടുക്കും. ഇതിനൊക്കെ പുറമേ വോൾട്ടേജ് തീരെ കുറവാണെങ്കിൽ ട്യൂബ് കത്തുകയുമില്ല. ഈ കുറവുകളൊക്കെ പരിഹരിക്കുന്ന ഉപകരണമാണ് `കോംപാക്ട് ഫ്ളൂറസന്റ് ലേംപ്' അഥവാ CFL. വെളിച്ചം നാലിരട്ടി, ആയുസ്സും പതിന്മടങ്ങ്. വിലമാത്രം കുറച്ചധികമാണ്. ഒരു ബൾബിന് 300 രൂപയുടെ അടുത്തുവരും. പക്ഷേ ദിവസവും നാല് അഞ്ച് മണിക്കൂർ വിളക്കു കത്തിക്കുന്ന ഒരു മുറിയിൽ നാല്പത് വോട്ട് ബൾബിനു പകരം അതിലേറെ പ്രകാശം തരുന്ന ഒരു 9 വാട്ട് CFL ഇട്ടാൽ ഒരു വർഷംകൊണ്ട് 50 യൂണിറ്റിലേറെ വൈദ്യുതി ലാഭിക്കാൻ കഴിയും. വ്യക്തിപരമായ ലാഭം എന്നതിലുമുപരി ഇത് സമൂഹത്തിന് വലിയൊരു നേട്ടവും കൂടിയാണ്. സബ്സീഡിയുടെ സാമൂഹ്യ പ്രസക്തി ഇവിടെയാണ്. വൈദ്യുതിരംഗത്തെ സർക്കാർ ഏജൻസിയായ ഇലക്ട്രിസിറ്റി ബോർഡിന് ഇക്കാര്യത്തിൽ ഒരു ബാധ്യതയുണ്ട്. അനർട്ട് എനർജി മാനേജ്മെന്റ് സെന്റർ, REP മുതലായ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് CFLന്റെ ആകർഷണീയത വർദ്ധിപ്പിക്കാനുള്ള ഭാവനാത്മകങ്ങളായ പദ്ധതികൾക്ക് രൂപം കൊടുക്കാൻ പഞ്ചായത്തിനു കഴിയണം.

### സൗരോർജവിളക്കുകൾ

ഉടനെ വൈദ്യുതി എത്താൻ സാദ്ധ്യത കുറവായ നമ്മുടെ ചില പ്രദേശങ്ങളിൽ വൈദ്യുതി ലാഭകരമായി വൈദ്യുതി വെളിച്ചം എത്തിക്കാനുള്ള മാർഗ്ഗം സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സൂര്യവിളക്കുകളാണ്. ഇപ്പോഴും ചെലവേറിയതാണ് ഈ പദ്ധതി കനത്ത സബ്സീഡിയോട് കൂടിയാണ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഒറ്റപ്പെട്ട ഉൾനാടൻ പ്രദേശങ്ങളിലും കമ്പിവലിക്കാൻ തടസങ്ങളുള്ള മലയോര ഗ്രാമങ്ങളിലും ഈ പദ്ധതിക്ക് മുന്തിയ പരിഗണന കൊടുക്കണം. അനർട്ടുമായി ആലോചിച്ച് IREP വഴിയോ അല്ലാതെയോ സൂര്യവിളക്കുകൾ വിതരണം ചെയ്യാനുള്ള പരിപാടിക്ക് രൂപം കൊടുക്കണം.

ദുർബലവിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള പല സർക്കാർ പദ്ധതികളും ഉണ്ടല്ലോ. Tribal Subplan, Special component plan മുതലായ ഈ വിധ പദ്ധതികളിൽ പെടുത്തി കൂടുതൽ സൗജന്യങ്ങൾ ഈ വിഭാഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയും. ഓരോ പരിപാടിയും നടപ്പാക്കുന്ന ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെ ഇതിനായി സമീപിക്കേണ്ടതാണ്. വിവിധ പരിപാടികളുടെ സംയോജിത ആസൂത്രണവും നടപ്പാക്കലും പഞ്ചായത്ത് തലത്തിൽ തന്നെ ചെയ്യേണ്ടിയിരിക്കുന്നു.

### മറ്റു പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ

ചീനക്കാമൂല, അടിവാരം, കുറ്റിക്കൈത, കമ്പോളക്കൊല്ലി, കാരക്കൊല്ലി എന്നിവിടങ്ങളിൽ കുത്തൊഴുക്കുള്ള അരുവികളുണ്ടല്ലോ. ഇവയെ ആശ്രയിച്ച് ചെറുകിട ജലവൈദ്യുതി പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പഠിക്കേണ്ടതാണ്. പാലക്കാട് മുണ്ടൂരിലുള്ള IRTC ചെറുകിട ജലവൈദ്യുതി പദ്ധതികളെ പറ്റി പഠിച്ച് സാദ്ധ്യത റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള വൈദഗ്ദ്യം നേടിയിട്ടുണ്ട്. പദ്ധതിക്കുള്ള സാമ്പത്തികം അനർട്ട്, ഇരേഡാ (IREDA) മുതലായ ഏജൻസികളിലൂടെ സമാഹരിക്കാം. പദ്ധതി നിർവ്വഹണത്തിന് കമ്പനി, കോർപ്പറേഷൻ ഉൾപ്പെടെയുള്ള മാതൃകകൾ പരീക്ഷിക്കണം.

കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധ്യതയുള്ള ഉയർന്ന പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇക്കാര്യത്തിൽ പ്രാഥമിക പഠനങ്ങൾ അനർട്ടിന്റെ സഹായത്തോടെ നടത്താം. വിശദമായ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വൈദ്യുതി ഉല്പാദനം പദ്ധതിക്കു തുടക്കം കുറിക്കാനാവൂ. വിൻഡ്മിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായവും അനാർട്ടിൽനിന്നും കിട്ടും.

ചുരുക്കത്തിൽ ഊർജ്ജ സംബന്ധിയായ എല്ലാ പ്രവർത്തനത്തിനും ഉള്ള മുന്നൊരുക്കം ഊർജം സർവെയാണ്. സർവെയുടെ ഫലകങ്ങളെ ക്രോഡീകരിച്ച് അപഗ്രഥിച്ച് വിലയിരുത്തി ഒരു സമഗ്ര ഊർജ ആസൂത്രണപദ്ധതിക്ക് രൂപം കൊടുക്കണം. ഇതിൽ ശാസ്ത്ര സാങ്കേതിക രംഗത്തെ സന്നദ്ധ സംഘടനകളുടെ സഹായം ലഭ്യമാക്കാം. ഈ സമഗ്രപദ്ധതിയുടെ ഭാഗമായി പാചകം, വെളിച്ചം ജലസേചനം, കുടിവെള്ളം, വ്യവസായോർജ്ജം എന്നീ വിവിധ മേഖലകൾക്കും ഊർജം നല്കാനുള്ള പദ്ധതികൾക്കും രൂപം നൽകണം. ഓരോന്നിനും സാങ്കേതിക സേവനവും സാമ്പത്തിക സഹായവും നല്കാൻ കഴിവുള്ള സർക്കാർ ഏജൻസികളെയും സന്നദ്ധസംഘടനകളേയും കണ്ടേത്തണം. അവരുടെ സഹായത്തോടെ വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസികൾക്ക് സമർപ്പിച്ച് സാമ്പത്തികം ലഭ്യമാക്കാം. പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്ന പരിപാടികൾ എന്ന നിലക്ക് എല്ലാ തലങ്ങളിലും കഴിയുന്നത്ര സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## മാർക്കറ്റ്

വൻമരങ്ങൾ, കപ്പ, ഇഞ്ചി, വാഴ, നെല്ല്, തുടങ്ങിയ ഭക്ഷ്യവിഭവങ്ങൾ, പുൽത്തൈലം, യൂക്കാലിപ്സ് പോലെയുള്ള സുഗന്ധവിളകൾ സമൃദ്ധിയായുള്ള ഗ്രാമമായിരുന്നു അമ്പലവയൽ. വീട്ടി അടക്കമുണ്ടായിരുന്ന മരങ്ങൾ ഒന്നായി വെട്ടിവെളുപ്പിച്ചു പുൽത്തൈലക്കൃഷി തോട്ടകൃഷിക്ക് വഴിമാറി. യൂക്കാലിപ്സ് കൃഷി നാമമാത്രമായി.

ഭൂരിഭാഗം നെൽവയലുകളും കാരാപ്പുഴ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്തതിനാലും നെൽകൃഷി ആദായകരമല്ലാത്തതുകൊണ്ടും നെല്ലുൽപാദനം നന്നേ കുറഞ്ഞിട്ടുണ്ട്. കപ്പകൃഷി ഇല്ലാതായി

എന്നുതന്നെ പറയാം. കാപ്പി, കുരുമുളക്, റബ്ബർ കവുങ്ങ്, തെങ്ങ് തുടങ്ങിയ നാണ്യവിളകൾ പിൽക്കാലത്ത് വികസിച്ചു. എന്നാൽ ഈ ഉൽപന്നങ്ങൾ വിറ്റൊഴിക്കുന്നതിനും വസ്ത്രം, ഭക്ഷ്യവിഭവങ്ങൾ, ഗൃഹോപകരണങ്ങൾ, കെട്ടിടനിർമ്മാണവസ്തുക്കൾ എന്നിവ വാങ്ങുന്നതിനുമുള്ള ഒരു മാർക്കറ്റിങ്ങ് സംവിധാനം ഈ പഞ്ചായത്തിലുണ്ടായിരുന്നില്ല.

പഞ്ചായത്ത് രൂപീകരണത്തിനു മുമ്പു തന്നെ വടുവൻചാലിൽ ഒരു പൊതുമാർക്കറ്റ് ആരംഭിച്ചിരുന്നുവെങ്കിലും പ്രവർത്തന സജ്ജമായില്ല. കാർഷികോല്പന്നങ്ങളുടെയും കന്നുകാലികളുടെയും ക്രയവിക്രയങ്ങൾക്കും അത്യാവശ്യ ഉപഭോഗ വസ്തുക്കൾ വാങ്ങുന്നതിനും വേണ്ടി തൊട്ടടുത്ത പഞ്ചായത്തുകളിലെ ചുള്ളിയോട് , മീനങ്ങാടി , ബത്തേരി, എന്നീ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവന്നു. പഞ്ചായത്ത് ആസ്ഥാനത്ത് അടുത്ത കാലം വരെ സുരക്ഷിതമല്ലാത്ത ചെറുപീടികകൾ റോഡരുകിൽ വച്ചുകെട്ടിയാണ് പലവ്യഞ്ജന വില്പന പോലും നടത്തിയിരുന്നത്. വ്യാപാരശാലകൾ സ്ഥാപിക്കാനുതകുന്ന സ്ഥലങ്ങളൊക്കെ സ്കൂൾ, ഓഫീസുകൾ, കൃഷിഫാം, ആരാധനാലയങ്ങൾ, തുടങ്ങിയവയുടെയോ ബാക്കിയുള്ളവ സ്വകാര്യവ്യക്തികളുടേയോ കൈവശമായിരുന്നു. തന്മൂലം ഒരു പൊതുമാർക്കറ്റും വ്യാപാരകേന്ദ്രവും സ്ഥാപിക്കാനായില്ല.

കൃഷിഫാമിൽനിന്നും ലഭിച്ച സ്ഥലവും ഗ്രാമവികസനബോഡിന്റെയും സർക്കാറിന്റെയും വായ്പാസഹായവും പ്രയോജനപ്പെടുത്തി ഒരു പരിധിവരെ വ്യാപാരശാലകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനസംഖ്യാവർദ്ധനവും ജനങ്ങളുടെ അഭിരുചിയും അനുസരിച്ച് ഉപഭോഗവസ്തുക്കളുടെ സ്വഭാവത്തിലും എണ്ണത്തിലും വന്നുകൊണ്ടിരിക്കുന്ന മാറ്റം വ്യാപാരശാലകളുടെ ഘടനയും സൗകര്യാദി വിശദാംശങ്ങളിലും മാറ്റം ആവശ്യപ്പെടുന്നു. ഈയാവശ്യം നിർവഹിക്കാനായില്ലെങ്കിൽ മാർക്കറ്റിന്റെ വികസനം അസാധ്യമാകും. അതിനാൽ ജനങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായ വിലക്ക് വില്ക്കാനും നിത്യോപയോഗ സാധനങ്ങൾ സ്വയം വിലക്ക് ലഭിക്കാനും അനുയോജ്യമായ മാർക്കറ്റ് സംവിധാനം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

ഭൂരിഭാഗം ചെറുകിടനാമമാത്ര കർഷകരുള്ള ഈ പഞ്ചായത്തിൽ കൃഷിയിറക്കാനും പത്തുമാസങ്ങളിലെ ജീവിതച്ചെലവിനും വേണ്ടി മൂപ്പെത്താത്ത വിളകൾ മുൻകൂർ വില്പന നടത്തുന്ന പതിവ് നിലനിൽക്കുന്നു. കരിങ്കൽ ക്വാറി ഉല്പന്നങ്ങൾ ഉപഭോതാക്കൾ നേരിട്ടല്ലാത്ത ലോറിഉടമകളോ ദല്ലാൾമാരോ വഴിയാണ് വില്പന നടത്തിവരുന്നത്. കാർഷികവിളകൾക്ക് വിളയെടുപ്പുകാലത്ത് വിലയിടിവ് സർവസാധാരണമാണ്. ഭൂരിപക്ഷം കർഷകരും സ്വന്തം ഉല്പന്നങ്ങൾ സൂക്ഷിച്ചുവെക്കാൻ സൗകര്യങ്ങളോ ത്രാണിയോ ഇല്ലാതെ പെട്ടവിലക്കാണ് വില്ക്കുന്നത്. സഹകരണമേഖല, വെയർഹൗസിങ്ങ്കോർപറേഷൻ സിവിൽ സപ്ലൈസ് വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ ഫലപ്രദമായ ഒരു മാർക്കറ്റിംങ്ങ് സംവിധാനം ഉണ്ടാക്കാൻ കഴിയും. അന്തിച്ചന്തയും ആഴ്ച്ചചന്തയും ആരംഭിച്ചും ആധുനിക സൗകര്യങ്ങളോടുകൂടിയ വ്യാപാരശാലകളും ഷോപ്പിംഗ് കോപ്ലക്സും നിർമ്മിച്ചും ഈ പഞ്ചായത്തിലെ മാർക്കറ്റ് സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കാം.

**പ്രശ്നങ്ങൾ**

അടയ്ക്ക, വാഴക്കുല, പച്ചക്കറി, ഇഞ്ചി തുടങ്ങിയവ വില്ക്കാൻ പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റില്ല.

ആടുമാടുകൾ, കോഴി, തുടങ്ങിയവയുടെ വില്പനകൾക്കും വിദൂരചന്തകളെ ആശ്രയിക്കുന്നതു മൂലമുള്ള കഷ്നഷ്ടങ്ങൾ

വ്യാപാരസമൂഹങ്ങളെ ആകർഷിക്കാൻ തക്കവിധ ആധുനിക സൗകര്യങ്ങൾക്ക് പറ്റിയവിധം ഷോപ്പിംഗ് കോപ്ലക്സ്, കെട്ടിടസംവിധാനം എന്നിവയുടെ അപര്യാപ്തത

–വിളയെടുപ്പ് കാലത്തെ ഉല്പന്നങ്ങൾ സൂക്ഷിക്കാനും അവയുടെ ഈടിന്മേൽ വായ്പ നല്കാനും വെയർഹൗസിങ്ങ് സംവിധാനമില്ലാത്തതുകാരണം കൃഷിക്കാർ അനുഭവിക്കുന്ന നഷ്ടം

–ഉല്പന്നങ്ങളുടെ വില്പന, ഉപഭോഗവസ്തുക്കളുടെ വാങ്ങൽ, എന്നിവ വഴി ഈ ഗ്രാമത്തിലെ ജനങ്ങൾ നടത്തുന്ന പണമിടപാടുകളിൽ ഏറിയപങ്കും പഞ്ചായത്തിലല്ലാത്തതിനാൽ പണമി

ടപാടുകളിൽ ചോർച്ചയും വികസനപ്രക്രിയയ്ക്കു തന്നെ ക്ഷീണവും ഉണ്ടാക്കുന്നു.

നല്ല ഇനം മത്സ്യം, മാംസം എന്നിവക്ക് സമീപ പഞ്ചായത്ത് മാർക്കറ്റുകളെ സമീപിക്കേണ്ടി വരുന്നു.

ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാവണമെങ്കിൽ അന്യപഞ്ചായത്തുകളിൽ പോകണമെന്ന ബോധം ജനങ്ങളിൽ വളർന്നുവരുന്നു.

സാദ്ധ്യതകൾ

കേടുവരാത്ത മത്സ്യമാംസവും, പച്ചക്കറിയും, സൂക്ഷിക്കാവുന്ന സൗകര്യത്തോട് മാർക്കറ്റ് സ്റ്റാളുകൾ പ്രധാനകേന്ദ്രങ്ങളിൽ നിർമിച്ചാൽ ഗുണനിലവാരമുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനാവും.

കന്നുകാലിചന്തയുടെ ദിവസം മാറ്റിയാൽ നിലവിലുള്ള പ്രവർത്തനരാഹിത്യം പരിഹരിക്കാനാകും.

ഗ്രാമവികസനബോർഡിന്റെ സഹായത്തോടെ ബസ്സ്റ്റോപ്പും, ഷോപ്പിംഗ് കോംപ്ലക്സും പഞ്ചായത്താസ്ഥാനത്ത് പണിതീർത്താൽ വ്യാപാരസമൂഹത്തെ ആകർഷിക്കാനാകും.

ലിക്വിഡേഷനിലുള്ള കൺസ്യൂമർ സ്റ്റോറിനു പകരം എല്ലാവിധ ഉപഭോഗ സാധനങ്ങളുടെയും വില്പനക്കായി സഹകരണസംഘം രൂപീകരിച്ചാൽ വിലനിയന്ത്രണം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും.

വനിതകളുടെ ഒരു സർവ്വീസ് സഹകരണ സംഘം രൂപീകരിച്ച് വനിതാവ്യവസായ സംരംഭങ്ങൾക്ക് അസംസ്കൃതസാധനങ്ങൾ വിതരണം ചെയ്യുക കൈത്തൊഴിൽ വഴി ഉണ്ടാക്കപ്പെടുന്ന ഉല്പന്നങ്ങൾ വാങ്ങിവില്ക്കുക എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ വനിതാവ്യവസായ രംഗം പുരോഗമിക്കുന്നതായിരിക്കും.

സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, മാർക്കറ്റിങ്ങ് സൊസൈറ്റി എന്നിവയുടെ സഹായ സഹകരണങ്ങൾ നമ്മുടെ കൃഷിക്കാർക്ക് ലഭ്യമാകാൻ പഞ്ചായത്തിൽ ഒരു മാർക്കറ്റിങ്ങ് സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

ഇഞ്ചി, അടക്ക, പച്ചമുളക്, മറ്റു പച്ചക്കറികൾ, വാഴക്കായ, പഴവർഗ്ഗങ്ങൾ, എന്നിവ ശേഖരിച്ച് സംസ്കരിക്കുകയും വിതരണം നടത്തുകയും ചെയ്യാൻ പഞ്ചായത്ത് തലത്തിൽ ഒരു സംഭരണം സംസ്കരണ വിതരണ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

കൈത്തറി വസ്ത്രങ്ങൾ, കയറുല്പന്നങ്ങൾ, എന്നിവയുടെ വില്പനക്കായി പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾക്ക് ഏജൻസി ഏറ്റെടുക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ ഒരു അറവ് ശാല ഉണ്ടാക്കുകയും പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരമുള്ള മാടുകളെ അറുത്ത് മാംസവിപണനം നടത്തിയാൽ ആരോഗ്യരംഗത്ത് ഗുണഫലമുണ്ടാകും.

അനുകരണസംസ്കാരത്തിനെതിരെയും പ്രാദേശിക ഉല്പന്നങ്ങളുടെയും ഉപയോഗം വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള ബോധവല്ക്കരണ പരിപാടികൾ നടപ്പാക്കാവുന്നതാണ്.



5.7

# പാർപ്പിടം സാമൂഹ്യക്ഷേമം

## പാർപ്പിടം

മലയാളിക്ക് വീട് അന്തസ്സിന്റെ കുറിമാനം.
മരുഭൂമികളിൽപ്പോയി
വിയർപ്പൊഴുക്കി ഉണ്ടാക്കിയ പണം
നാം വീടുകളാക്കി മണ്ണിൽ കുഴിച്ചിടുന്നു.
ഒരു നാടൻ ഗുമസ്തനോ തൊഴിലാളിയോ
ഒരു ജന്മം പാടുപെടുന്നത്
ഒരു വീട് കെട്ടാനാണ്.
വീട് പണി ഒരിക്കലും തീരുന്നില്ല.
അത് മുകളിലേക്കും വശങ്ങളിലേക്കും നീളുന്നു.
അഞ്ചുസെന്റിലൊരുവീടും
വീടിനുചുറ്റും മതിലും.
ഓരോ മലയാളിയും ഒരു കോൺക്രീറ്റ് കൂടും
വേലികെട്ടിയ അഞ്ചുസെന്റുമാണ്.
വേലികൾ കെട്ടികെട്ടി നാം നമ്മെ പരസ്പരം
അകറ്റുന്നു. നമ്മുടെ ചുവരുകൾക്കും
കമ്പിക്കെട്ടുകൾക്കും വാർപ്പുകൾക്കപ്പുറമുള്ള
നക്ഷത്രങ്ങളും പൂക്കളും പക്ഷികളും
ആകാശവും നമുക്കന്യം. പ്രകൃതിയുടെ
സ്വാതന്ത്ര്യത്തിൽ ഒരുമിനുട്ടിരിക്കാൻ
പോലും നമുക്കാവില്ല. വീടിനപ്പുറമുള്ള
ചക്രവാളങ്ങളും മഴവില്ലുകളും
കാണുന്നവരെത്ര?
ഇത്തരം ഒരു വീടാണ് വീടെന്ന സങ്കല്പം
ആരാണ്നമ്മിലുറപ്പിച്ചത്?
നമ്മുടെ യഥാർത്ഥവീടേതാണ്?
അതിനിയുംനമുക്ക് കണ്ടെത്താനായിട്ടുണ്ടോ?
അതു കണ്ടെത്തിയാൽ കൂരയില്ലാത്തവർക്ക്
തലചായ്ക്കാനൊരിടം കാണിക്കാനും
സൃഷ്ടിക്കാനും നമുക്കും കൂട്ടുചേരാനാവില്ലേ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും രക്ഷ നേടുന്നതിന്നായി പണ്ടുകാലത്ത് മരങ്ങൾക്ക് മുകളിൽ ഏറുമാടങ്ങൾ കെട്ടിയാണ് ജനങ്ങൾ താമസിച്ചിരുന്നത്. ക്രമേണ മുള, മണ്ണ്, പുല്ല് എന്നിവ ഉപയോഗിച്ച് കുടിൽ കെട്ടി താമസം തുടങ്ങി. 1940, ഓടെ, കട്ട, മരം, ഓട് മുതലായവ ഉപയോഗിച്ച് വാസ്തുശില്പങ്ങളോട് കൂടിയ കെട്ടുറപ്പുള്ള വീട് നിർമ്മാണത്തിന് ആരംഭം കുറിച്ചു. വിമുക്തഭട പുനരധിവാസ പദ്ധതി നിലവിൽ വന്നതോടെ കല്ല്, ഇഷ്ടിക, മരം, ആസ്ബറ്റോസ് തുടങ്ങിയവ ഉപയോഗിച്ച് കോളനി കോപ്ലക്സുകളും, ഫാം ക്വാർട്ടേഴ്സുകളും സ്ഥാപിച്ചു ശൈത്യത്തെ അതിജീവിക്കുന്നതിന്നു വേണ്ടി രണ്ടു ഭാഗത്തെ ഭിത്തിമാത്രം ഇഷ്ടികകൊണ്ട് കെട്ടിയതും തകരഷീറ്റ് കൊണ്ട് മറച്ചതുമായ ``നീസൽ ഹട്ടു'' കളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം.

പഞ്ചായത്തിന്റെ പല ഭാഗത്തുള്ള ചെട്ടിമാരുടെ വീടുകൾ, കുലക്ഷേത്രങ്ങൾ, ക്ഷേത്രാവശിഷ്ടങ്ങൾ, നൂറ്റാണ്ടുകളായി നിലനിൽക്കുന്ന രൂപങ്ങളാണ്. വെണ്ണക്കല്ല്, കരിങ്കല്ല്, മരങ്ങൾ, ഇഷ്ടിക എന്നിവ ഉപയോഗിച്ചാണ് ഇവ നിർമ്മിക്കപ്പെട്ടിരിക്കു

ന്നത്. കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് അനുയോജ്യമല്ലാത്ത ഭൂപ്രകൃതിയാണ് ഇവിടെയുള്ളതെങ്കിലും ആളുകൾ അത്തരം ചെലവേറിയ നിർമ്മാണ രീതിയിലേയ്ക്ക് തിരിയുവാൻ തുടങ്ങി. 1980ഓടെ നാണ്യവിളകൾക്ക് ലഭിച്ച വിലവർദ്ധനയാണ് ഇതിനുള്ള ഒരു കാരണം. പ്രത്യുൽപാദനപരമല്ലാത്ത ഇത്തരം മുതൽമുടക്ക് പ്രോത്സാഹജനകമല്ല. 1970ൽ ആരംഭിച്ച ലക്ഷം വീട് പദ്ധതി NREP RLEGP പദ്ധതികളിലൂടെ ഭവനരഹിതരായ ദുർബലവിഭാഗങ്ങൾ, പട്ടികജാതി–പട്ടികവർഗ്ഗക്കാർ എന്നിവർക്ക് വീട് നിർമ്മിച്ച് നൽകുക വഴി ചെറിയൊരളവിൽ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞു. എന്നിരുന്നാലും ഒട്ടേറെ ആദിവാസികളും മറ്റു ദുർബലജന വിഭാഗങ്ങളും പാർപ്പിട പ്രശ്നം നേരിടുന്നുണ്ട്. 40ഓളം വീടുകളുള്ള ഒരു ഹൗസിങ്ങ്കോളനി സഹകരണ മേഖലയിൽ പഞ്ചായത്തിന്റെ പ്രവേശനകവാടത്തിൽ ഉയർന്നുവരുന്നുണ്ടെങ്കിൽ അവ സാധാരണക്കാർക്ക് പ്രാപ്യമല്ല. സുൽത്താൻ ബത്തേരി താലൂക്കിന്റെ കീഴിലുള്ള ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 294 വീടുകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

വിദൂരസ്ഥലങ്ങളിൽ നിന്നും ഇവിടെയെത്തുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം പരിമിതമാണ്. പലരും ഇടുങ്ങിയതും സൗകര്യമില്ലാത്തവയുമായ കെട്ടിടങ്ങളിൽ ഭീമമായ തുക വാടക കൊടുത്ത് കഴിയുന്നു. മരം, ഇഷ്ടിക, കുമ്മായം എന്നിവ ഉപയോഗിച്ച് വസ്തുശില്പമനോഹാരിതയോടെയുള്ള കെട്ടിടനിർമ്മാണരീതി കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറി. ചില പ്രത്യേക വിഭാഗം ആളുകളുടെ കുത്തകയായിരുന്ന നിർമ്മാണ രംഗത്തേക്ക് സമുദായ പരിഗണനകൾ കൂടാതെ ആളുകൾ എത്തിക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും ആവശ്യത്തിന് ജോലിക്കാരെ കിട്ടാത്ത അവസ്ഥയാണിന്ന്.

കൂട്ടുകുടുംബം വ്യവസ്ഥയിൽ മാറ്റം വന്നതോടെ താമസപ്രശ്നം രൂക്ഷമായി വരികയാണ്. നെൽവയലുകൾ മണ്ണിട്ടുനിരത്തി വീടുകൾ നിർമ്മിക്കുന്നതുമൂലം കൃഷിഭൂമി കുറഞ്ഞുവരികയാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും കൂലി നിരക്കിലെ വർദ്ധനവും ചെറുകിട ഭവനനിർമ്മാണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. പട്ടികവർഗ്ഗവിഭാഗങ്ങളോടൊപ്പം തന്നെ താഴ്ന്ന വരുമാനക്കാരായ മറ്റു കുടുംബങ്ങളുടെയും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് മുൻതൂക്കം കൊടുക്കേണ്ട പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്.

**പ്രശ്നം:**

1. നിർമ്മാണരംഗത്തെ വിദഗ്ധരായ തൊഴിലാളികളുടെ അഭാവം

2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിത വിലക്കയറ്റവും കൂലി വർദ്ധനവും

3. വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന വീടുകൾക്ക് അടങ്കൽ തുകയുടെ പോരായ്മയും ആസൂത്രണത്തിലെ അപാകതയും

4. കെട്ടിടനിർമ്മാണമേഖലയിൽ അനാവശ്യവും ഭീമവുമായ മുതൽമുടക്ക്

5. പുറമെ നിന്നും വരുന്ന ഉദ്യോഗസ്ഥരുടെ താമസപ്രശ്നം.

6. ടൂറിസ്റ്റുകൾക്കും, വ്യാപാരികൾക്കും, താമസസൗകര്യമില്ലായ്മ

7. കാരാപ്പുഴ പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസ പ്രശ്നം

8. താഴ്ന്ന വരുമാനക്കാർക്കുള്ള പാർപ്പിട പദ്ധതി വേണ്ടത്ര ഇല്ലായ്മ.

9. നെൽപ്പാടം നിരത്തി വീടു നിർമ്മിക്കുന്നു.

**സാദ്ധ്യതകൾ:**

1. പ്രാദേശികതലത്തിൽ തൊഴിൽസേനകൾ രൂപീകരിച്ച് വ്യത്യസ്ത നിർമ്മാണ തൊഴിലുകളിൽ പരിശീലനം നല്കുക.

2. നിർമ്മിതി കേന്ദ്രങ്ങളുടെ അപാകത പരിഹരിച്ച് പഞ്ചായത്ത് തോറും അവയുടെ യൂണിറ്റ് സ്ഥാപിക്കുക.

3. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിൽപ്പന സിവിൽ സപ്ലൈസിനെ ഏല്പിക്കുക.

4. IAY, JRY, MWS എന്നീ പദ്ധതികൾ പ്രകാരം ഉണ്ടാക്കുന്ന വീടുകൾക്ക് അടങ്കൽ തുക. 30,000രൂപയാക്കി ഉയർത്തുക.

5. മൂന്ന് ലക്ഷത്തിൽ കൂടുതൽ മുതൽമുടക്കി നിർമ്മിക്കുന്ന വീടുകൾക്ക് സർചാർജ് ഈടാക്കുക.

വീടുകളുടെ തരംതിരിവ് പട്ടിക വാർഡുതലത്തിൽ (1995–96ലെ കണക്ക് പ്രകാരം)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകൾ ഉള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 610 | 44 | 92 | 202 | 144 | 128 |
| 2 | 650 | 58 | 105 | 246 | 165 | 76 |
| 3 | 693 | 41 | 104 | 199 | 151 | 198 |
| 4 | 1157 | 108 | 285 | 475 | 185 | 104 |
| 5 | 850 | 83 | 168 | 286 | 164 | 149 |
| 6 | 610 | 62 | 98 | 192 | 194 | 64 |
| 7 | 641 | 54 | 88 | 186 | 155 | 158 |
| 8 | 590 | 62 | 86 | 174 | 176 | 92 |
| 9 | 680 | 59 | 96 | 184 | 202 | 139 |
| 10 | 842 | 79 | 156 | 249 | 216 | 142 |
| 11 | 605 | 56 | 95 | 184 | 199 | 71 |
| 12 | 764 | 58 | 129 | 171 | 176 | 230 |
| ആകെ | 8692 | 764 | 1502 | 2748 | 2127 | 1551 |

6. എൻ. ജി. ഒ കോർട്ടേഴസ് നിർമ്മിക്കുക.

7. കാരാപ്പുഴ പദ്ധതി പ്രദേശത്ത്ആദിവാസികളെ കുടിയിരുത്തുന്ന പദ്ധതി നടപ്പാക്കുക.

8. ഹൗസിംഗ് ബോഡിന്റെ ആഭിമുഖ്യത്തിൽ വീട് നിർമ്മിച്ചു നല്കുക.

9. ഭവനനിർമ്മാണ വായ്പാ പദ്ധതി സുതാര്യവും വിപുലവുമാക്കുക.

10. നെൽപ്പാടം മാറ്റുന്നത് കർശനമായി തടയുക.

## സാമൂഹ്യക്ഷേമം

ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നാട്ടിൽ ആരംഭിക്കുന്നതിനു മുമ്പ്തന്നെ സഹവർഷത്തിലും സഹകരണ മനോഭാവത്തിലും അധിഷ്ഠിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഈ രംഗത്ത് ആദിവാസികളടക്കുമുള്ള പഴമക്കാരും കുടിയേറ്റക്കാരും യോജിച്ച പ്രവർത്തനങ്ങൾ നടത്തിപോന്നിരുന്നു.

പട്ടിണികൊണ്ട് പൊറുതിമുട്ടി കുടിയേറിപാർത്ത ജനതയെ തദ്ദേശീയരായ കൃഷിക്കാർ സഹായിച്ചിരുന്നു. ഉല്പന്നരംഗത്തേക്ക് കടന്നുചെല്ലുന്നതിനുമുമ്പ് പ്രതിഫലം ഇച്ഛിക്കാതെ നെല്ല്, ചാമ, മുത്താറി, തുടങ്ങിയ ധാന്യങ്ങളും ചക്ക, മാങ്ങ, പുളി, എന്നീ ഫലങ്ങൾ നല്കിയും ഉഴവിന് ഉഴവുമാടുകളെ നല്കിയും ഇവർ സഹായിച്ചിരുന്നു. വീടുകൾ കെട്ടുന്നതിനും കെട്ടി മേയുന്നതിനും പന, വൈക്കോൽ എന്നിവ നല്കി പോന്നതായും കാണാം.

1890 ൽ നെല്ലാറച്ചാലിൽ ആദിമജാതി സമാജം സ്ഥാപിച്ചത് സംഘടനാ ബോധത്തിന്റെയും ക്ഷേമതല്പരതയുടെയും മകുടോദാഹരണമാണ്. കുടിയേറ്റക്കാരിലെ വിദ്യാഭ്യാസമുള്ളവർ അറിയുന്ന പാഠങ്ങൾ മറ്റുള്ളവർക്ക് സൗജന്യമായി പകർന്നുകൊടുത്തിരുന്നു. മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിച്ചപ്പോൾ സഹായഹസ്തവുമായി ഇറങ്ങാൻ ഇവർ തന്നെയായിരുന്നു മുമ്പിൽ.

വിവാഹം തുടങ്ങിയ സദ്യവട്ടങ്ങൾക്ക് ആവ

ശ്യമായ പച്ചക്കറികളും അരിയും നല്കി സഹായിക്കുന്ന രീതിയും വ്യാപകമായിരുന്നു. ആളുകൾ അക്കാലത്ത് കൂട്ടായ്മയുടെ സന്ദേശം ഉയർത്തി കൂടികൊടുക്കൽ എന്ന പേരിൽ പാടത്തും പറമ്പത്തും പണിയെടുത്തിരുന്നു.

കേന്ദ്രസംസ്ഥാന സർക്കാറുകളുടെയും മറ്റു ഏജൻസികളുടെയും ക്ഷേമപ്രവർത്തനങ്ങൾ ഒട്ടനവധിയുണ്ടെങ്കിൽ അതേപറ്റി സാധാരണജനങ്ങൾ ഇപ്പോഴും അജ്ഞാതരാണ്. ഇതുമൂലം പലതും ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന പരിതാപകരമയ സ്ഥിതി നിലനില്ക്കുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലവിളംബം ഓഫീസുകൾ, പലതിലും കയറിയിറങ്ങേണ്ട ബുദ്ധിമുട്ട് എന്നിവയും പ്രതികൂലഘടകങ്ങളാണ്. കിട്ടുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ, ഗുണഭോക്താക്കൾക്ക് ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.

വിവിധ പെൻഷൻ പദ്ധതികൾ ഒരു ഓഫീസിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഇതിന് ഏറ്റവും അനുയോജ്യം എന്തുകൊണ്ടും ഗ്രാമപഞ്ചായത്താണ്. ഈ രംഗത്ത് വരാവുന്ന ഓവർലാപ്പിംഗ് ഇതുവഴി ഒഴിവാകുന്നതും പഞ്ചായത്തു മെമ്പർമാരുടെ ദൈനംദിനം സഹായങ്ങൾ ലഭ്യമാക്കാവുന്നതുമാണ്.

**അങ്കണവാടി**

1982ലാണ് അങ്കണവാടികളുടെ ആവിർഭാവം. അമ്പലവയൽ പഞ്ചായത്തിൽ 17 അങ്കണവാടികൾ നിലവിൽ ഉണ്ട്. ഇപ്പോഴും അങ്കണവാടികളിൽ പ്രാഥമിക സൗകര്യങ്ങളും, ഫർണിച്ചറുകളും, കളിക്കോപ്പുകളും പരിമിതമാണ്. രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോട് ഈ രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിയും. നിർമ്മാണചെലവിൽ വന്ന വർദ്ധന പരിഗണിച്ച് കെട്ടിടനിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കേണ്ടതും, ആനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. പഞ്ചായത്തിലെ പുതിയ പതിനാറ് അങ്കണവാടികൾ കൂടി ആരംഭിക്കണമെന്നുള്ള നിർദ്ദേശവും പരിഗണിക്കേണ്ടതുണ്ട്. യോഗ്യതയുള്ള അധ്യാപികമാരെയും പരിശീലനം സിദ്ധിച്ച ആയമാരെയും അങ്കണവാടികളിൽ നിയമിക്കണം. അവർക്കു കൊടുക്കുന്ന ആനുകൂല്യങ്ങൾ ഇന്നത്തെ വില സൂചികയനുസരിച്ച് തുലോം അപര്യാപ്തമാണ്. അങ്കണവാടിക്ക് ജനകീയ സഹകരണത്തോടെ ചുറ്റും മതിൽ നിർമ്മിക്കുകയും ശിശുദിനം തുടങ്ങിയ ആഘോഷങ്ങളിൽ രക്ഷാകർത്താക്കളെ പങ്കെടുപ്പിക്കാവുന്നതുമാണ്.

**വില്ലേജ് ആപ്പീസുകൾ മുഖേനയുള്ള ക്ഷേമപദ്ധതി**

**a. വിധവാപെൻഷൻ:**

വിധവാപെൻഷന് അർഹരായ ഒട്ടനവധി സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആദിവാസി വനിതകളിൽ ഇവരുടെ എണ്ണം കൂടിവരുന്നു. പെൻഷൻപദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ അപേക്ഷകരുടെ എണ്ണം കുറക്കുന്നുണ്ട്. അനുവദിച്ചവർക്കു തന്നെ പെൻഷൻ യഥാസമയം ലഭ്യമാകുന്നില്ല എന്ന് പോരായ്മയും എടുത്തുപറയേണ്ടതാണ്. സന്നദ്ധസംഘടനാ പ്രവർത്തകരിൽ ബോധവൽക്കരണം നടത്തി ഇവർക്ക് അറിവ് പകരേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്.

**b. വികലാംഗപെൻഷൻ:**

അന്ധരും, ബധിരരും, മൂകരും, മന്ദബുദ്ധികളും വികലാംഗരുമായവർക്ക് വേണ്ടി നൽകുന്ന പെൻഷൻ വിതരണം ഏതാണ്ട് തൃപ്തികരമാണ്. ചുരുങ്ങിയ സാമ്പത്തികഹായംകൊണ്ട് മാത്രം ഇവരുടെ സാമൂഹിക പിന്നോക്കാവസ്ഥയും സാമ്പത്തികനിലയും ഉയർത്താൻ കഴിയുകയില്ല. സ്വാശ്രയ ബോധം വളർത്തുവാനും വ്യക്തിത്വം വികസനത്തിന് തൊഴിലധിഷ്ഠിത പുനരധിവാസകേന്ദ്രം പഞ്ചായത്ത് തലത്തിൽ ഒന്നെങ്കിലും തുടങ്ങേണ്ടതാണ്. സ്വയം തൊഴിൽ പദ്ധതിയുമായി മുന്നോട്ടിറങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുവാനുള്ള യജ്ഞം സർക്കാർ തലത്തിലും ജനകീയ തലത്തിലും ശക്തിപ്പെടുത്തണം.

**C. കർഷകതൊഴിലാളി പെൻഷൻ**

പഞ്ചായത്തിൽ ഏറ്റവുമധികം വിതരണം ചെയ്യുന്ന പെൻഷൻ കർഷതൊഴിലാളിമേഖലയിലാണ്. ആയകാലത്ത് അന്യന്റെ ഭൂമിയിൽ പണിയെടുത്ത് നടുവൊടിഞ്ഞ് ജനസമൂഹത്തിന് നേരെ കരുണാർദ്രമായ സമീപനം കൈകൊള്ളേണ്ടിയിരിക്കുന്നു. നിരക്ഷരരും സ്വയം കാര്യപ്രാപ്തിയില്ലാത്തവരുമായ ഇവർക്ക് എങ്ങനെ ആനുകൂല്യം

പട്ടിക 2

വികലാംഗരെ സംബന്ധിച്ചുള്ള വിവരങ്ങൾ

| വാർഡ് | 5വയസ്സുള്ളവർ | | 5നും 10നും | | 10–18 | | 18–25 | | 25–45 | | 45–60 | | 60നുമേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | 2 | 0 | 2 | 2 | 2 | 3 | 5 | 4 | 2 | 3 | 5 | 2 | 4 | 0 | 22 | 14 |
| 2 | 0 | 0 | 0 | 8 | 10 | 7 | 4 | 3 | 2 | 5 | 6 | 0 | 0 | 0 | 22 | 23 |
| 3 | 0 | 0 | 2 | 7 | 4 | 3 | 2 | 9 | 4 | 3 | 1 | 1 | 1 | 0 | 14 | 23 |
| 4 | 0 | 0 | 0 | 2 | 4 | 2 | 3 | 6 | 1 | 0 | 1 | 3 | 0 | 0 | 11 | 13 |
| 5 | 0 | 10 | 9 | 4 | 5 | 7 | 5 | 7 | 10 | 7 | 10 | 4 | 8 | 0 | 47 | 39 |
| 6 | 4 | 3 | 2 | 5 | 9 | 8 | 4 | 9 | 4 | 1 | 2 | 1 | 0 | 0 | 25 | 27 |
| 7 | 0 | 0 | 1 | 3 | 2 | 2 | 1 | 1 | 1 | 1 | 1 | 2 | 1 | 0 | 7 | 9 |
| 8 | 0 | 0 | 1 | 4 | 1 | 5 | 1 | 1 | 1 | 1 | 0 | 0 | 0 | 0 | 4 | 12 |
| 9 | 0 | 0 | 7 | 8 | 4 | 6 | 3 | 2 | 1 | 1 | 1 | 1 | 0 | 0 | 16 | 18 |
| 10 | 1 | 1 | 3 | 5 | 9 | 5 | 4 | 1 | 7 | 5 | 5 | 3 | – | 0 | 29 | 20 |
| 11 | 0 | 0 | 1 | 4 | 5 | 9 | 7 | 4 | 3 | 2 | 4 | 0 | 0 | 0 | 20 | 19 |
| 12 | 0 | 0 | 0 | 2 | 3 | 7 | 4 | 6 | 4 | 5 | 6 | 2 | 0 | 0 | 17 | 22 |
| ആകെ | | | | | | | | | | | | | | | | |

കൊടുക്കാതെ ഇരിക്കാം. എന്ന് ചിന്തിക്കുന്നത് എന്തേ എന്ന് വിജ്ഞാനം നടത്തണം. നിയമസാങ്കേതികത്വം കുറച്ചും വിഹിതം വർദ്ധിപ്പിച്ചും പദ്ധതി വിപുലപ്പെടുത്തുന്നതിനും അറച്ചു നിന്നുകൂടാ. അഗതികളെയും അനാഥരെയും പുനരധിവസിപ്പിക്കാനുള്ള പദ്ധതിയും സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടത്തുവാൻ കഴിയും.

**d) തൊഴിലില്ലായ്മ വേതനം:**

തൊഴിലില്ലായ്മ വേതനം കുറ്റമറ്റ രീതിയിൽ അർഹയവർക്കു മാത്രം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ ഉൾപ്പെടുത്തി തൊഴിൽ സേന രൂപീകരിക്കുകയും പഞ്ചായത്തു പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാവുന്നതുമാണ്.

e) ക്ഷയരോഗം, കുഷ്ടരോഗം, കാൻസർ എന്നിവ ബാധിച്ചവർക്ക് പെൻഷൻ സഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. കൂടാതെ ദരിദ്രകുടുംബങ്ങളിലെ കുടുംബിനികൾക്ക് പ്രസവസഹായ പദ്ധതി, താണവരുമാനക്കാരായ കുടുംബങ്ങളിൽ കുടുംബനാഥന്റെ മരണം, വീട് അഗ്നിക്കിരയാവൽ തുടങ്ങിയ സംരംഭങ്ങളിൽ പ്രത്യേക ഇൻഷുറൻസ് പദ്ധതി എന്നിവ ലഭ്യമാണ്.

**മഹിളാസമാജം:**

അമ്പലവയൽ പഞ്ചായത്തിലെ ആദ്യത്തെ മഹിളാസമാജം 1960ൽ രൂപീകൃതമായെങ്കിലും 1980ലാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. തുടർന്ന് 30 ഓളം സാമാജങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തന രംഗത്തുള്ളവ നാമമാത്രമാണ് ഇപ്രകാരം പ്രവർത്തനക്ഷമമല്ലാതായി പോകുന്നതിന്റെ പ്രധാന കാരണം സ്ത്രീകളുടെ പങ്കാളിത്തം ആർജ്ജിക്കുന്നതിലുള്ള പരാജയവും സാമ്പത്തിക പരാധീനതയുമാണെന്ന് കാണാം. ഇവയിൽ അഞ്ചു സമാജങ്ങൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ഭൂരിപക്ഷം സമാജങ്ങളും ജില്ലാ നെഹ്റു യുവകേന്ദ്രയിൽ അഫില്ലിയേറ്റും ചെയ്തിട്ടുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾക്കായി വേണ്ടത്ര ധനസഹായം മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്നില്ല.

ചൈതന്യമഹിളാസമാജം കുമ്പളേരി, പ്രിയദർശിനി മഹിളാസമാജം കളത്തുവയൽ, നവോദയാ മഹിളാസമാജം പോത്തുകെട്ടി, ഉദയാ മഹിളാ സമാജം നരിക്കുണ്ട്, കടൽമാട് മഹിളാ സമാജം, കെ. വി. കെ. മഹിളാസമാജം ഐശ്വര്യ മഹിളാസമാജം, അമ്പലവയൽ മഹിളാസമാജം എന്നിവ

എടുത്തു പറയാവുന്നതാണ്. അമ്പലവയൽ മഹിളാ സമാജത്തിൽ സാമൂഹ്യക്ഷേമ ബോർഡിന്റെ ക്രഷും കളത്തുവയൽ പ്രിയദർശിനി മഹിളാ സമാജത്തിന്റെ കെട്ടിടത്തിൽ അങ്കണവാടിയും പ്രവർത്തിക്കുന്നു. കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവതികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സമാജങ്ങൾ ശ്രമം നടത്തിവരുന്നു. സാമൂഹ്യ വനവൽക്കര പരിപാടിയിലൂടെ വൃക്ഷത്തൈ വിതരണവും നടത്തിവരുന്നു.

അമ്പലവയൽ പഞ്ചായത്തിൽ പത്തോളം സ്വകാര്യ നഴ്സറി സ്കൂളുകളും പഞ്ചായത്ത് ശിശുമന്ദിരവും നിലവിലുണ്ട്. പഞ്ചായത്ത് ശിശുമന്ദിരം ഇപ്പോൾ പ്രവർത്തനക്ഷമമല്ല. എൽ. പി. സ്കൂളുകളുടെ കീഴിൽ അമ്പലവയലിലും ആണ്ടൂരിലും ഓരോ പ്രീ പ്രൈമറി സ്കൂളുകളും പ്രവർത്തിച്ചു വരുന്നു.

**ട്രൈസം:**

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഒന്നുമുതൽ ആറുവരെയുള്ള വാർഡുകളിൽ ഫ്രൂട്ട് പ്രിസർവേഷൻ, പ്രിന്റിംഗ് & കമ്പോസിങ്ങ്, ടൈലറിംഗ്, ഓട്ടോ ഡ്രൈവിംഗ്, ബഡ്ഡിങ്ങ്& ഗ്രാഫറ്റിംഗ്, ടൈപ്പ്റൈറ്റിംഗ് എന്നിവയ്ക്ക് പരിശീലനം നൽകിയിട്ടുണ്ട്. 7മുതൽ 12 വരെയുള്ള വാർഡുകളിൽ വയറിംഗ്, വെൽഡിംഗ്, പ്ലാസ്റ്റിക് വർക്ക്, വീട്ടുപകരണ റിപ്പയർ, റേഡിയോ & റ്റി. വി. റിപ്പയർ ടൈപ്പിംഗ് ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് എന്നിവക്കും ട്രൈസം പദ്ധതിയിൽ പരിശീലനം നൽകി പല മേഖലകളിലും സ്വയം തൊഴിൽ നൽകിയിട്ടുണ്ട്. 18നും 35നും മദ്ധ്യേ പ്രായമുള്ളവർക്കു മാത്രമേ സഹായം ലഭിക്കുകയുള്ളൂ.

**D. W. C. R. A**

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി ലക്ഷ്യം വെച്ചുകൊണ്ട് പത്തോ അതിലധികമോ സ്ത്രീകളുടെ ഗ്രൂപ്പിനെ തൊഴിൽ സംരംഭങ്ങളേർപ്പെടുത്തിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് D. W. C. R. A. വിവിധരീതിയിലുള്ളതും വിജയസാ

പട്ടിക 3 ട്രൈസം പരിശീലനം സംബന്ധിച്ച്

| | വാർഡ് | വിഷയത്തിന്റെ പേരുവിവരം | പരിശീലനം എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ |
|---|---|---|---|---|
| 1 to 4 | | ഫ്രൂട്ട് പ്രിസർവേഷൻ | 5 | |
| | | പ്രിന്റിംഗ് & കമ്പോസിംഗ് | 7 | 2 |
| | | ടൈലറിംഗ് | 5 | 5 |
| | | ഓട്ടോ മെക്കാനിക്കൽ | 1 | 1 |
| | | ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് | 1 | 1 |
| | | ഓട്ടോ ഡ്രൈവിംഗ് | 1 | 1 |
| | | ടൈപ്പ് റൈറ്റിംഗ് | 1 | 1 |
| 7 to 12 | | വയറിംഗ് | 1 | 1 |
| | | വെൽഡിംഗ് | 3 | 3 |
| | | ടൈപ്പ് റൈറ്റിംഗ് | 1 | 1 |
| | | ബഡ്ഡിംഗ് & ഗ്രാഫ്റ്റിംഗ് | 1 | 1 |
| | | പ്ലാസ്റ്റിക് വർക് | 2 | 2 |
| | | വീട്ടുപകരണ റിപ്പയർ | 2 | |
| | | റേഡിയോ&ടി.വി റിപ്പയർ | 4 | 4 |

അമ്പലവയൽ ഗ്രാമ പഞ്ചായത്ത് 11–1 1992–ലെ I.R. D.P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | SC/ST | നാളിതു വരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പടെ) |
|---|---|---|---|---|---|---|
| | | | | SC/ST | | |
| I | 159 | 63 | 17 | 6 | 10 | 149 |
| II | 250 | 95 | 28 | 8 | 15 | 285 |
| III | 219 | 91 | 29 | 15 | 10 | 209 |
| IV | 300 | 59 | 20 | 13 | 8 | 292 |
| V | 416 | 72 | 21 | 13 | 8 | 308 |
| VI | 319 | 92 | 19 | 4 | 2 | 317 |
| VII | 298 | 24 | 10 | 8 | 5 | 293 |
| VIII | 326 | 56 | 17 | 7 | 8 | 262 |
| IX | 347 | 86 | 14 | 6 | 3 | 242 |
| X | 487 | 57 | 19 | 12 | 4 | 483 |
| XI | 398 | 160 | 37 | 14 | 8 | 390 |
| XII | | | | | | |

ധ്യതയുള്ളതുമായ സംരംഭങ്ങൾ കണ്ടെത്തുന്നതിൽ പലപ്പോഴും പാകപ്പിഴ സംഭവിക്കുന്നതിനാൽ പല യൂനിറ്റുകളും പരാജയമടയാറുണ്ട്. പലരും ഒരേ സ്വഭാവത്തിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിനാൽ പ്രതിസന്ധികൾ ഏറിവരുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രസ്സ്, പശുവളർത്തൽ, കരിങ്കൽ ക്രഷർ, ഗാർമെന്റ് നിർമ്മാണം എന്നീ മേഖലകളിൽ പല ഭാഗത്തും യൂണിറ്റ് നടന്നുവരുന്നുണ്ട്. ഭൂരിഭാഗം യൂണിറ്റുകളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. പരിപാടിയുടെ തിരഞ്ഞെടുപ്പ്, കൺവീനറുടെ നേതൃത്വഗുണം, ഉല്പാദനക്ഷമത, എന്നിവയെ ആശ്രയിച്ചാണ് യൂണിറ്റിന്റെ വിജയം. ഏതായാലും കൂടുതൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിലൂടെ വനിതാ പങ്കാളിത്തവും നേതൃത്വവും ഉയർത്തിക്കൊണ്ടുവരുന്നതിന് ഈ പരിപാടിയിൽ സാദ്ധ്യതയുണ്ട്.

## I.R.D.P

ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസിൽനിന്നും വില്ലേജ് എക്സ്റ്റൻ ഓഫീസർമുഖേന നടപ്പാക്കുന്ന പരിപാടിയാണ് I.R.D.P. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ അനുയോജ്യമായ തൊഴിൽ കണ്ടെത്തി ധനസഹായവും വായ്പയും നൽകി ഒരു നിശ്ചിതകാലത്തിനുള്ളിൽ സ്വയം പര്യാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള I.R.D.P സർവ്വേ ലിസ്റ്റ് പ്രകാരം 3519 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കപ്പെട്ടിട്ടുള്ളത്. 230 പേർക്ക് കഴിഞ്ഞ വർഷങ്ങളിലായി സഹായം ലഭിക്കുകയുണ്ടായി. (പട്ടിക4 കാണുക)

കാലാനുസൃതമായി I.R.D.P ലിസ്റ്റ് പുതുക്കിയും ദാരിദ്ര്യരേഖയുടെ അടിസ്ഥാനവരുമാനപരിധി ഉയർത്തിയും ബാങ്കുകളും മറ്റും കാണിക്കുന്ന വിമുഖത കുറച്ചും ഈ പരിപാടി തുടരാവുന്നതാണ്.

### ടൂൾക്കിറ്റ്

ഗ്രാമീണ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് പുതിയ തൊഴിലുപകരണങ്ങൾ വാങ്ങിക്കൊടുക്കുന്ന പരിപാടിയാണിത്. 2000 രൂപവരെയാണ് ഇപ്പോൾ നൽകിവരുന്നത്. ഇത്തരം പരിപാടികളെക്കുറിച്ച് ജനങ്ങൾക്ക് അറിവില്ലായ്മ കൊണ്ട് അർഹരായ പലരും ഗുണഭോക്താക്കളാകാതെ പോകുന്നു.

## CRSP

ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തലാണ് ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നത്. നമ്മുടെ പക്കലുള്ള കണക്കുകൾ പ്രകാരം ആകെ കുടുംബങ്ങളിൽ 50 ശതമാനത്തിലേറെ പേർക്കും സ്വന്തമായി കക്കൂസുകളില്ല. ഇതൊരു വെല്ലുവിളിയായി തന്നെ ഏറ്റെടുത്ത് പരിഹാരം തേടേണ്ടിയിരിക്കുന്നു.

കുടുംബങ്ങൾക്കല്ലാതെ അംഗൻവാടികൾ, മഹിളാസമാജം, ബാലവാടികൾ എന്നിവയ്ക്കും കക്കൂസ് നിർമ്മിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇപ്പോൾ സന്നദ്ധസംഘടനകൾ മുഖേനയാണ് കുറെയേറെയാളുകൾക്ക് കക്കൂസ് നിർമ്മിച്ച് നൽകിയിരിക്കുന്നത്. അമ്പലവയൽ ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് 2 പൊതുമൂത്രപ്പുരകൾ, കക്കൂസ് എന്നിവ നിർമ്മിക്കേണ്ടതാണ്.

പഞ്ചായത്തിൽ സമഗ്ര ശുചീകരണ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കി മോഡൽ വില്ലേജ് ടോട്ടൽ സാനിട്ടേഷൻ പ്രോഗ്രാം സമയബന്ധിതമായി നടപ്പാക്കാവുന്നതാണ്.

### ക്ഷേമനിധി

തൊഴിലാളികളുടെയും, തൊഴിലുടമകളുടെയും സർക്കാരിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഒരു സേവനപരിപാടിയാണ് ക്ഷേമനിധി. ഒട്ടനവധി തൊഴിൽമേഖലകളിൽ ഇന്ന് ക്ഷേമനിധി നടപ്പാക്കിയിട്ടുണ്ട്. കർഷകതൊഴിലാളി, നിർമാണ തൊഴിലാളി, ആഭരണതൊഴിലാളി, തയ്യൽതൊഴിലാളി, വിദഗ്ധതൊഴിലാളി മോട്ടോർ തൊഴിലാളി ബാർബർ, ഫോട്ടോഗ്രാഫർ, വ്യാപാരികൾ, ചെത്തുതൊഴിലാളി, എന്നിങ്ങനെ മിക്ക മേഖലകളിലും ഇന്ന് ക്ഷേമനിധി സംവിധാനമുണ്ട്. ഇല്ലാത്ത മേഖലകളിലേക്ക് വ്യാപിച്ചുവരുകയുമാണ്. ഇതിൽ ഒട്ടുമിക്ക മേഖലകളിലും നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇനിയും ഒട്ടനവധി പേർ ഈ സംരംഭം ഉപയോഗപ്പെടുത്താനുണ്ട്. സാധാരണഗതിയിൽ 18നും 60നും മദ്ധ്യേ പ്രായമുള്ളവർക്കാണ് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുക.

**പൊതുവിതരണം**

പൊതുവിതരണരംഗത്ത് പ്രധാനമായും റേഷൻകടകളാണ് പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്തിൽ 14 റേഷൻകടകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും പുറ്റാട്ട് ഷോപ്പിപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ കടകളിലായി 6610 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാർഡുകളിലായി 26158 മുതിർന്നവരും 4783 കുട്ടികളും അടക്കം 30941 പേർ രചിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കാകെ 57121 യൂണിറ്റ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഒരു യൂണിറ്റിന് ഒരാഴ്ചകാലത്തേക്ക് ഒരു കിലോ എന്ന നിരക്കിലാണ് അരിയുടെ വിതരണം. കൂടാതെ ആളൊന്നിന് 400 ഗ്രാം പഞ്ചസാരയും, വൈദ്യുതീകരിക്കാത്ത വീടിന് അഞ്ചു ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടിന് 2 ലിറ്റർ മണ്ണെണ്ണയും പ്രതിമാസം നല്കിവരുന്നു. ചില സമയങ്ങളിൽമൈദ, സൂചി, തുടങ്ങിയ ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തുവരുന്നുണ്ട്. പഞ്ചായത്തിലെ അമ്പലവയൽ പൊതുവിതരണകേന്ദ്രത്തിലൂടെ പ്രധാന അവശ്യവസ്തുക്കൾ വിതരണം ചെയ്തിരുന്ന സംവിധാനം ഉണ്ടായിരുന്നു. ഇത് തുടരുകയും എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുമാണ്. റേഷൻ കാർഡുകളുടെ വിവരം പട്ടിക 3ൽ ചേർക്കുന്നു.

ഇത്രയൊക്കെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിലനിലവാരം പിടിച്ചു നിർത്തുന്നതിന് ഇത് പോരാത്തതാണ്. പൊതുവിതരണകേന്ദ്രങ്ങളുടെ അനുപാതം വർദ്ധിപ്പിക്കുകയും ഇത്തരം കേന്ദ്രങ്ങളിലൂടെ അവശ്യവസ്തുക്കൾ ന്യായമായ വിലക്ക് നൽകുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്താൽ കുറെ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്നതാണ്. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. ആയത് പഞ്ചായത്ത് ആസ്ഥാനത്ത് തന്നെയാണെങ്കിലും വില്പന തീരെ കുറവാണ്. ശനിയാഴ്ചകളിൽ ഉച്ചക്ക് ശേഷം മാത്രം നെല്ലറച്ചാലിലും, ആണ്ടൂരിലും സഞ്ചരിക്കുന്ന മാവേലിസ്റ്റോർ എത്തിയിരുന്നു. എന്നാൽ പല ആഴ്ചകളും ഇത് വരാറില്ല. വർഷങ്ങൾക്ക് മുമ്പ് അമ്പവയലിൽ എംപ്ലോയീസ് കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ പ്രവർത്തിച്ചിരുന്നു. ഇന്ന് ആ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അമ്പലവയൽ സർവ്വീസ് സഹകരണ ബാങ്ക് കൺസ്യൂമർ സാധനങ്ങളുടെയും തുണികളുടെയും വില്പന നടത്തിയിരുന്നു. ഇപ്പോൾ ഇതും നിർത്തലാക്കിയിട്ടുണ്ട്. കുമ്പ്ളേരിയിൽ ഒരു സ്വകാര്യ കൺസ്യൂമർ

പട്ടിക 5 റേഷൻ കാർഡുകളുടെ വിവരം

| റേഷൻ കടനമ്പർ | കാർഡുകളുടെ എണ്ണം | മുതിർന്നവർ | കുട്ടികൾ | ആകെ അംഗങ്ങൾ | യൂണിറ്റ് | റിമാർക്ക് |
|---|---|---|---|---|---|---|
| 23 | 685 | 2778 | 454 | 3272 | 6050 | |
| 24 | 651 | 2340 | 429 | 2769 | 5109 | |
| 25 | 392 | 1576 | 275 | 1851 | 3427 | |
| 26 | 415 | 1659 | 336 | 2025 | 3714 | |
| 27 | 467 | 1766 | 432 | 2198 | 3564 | |
| 28 | 695 | 2630 | 474 | 3104 | 5734 | |
| 29 | 296 | 1317 | 284 | 1601 | 2918 | |
| 30 | 493 | 1930 | 331 | 2261 | 4191 | |
| 31 | 362 | 1465 | 261 | 1726 | 3191 | |
| 62 | 349 | 1370 | 223 | 1593 | 2963 | |
| 67 | 474 | 2011 | 379 | 2390 | 4401 | |
| 76 | 490 | 2011 | 317 | 2318 | 4381 | |
| 81 | 556 | 2055 | 379 | 2434 | 4489 | |
| 100 | 285 | 1190 | 209 | 1399 | 2589 | |
| ആകെ | 6610 | 26158 | 4783 | 30941 | 57,121 | |

സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് സഹകരണസ്ഥാപനങ്ങളിലൂടെയും കൃഷിഭവനുകളിലൂടെയും ന്യായവിലക്ക് പച്ചക്കറി മറ്റുസാധനങ്ങൾ എന്നിവ വിതരണം ചെയ്യാറുണ്ട്. പൊതുവിതരണത്തിലൂടെ നല്ലതും ഗുണമേന്മയേറിയതുമായ വസ്തുക്കൾ വില്പന നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അരി, പഞ്ചസാര മണ്ണെണ്ണ എന്നിവക്കു പുറമെ അത്യാവശ്യ നിത്യോപയോഗവസ്തുക്കളും വില്പന നടത്തുന്നതിന് സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ കാരച്ചാൽ, കളത്തുവയൽ, കടൽമാട്, തുടങ്ങിയ പ്രധാനകേന്ദ്രങ്ങളിൽ കൂടി കേമ്പ് ചെയ്യുന്നതിനും ആയതിലേക്കായി പഞ്ചായത്തിലേക്കു മാത്രമായി ആഴ്ചയിൽ രണ്ടു ദിവസം നീക്കിവെക്കുന്നതിനും നടപടി ഉണ്ടാകേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഗ്രാമീണ ജനതയ്ക്ക് വേണ്ടത്ര അറിവില്ല.

2. സഹായപദ്ധതികൾ നേടിയെടുക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഏറെയാണ്.

3. വനിതാക്ഷേമബോർഡിന്റെ ഓഫീസ് തിരുവനന്തപുരത്ത് മാത്രമേ ഉള്ളൂ.

4 അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ബാലവാടി ടീച്ചർമാർക്കും ന്യായമായ വേതനം ലഭിക്കുന്നില്ല.

5. മഹിളാ സമാജങ്ങൾക്ക് പ്രവർത്തനഫണ്ട് ലഭിക്കുന്നില്ല.

6. D.W.C.R.A,I.R.D.P പദ്ധതികളിൽ സാഹചര്യങ്ങൾക്കനുസരിച്ച് സ്കീം തിരഞ്ഞെടുക്കാറില്ല

7 .സാനിറ്റേഷൻ പ്രവർത്തനം തീരെ പരിമിതമാണ്.

8. നിലവിലുള്ള പൊതുവിതരണസംവിധാനം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പര്യാപ്തമാകുന്നില്ല.

9. ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം അങ്കണവാടികളിൽ എത്തിപ്പെടുന്നതിന് ഗുണഭോക്താക്കൾക്ക് പ്രയാസം നേരിടുന്നു.

10. അങ്കണവാടി കെട്ടിടങ്ങളുടെ റിപ്പയർ കാലാകാലങ്ങളിൽ നടത്താറില്ല.

11. അങ്കണവാടികളിൽ ആവശ്യമായ ഉപകരണങ്ങൾ കൃത്യമായി ലഭിക്കുന്നില്ല.

12. എല്ലാ അങ്കണവാടികളിലും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ല.

13. അർഹരായവർക്ക് ക്ഷേമപദ്ധതികളിലൂടെയുള്ള ഗുണം ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ**

1. ക്ഷേമപദ്ധതികളെ കുറിച്ച് ലഘുലേഖകളും പരസ്യങ്ങളും ഇറക്കുകയും ഗ്രാമസഭപോലെയുള്ള വേദികളിൽ വിശദീകരിക്കുകയും ചെയ്യുക. 2.സഹായപദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

3. ക്ഷേമനിധി ബോഡുകളുടെ ജില്ലാതല ഓഫീസുകൾ തുറക്കുക.

4. അങ്കണവാടി, ബാലവാടി ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകളിൽ മാറ്റം വരുത്തുകയും പരിശീലനം കാര്യക്ഷമമാക്കുകയും ചെയ്യുക.

5. ഗ്രാമീണമേഖലയിൽ തൊഴിൽ സംരംഭത്തിനു സഹായം നല്കുന്നതിനുമുമ്പ് അതിന്റെ പ്രായോഗികത വിലയിരുത്തുക.

6 ദാരിദ്ര്യരേഖ കാലോചിതമായി പുനർനിർണ്ണയം ചെയ്യുക.

7. അടിസ്ഥാനസൗകര്യങ്ങളിൽ മുഖ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുക.

8. വനിത തൊഴിൽ പരിശീലനത്തിനും `ക്രഷ്' ബാലവാടി എന്നിവ നടത്തുന്നതിനും മഹിളാസമാജങ്ങളുടെ പ്രവർത്തികൾ വിലയിരുത്തി ഗ്രാന്റുകൾ നൽകുക.

9. പൊതുവിതരണകേന്ദ്രം, മാവേലിസ്റ്റോർ എന്നിവയുടെ പ്രവർത്തനമേഖലയുടെ വ്യാപ്തി കുറച്ച് ആവശ്യവസ്തുക്കൾ ന്യായമായ വിലക്ക് വിതരണം ചെയ്യുക.

10. ക്ഷേമനിധി എല്ലാ മേഖലയിലും നടപ്പാക്കുകയും ജില്ലാതലത്തിൽ ഓഫീസ് തുറക്കുകയും ചെയ്യുക.

11. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും അപകടഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

12. അംഗൻവാടികെട്ടിടങ്ങൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുക.

13. എല്ലാ അങ്കണവാടികളിലും ഫർണീച്ചറുകളും, കളികോപ്പുകളും വിതരണം ചെയ്യുക.

14. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പ് നല്കുന്ന ധനസഹായം വർദ്ധിപ്പിക്കുക

15. അങ്കണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.



5.8

# സംസ്ക്കാരം

ചരിത്രപ്രസിദ്ധമായ എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലനിരയോട് ചേർന്ന് കിടക്കുന്ന അമ്പലവയൽ, വിമുക്തഭട പുനരധിവാസ പദ്ധതി ആരംഭത്തോടെയാണ് സാമൂഹികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവും ആയ കുറെ അധികം പുരോഗതി കൈവരിച്ചത്.

കൃഷിയും കന്നുകാലി വളർത്തലുമായി നിലനിന്നിരുന്ന ഗോത്രസംസ്ക്കാരമാണ് ഇവിടുത്തേത്. ലഭ്യമായ അറിവ് വച്ച് കുറുമ വിഭാഗത്തിൽപ്പെട്ടവരായിരുന്നു ഇവിടെ അധിവസിച്ചിരുന്ന ഏറ്റവും പ്രാചീന ഗോത്രവിഭാഗം. കൂടാതെ പണിയർ, ഊരാളിമാർ, കാട്ടുനായ്ക്കർ എന്നീ ആദിവാസി വിഭാഗങ്ങളും പണ്ടുമുതൽതന്നെ ഇവിടെ ഉണ്ടായിരുന്നു. ചെട്ടിമാരും തച്ചനാടൻ മൂപ്പന്മാരും പിൽക്കാലത്താണ് ഈ പ്രദേശത്ത് എത്തിച്ചേർന്നത്. കൂട്ടുകുടുംബവ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്നു ഭൂരിപക്ഷം ഗോത്രങ്ങളുടേയും ജീവിതക്രമം. ഈ ഗോത്രസമൂഹങ്ങൾക്ക് എല്ലാം തനതായ ഭാഷ, വേഷം, വിവാഹരീതി, ചികിത്സാവിധി, ആചാരാനുഷ്ഠാനങ്ങൾ, ജീവിതആയോധന രീതി എന്നിവ നിലനിന്നിരുന്നു. ചില ആദിവാസി ഗോത്രവിഭാഗങ്ങൾ തമ്മിൽ കുറച്ചുകാലം മുൻപുവരെ അയിത്തം നിലനിന്നിരുന്നു. ഈ ഗോത്രസംസ്ക്കാരങ്ങളുടെ തനത് കലാരൂപങ്ങളായ തിറ, തുടികൊട്ട്, കോൽക്കളി, വട്ടക്കളി, ദൈവം കാണൽ, പണിച്ചിക്കളി, നാടൻ പാട്ടുകൾ എന്നിവ ഇപ്പോഴും നാമമാത്രമായി നിലവിലുണ്ട്.

വയനാടൻ ചെട്ടിമാർ ഭൂവുടമകളും കൃഷി, കന്നുകാലി വളർത്തൽ എന്നിവ മുഖേന മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തിയിരുന്നവരുമാണ്. പണിയവിഭാഗത്തിൽപ്പെട്ടവർ ഭൂഉടമകളുടെ കീഴിൽ വല്ലി സമ്പ്രദായത്തിൽ കർഷകതൊഴിലാളികളായും കുറുമ വിഭാഗത്തിൽപ്പെട്ടവർ കൃഷിയും കന്നുകാലി വളർത്തലും മുഖ്യതൊഴിലായി സ്വീകരിച്ചും ജീവിച്ചിരുന്നു. ഊരാളിമാർ അന്ന് സമൃദ്ധമായി ലഭിച്ചിരുന്ന മുള, ഈറ്റ എന്നിവ ഉപയോഗിച്ച് കാർഷിക ഉപകരണങ്ങളും ഇരുമ്പുപയോഗിച്ച് ആയുധങ്ങളും മൺപാത്രങ്ങളും മറ്റും നിർമ്മിച്ചുനല്കിയും കാട്ടുനായ്ക്കർ വനവിഭവങ്ങൾ ശേഖരിച്ചും ജീവിച്ചുവന്നിരുന്നു. വനത്തിൽ നിന്നു ലഭ്യമായിരുന്ന കാട്ടുകിഴങ്ങുകളും പഴങ്ങളും മുളഅരിയും ഇവരുടെ ഭക്ഷ്യവിഭവങ്ങളിൽപ്പെടുന്നു. ഇവരുടെ ആദ്യകാല കൃഷിരീതികളിൽ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക തമിഴ്നാട് എന്നിവയുടെ സ്വാധീനം ഉണ്ടായിരുന്നതായി കാണാം. മുത്താറി, ചോളം, ആവണക്ക് തുടങ്ങിയ കൃഷികൾ ഇതിന് ഉദാഹരണങ്ങളായിരുന്നു.

രണ്ടാംലോകമഹായുദ്ധത്തിന് ശേഷം വിമുക്തഭടന്മാരെ പുനരധിവസിപ്പിക്കുന്നതിന് വയനാട് കോളനൈസേഷൻ സ്കീം അമ്പലവയൽ ആസ്ഥാനമായി രൂപീകരിക്കുകയും ഈ പ്രദേശത്ത് വിമുക്തഭടന്മാർക്ക് ഭൂമി പതിച്ചു നല്കുകയും ഇതോടൊപ്പം നടന്ന വ്യാപകമായ കർഷകരുടെ കുടിയേറ്റവും അതുവരെ നിലനിന്നിരുന്ന ഗോത്രസംസ്ക്കാരത്തിന് സാര

മായ മാറ്റം സംഭവിക്കാൻ കാരണമായി.

വിവിധ പ്രദേശങ്ങളിൽ നിന്ന് കുടിയേറിയ വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവരുടേയും, ശതാബ്ദങ്ങളായി നിലനിന്നുപോന്നിരുന്ന ഗോത്രസംസ്ക്കാരങ്ങളും സമന്വയിച്ച് ഒരു മിശ്ര സംസ്ക്കാരം ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. കോളനൈസേഷൻ സ്കീമിന്റെ കീഴിൽ ആശുപത്രി, റോഡുകൾ തുടങ്ങിയ പല വികസന പദ്ധതികളും ഇവിടെ നിലവിൽ വന്നു.

കാട്ടുമൃഗങ്ങളോടും മലേറിയ തുടങ്ങിയ രോഗങ്ങളോടും മല്ലടിച്ച് ഇന്നത്തെ അവസ്ഥയിൽ അമ്പലവയൽ രൂപപ്പെടുത്തുന്നതിന് ഇവിടുത്തെ കുടിയേറ്റ കർഷകർ അനുഭവിച്ച ത്യാഗങ്ങൾ വിലമതിക്കേണ്ടതാണ്.

ഇന്ന് വിവിധ പ്രദേശങ്ങളിലായി വായനശാലകൾ ആർട്സ്&സ്പോർട്സ് ക്ലബുകൾ, മഹിളാ സമാജങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. എങ്കിലും നല്ല നിലയിൽ പ്രവർത്തിക്കുന്നവ കുറവാണ്. കുമ്പളേരി A.K.G.സ്മാരക ഗ്രന്ഥശാല, കളത്തുവയൽ ഗാന്ധി സ്മാരക വായനശാല എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇവയ്ക്ക് ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ ഉണ്ട്. പഞ്ചായത്തിന്റെ കീഴിൽ തോമാട്ടുചാലിൽ ഒരു സാംസ്കാരിക നിലയവും L.L.Aയുടെ കീഴിൽ അമ്പലവയൽ ടൗണിൽ ലൈബ്രറി എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

വിവിധ മതവിഭാഗങ്ങൾ ഇടകലർന്നു ജീവിക്കുന്ന പ്രദേശത്ത് എല്ലാ മതങ്ങളുടെയും ആരാധനാലയങ്ങളുടെയും മതപരമായ ആഘോഷങ്ങളും ഉത്സവങ്ങളും നിലവിലുണ്ട്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ക്രിസ്ത്യൻ, മുസ്ലിം, ജൈന സമുദായത്തിൽപ്പെട്ടവരും ഉണ്ട്.

അടുത്തകാലത്ത് സ്ഥാപിതമായ വയനാട് ഹെറിറ്റേജ് മ്യൂസിയം ദക്ഷിണേന്ത്യയിൽതന്നെ ഇത്തരത്തിലുള്ള പ്രഥമ സംരംഭമാണ്. വയനാടിന്റെത് വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെടുത്ത സംസ്ക്കാരങ്ങളെ പ്രതിനിധീകരിക്കുന്ന ചരിത്രാവശിഷ്ടങ്ങൾ ഇവിടെ പരമാവധി ശേഖരിച്ചുവെച്ചിട്ടുണ്ട്. വളർന്നുവരുന്ന പുത്തൻ ടൂറിസ്റ്റ് സംസ്ക്കാരത്തിന്റെ ഭാഗമായി മാറാതെ, എടയ്ക്കൽ ഗുഹയും ഹെറിറ്റേജ് മ്യൂസിയവും വരും തലമുറയ്ക്കായി നാം കരുതലോടെ പരിപാലിക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. പൊതു പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം കുറവ്

2. വികസന പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തമില്ലായ്മ

3. പൊതു വായനശാലകളുടെ അപര്യാപ്തത

4. കായിക കലാഭിരുചികളെ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

6. കുട്ടികളുടെ വിനോദ വിജ്ഞാനവ്യാപനത്തിനാവശ്യമായ സംവിധാനങ്ങളില്ലായ്മ

7. ക്ലബ്ബുകളുടെ ആവശ്യത്തിലധികമുള്ള പെരുപ്പവും പ്രവർത്തനരാഹിത്യവും

8. പ്രാചീന കലകളുടെ സംരക്ഷണ സംവിധാനമില്ലായ്മ

9. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള സാംസ്കാരിക ജീർണ്ണതാ പ്രസരണം

**സാധ്യതകൾ**

1. അമ്പലവയൽ ടൗണിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിച്ച് വായനശാല, ലൈബ്രറി, പൊതു ടി.വി. എന്നിവ സ്ഥാപിക്കണം. ഒഴിഞ്ഞുകിടക്കുന്ന റവന്യൂഭൂമി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

2. പാംബ്ല, ഒഴലക്കൊല്ലി, പെരുമ്പാടിക്കുന്ന്, നെല്ലാറച്ചാൽ, പുറ്റാട്, മഞ്ഞപ്പാറ എന്നീ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ സാംസ്കാരിക നിലയവും അതോടനുബന്ധിച്ച് ലൈബ്രറി, വായനശാല എന്നിവയും ആരംഭിക്കേണ്ടതാണ് നെല്ലാറചാലിലെ LLA വക സ്ഥലമുണ്ട്.

3. കാര്യക്ഷമമായി പ്രവർത്തിക്കുന്ന രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും അനുവദിക്കുക.

4. L.L.Aയുടെ കീഴിൽ അമ്പലവയൽ ടൗണിൽ പ്രവർത്തിക്കുന്ന ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

5. നിലവിലുള്ള തോമാട്ടുചാൽ സാംസ്കാരിക നിലയത്തിൽ ലൈബ്രറി സ്ഥാപിക്കുക.

6. കുമ്പളേരി, A.K.G സ്മാരക ഗ്രന്ഥശാല,

കളത്തുവയൽ ഗാന്ധി സ്മാരക വായനശാല, കടൽമാട് വായനശാല, അമ്പലമൂല പ്രണവം ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ് എന്നീ സ്ഥാപനങ്ങൾക്ക് പുസ്തകങ്ങൾ, കെട്ടിടം, ഫർണിച്ചർ, സ്വന്തമായി ഭൂമി എന്നിവക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

7. അമ്പലവയൽ പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ആർച്ചറി ക്ലബും സ്ഥാപിക്കുക.

8. ഓരോ വർഷവും വാർഡുതലത്തിൽ നിന്നും കായികപ്രതിഭകളെ കണ്ടെത്തി കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ച് പരിശീലനം നല്കുക.

9. കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.

10. മൺമറഞ്ഞുകൊണ്ടിരിക്കുന്ന ആദിവാസി കലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും ആദിവാസികളുടെ ഇടയിൽ പൊതുവായി ഏറ്റവും വിശേഷ ദിവസങ്ങളിലൊന്നായി കരുതുന്ന ഉച്ചാൽ (മകരം 25) പ്രാചീന ഗോത്രകലാ സംരക്ഷണദിനം ആയി എല്ലാ വർഷവും ആചരിക്കുകയും കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും സിമ്പോസിയങ്ങൾ നടത്തുകയും വേണം.

11. ടി.വി, സിനിമ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ മൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക അധഃപതനം തടയുന്നതിന് ശക്തമായ ബോധവത്ക്കരണം നടത്താൻ പരിപാടികൾ ആവിഷ്ക്കരിക്കുക.

12. സമൂഹത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന രീതിയിൽ പ്രവർത്തിക്കാൻ മഹിളാ സന്നദ്ധ സംഘടനകളെ സജ്ജമാക്കുക.

13. എടയ്ക്കൽ ഗുഹയും സാംസ്ക്കാരിക മ്യൂസിയവും സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് പഠനഗവേഷണ കേന്ദ്രമാക്കുക.

14. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുക.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| | പേരും മേൽവിലാസവും | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗാന്ധിസ്മാരക വായനശാല & ഗ്രന്ഥശാല രജി.5187, 52189 | 1989 | സ്വന്തം | 162 | 2500 | 400 | ബാല കൈരളി നഴ്സറി സ്കൂൾ | ഉണ്ട് | | |
| 2 | എ.കെ.ജി.സ്മാരക ഗ്രന്ഥശാല, രജി:നമ്പർ:5226/89, കുമ്പളേരി | 1982 | വാടക | 84 | 1167 | 350 | വായനശാല | ഉണ്ട് | | |
| 3 | നാഷണൽ ലൈബ്രറി ആണ്ടൂർ | 1989 | വാടക | 40 | 400 | 100 | വായനശാല | ഇല്ല | | |
| 4 | ജനശിക്ഷൺ നിലയം നെല്ലാറച്ചാൽ | 1991 | വാടക | – | 500 | 100 | വായനശാല | ഉണ്ട് | | |

## കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | രജിസ്റ്റർ നമ്പർ | മെമ്പർമാരുടെഎണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായം | ഏതുസ്ഥാപനത്തോട് അഫിലിയേറ്റ്ചെയ്തു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|---|
| 1 | അമ്പലവയൽ മഹിളാസമാജം,അമ്പലവയൽ | 1980 | 40/80 | 25 | കെട്ടിടംഇല്ല | ഉണ്ട് | നെഹ്രു യുവകേന്ദ്ര | |
| 2 | ഉദയ മഹിളാസമാജം നരികുണ്ട് | 1983 | 74/83 | 28 | | ഉണ്ട് | നെഹ്രു യുവകേന്ദ്ര | |
| 3 | നവോദയ മഹിളാസമാജം, പോത്തുകെട്ടി | 1978 | 238/78 | | | ഉണ്ട് | – | |
| 4 | പുലരി ആർട്സ്& സ്പോർട്സ് ക്ലബ് അടിവാരം | 1981 | 42/81 | | ഉണ്ട് | ഇല്ല | – | |
| 5 | യുവരശ്മി ആർട്സ്, മുന്നൂറ് | 1982 | 88/82 | | ഉണ്ട് | ,, | – | |
| 6 | പ്രിയദർശിനി മഹിളാസമാജം, കളത്തുവയൽ | 1984 | 32/84 | | ഉണ്ട് | ,, | നെഹ്രു യുവകേന്ദ്ര | |
| 7 | അക്ഷര ആർട്സ്& സ്പോർട്സ്ക്ലബ്, കുമ്പളേരി | 1991 | 378/91 | 60 | ഇല്ല | ,, | നെഹ്രു യുവകേന്ദ്ര | |
| 8 | അനുപമ മഹിളാസമാജം, കടൽമാട് | 1990 | 271/90 | | ഇല്ല | ,, | നെഹ്രു യുവകേന്ദ്ര | |
| 9 | കടൽമാട് മഹിളാസമാജം, മുന്നൂറ് | 1994 | 72/94 | 35 | ഇല്ല | ,, | നെഹ്രു യുവകേന്ദ്ര | |
| 10 | കോട്ടൂർ മഹിളാസമാജം, കരിവളം | 1994 | 60/94 | | ഇല്ല | ,, | – | |
| 11 | ജാൻസി മഹിളാസമാജം, ഒഴലക്കൊല്ലി | 1992 | 417/92 | | | ,, | നെഹ്രു യുവകേന്ദ്ര | |
| 12 | തോമാട്ടുചാൽ മഹിളാസമാജം | 1993 | 413/93 | | | ,, | നെഹ്രു യുവകേന്ദ്ര | |
| 13 | ചൈതന്യമഹിളാസമാജം,കുമ്പളേരി | 1994 | 177/94 | | | | നെഹ്രു യുവകേന്ദ്ര | |
| 14 | ഐശ്വര്യ മഹിളാസമാജം. പൊട്ടൻകൊല്ലി | 1993 | 395/93 | 40 | | ഇല്ല | – | |
| 15 | സർവ്വോദയ മഹിളാസമാജം, നരികുണ്ട് | 1996 | 148/96 | 35 | | ഇല്ല | – | |
| 16 | കെ.വി.കെ മഹിളാസമാജം, അമ്പലവയൽ | 1996 | 226/96 | 30 | ഇല്ല | ഇല്ല | – | |
| 17 | മൈത്രി മഹിളാസമാജം, കുററിക്കൈത | 1996 | 245/96 | 25 | ഇല്ല | ഉണ്ട് | – | |
| 18 | ഡയനാക്ലബ്, അമ്പലവയൽ | 1993 | | | | ഇല്ല | | |
| 19 | റാസ്കോ ആർസ്&സ്പോർട്സ് ക്ലബ് | 1994 | | | | – | | |
| 20 | സ്വതന്ത്ര ആർട്സ് & സ്പോർട്സ്ക്ലബ്, പോത്തുകെട്ടി | 1985 | | | | | | |
| 21 | രജ്ഞിനി ആദിവാസി കലാസമിതി | 1988 | | 50 | ഇല്ല | | | |
| 22 | സരിഗാകലാസമിതി അമ്പലവയൽ | | | | ഇല്ല | ഇല്ല | | |
| 23 | സീക്കോക്ലബ്, ചക്രൂട്ടിവയൽ | | | | ഇല്ല | | | |
| 24 | ജനനിആർട്സ്& സ്പോർട്സ്ക്ലബ് കോട്ടൂർ | | | | ഇല്ല | | | |
| 25 | വികാസ് ആർട്സ്&സ്പോർട്സ്ക്ലബ്,കമ്പാളകൊല്ലി | 1993 | | ഇല്ല | ഇല്ല | | | |
| 26 | അനശ്വര ആർട്സ്& സ്പോർട്സ് ക്ലബ്,ഒന്നേയാർ | 1996 | | – | ഇല്ല | | | |
| 27 | യുവധാര ആർട്സ്& സ്പോർട്സ്ക്ലബ്, കടൽമാട് | 1983 | 200 | | ഇല്ല | | | |
| 28 | പ്രണവം ക്ലബ്, ഒഴലക്കൊല്ലി | 1995 | | ഇല്ല | | | | |
| 29 | പ്രിയ ആദിവാസിമഹിളാസമാജം,നെല്ലാറച്ചാൽ | 1994 | | | | | നെഹ്രു യുവകേന്ദ്ര | |
| 30 | പ്രണവംലൈബ്രറിആർട്സ്&സ്പോർട്സ്ക്ലബ്ആനപ്പാറ | 1992 | 45 | | ഇല്ല | | നെഹ്രു യുവകേന്ദ്ര | |
| 31 | ജനനി ആർട്സ്& സ്പോർട്സ്ക്ലബ്, കരിങ്ങലോട് | 1990 | 30 | ഇല്ല | ഇല്ല | | – | |
| 32 | നിസരിആർട്സ്& സ്പോർട്സ്ക്ലബ്, പൊട്ടൻകൊല്ലി | 1989 | 40 | ഉണ്ട് | ഇല്ല | | | |
| 33 | K.V. K ആർട്സ്& സ്പോർട്സ്ക്ലബ്, നെല്ലാറച്ചാൽ | 1996 | | | | | | |

15. വർദ്ധിച്ചുവരുന്ന ടൂറിസ്റ്റുകൾക്കും ചരിത്ര വിദ്യാർത്ഥികൾക്കും സഹായകമാവുന്ന രീതിയിൽ വയനാടിന്റെ പുരാതന ചരിത്രവും സംസ്ക്കാരവും അടങ്ങുന്ന പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാവുന്നതാണ്.

16. പഞ്ചായത്തിൽ നിലനില്ക്കുന്ന മതമൈത്രിയെ പോഷിപ്പിക്കുന്ന രീതിയിലുള്ള യോജിച്ചുള്ള സാംസ്ക്കാരിക പരിപാടികൾ നടത്തുക.

വിവിധ ഗ്രാമസഭകളിൽ നിന്നും വന്ന ഇത്തരം ആവശ്യങ്ങൾ സാംസ്ക്കാരിക പുരോഗതിക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ഇവ പ്രായോഗികമാക്കാൻ ബഹുജന പങ്കാളിത്തത്തോടുകൂടിയ സൃഷ്ട്യുന്മുഖ പ്രവർത്തനം സംഘടിപ്പിക്കുകയും പഞ്ചായത്തും ബന്ധപ്പെട്ട സ്ഥാപനങ്ങളും സഹായവും പ്രോത്സാഹനവും ചെയ്യേണ്ടതാണ്.

## കായികരംഗം

കായിക പരിശീലനത്തിന് വ്യക്തിത്വ വളർച്ചയിൽ ഒരു വലിയ പങ്കുണ്ട്. പുരാതന നഗര രാഷ്ട്രങ്ങളായ, ഏതൻസിലും സ്പോർട്ടയിലും കായിക വിനോദങ്ങൾക്ക് വലിയ പ്രാധാന്യം കൽപിച്ചിരുന്നു. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്നുള്ളതാണ് ഇതിന്റെ പിന്നിലെ തത്വം.

പ്രാചീന സമൂഹങ്ങൾ നടത്തിയിരുന്ന നായാട്ട്, മീൻപിടുത്തം, തുടങ്ങിയവ നിത്യജീവിതവുമായി ബന്ധപ്പെട്ട ആയോധനാനുഷ്ഠാനങ്ങളായിരുന്നു. കാർഷികവൃത്തിക്കൊപ്പം തന്നെ ഒഴിവുസമയങ്ങളിലുള്ള വിനോദോപാദികൾക്കും അവർ വലിയ വില കൽപ്പിച്ചിരുന്നു. അതുകൊണ്ട്തന്നെ അവർ അരോഗ്യദൃഢഗാത്രരായിരുന്നു.

നമ്മുടെ പ്രദേശത്ത് കഴിഞ്ഞകാലങ്ങളിൽ നിരവധി കായിക വിനോദങ്ങൾ ഉണ്ടായിരുന്നു. തലമക്കളി, കുട്ടിയും കോലും, കുടുകുടു, കമ്പവലി, തൊങ്ങിക്കളി, കക്കുകളി, റിംഗ് കളി, വള്ളിച്ചാട്ടം, അമ്മാനമാടൽ എന്നിവ സർവ്വസാധാരണമായിരുന്നു. വിദ്യാലയങ്ങളോടനുബന്ധിച്ചും പാടത്തും, വെളിപ്പറമ്പിലും ഫുട്ബോൾ, വോളിബോൾ, ബാറ്റ്മിന്റൺ, ഷട്ടിൽ തുടങ്ങിയ കളികളുമുണ്ടായിരുന്നു. സാമൂഹ്യബോധം സൃഷ്ടിക്കുന്ന നമ്മുടെ നാടിന്റെ സംസ്ക്കാരവുമായി ബന്ധമുള്ള ഈ കായിക വിനോദങ്ങൾ ഏറിയ പങ്കും അപ്രത്യക്ഷമായിക്കഴിഞ്ഞു.

സ്കൂളുകളിലും കോളേജുകളിലുമൊക്കെ ഫുട്ബോളിനും വോളിബോളിനും കൊടുത്തിരുന്ന പ്രാധാന്യം ഇന്ന് ക്രിക്കറ്റിന് വഴിമാറിയിരിക്കുകയാണ്. നമ്മുടെ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഇതിന് വലിയ പ്രചരണങ്ങളാണ് നല്കിക്കൊണ്ടിരിക്കുന്നത്,. ഹോക്കി പോലുള്ള നമ്മുടെ ദേശീയ ഇനങ്ങളെ മറികടന്നു കൊണ്ടുള്ള സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നു. വലിയ മുതൽമുടക്കും, ദീർഘ സമയവും ക്രിക്കറ്റ് കളിക്ക് ആവശ്യമാണ്. എന്തും അനുകരിക്കാൻ വ്യഗ്രത കാണിക്കുന്ന കുഞ്ഞുങ്ങൾ പോലും തങ്ങളുടെ ആരാധ്യരായി ക്രിക്കറ്റ് നായകരെ കാണുന്നു.

നമ്മുടെ ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും പ്രത്യേകത ദീർഘദൂര ഓട്ടം, ചാട്ടം എന്നീ ഇനങ്ങൾക്ക് വളരെ അനുയോജ്യമാണ്. പറയത്തക്ക പ്രോത്സാഹനങ്ങൾ ഇല്ലാതെ തന്നെ എത്രയോ കുട്ടികൾ സ്വന്തം കഴിവുകൊണ്ടുമാത്രം ഉയർന്നുവരുന്നുണ്ട്. ഒരപു കായിക സംസ്ക്കാരം വളർന്നുവരികയാണെങ്കിൽ വടുവൻചാൽ സ്കൂളിലെ അനീഷിനെ പോലെയുള്ള എത്ര വിദ്യാർത്ഥികളെ വേണമെങ്കിലും ആദിവാസികളടക്കമുള്ള മേഖലയിൽ നിന്നും ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നതിന് സംശയമില്ല. സ്പോർട്സ് മാൻ സ്പിരിറ്റ് ഏതുരംഗത്തും ഉണ്ടാവണം. ഇതിന്റെ അഭാവമാണ് കുടില സ്പർദ്ധകൾക്ക് നിദാനം.ജയിക്കുന്നവനെ അംഗീകരിക്കാനും തോൽവിയിൽ നിന്നും പാഠമുൾക്കൊണ്ട് വിജയത്തിലേക്ക് കുതിക്കുവാനുള്ള യത്നമാണത്. അവിടെ അസൂയക്ക് സ്ഥാനമില്ല. കുടിലതകൾക്ക് സ്ഥാനമില്ല.

### പ്രശ്നങ്ങൾ

വേണ്ടത്ര കളിസ്ഥലങ്ങളുടെ കുറവ്

സിലബസ്സിന്റെ അമിതഭാരം

സ്കൂൾ തലത്തിലെ പ്രോത്സാഹനക്കുറവ്

രക്ഷാകർത്താക്കളുടെ മനോഭാവം

നാട്ടിൻ പുറങ്ങളിലെ സ്ഥലലഭ്യതക്കുറവ്

### സാധ്യതകൾ

കായികരംഗം നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായി മാറണം. മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അത്യാവശ്യമാണെന്ന ബോധം ജനി

പ്പിക്കയും സിലബസ്സിൽതന്നെ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുകയും വേണം. മറ്റ് പരീക്ഷകൾക്ക് നല്കുന്നതുപോലെ തന്നെ പ്രത്യേക പിരിയഡും പരീക്ഷയും നടത്തി യോഗ്യത അളക്കണം. ഇന്ന് പല സ്കൂളുകളിലും ഈ പിരിയഡ് മറ്റു വിഷയങ്ങൾക്കുവേണ്ടി നീക്കിവെക്കുകയാണ് പതിവ് നല്ല സ്കൂളുകളുടെ ലക്ഷണമായി പോലും ഇതിനെ വ്യാഖ്യാനിക്കുന്നുണ്ട്. ഒരു കായികാദ്ധ്യാപകന്റെ മാത്രം ഉത്തരവാദിത്തത്തിൽ നിന്നും മാറി സ്കൂളിന്റെ മൊത്തം ഉത്തരവാദിത്തമായി മാറുന്നിടത്തെ ഒരു കായിക സംസ്ക്കാരം കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ കഴിയൂ.

ഇപ്പോൾ പഞ്ചായത്ത് തല മത്സരങ്ങൾ സംഘടിപ്പിക്കുന്നത് അധികവും ഓണക്കാലത്താണ്. പലപ്പോഴും മഴക്കാലമായിരിക്കും. അതിനുപകരം ഒക്ടോബർ, നവമ്പർ പോലെ അനുയോജ്യമായ കാലം തെരഞ്ഞെടുക്കണം. വാർഡടിസ്ഥാനത്തിൽ മികച്ച ആളുകളായിരിക്കണം പഞ്ചായത്തു തലത്തിലെത്തേണ്ടത്. പഞ്ചായത്തിന്റെ 12 വാർഡുകളിലും മത്സരം നടക്കുന്നുവെന്നതും അതാത് പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉണ്ടാകുമെന്നുള്ളതുമാണ് പ്രത്യേകത. കൂടാതെ, അതാതിടങ്ങളിലെ കളിസ്ഥലങ്ങളുടെ പോരായ്മ കണ്ടെത്തുത്തുകയും അവരുടെ ശ്രമഫലമായി കളിസ്ഥലങ്ങൾ ഉയർന്നുവരികയും ചെയ്യും.

ഷട്ടിൽ ബാറ്റ്മിന്റൻ, വോളിബോൾ പോലെയുള്ള കളികൾക്ക് പരിമിതമായ കളിസ്ഥലമേ ആവശ്യമുള്ളൂ. എല്ലാ ഗ്രാമങ്ങളിലും ഇത്തരം കളികൾ ഉയർന്നുവരണം. ഇവയ്ക്കും വാർഡടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിക്കണം.

നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ യുവാക്കൾക്ക് ഏറ്റവും അനുയോജ്യമായ ഇനമാണ് വോളിബോൾ ഇന്ന് പഞ്ചായത്തിന്റെ നാമമാത്രമായ ഇടങ്ങളിൽ മാത്രമേ ഈ കളിയുള്ളൂ. തങ്ങളുടെ പണിസ്ഥലത്തുനിന്നും എത്തി ഒരു മണിക്കൂർ നേരം കളിക്കുന്നു. ഇത് കാണാൻ അതിനോട് ചേർന്ന പ്രദേശത്തുള്ളവരും എത്തുക എന്നത് ഒരു പതിവ് സ്വഭാവമായിത്തീരുന്നു. ചീട്ടുകളി, മദ്യപാനം, തുടങ്ങി മറ്റനാശാസ്യ നടപടികളിലേക്ക് നീങ്ങുന്നത് തടയുവാൻ കഴിയുന്നു. നല്ല ഉറച്ച മാംസപേശികളോടു കൂടിയ ശരീരത്തിന്റെ ഉടമകളായിത്തീരും ഇക്കൂട്ടർ എന്നതിന് സംശയമില്ല.

കായിക പരിശീലനം ഒരു ജിവിതചര്യയായി മാറുന്നതോടെ നമ്മുടെ പ്രദേശത്തിന്റെ സംസ്ക്കാരത്തിനു തന്നെ വലിയ മാറ്റവും ഒരനുഗ്രഹവുമായി ത്തീരുന്നു. സഹവർത്തിത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്നേഹസന്ദേശങ്ങളാണ് കായിക സംസ്ക്കാരത്തിന്റെ മുഖമുദ്രയായി പരിണമിക്കുന്നത്. വരും തലമുറയുടെയും അതുവഴി നമ്മുടെ നാട്ടിന്റേയും ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഇത് നാന്ദിയായിത്തീരും.

> **മനുഷ്യന് ധർമത്തിന്റെ പാത ചൂണ്ടിക്കാണിക്കുന്ന പെരുമാറ്റ രീതിയാണ് നാഗരികത. ധർമ്മാനുഷ്ഠാനവും കർത്തവ്യ നിർവ്വഹണവും പരസ്പരം മാറ്റാവുന്ന പദങ്ങളാണ്. നമ്മുടെ ആസക്തികൾക്കും മനസ്സിനും മേൽ ആധിപത്യം നേടാനാണ് ധർമ്മാനുഷ്ഠാനം. അങ്ങനെ ചെയ്യുമ്പോൾ നാം നമ്മെ അറിയുന്നു. നാഗരികതയ്ക്കുള്ള ഗുജറാത്തി പദം "നല്ല പെരുമാറ്റം" എന്നാണ്.**
>
> **–ഗാന്ധിജി**



5.9

# വനിത

സാമൂഹികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായി, ജനസംഖ്യയിൽ ഈ പഞ്ചായത്തിൽ ഏതാണ്ട് പകുതിയോളം വരുന്ന സ്ത്രീസമൂഹം മറ്റ് ഏത് ഗ്രാമങ്ങളിലും എന്നപോലെ ഇവിടേയും പുറകിലാണ്. മഹിളാ സമാജങ്ങൾ മഹിളാ സന്നദ്ധ സംഘടനകൾ വിവിധ രാഷ്ട്രീയ കക്ഷികളുടെ മഹിളാ സംഘടനകൾ എന്നിവയുടെ നേരിയ തോതിലുള്ള പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനം വന വതകൾക്ക് സാമൂഹിക സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ പങ്കാളികളാകുന്നതിന് നേരിയ തോതിലാണെങ്കിലും പ്രചോദനമായി.

സാമൂ ഹികമായ കാരണങ്ങളാൽ പിന്നോക്കം നില്ക്കുന്ന ആദിവാസി സമൂഹങ്ങളിൽ സ്ത്രീകൾ പ്രത്യേകിച്ചും സാമൂഹികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായി വളരെ പിന്നോക്കം നില്ക്കുന്ന അവസ്ഥയാണുള്ളത്. ആദിവാസി വിഭാഗത്തിൽ കുറുമരിൽ കാരണവന്മാർ ഊരും കുലവും അന്വേഷിച്ച് തൃപ്തിപ്പെട്ടാണ് വിവാഹം നടത്തിവന്നിരുന്നത്. കുറുമർ പണിയർ എന്നിവരുടെ ഇടയിൽ പെൺപണം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്.ത സ്ത്രീധന സമ്പ്രദായം ഇപ്പോഴും നിലനില്ക്കുന്നുണ്ടെങ്കിലും സ്ത്രീപീഢനവും മറ്റും താരമതമ്യേന കുറവാണ്.

അടുത്തകാലത്തായി ദൃശ്യമാധ്യമങ്ങളുടെ സാംസ്ക്കാരിക ജീർണ്ണതാ പ്രസരണവും സ്ത്രീസൗന്ദര്യത്തെ കമ്പോളവൽക്കരിക്കുവാനുള്ള പ്രവണതയും വർദ്ധിച്ചുവരുന്നുണ്ട്. ഇതിനെ പ്രതിരോധിക്കണമെങ്കിൽ സാമൂഹിക-സാംസ്ക്കാരിക നായകന്മാരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടിയുള്ള ആത്മാർത്ഥമായ ബോധവൽക്കരണങ്ങൾ നടത്തേണ്ടതുണ്ട്. പണിയസമുദായത്തിൽ, സ്ത്രീകളുടെ ഇടയിൽ മദ്യപാനശീലം ജീവിതത്തിന്റെ തന്നെ ഭാഗമായ് ഇന്നും നിലനില്ക്കുന്നു. ആദിവാസി സ്ത്രീകളുടെ ഇടയിൽ വെറ്റിലമുറുക്കും വ്യാപകമായീ ഉണ്ട്.

മദ്യപാനത്തിന്റെ ദുരിതമനുഭവിക്കുന്ന സ്ത്രീസമൂഹം കൂട്ടത്തോടെ രംഗത്തിറങ്ങി ശക്തമായ പോരാട്ടങ്ങൾ കളത്തുവയലിലും, താഴത്തു വയലിലും നടത്തിയത് എടുത്തു പറയേണ്ടുന്നതാണ്. ഇതിന്റെ ആവേശം ഉൾക്കൊണ്ട് മദ്യാസക്തിക്കും, സാമൂഹിക അനീതിക്കുമെതിരെ സ്ത്രീകൾ പോരാടേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 31051 പേരിൽ 15266 സ്ത്രീകൾ ഉണ്ട്. സംസ്ഥാന ശരാശരിക്കു വിപരീതമായി ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണത്തിൽ നേരിയ കുറ

വുണ്ട്. ആറുവയസ്സിൽ താഴെയുള്ള കുട്ടികളിൽ പെൺകുട്ടികളാണ് കൂടുതൽ. വിദ്യാഭ്യാസ മേഖലയിൽ അടുത്ത കാലത്തായി ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ് ഉന്നത നിലവാരം പുലർത്തുന്നത്. ഈ ഗ്രാമത്തിൽ മുപ്പതോളം മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1960ൽ അമ്പലവയലിൽ ആണ് ആദ്യമായി ഒരു മഹിളാ സമാജം നിലവിൽ വന്നത്. സമാജങ്ങളിൽ പലതിന്റേയും പ്രവർത്തനം തൃപ്തികരമല്ല. സാക്ഷരതാ പ്രവർത്തനം സ്ത്രീകളുടെ സാമൂഹിക ഉണർവ്വിന് നേരിയ തോതിൽ സഹായകമായിട്ടുണ്ട്. ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായാണ് കണ്ടത്. വലിയൊരു വിഭാഗം സ്ത്രീകളും ഗൃഹഭരണവുമായി ഒതുങ്ങിക്കൂടുകയാണെങ്കിലും കാർഷിക മേഖലയിലും നിർമ്മാണമേഖലയിലും തൊഴിലെടുക്കുന്നവരുമുണ്ട്. സ്ത്രീപുരുഷന്മാർ തമ്മിൽ വേതന നിലവാരത്തിൽ വ്യത്യാസമുള്ളതായി കാണാം. ചെറുകിട വ്യവസായ മേഖലയിലും സ്വയം തൊഴിൽ സംരംഭകരുടെ ഇടയിലും സ്ത്രീകളുടെ പങ്ക് വളരെ കുറവാണ്. അടുത്ത കാലത്തായി ഒരു വനിതാ വ്യവസായ സഹകരണസംഘം ഇവിടെ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഏതാനും വനിതാ വ്യവസായ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വനിതാ വ്യവസായങ്ങളോടനുബന്ധിച്ച് ടൈപ്പ് റൈറ്റിംഗ് , ടൈലറിംഗ്, എംബ്രോയ്ഡറി, കമ്പോസിംഗ് തുടങ്ങിയ തൊഴിൽ പരിശീലനപരിപാടികളും നടത്തിവരുന്നു. വികസന ബ്ലോക്കിന്റെ നേതൃത്വത്തിൽ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി DWCRA യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. മഹിളകളുടെ സംഘടനാപരവും സാമൂഹികവുമായ പ്രവർത്തനങ്ങൾക്ക് പുരുഷമേധാവിത്വവും സ്ത്രീകളുടെ ഇടയിൽ തന്നെയുള്ള കലഹവും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഉടനെ നിയമമാകുവാൻ പോകുന്ന വനിതാ സംവരണബിൽ സ്ത്രീകളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തെ ലക്ഷ്യംവെച്ചുള്ളതാണെങ്കിലും ഈ നേട്ടം കൈവരിക്കണമെങ്കിൽ, നിലവിലുള്ള വനിതാ സാമൂഹ്യ പ്രവർത്തകർ സമൂഹത്തിനപ്പാടെ മാതൃകയായും, ഉദാത്തമായ സേവനമനസ്സോടെയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിഞ്ഞു നില്ക്കുവാൻ ബോധപൂർവ്വം ശ്രമിക്കുന്നു.

2. ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞതയും ബോധവല്ക്കരണത്തിന്റെ പോരായ്മയും

3. പുരുഷമേധാവിത്വം, അപവാദപ്രചരണം, സാമ്പത്തിക സ്വാശ്രയത്വമില്ലായ്മ, എന്നിവയും സ്ത്രീകൾ നേതൃരംഗത്തിറങ്ങാൻ മടിക്കുന്നു.

4. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായി പൊതു കക്കൂസോ മൂത്രപ്പുരയോ നിലവിലില്ല.

5. കൂലിനിരക്കിൽ സ്ത്രീപുരുഷ അന്തരം കൂടുതലാണ്.

**സാധ്യതകൾ**

1. നേതൃത്വപരിശീലന ക്യാമ്പുകളും ബോധവത്ക്കരണ പരിപാടികളും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയാണെങ്കിൽ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയും.

2. സേവനരംഗങ്ങളിൽ സ്ത്രീകളുടെ പങ്കിന് അർഹമായ അംഗീകാരം കൊടുത്താൽ ക്ഷേമപ്രവർത്തനരംഗങ്ങളെക്കുറിച്ചുള്ള അജ്ഞത ഒരു പരിധിവരെ ഇല്ലാതാക്കാം.

3. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന ദൃശ്യമാധ്യമങ്ങളെ നിയന്ത്രിക്കുക വഴി സ്ത്രീകളെ നേതൃരംഗത്തേക്ക് കടന്നുവരാനുള്ള സാധ്യത വർദ്ധിക്കും.

4. വികസന രംഗത്ത് സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ചില മേഖലകൾ സ്ത്രീകൾക്കു മാത്രമായി നീക്കിവെക്കുന്നതിലൂടെ ആ മേഖലയിൽ ആത്മാർത്ഥവും, നീതിയുക്തവുമായ പ്രവർത്തനങ്ങൾ നടക്കും.

5. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പ്രോത്സാഹനസമ്മാന പദ്ധതി ആവിഷ്ക്കരിച്ചാൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സംഘടനകൾ ശ്രമിക്കും.

6. സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തി പരിശീലന പരിപാടികളും വായ്പ സൗകര്യങ്ങളും ലഭ്യമാക്കിയാൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ അവർക്ക് സഹായകമാകും.

7. ക്ഷേമപ്രവർത്തനങ്ങളേയും നടത്തേണ്ട പരിപാടികളെക്കുറിച്ചും ദൃശ്യ,ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രചരണം നൽകുകയാണെങ്കിൽ ഇതെക്കുറിച്ച് സ്ത്രീകൾക്കുള്ള അജ്ഞതയകറ്റാൻ ഉപകരിക്കും.

8. പൊതു സ്ഥലങ്ങളിൽ പൊതു കക്കൂസുകളും, മൂത്രപ്പുരകളും നിർമ്മിക്കുന്നതിലൂടെ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും തദനുസൃതമായുണ്ടാകുന്ന രോഗങ്ങളും ഒഴിവാക്കാൻ കഴിയും.

9. വ്യവസായ രംഗത്ത് സ്ത്രീകളെ ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിലൂടെ സാമ്പത്തിക സ്വയം പര്യാപ്തത എത്തുകയും വീടുകളിലും സമൂഹത്തിലുമുള്ള അസമത്വം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്നതാണ്

10. ഈ അടുത്തു നടന്ന ഗ്രാമസഭകളിലും, ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭയിലും, മറ്റു ഇതര വികസന ബോധവത്ക്കരണ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറഞ്ഞുപോയി എന്നത് യഥാർത്ഥ്യമാണ്. വാർഡുതലത്തിൽ വനിതാ സ്ക്വാഡുകൾ രൂപീകരിച്ച് സമഗ്രവികസന പ്രക്രിയ പൂർത്തിയാക്കുന്നതിന് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്.

9. വനിതകൾക്കുവേണ്ടി നടപ്പാക്കുന്ന ഏതു പ്രവർത്തനവും വിജയത്തിലെത്തണമെങ്കിൽ, സാമൂഹ്യമായി വളരെ പിന്നോക്കം നില്ക്കുന്ന ആദിവാസി വനിതകളെ മുൻനിരയിലേക്ക് എത്തിക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

5.10

# സഹകരണ മേഖല

1922ൽ മൂപ്പൈനാട് ഐക്യനാണയ സംഘം സ്ഥാപിതമായതോടെയാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം രൂപംകൊണ്ടത്. ഡിപ്പാർട്ടുമെന്റിന്റെ സഹായം ലഭ്യമായിരുന്നില്ല. മെമ്പർമാർ സ്വരൂപിക്കുന്ന ഓഹരി മൂലധനം പരിമിതമായ കാർഷിക വായ്പകൾ നല്കുന്നതിന് വിനിയോഗിച്ചിരിക്കുന്നു. സംഘത്തിന്റെ ആദ്യപ്രസിഡന്റ് ശ്രീ.കെ.വി. ഗോപാലൻ നായരും, രാവുണ്ണിച്ചെട്ടി, എൻ.ചന്നാൻ, കുണ്ടരഞ്ഞി കേളുച്ചെട്ടി, കുന്താണി ക്കുഞ്ഞൻച്ചെട്ടി എന്നിവർ ഭരണസമിതിയുടെ അംഗങ്ങളും ആയിരുന്നു. ചീങ്ങവല്ലം ആസ്ഥാനമായ ഓഹരിക്കാർ 26 പേർ മാത്രമായിരുന്നു. ഈ സംഘത്തെ അമ്പലവയൽ വില്ലേജ് പ്രവർത്തനമേഖലയായി നിർണ്ണയിച്ച് വിവിധോദ്ദേശ ഐക്യനാണയ സംഘമായി പുനസംഘടിപ്പിക്കുകയും 1961ൽ F7604 നമ്പർ ആയി രജിസ്ട്രേഷൻ പുതുക്കുകയും ചെയ്തു. കേരള സഹകരണ സംഘം നിയമം വന്നതിനുശേഷം ഈ സംഘത്തെ 1964ൽ അമ്പലവയൽ സഹകരണ ബാങ്ക് എന്ന പേരിൽ വിപുലപ്പെടുത്തി. 347 ഓഹരി ഉടമകളോടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ബാങ്കിന്റെ പ്രസിഡന്റ് ശ്രീ. ടി.പി.മാധവൻ നായർ ആയിരുന്നു.

മലബാർ കോ.ഓപ്പറേറ്റീവ് സെൻട്രൽ ബാങ്കുമായി അഫിലിയേറ്റ് ചെയ്ത ബാങ്ക്, മെമ്പർമാരുടെ കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ നല്കുകയും, രാസവള വില്പന നടത്തുകയും ചെയ്തിരുന്നു.

വയനാട് കോളനൈസേഷൻ പദ്ധതി പ്രകാരം കുടിയിരുത്തപ്പെട്ടവരും, കുടിയേറ്റക്കാരുമായ ഓഹരി ഉടമകൾക്ക്, കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വായ്പ വിതരണം ആൾ ജാമ്യത്തിൽ മാത്രം പരിമിതപ്പെട്ടിരുന്നു. നിക്ഷേപ സമാഹരണത്തിന് അന്ന് സാദ്ധ്യത വിരളമായിരുന്നു. ആ കാലയളവിൽ ബാങ്ക് പ്രവർത്തിച്ചിരുന്നത് വാടക കെട്ടിടത്തിലായിരുന്നതുകൊണ്ട് പലവിധ വിഷമങ്ങൾക്കും കാരണമായി.

1976ൽ പത്തു സെന്റു സ്ഥലവും, സർക്കാർ വായ്പ സഹായത്തോടെ സ്വന്തം കെട്ടിടവും, ഉണ്ടാക്കിയതോടെ പ്രവർത്തന മേഖല വിപുലീകരിക്കുവാൻ കഴിഞ്ഞു. അതുവരെ നീസൽ ഹട്ടിൽ നടത്തിവന്നിരുന്ന വളം വില്പനക്ക് പ്രത്യേക ഗോഡൗൺ നിർമ്മിച്ചും, സ്വർണ്ണ പണ്ടത്തിന്മേൽ വായ്പ നല്കിവന്നതിന്റെ പരിധി വർദ്ധിപ്പിച്ചും, പട്ടയം ലഭിച്ച കൃഷിക്കാർക്ക് വസ്തുജാമ്യത്തിൽ ഹ്രസ്വ മദ്ധ്യ ദീർഘ കാലവായ്പകൾ നല്കിയും നിത്യോപയോഗ സാധനങ്ങൾ തുണിത്തരങ്ങൾ എന്നിവയുടെ വില്പന വിഭാഗം ആരംഭിച്ചും, വിവിധ സലകളിൽ ചിട്ടികളും ആകർഷകമായ നിക്ഷേപ സമാഹാരണ പദ്ധതികളും ആരംഭിച്ചും, സാധാരണക്കാരുടെ ഭവന നിർമ്മാണം, ജലസേചനം, കറവമാടുവളർത്തൽ, തയ്യൽ മെഷീൻ എന്നീ വിവിധ മേഖലകളിൽ വായ്പകൾ നല്കിയും ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയുണ്ടായി. സമഗ്ര സഹകരണ വികസന പദതിയിൽ കീഴിൽ ബാങ്കിനോടനുബന്ധിച്ച് കൂടുതൽ സൗക

ര്യപ്രദമായ ഓഫീസും ഗോഡൗണുകളും നിർമ്മിക്കു കയും, സേഫ് ലോക്കർ വാങ്ങുകയും ചെയ്തി ട്ടുണ്ട്.

ബാങ്കിന്റെ അംഗീകൃത ഓഹരി മൂലധനം 26 ലക്ഷം രൂപയും 4,71,350 രൂപ ഗവണ്മെന്റ് ഓഹരി അടക്കം പിരിഞ്ഞുകിട്ടിയ മൂലധനം 15,21,972 രൂപയും ആകെ നിക്ഷേപം ഒരു കോടി പതിനേഴു ലക്ഷം രൂപയുമാണ്. 6897 ഓഹരി ഉടമകളും 12 ജീവനക്കാരും ഉണ്ട് വിവിധ ഇനം വായ്പകളിലായി ഒരുകോടി എൺപത്തി ഏഴുലക്ഷം രൂപ അംഗങ്ങൾക്ക് വിത രണം ചെയ്യപ്പെട്ടിരിക്കുന്നു.

അടിക്കടി ഉണ്ടാകുന്ന കാലവർഷക്കെടുതി, വരൾച്ച, വ്യാപിച്ചു വരുന്ന കീടബാധ, ഉല്പന്ന ങ്ങൾക്ക് സ്ഥായിയായ വില നിലവാരം ഇല്ലായ്മ, ഉൽപ്പാദന ചിലവിന്റെ കുതിച്ചുകയറ്റം തുടങ്ങിയ കാര ണങ്ങളാൽ കടം മടക്കി അടക്കുന്നതിൽ അംഗങ്ങൾ വീഴ്ച വരുത്തുന്നു. നിക്ഷേപം വർദ്ധിപ്പിച്ചും, ധന സഹായ സ്ഥാപനങ്ങളുടെ സഹായം സമ്പാദിച്ചും കൃഷിക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിർവ്വ ഹിക്കാനും കാർഷിക വിളകളുടെ സംഭരണം തുട ങ്ങിയ പരിപാടികൾ ഏറ്റെടുക്കാനും ഈ ബാങ്കിനു കഴിയുന്നതാണ്.

പഞ്ചായത്തിലെ പാൽ ഉല്പാദകരുടെ സഹ കരണ സ്ഥാപനമാണ് പ്രവർത്തനക്ഷമമായ മറ്റൊരു സ്ഥാപനം. അമ്പലവയൽ ക്ഷീരവ്യവസായ സഹകരണ സംഘം എന്നപേരിൽ 1996ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇതിന്റെ ആസ്ഥാനം തോമാട്ടുചാൽ ആണ്. സംഘത്തിന്റെ ആദ്യപ്രസിഡന്റ് സി.വി.ചാണ്ടി ആയിരുന്നു. പാൽ ഉല്പാദകർക്ക് അവർ ഉല്പാദിപ്പിക്കുന്ന പാൽ ചില സ്വകാര്യ സംഭരണ ഏജന്റുമാർക്കോ, ചായക്കടകളിലോ കൊടു ത്തുകിട്ടുന്ന തുച്ഛവിലകൊണ്ട് തൃപ്തരാകേണ്ടിയി രുന്നു. തുടക്കത്തിൽതന്നെ സംഭരിക്കുന്ന പാൽ കോഴിക്കോട് മിൽക്ക് സഹകരണയൂണിയനു നല്കി വ്യാപാരം ലാഭകരമാക്കാനും ഇടത്ത ഡുകാരെ ഒഴി വാക്കാനും കഴിഞ്ഞു.

ഡിപ്പാർട്ടുമെന്റിന്റേയും മറ്റു സ്ഥാപനങ്ങളു ടെയും സാമ്പത്തിക സഹായത്തോടെ നാടൻ പശു ക്കൾക്കു പകരം ഉൽപ്പാദനശേഷി കൂടിയ സങ്കര ഇനം പശുക്കളെ വാങ്ങി ഈ രംഗത്തു മാറ്റം വരു ത്തുന്നതിന് സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. കർഷക രിൽ നിന്നും പാൽ ശേഖരിക്കുവാനും, വിപണനം നടത്തുവാനും പല വിധ വിഷമതകളും അനുഭവി ക്കേണ്ടിവന്നു. പഞ്ചായത്തിലെ ഗതാഗതസൗകര്യ ക്കുറവും, റോഡുകളുടെ ശോച്യാവസ്ഥയുമായിരുന്നു മുഖ്യകാരണം. എല്ലാ പ്രധാന കേന്ദ്രങ്ങളിലും സംഭ രണ ഡിപ്പോകൾ സ്ഥാപിച്ച് സംഭരണ ശൃംഖല ശക്തവും, സൗകര്യപ്രദവുമാക്കി കഴിഞ്ഞു. 1989ൽ ആപ്കോസ് ആയി സംഘത്തെ രൂപാന്തരപ്പെ ടുത്തി, ക്ഷീരോത്പാദക സംഘം എന്ന നിലയിൽ സംഭരണ വിപണന ചുമതലക്കു പുറമെ മെച്ചപ്പെട്ട ഇനം കറവമാടുകളുടെ വിതരണം ചെയ്യൽ, പുൽകൃഷി, ശാസ്ത്രീയമായ് തയ്യാറാക്കപ്പെട്ട കാലി ത്തീറ്റ ഉല്പാദനം, പാൽ ഉപോൽപ്പന്ന യൂണിറ്റ് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

22 സംഭരണി ഡിപ്പോകൾ ഉണ്ട്. പ്രതിദിനം ശരാശരി 7500 ലിറ്റർ പാൽ സംഭരിക്കുന്നു. പ്രാദേ ശിക വില്പനക്കും, ഉപോൽപ്പന്ന യൂണിറ്റിന്റെ ആവശ്യത്തിന് 12% വിനിയോഗിക്കുകയും, ബാക്കി മിൽമക്ക് നല്കുകയും ചെയ്യുന്നു. 2050 സാധാരണ അംഗങ്ങളുള്ള ഈ സംഘത്തിൽ 40 സ്ഥിരം ജീവന ക്കാരടക്കം 57 പേർ ജോലി ചെയ്യുന്നു. വാർഷിക വിറ്റുവരവ് രണ്ടുകോടി രൂ പയാണ്. ഓഫീസ്, സംഭ രണ ഡിപ്പോകൾ, ഫാക്ടറി എന്നിവക്കായി 11 സ്വന്തം കെട്ടിടങ്ങൾ ഉണ്ട്. സംഘത്തിന്റെ ചുമതല യിൽ 4 ടൺ ഉല്പാദനശേഷിയുള്ള ആംകോ കാലി ത്തീറ്റ ഫാക്ടറി പ്രവർത്തിച്ചുവരുന്നു. സംസ്ഥാ നത്ത് സഹകരണമേഖലയിൽ ഇത്തരത്തിലുള്ള ആദ്യസംരംഭമാണ്. 8.25 ലക്ഷം രൂപ സബ്സിഡി ലഭി ച്ചിട്ടുള്ള ഈ ഫാക്ടറിയിലെ ഉൽപ്പന്നം മിതമായ വിലക്ക് കർഷകർക്ക് നല്കിവരുന്നു.

വയനാട് മൈനിംഗ് & മാരമത്തു വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ– ഓപ്പറേറ്റീവ് സൊസൈറ്റിയാണ് മറ്റൊരു സ്ഥാപനം, 1975 ൽ രജിസ്റ്റർ ചെയ്ത ഈ സംഘം കരിങ്കൽ ക്വാറി പ്രവർത്തനമാണ് നടത്തു ന്നത്. പഴയ തെക്കേ വയനാട് താലൂക്ക് മുഴുവനും പ്രവർത്തന പരിധിയിലുണ്ട് പ്രധാനമായും ആയി രംകൊല്ലിയിൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കു ന്നത്. 1974ൽ ഒരു സ്വകാര്യവ്യക്തിയുടെ മേധാവിത്വ മുള്ള കരിങ്കൽ ക്വാറി മേഖലയിൽ തൊഴിൽ നിഷേ ധത്തിനെതിരായി തൊഴിലാളികൾ നടത്തിയ ദീർഘ മായ പോരാട്ടത്തിന്റെ മുൻപിൽ ക്വാറി ഉപേക്ഷിച്ചു പോയ തൊഴിൽ ഉടമയ്ക്കു പകരം സംവിധാന മെന്ന നിലയിൽ രൂപീകരിക്കപ്പെട്ട ഈ സംഘം, തൊഴി

ലാളികളുടെ ഓഹരി മൂലധനവും, ഉദാരമതികളായ ചില വ്യക്തികളുടെ നിക്ഷേപസംഖ്യയും ഉപയോഗിച്ച് പൂട്ടി ഇട്ട ക്വാറി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു. എന്നാൽ തുടർന്ന് രാഷ്ട്രീയ ചേരിതിരിവിന്റെ പേരിൽ INTUC , സ്വതന്ത്ര, എന്നീ 2 ക്വാറികൾ ഉണ്ടായി. എന്നാൽ പിന്നീട് ഇവ രണ്ടും സ്വകാര്യ വ്യക്തികളുടെ ക്വാറികളായി പരിണമിച്ചു.

സൊസൈറ്റിവക ക്വാറി ഒഴിച്ചുള്ള ഭാഗങ്ങളിൽ മുപ്പതിലധികം സ്വകാര്യ ക്വാറികൾ അനുവദിക്കപ്പെട്ടതിനെ തുടർന്ന് സൊസൈറ്റിയുടെ നിലനില്പുപോലും അസാദ്ധ്യമാവുകയും രണ്ട് തവണ പ്രവർത്തനം നിർത്തിവെക്കുകയും വീണ്ടും പുനസംഘടിപ്പിക്കുകയും ചെയ്ത ചരിത്രമാണ് ഈ സംഘത്തിനുള്ളത്. ഇപ്പോൾ സ്ഥിരമായി 50 തൊഴിലാളികളും പുറമെ സീസൺ തൊഴിലാളികളും ഉള്ള ഈ സംഘം സ്വന്തമായി ഗോഡൗണും, സ്ഥലവും, ഓഫീസ്സും നിർമ്മിച്ച് ശക്തി പ്രാപിച്ചിട്ടുണ്ട്. യാതൊരു വിധ സാമ്പത്തിക സഹായവും സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ലഭിക്കാതെ സ്വയം വളർച്ചയിലേക്ക് നീങ്ങുന്ന ഈ സംഘം കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നവാൻ പര്യാപ്തമാണ്. 466 അംഗങ്ങളുള്ള ഈ സ്ഥാപനത്തിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ. വില്യം ഐസക്ക് ആയിരുന്നു.

## മറ്റു സഹകരണ സ്ഥാപനങ്ങൾ

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ വായ്പാ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന കേരള അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസ്തുത സ്ഥാപനത്തിൽ മാത്രം ഒതുങ്ങി പ്രവർത്തിച്ചുവരുന്നു.

1993ൽ പ്രവർത്തനം ആരംഭിച്ച അമ്പലവയൽ പഞ്ചായത്ത് വനിതാ വ്യവസായ സഹകരണ സംഘം 20 അംഗങ്ങളോടും 19000 രൂപ ഓഹരിമൂലധനത്തിലും പ്രവർത്തിച്ചുവരുന്നു. സർക്കാർ ഓഹരിയായി 90,000 രൂപ ഈ സംഘത്തിനു ലഭിച്ചിട്ടുണ്ട്.

ഓഹരി വർദ്ധിപ്പിച്ചും പ്രവർത്തനം സുതാര്യമാക്കിയും വനിതാ വ്യവസായങ്ങളുടെ വികസനത്തിന് വളരെ അധികം സംഭാവന ചെയ്യാവുന്നതാണ്.

അമ്പലവയൽ ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ വടുവൻചാൽ ഗവ.ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഓരോ സ്കൂൾ സഹകരണസംഘങ്ങളും അമ്പലവയൽ ഗവ. എൽ.പിസ്കൂളിൽ ഒരു സംഘവും പ്രവർത്തിച്ചുവരുന്നു. പാഠപുസ്തകം, നോട്ടുബുക്കുകൾ, അത്യാവശ്യം സ്റ്റേഷനറി എന്നിവയുടെ വില്പനയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഈ സംഘങ്ങൾക്ക് യൂണിഫോം, സ്കൂളിന്റെ മൊത്തം ആവശ്യങ്ങൾക്കുള്ള സാധന സാമഗ്രികൾ എന്നിവയുടെ സംഭരണവും വിതരണവും നടത്തി ഈ രംഗത്തെ ചൂഷണം നിയന്ത്രിക്കാവുന്നതാണ്.

ചീങ്ങേരി ട്രൈബൽ കോളനി നിവാസികളുടേതായ സഹകരണ സംഘം കൺസ്യൂമർ സ്റ്റോറും, ക്വാറിയും നടത്തി സർക്കാർ ഗ്രാന്റ് സംഖ്യകൾ നഷ്ടപ്പെടുത്തി പ്രവർത്തനരഹിതമായി നില്ക്കുന്നു. നല്ല നിലയിൽ കൺസ്യൂമർ സ്റ്റോർ നടത്തിവന്ന അമ്പലവയൽ ഗവ.എംപ്ലോയീസ് കൺസ്യൂമേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ലിക്വിഡേഷനിലാണ്. എക്സ് സർവ്വീസ് മെൻ കോ.ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിടത്തുതന്നെ പ്രവർത്തനം മുരടിച്ചു നില്ക്കുകയാണ്.

വയനാട് ജില്ലാ പഴം പച്ചക്കറി മാർക്കറ്റിംഗ് സഹകരണ സംഘം ഈ പഞ്ചായത്തിൽ ഒരു ഡിപ്പോ നടത്തുന്നുണ്ട്. സുൽത്താൻ ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന സുൽത്താൻ ബത്തേരി കോ.ഓപ്പറേറ്റീവ് ഹൗസിം സൊസൈറ്റി ഈ പഞ്ചായത്തിൽ പല വ്യക്തികൾക്കും വീടുവെക്കാൻ വായ്പ നല്കുകയുണ്ടായിട്ടുണ്ട്.

അടുത്ത കാലത്ത് കൊളഗപ്പാറയിൽ 4 ഏക്ര സ്ഥലം വിലക്കെടുത്ത് ഒരു ഹൗസിംഗ് കോംപ്ലക്സ് സ്ഥാപിച്ച് പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ബത്തേരി അർബ്ബൻ സഹകരണ ബാങ്കിന്റെ ഒരു ശാഖ ഇവിടെ സ്ഥാപിച്ച് വ്യാപാരികൾക്കും, വാഹനങ്ങൾ വാങ്ങുവാനും, വായ്പ നല്കിവരുന്നു. ഹരിഗിരി സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 1994ൽ ആരംഭിച്ച ചീവയ്ക്ക സംസ്ക്കരണ ഫാക്ടറി തൃശൂരിലേക്കു മാറ്റിയിരിക്കുകയാണ്.

ഇടത്തരക്കാരും, ദരിദ്രരുമായ കർഷകർ ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ സഹകരണ മേഖലയുടെ പ്രസക്തി വർദ്ധിച്ചുവരികയാണ്. കുട്ട, പരമ്പ്, നെയ്ത്, കളിമൺ പാത്രവ്യവസായം, പട്ടുനൂൽ കൃഷി, തേനീച്ച വളർത്തൽ തുടങ്ങി അന്യംനിന്നുപോ

കുന്ന കുടിൽ വ്യവസായങ്ങളെ നിലനിർത്തി സംരക്ഷിക്കുവാൻ സഹകരണ മേഖല വഴിയുള്ള സാദ്ധ്യത ഭരണകർത്താക്കളും ജനങ്ങളും പരിപോഷിപ്പിക്കേണ്ടതാണ്. എഞ്ചിനീയറിംഗ്, മരപ്പണി ഗൃഹോപകരണനിർമ്മാണം തുടങ്ങിയവയിൽ ഏർപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ കുറഞ്ഞ കൂലിക്ക് പണി ചെയ്യുന്നവർ ധാരാളമുണ്ട്. ഇത്തരത്തിലുള്ള സംഘങ്ങൾ ഒന്നും തന്നെ ഇല്ല. ഉപഭോഗവസ്തുക്കളുടെ വിതരണം, കാർഷിക വിളകളുടെ സംഭരണം തുടങ്ങിയ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിനു വഹിക്കാവുന്ന പങ്ക് ചെറുതല്ല. കേന്ദ്ര- സംസ്ഥാന സർക്കാറുകൾ ദേശീയവും അന്തർദേശീയവുമായ ധനസഹായസ്ഥാപനങ്ങൾ എന്നിവ വഴി ലഭിക്കാവുന്ന സാമ്പത്തിക സഹായങ്ങളും സൗജന്യങ്ങളും സഹകരണ സ്ഥാപനങ്ങൾ വഴിയേ ജനങ്ങൾക്ക് ലഭ്യമാവുകയുള്ളൂ. ജനകീയ ആസൂത്രണത്തിൽ സഹകരണ മേഖലക്കുള്ള പങ്ക് ഗൗരവമായി കാണേണ്ടതാണ്.

ഗ്രാമസഭകളിൽ ചർച്ചയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ സംഗ്രഹിക്കുന്നു. കോട്ടൂർ, കടൽമാട്, എന്നിവിടങ്ങളിൽ സഹകരണ ബാങ്കു ശാഖകളും, തോമാട്ടുചാൽ, കുമ്പളേരി എന്നീ സ്ഥലങ്ങളിൽ വളം ഡിപ്പോയും, അത്തിച്ചാൽ, പാമ്പ്ല, കാട്ടിക്കൊല്ലി, കമ്പാളക്കൊല്ലി, വേങ്ങച്ചാൽ എന്നീ കേന്ദ്രങ്ങളിൽ പാൽ സംഭരണ ഡിപ്പോകളും തുടങ്ങുക. കാരച്ചാൽ, ആണ്ടൂർ തോമാട്ടുചാൽ, പുറ്റാട് പ്രദേശങ്ങളിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ കുമ്പളേരി, അമ്പലവയൽ, മഞ്ഞപ്പാറ എന്നിവിടങ്ങളിൽ ക്വാറി സൊസൈറ്റികൾ, കുമ്പളേരി, അമ്പലവയൽ, തോമാട്ടുചാൽ എന്നീ സ്ഥലങ്ങളിൽ തയ്യൽ പരിശീലന വസ്ത്രനിർമ്മാണ സൊസൈറ്റികൾ, ഇഷ്ടിക നിർമ്മാണ സംഘങ്ങൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കുട്ട-വട്ടി പായ നെയ്ത്ത് സംഘങ്ങൾ, സഹകരണ ആശുപത്രി എന്നിവ തുടങ്ങുന്നതിനും ഉള്ള നിർദ്ദേശങ്ങളും ഉയർന്നു വന്നു. ഇവയെല്ലാം സാദ്ധ്യതകൾക്കനുസരിച്ച് പരിഗണനയിലെടുക്കണം.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ജനങ്ങളിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തിയേയും, സാദ്ധ്യതകളേയും കുറിച്ചുള്ള വേണ്ടത്ര അറിവില്ലായ്മ.

2. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത ഇല്ലായ്മ

3. കുടിൽവ്യവസായങ്ങൾക്ക് അർഹമായ വായ്പാ സഹായവും, സാമ്പത്തിക സാങ്കേതിക ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

4. അർഹതപ്പെട്ട വ്യക്തികൾക്ക് സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം ലഭിക്കായ്ക.

5. സഹകരണ സംഘങ്ങളിലെ ഓഹരികൾക്കു പലിശയും, പ്രോത്സാഹനവും നല്കാതിരിക്കുന്നതുകാരണം ഓഹരി നിക്ഷേപം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല,.

6. സംഘങ്ങളുടെ രൂപീകരണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കർക്കശ നിയമവ്യവസ്ഥ.

7. ധനസഹായ സ്ഥാപനങ്ങൾ, അപക്സ് സംഘങ്ങൾ, ഡിപ്പാർട്ട്മെന്റ് മേധാവികൾ എന്നിവയുടെ അനാവശ്യ ഇടപെടലും നിയന്ത്രണവും.

8. സഹകാരികൾക്കും സഹജീവനക്കാർക്കും ഉള്ള പരിശീലന സംവിധാനക്കുറവ്

9. സഹകരണ രംഗത്തു നില്ക്കുന്ന വിഭാഗീകവും വ്യക്തി താല്പര്യവും മുൻനിർത്തിയുള്ള സങ്കുചിത ചിന്താഗതികൾ.

**സാദ്ധ്യതകൾ**

1. നിലവിലുള്ള സംഘങ്ങളുടെ മെമ്പർഷിപ്പ്, പ്രവർത്തനം എന്നിവ സുതാര്യമാക്കിയാൽ അവയോടുള്ള ബഹുജന ആഭിമുഖ്യം വർദ്ധിപ്പിക്കാനാകും.

2. ധനകാര്യ സ്ഥാപനങ്ങൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വകുപ്പ്, ഹരിഗിരിക്ഷേമവകുപ്പ്, സഹകരണ വകുപ്പ് എന്നീ വിവിധ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി സഹകരണ മേഖലയിൽ പുതിയ സാധ്യതകൾ കണ്ടെത്താവുന്നതാണ്.

3. പഞ്ചായത്തിൽ ഹൗസിംഗ് സഹകരണ സംഘം രൂപീകരിച്ചാൽ ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പാർപ്പിട ക്ഷാമം പരിഹരിക്കാം.

4. നിലവിൽ വിപുലമായ പ്രവർത്തനപരിധി നിശ്ചയിച്ചു രജിസ്റ്റർ ചെയ്തു, ചെറിയ പ്രദേശവും കുറഞ്ഞ അംഗത്വവും വച്ചു പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനപരിധി തദനുസരണം പുനർനിർണ്ണയം ചെയ്താൽ, ആനുകൂല്യം നിഷേധിക്കപ്പെട്ട മേഖലകളിലേക്കും വ്യക്തികളി

ലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനാകും.

5. പഞ്ചായത്തിലെ നിർമ്മാണ തൊഴിലാളികൾക്കു പ്രാമുഖ്യമുള്ളവിധം ലേബർ കോൺട്രാക്റ്റു സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കുക വഴി പൊതു നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിലെ ഇടത്തട്ടുചൂഷണം ഒഴിവാകും.

6. ക്ഷീരോത്പാദകരുടെ സംഘങ്ങൾ ആപ്കോസ് മാതൃകയിൽ ചെറിയ പ്രദേശങ്ങളെ ഉൾപ്പെടുത്തി രപൂപീകരിച്ചാൽ കർഷകരുടെ വിഷമതകൾ പരിഹരിക്കാനാകും. ഇതുവരെ നിലവിൽ സംഭരണ കേന്ദ്രങ്ങളില്ലാത്ത അത്തിച്ചാൽ, പാബ്ല, കാട്ടിക്കൊല്ലി, കമ്പാളക്കൊല്ലി, വേങ്ങച്ചാൽ തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കണം.

7. ജില്ലാ ബാങ്കിന്റെ ഒരു ശാഖ അമ്പലവയലിൽ തുറന്ന് വാഹനങ്ങൾ, കാർഷികോപകരണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ വാങ്ങുവാനും ഭവന നിർമ്മാണത്തിനു വായ്പ ലഭിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കണം.

8. അമ്പലവയൽ സർവ്വീസ് ബാങ്ക് വക രാസവള വില്പന ഡിപ്പോ തോമാട്ടുചാലിൽ സ്ഥാപിച്ച് വളം ലഭ്യത ഉറപ്പുവരുത്തുക.

9. അമ്പലവയൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകൾ കോട്ടൂർ, കടൽമാട് എന്നീ കേന്ദ്രങ്ങളിൽ ആരംഭിക്കുക.

10. തൊഴിൽ രഹിതരായ വനിതകൾക്കു പ്രാതിനിധ്യമുള്ള കൺസ്യൂമർ സ്റ്റോറുകൾ കാരച്ചാൽ, കളത്തുവയൽ, വേങ്ങച്ചാൽ, നെല്ലാറച്ചാൽ, തോമാട്ടുചാൽ തുടങ്ങിയ കേന്ദ്രങ്ങളിൽ ആരംഭിച്ചാൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും ഉപഭോഗവസ്തുക്കളുടെ വിതരണത്തിലെ ഇടത്തട്ട് ഒഴിവാക്കുന്നതിനും കഴിയും.

11. പച്ചക്കറി കൃഷിക്കും, ഉൽപ്പനങ്ങൾ ശേഖരിച്ചു വില്പന നടത്തുന്നതിനുമായി ഒരു സഹകരണ സംഘം രൂപീകരിച്ചു തോടുപുറമ്പോക്കും മറ്റ് അനുയോജ്യസ്ഥലങ്ങളും വിനിയോഗിച്ചാൽ പച്ചക്കറിക്കായ് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് നിയന്ത്രിക്കാൻ കഴിയും.

12. സഹകരണ മേഖലയിലെ കേന്ദ്രീകരണം, സ്വകാര്യതൃവിഭാഗീയത എന്നിവയെ കർശനമായി നിയന്ത്രിച്ചും, സഹകരണ വിദ്യാഭ്യാസം സംഘടിപ്പിച്ചും, ആസൂത്രിതമായി പരിപാടികൾ നടപ്പിലാക്കിയാൽ സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാവുന്നതാണ്.

13. സ്ഥാവര വസ്തു ഈടിന്മേൽ വായ്പ ലഭിക്കുന്നതിന് നോട്ടിഫൈഡ് ഏരിയയിൽ അനുവദിച്ചിട്ടുള്ള സൗകര്യം ഗ്രാമപ്രദേശത്തെ ബാങ്കുകൾക്കും നല്കിയാൽ ബാങ്കിനും വായ്പക്കാരനും സൗകര്യപ്രദമായിരിക്കും.

14. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും അമ്പലവയൽ പഞ്ചായത്തിനോട് ചേർന്ന അമ്പുകുത്തി മലവാരത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള താമസക്കാരെ അമ്പലവയൽ പ്രദേശത്തു പ്രവർത്തിക്കുന്ന സംഘങ്ങളിൽ അംഗങ്ങളാക്കാൻ തടസ്സമായ റവന്യൂ വില്ലേജ് അതിർത്തി വ്യവസ്ഥ ഒഴിവാക്കിയാൽ തദ്ദേശവാസികൾക്ക് സൗകര്യമായിരിക്കും.

15. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളുടെ സഹകരണ സംഘം രൂപീകരിച്ച് ട്യൂട്ടോറിയൽ കംപാരലൽ കോളേജ് സംഘടിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കുകയും, വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യാം.

16. പ്രൈമറി വിദ്യാലയങ്ങളോട് ചേർന്ന് മാതൃസഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ ആഭിമുഖ്യത്തിൽ പ്രൈമറി ക്ലാസുകളും, പോഷകാഹാര വിതരണവും നടത്തി ഈ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

17. സഹകരണ മേഖല വഴിയുള്ള എല്ലാവിധ വായ്പകളുടേയും പലിശ നിരക്കു കുറവു ചെയ്യുകയും കൃത്യമായ തിരിച്ചടവിന് പലിശ ഇളവ് അനുവദിക്കുകയും ചെയ്താൽ കൃത്യമായ തിരിച്ചടവിന് പ്രേരണയാകും.

18. സഹകരണ സ്ഥാപനങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി ചിട്ടി നടത്തിപ്പ് സംഘങ്ങളുടെ നിർബ്ബന്ധ ചുമതലയാക്കിയാൽ മിച്ചം വയ്ക്കുന്ന ശീലം പ്രോത്സാഹിപ്പിക്കാനും മൂലധന സമാഹരണം മെച്ചപ്പെടുത്തുവാനും കഴിയും

19. സഹകരണ മേഖലയിൽ നിലനില്ക്കുന്ന ത്രിതല സംവിധാനം എടുത്തു കളഞ്ഞാൽ പലിശ നിരക്ക് കുറക്കുവാനും, ബാങ്കുകൾക്ക് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനും കഴിയും.



5.11

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വയനാട്ടിലെ ഇതര പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമായി ആദിവാസി സമൂഹത്തിലെ ഏറ്റവും പിന്നണിയിലുള്ള ജാതിക്കാരാണ് ഇവിടെയുള്ളവരിൽ ഭൂരിപക്ഷവും. ആകെയുള്ള 11 കുറിച്ച്യ കുടുംബങ്ങൾ ചീങ്ങേരി കോളനിയിൽ കുടിയിരുത്തപ്പെട്ടവർ മാത്രമാണ്. മറ്റ് വിഭാഗങ്ങൾ ഇന്ന് അവർ താമസിച്ച് വരുന്ന പ്രദേശങ്ങളിൽ തന്നെ തലമുറയായി ജീവിച്ച് വന്നിരുന്നുവെന്ന് കാണാം. ഇതര മത വിഭാഗങ്ങളുമായി ഇഴുകി ചേർന്നുള്ള സൗഹാർദ്ദ ജീവിതമാണ് ഇവരുടേത്.

വയനാട് കോളനൈസേഷന്റെ ഭാഗമായി ഇവരിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും കൃഷിചെയ്യാനും കുടിപാർക്കാനും ഭൂമിനൽകിയിരുന്നു. കൈവശഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് മുമ്പ് തന്നെ, അനുവദിക്കപ്പെട്ട ഭൂമി നഷ്ടപ്പെട്ടത് കാരണം, അപൂർവ്വം കുടുംബങ്ങൾക്കേ പട്ടയം ലഭിച്ചിട്ടുള്ളു. കാരാപ്പുഴ പദ്ധതിക്കായി ഭൂമി ഏറ്റെടുത്തതു മൂലം ഭൂരഹിതരായ ഇവരിൽ പലരും നെല്ലാറച്ചാൽ ഭാഗത്തെ പദ്ധതി ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നു. വിവിധ ഗവ: പദ്ധതികളിലായി നിർമ്മിക്കപ്പെട്ട ഓട് മേഞ്ഞതും കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയതുമായ വീടുകൾ ഇവരിൽ ഏറ്റവും പിന്നോക്കകാരായ പണിയർ, ഊരാളികൾ, കാട്ടുനായ്ക്കർ എന്നീ കുടുംബങ്ങൾക്ക് അർഹിക്കുന്ന നിലയിൽ കിട്ടിയിട്ടില്ല. ചീങ്ങേരി കോളനിയിലെ സ്ഥിതിയും ഭിന്നമല്ല. ഭവന രഹിതരും പുല്ലു മേഞ്ഞ വീടുകളിൽ കഴിയുന്നവരുമായ 44% കുടുംബങ്ങൾ അവശേഷിക്കുന്നു. (പട്ടിക 1 കാണുക)

വിദ്യാഭ്യാസ നിലവാരം പരിശോധിച്ചതിൽ 50 വയസ്സിനു മുകളിൽ പ്രായമുള്ള 80% പേരും 30 നും 50നും ഇടയിൽ പ്രായമുള്ളവരിൽ 30% പേരും നിരക്ഷരരാണ്. സ്കൂളിൽ പോകുന്ന കുട്ടികളിൽ തന്നെ കൊഴിഞ്ഞ് പോക്ക് ചെറിയതോതിലുണ്ട്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരാണ് യുവതീയുവാക്കളിൽ അധികവും. ഹോസ്റ്റൽ സൗകര്യവും വിദ്യാഭ്യാസാനുകൂല്യങ്ങളും വിനിയോഗിച്ച് ഉന്നത വിദ്യാഭ്യാസം നേടിയവരും കോളേജ് വിദ്യാർത്ഥികളും വർദ്ധിച്ചുവരുന്നതു ഈ വിഭാഗത്തിന് വിദ്യാഭ്യാസത്തിനുള്ള താൽപര്യം എടുത്തുകാണിക്കുന്നു. എന്നിരുന്നാലും സാമൂഹ്യമായ പ്രത്യേക പരിഗണന ഇവരർഹിക്കുന്നുണ്ട്.

1957ൽ ഗിരിവർഗ്ഗകുടുംബങ്ങളെ ആധുനിക കൃഷിയും തൊഴിലും അഭ്യസിപ്പിച്ച് ഭൂവുടമകളാക്കി മാറ്റുകയെന്ന ലക്ഷ്യം വച്ച് പ്രവർത്തനം ആരംഭിച്ച ചീങ്ങേരി ട്രൈബൽ കോളനൈസേഷൻ പദ്ധതിക്ക് ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാതെ പോയി. ആദ്യകാലങ്ങളിൽ കുടിയിരുത്തപ്പെട്ട കുടുംബങ്ങൾ തൊഴിലും മറ്റ് ജീവിത സൗകര്യങ്ങളും ലഭിക്കാതെ ഒഴിഞ്ഞുപോയി. വീണ്ടും 1967ൽ പദ്ധതി ഭൂമിയിൽ കാർഷികവകുപ്പിന്റെ മേൽനോട്ടത്തിൽ കാപ്പിത്തോട്ടം പുനരുദ്ധരിക്കാൻ ഭക്ഷ്യവിള കൃഷിയും, വാനിലകൃഷിയും ആരംഭിക്കുകയും ഇതിൽ

പട്ടിക 1

പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | ജാതി | കുടുംബങ്ങളുടെ എണ്ണം | വീടിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | നെല്ലാറ | കുറുമർ | 40 | പുല്ലുമേഞ്ഞത്-37,ഓട്-3 |
| 2. | നടുവീട് | കുറുമർ | 11 | പുല്ലുമേഞ്ഞത് -10, ഓട്-1 |
| 3. | പടയമൂല | കുറുമർ | 8 | ഓട്-8 |
| 4. | ഞാവലം | കുറുമർ | 9 | ഓട്-1, പുല്ല്-8 |
| 5. | ആട്ടുവായ് അമ്പലക്കുന്ന് | കുറുമർ | 24 | ഓട്-6, പുല്ല്-18 |
| 6. | പള്ളവയൽ | കുറുമർ | 23 | ഓട്-23, |
| 7. | ഓടവയൽ | കുറുമർ | 4 | ഓട്-1, പുല്ല്-3 |
| 8. | കുഴിവയൽ | കുറുമർ | 3 | ഓട്-2, പുല്ല്-1 |
| 9. | വേങ്ങേരി | കുറുമർ | 3 | ഓട്-2, പുല്ല്-1 |
| 10. | പാംബ്ല | കുറുമർ | 16 | ഓട്-4, പുല്ല്-12 |
| 11. | എടക്കൽ | കുറുമർ | 9 | ഓട്-9 |
| 12. | പോത്തുകെട്ടി | കുറുമർ | 10 | ഓട്-10 |
| 13. | മുരണി | കുറുമർ | 2 | ഓട്-1, പുല്ല്-1 |
| 14. | കൊട്ടമ്പത്ത് | കുറുമർ. | 1 | ഓട്-1 |
| 15. | അരിമുണ്ട | കുറുമർ | 6 | ഓട്-2, പുല്ല്-4 |
| 16. | ബദർക്കണ്ടം | കുറുമർ | 14 | ഓട്-6, പുല്ല്- 8 |
| 17. | വെള്ളട | കുറുമർ | 4 | ഓട്-1, പുല്ല്-3 |
| 18. | മാങ്ങോട് | കുറുമർ | 10 | ഓട്-7, പുല്ല്-3 |
| 19. | താന്നിവയൽ | കുറുമർ | 11 | ഓട്-6, പുല്ല്-5 |
| 20. | വരിപ്രം | പണിയർ | 19 | ഓട്-16, പുല്ല്-3 |
| 21. | മലയച്ചംകൊല്ലി | പണിയർ | 16 | ഓട്-9, പുല്ല്-7 |
| 22. | ഓടവയൽ | പണിയർ | 13 | ഓട്-12 |
| 23. | കുണ്ടറഞ്ഞി | പണിയർ | 22 | പുല്ല്-22 |
| 24. | ഒഴലക്കൊല്ലി | പണിയർ | 9 | ഓട്-8, പുല്ല്-1 |
| 25. | ഒഴലക്കൊല്ലി പുതിയകോളനി | പണിയർ | 9 | ഓട്-8, പുല്ല്-1 |
| 26. | കുറുഞ്ഞിലകം | പണിയർ | 2 | പുല്ല്-2 |
| 27. | നീർച്ചാൽ | പണിയർ | 12 | ഓട്-8, പുല്ല്-4 |
| 28. | കരിവളം കുന്ന് | പണിയർ | 8 | പുല്ല്-8 |
| 29. | കല്ലേരി | പണിയർ | 7 | ഓട്-7 |
| 30. | വാളാശ്ശേരി | പണിയർ | 15 | ഓട്-15 |
| 31. | പാംബ്ല | പണിയർ | 12 | ഓട്-10, പുല്ല്-2 |
| 32. | ചൂരിമൂല | പണിയർ | 15 | ഓട്-7, പുല്ല്-8 |
| 33. | പെരുമ്പാടിക്കുന്ന് | പണിയർ | 5 | ഓട്-3, പുല്ല്-2 |
| 34. | പങ്ങലേരി | പണിയർ | 6 | പുല്ല്-6 |
| 35. | മുണ്ടവര | പണിയർ | 2 | പുല്ല്-2 |
| 36. | കൊരവുംകണ്ടി | പണിയർ | 5 | ഓട്-3, പുല്ല്-2 |

| | | | | |
|---|---|---|---|---|
| 37. | കുട്ടാറ | പണിയർ | 7 | ഓട്-6, പുല്ല്-1 |
| 38. | മഞ്ഞപ്പാറ | പണിയർ | 4 | പുല്ല് -4 |
| 39. | ചീങ്ങവല്ലം | പണിയർ | 7 | ഓട്-5, പുല്ല്-2 |
| 40. | അരിമുണ്ട | പണിയർ | 10 | ഓട്-7, പുല്ല്-3 |
| 41. | അയ്യപ്പൻമൂല | പണിയർ | 6 | ഓട്-6 |
| 42. | മുണ്ടക്കൊല്ലി | പണിയർ | 2 | ഓട്-2 |
| 43. | അത്തിമട്ടം, കരിങ്ങലോട് | പണിയർ | 11 | ഓട്-1, പുല്ല്-10 |
| 44. | കൊട്ടമ്പത്ത് | പണിയർ | 12 | കോൺക്രീറ്റ്-9 |
| 45. | താന്നിവയൽ | പണിയർ | 6 | ഓട്-5 |
| 46. | കൊളഗപ്പാറ | പണിയർ | 6 | ഓട്-4 |
| 47 | വേങ്ങംപറ്റ | പണിയർ | 15 | ഓട്-10 |
| 48. | ആനപ്പാറ | പണിയർ | 6 | ഓട്-6 |
| 49. | പുത്തൻകുന്ന് | പണിയർ | 5 | |
| 50 | തറ്റ്യാട് | പണിയർ | 8 | ഓട്-6 |
| 51. | കുഴിവയൽ ഊരാളി | ക്കുറുമർ | 9 | പുല്ല്-9 |
| 52. | മാങ്കുന്ന് ഊരാളി | ക്കുറുമർ | 8 | ഓട്-5 |
| 53. | മുച്ചലേരി | പണിയർ | 4 | പുല്ല്-4 |
| 54. | വെളുത്തൂർ | കാട്ടുനായ്ക്കർ | 7 | ഓട്-1, പുല്ല്-6 |
| 55. | വില്ലൂന്നി | കാട്ടുനായ്ക്കർ | 5 | ഓട്-3, പുല്ല്-2 |
| 56. | മുച്ചിലേരി | കാട്ടുനായ്ക്കർ | 4 | പുല്ല്-4 |
| 57. | കടലിക്കുന്ന് | കാട്ടുനായ്ക്കർ | 7 | പുല്ല്-6 |
| 58. | തോരാട്ട് | കാട്ടുനായ്ക്കർ | 8 | ഓട്-2, പുല്ല്-6 |
| 59. | ആണ്ടൂർ | കാട്ടുനായ്ക്കർ | 15 | ഓട്-2, ഷീറ്റ്-13 |
| 60. | എടക്കൽ | കാട്ടുനായ്ക്കർ | 4 | ഓട് -4 |
| 61. | വികാസ് കോളനി | കാട്ടുനായ്ക്കർ | 15 | കോൺക്രീറ്റ്-12, പുല്ല്-2 |
| 62. | വടുവണ | പണിയർ | 10 | ഓട് , പുല്ല്- |
| 63. | നാഗത്താൻക്കുന്ന് | പണിയൻ | 6 | ഓട്-5, പുല്ല്-1 |
| 64. | മുന്നൂറ് | പണിയൻ | 6 | |
| 65. | കുണ്ടറ | പണിയൻ | 4 | ഓട്- |
| 66. | ഒന്നേയാർ ലക്ഷംവീട് | പണിയൻ | 4 | പുല്ല്- |
| 67. | മണൽവയൽ പരിവാരം | പണിയൻ | 4 | പുല്ല്- |
| 68. | ചീങ്ങേരികോളനി | പണിയൻ | | |
| 69. | വികാസ് കോളനി | SC | | |
| 70. | കുമ്പളേരി പുലയക്കോളനി | SC | | |
| 71. | നെട്ടമുള്ളി പുലയക്കോളനി | SC | | |
| 72. | നെട്ടമുള്ളി | SC | | |

| വിഭാഗം | കുടുംബങ്ങളുടെ എണ്ണം | ഓട് | പുല്ല് | കോൺക്രീറ്റ് |
|---|---|---|---|---|
| പണിയർ | 65 | 32 | 17 | 16 |
| ഊരാളി | 96 | 34 | 42 | 20 |
| കാട്ടുനായ്ക്കർ | 24 | 4 | 5 | 15 |
| കുറുമർ | 34 | 25 | 1 | 8 |
| കുറിച്യർ | 11 | 5 | | 6 |
| ആകെ | 230 | 100 | 65 | 65 |

തൊഴിൽ നൽകികൊണ്ട് വീണ്ടും ഹരിജൻ കുടുംബങ്ങളെ കുടിയിരുത്തുകയുമുണ്ടായി. കുടിയിരുത്തപ്പെട്ടവർക്ക് പുറമെ, കൂടുതൽ കുടുംബങ്ങളായി വന്നു ചേർന്നവർ സമീപ പ്രദേശങ്ങളിലെ കാർഷിക തൊഴിലാളികളായി പണിചെയ്തു ജീവിതം കഴിച്ചു കൂട്ടുന്നു. ഇപ്പോൾ മൊത്തം 230 കുടുംബങ്ങൾ ഇവിടെയുണ്ട്. ഇവരിൽ 50 ൽ താഴെ ആളുകൾ ഫാമിൽ ജോലിചെയ്യുന്നു. സീസണൽ തൊഴിലാളികളായി വർഷത്തിൽ ചുരുങ്ങിയ ദിവസങ്ങളിൽ പണിലഭിക്കുന്നവരുമുണ്ട്. ശേഷിച്ചവർ പുറമെ കൃഷിപ്പണിയും കരിങ്കൽ മേഖലയിലെ തൊഴിലും ചെയ്തു ജീവിക്കുന്നു. ഇവരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കാൻ തത്വത്തിൽ ഗവർമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക തടസ്സങ്ങൾ കാരണം നടപ്പാക്കിയിട്ടില്ല.

ഗിരിവർഗ്ഗ ക്ഷേമ പരിപാടിയുടെ ഭാഗമായി സഹകരണസംഘങ്ങൾ രൂപീകരിച്ചും കോളനി ഭൂമിയിൽ കപ്പകൃഷി നടത്തിയും കരിങ്കൽ ക്വാറി തുറന്നും മറ്റുമുള്ള പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി ആരംഭിച്ചെങ്കിലും ഇവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഉദ്യോഗസ്ഥമേധാവികളുടെ നിയന്ത്രണത്തിൽ മാത്രം നടത്തപ്പെട്ട ഈ പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളായ ഗിരിവർഗ്ഗ വിഭാഗത്തെ അകറ്റിനിർത്തിയതാണ് ഇതിന് കാരണം.

സാമൂഹ്യമായ പിന്നോക്കസ്ഥിതി ഇനിയും അവശേഷിക്കുന്നു. വീടില്ലാത്തവരും റേഷൻ കാർഡു പോലും ലഭിക്കാത്തവരും, ചൂഷണത്തിന് വിധേയരാകുന്നവരും ഇപ്പോഴുമുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം തുലോം മോശമാണ്. തുല്യ ജോലിക്ക് തുല്യവേതനം എന്നത് ഇവർക്ക് സങ്കൽപ്പം മാത്രമാണ്. തനതു ഭാഷയും കലകളും, ആചാരക്രമങ്ങളും, ഉച്ചാൽ, തുലാപ്പത്ത് തുടങ്ങിയ ആഘോഷങ്ങളും കൈമോശം വന്നിരിക്കുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു. ഇതിന്റെ ഫലമായി രോഗചികിത്സയും ആരോഗ്യപരിപാലനവും വേണ്ട വിധത്തിൽ നടക്കുന്നില്ല. സിംക്കിൾ സെൽ അനീമിയ, ത്വക്ക് രോഗങ്ങൾ,ക്ഷയം തുടങ്ങിയ മാരകരോഗങ്ങൾ ഈ വിഭാഗത്തിന്റെ ഇടയിൽ നിന്ന് വിട്ടുമാറുന്നില്ല. സ്ത്രീകൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത ലൈംഗിക ചൂഷണത്തിനും അവഗണനയ്ക്കും വിധേയരാകുന്നു.

റോഡുകൾ, വൈദ്യുതി, ശുദ്ധജലം തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഭൂരിപക്ഷം കോളനികളിലും എത്തിയിട്ടില്ല. അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങൾ ഈ വിഭാഗത്തിലെ സ്വാധീനവും സാമർത്ഥ്യവുമുള്ള വ്യക്തികൾ കൈക്കലാക്കുന്ന അനുഭവം ഉണ്ട്.

1991 ലെ കാനേഷ്മാരി കണക്കനുസരിച്ച് അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മൊത്തം ജനസംഖ്യ 4562ഉം, പട്ടിക ജാതി വിഭാഗത്തിന്റെ 835ഉം, ആണ്. ഇത് ജനസം

പട്ടിക 2

| | | ജനസംഖ്യ | | | 0–6വയസ്സ് വരെ | | | പട്ടികജാതി | | | പട്ടികവർഗം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ സാക്ഷരർ |
| 892 | 8412 | 15785 | 15266 | 31051 | 2078 | 2105 | 4183 | 442 | 393 | 835 | 2 250 | 2312 | 4562 | 73.2% |

ഖ്യയുടെ 17 ശതമാനം വരും. ഇത് സംബന്ധമായ തരംതിരിച്ച കണക്കുകൾ പട്ടിക 11ൽ കൊടുക്കുന്നുണ്ട്.

പട്ടികവർഗ്ഗങ്ങൾ പഞ്ചായത്തിൽ 12 വാർഡുകളിലായി 66 ചെറുഗ്രൂപ്പുകളായും, ചീങ്ങേരി ഗിരിവർഗ്ഗ കോളനിയിലും വസിക്കുന്നുണ്ട്. ഇവർ മൊത്തം ജനസംഖ്യയുടെ 14.5% ആണ്. 6 കോളനികളിലും കൂടി 50ൽ താഴെ കുടുംബങ്ങളാണ് ഉള്ളത്. ശേഷിച്ചവർ ഒറ്റപ്പെട്ട കുടുംബജീവിതം നയിക്കുന്നു. പ്രത്യേകപരിഗണനയും ആനുകൂല്യങ്ങളും അർഹിക്കുന്ന ഇവർക്ക് അർഹതപ്പെട്ട സഹായം എത്തിക്കേണ്ടതാണ്. സാനിറ്റേഷൻ സൗകര്യങ്ങളോടു കൂടിയ വീടുകൾ, ഗതാഗതസൗകര്യങ്ങൾ, വൈദ്യുതി എന്നീവിഷയങ്ങളിൽ ശ്രദ്ധചെലുത്തണം. വിവിധസ്കീമുകളിലായി ഓട്മേഞ്ഞ 354ഉം, കോൺക്രീറ്റ് മേൽക്കൂരയുള്ള 92ഉം, പുല്ല് മേഞ്ഞ 284 ഉം, ഷീറ്റ്മേഞ്ഞ 13ഉം വീടുകളുണ്ട്. ഇതിൽ സർക്കാർ സഹായത്തോടെ നിർമ്മിച്ചതാണ് 175 വീടുകൾ. പുല്ല് മേഞ്ഞ 50 വീടുകൾ വാസയോഗ്യമല്ലാത്തതാണ്. ഇതു സംബന്ധമായ വിവരങ്ങൾ പട്ടിക 3ൽ കൊടുക്കുന്നുണ്ട്.

**പ്രശ്നങ്ങളും സാധ്യതകളും**

1. ചീങ്ങേരി ട്രൈബൽ കോളനിയിലെ തോട്ട കൃഷി വിപുലീകരിച്ചാൽ കൂടുതൽ തൊഴിൽ സാഹചര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

2. കോളനി ഭൂമിയിലെ താമസക്കാർക്ക് കൈവശഭൂമിക്ക് പട്ടയം നൽകിയാൽ ആ മേഖലയിൽ തൊഴിലും ഉൽപാദനവും വർദ്ധിപ്പിച്ച്, ദേശിയ സമ്പത്തിന് മുതൽകൂട്ടാനാകും.

3. ഭവനരഹിതരായവരെ കുടിയിരുത്താൻ ട്രൈബൽ ഡിപ്പാർട്ടുമെന്റ് സ്കീം തയ്യാറാക്കിയാൽ കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ട് ഭവനരഹിതരായി കഴിയുന്ന ആദിവാസി കുടുംബങ്ങളെ കുടിയിരുത്താനാവും.

4. ലക്ഷംവീട് 4 സെന്റ് കോളനികളിൽ വീടില്ലാത്തവർക്ക് വീടും, കൈവശഭൂമിയുടെ ഉടമാവകാശ രേഖയും, കൊടുത്താൽ പട്ടികജാതി വിഭാഗക്കാരടക്കം, സാമൂഹികമായി പിന്നോക്കക്കാരായവർക്ക് ആശ്വാസം ലഭിക്കും.

5. അമ്പലക്കുന്ന്, പാംബ്ല, വരിപ്ര എന്നീ ഗിരിവർഗ്ഗകുടുംബങ്ങൾ താമസിക്കുന്ന കേന്ദ്രങ്ങളിൽ പ്രൈമറി വിദ്യാലയം സ്ഥാപിച്ചാൽ, സ്കൂൾ സൗകര്യങ്ങളില്ലാത്തത് കാരണം, വിദ്യാഭ്യാസം ലഭിക്കാത്ത ആദിവാസിക്കുട്ടികളുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്താനാവും.

6. എല്ലാ പട്ടികജാതി, പട്ടികവർഗ്ഗസെറ്റിൽമെന്റിനോടും, അനുബന്ധിച്ച് വനിതാ സംഘടനകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ വയോജനവിദ്യാഭ്യാസം, ദൃശ്യശ്രാവ്യ മാധ്യമങ്ങൾ പ്രീപ്രൈമറി പഠനസൗകര്യം, തുടങ്ങിയവ ഏർപ്പെടുത്തിയാൽ, സാമൂഹികപുനരുദ്ധാരണം ഉറപ്പുവരുത്താം.

**പട്ടികവർഗ്ഗങ്ങളുടെ വിവരങ്ങൾ**

| വിഭാഗം | ആകെ കുടുംബം | ഓട് | പുല്ല് | കോൺക്രീറ്റ് | ഷീറ്റ് | ഭവനരഹിതർ |
|---|---|---|---|---|---|---|
| കുറുമർ | 242 | 118 | 116 | 8 | | |
| പണിയർ | 372 | 178 | 96 | 17 | 25 | 48 |
| ഊരാളികുറുമര് | 113 | 28 | 41 | 36 | 9 | 9 |
| കാട്ടുനായ്ക്കർ | 89 | 16 | 31 | 27 | 13 | 2 |
| കുറിച്ച്യർ | 11 | 5 | | 4 | | |
| ആകെ | 827 | 354 | 284 | 92 | 38 | 59 |

7. ആരോഗ്യവകുപ്പിന്റെയും സാമൂഹ്യപ്രവർത്തകരുടെയും സംയുക്തസംരംഭം എന്ന നിലയിൽ ലക്ഷംവീടുകൾ ട്രൈബൽ സെറ്റിൽമെന്റുകൾ എന്നിവ ചിട്ടയായും, ആവശ്യമായ സജ്ജീകരണങ്ങളോടുകൂടി രോഗപരിശോധനയും ചികിത്സയും നടത്തിയാൽ ഈ വിഭാഗങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ കഴിയും.

8. പഞ്ചായത്തിൽ കലാവാസനയുള്ളവരും വിദ്യാസമ്പന്നരുമായ ഗിരിവർഗ്ഗ കുടുംബങ്ങളെ സംഘടിപ്പിച്ച് ജനപ്രതിനിധികൾ, സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തകർ, തുടങ്ങിയവരുടെ നേതൃത്വത്തിൽ, ഒരു സാംസ്കാരികസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയാണെങ്കിൽ, കാലഹരണപ്പെട്ടുപോയ ആദിവാസി കലാരൂപങ്ങൾ, ഭാഷ, സംസ്ക്കാരം, ഇത്യാദികാര്യങ്ങൾ പരിപോഷിപ്പിച്ച് ഈ വിഭാഗത്തിന്റെ തനിമകളേയും കഴിവുകളേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9. സന്നദ്ധ സംഘടനകൾ, യുവജന മഹിളാ പ്രസ്ഥാനങ്ങൾ, സാംസ്കാരിക പ്രവർത്തകർ എന്നിവർ മുൻകൈയെടുത്ത് സമഗ്രമായ ബോധവൽക്കരണ പദ്ധതി ആവിഷ്ക്കരിച്ച്, സെമിനാറുകൾ കലാപരിപാടികൾ, വിശിഷ്ട വ്യക്തികളുടെ സന്ദർശനങ്ങൾ, മുതലായവ സംഘടിപ്പിച്ചാൽ ആദിവാസികളടക്കം പിന്നോക്കം നില്ക്കുന്നവരുടെ മദ്യാസക്തി പോലുള്ള ദു:സ്വഭാവം ഇല്ലാതാക്കൻ കഴിയും

10. എല്ലാ കോളനികളോടും ചേർന്ന് ജലലഭ്യതയുള്ള പൊതു കക്കൂസുകളും വീടുകൾക്ക് അനുബന്ധമായി വിസർജ്ജന സംവിധാനങ്ങളും ഉണ്ടാക്കിയാൽ, ശുചിത്വബോധം വർദ്ധിപ്പിക്കുവാനും മലിനീകരണം തടയുവാനും ആരോഗ്യം മെച്ചപ്പെടുത്തുവാനും കഴിയും

11. പട്ടികജാതി കുടുംബങ്ങൾക്ക് സമയബന്ധിതമായി വീടുകൾ നിർമ്മിച്ച് കൊടുക്കുകും അവരുടെ സാമൂഹ്യ ഉന്നമനത്തിന് ആവശ്യമായ പ്രത്യേക പരിപാടികൾ ഹൗസിംഗ് ബോർഡ്, ബാങ്കുകൾ, പട്ടികജാതി വികസന വകുപ്പ്, എന്നീ ഏജൻസികളുടെ സഹായം സമാഹരിച്ച് നടപ്പാക്കാവുന്നതാണ്.

12. അമ്പലവയൽ പഞ്ചായത്തിൽ നടപ്പാക്കാൻ ആലോചനയിലുള്ള ഡി.പി.ഇ.പി. സ്കൂൾ നിർദ്ദിഷ്ട ചീങ്ങേരി അമ്പലക്കുന്നിൽ തന്നെ ആരംഭിക്കേണ്ടതാണ്

13. ചികിത്സാരംഗത്ത് ട്രൈബൽ മൊബൈൽ യൂണിറ്റ് പുനരാരംഭിക്കണം. ആദിവാസി കോളനികളിൽ കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.

14. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ഗിരിവർഗ്ഗ കോളനി റോഡുകൾ, ശുദ്ധജലവിതരണം, വൈദ്യുതി ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങളുടെ പട്ടിക പദ്ധതി നടപ്പാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.



5.12

# വിഭവസമാഹരണം

## ജനങ്ങൾ, സമ്പത്ത്-പൊതുഅവലോകനം

### കൃഷി:

കൃഷിയിലും അനുബന്ധ ജോലിയിലുമായി 72 ശതമാനത്തോളം കുടുംബങ്ങൾ ജീവിതം നയിക്കുന്നു. കാപ്പി, കുരുമുളക്, കവുങ്ങ്, തെങ്ങ്, റബ്ബർ തുടങ്ങിയ നാണ്യവിളകളും ഇഞ്ചി, ചേന, വാഴ, നെല്ല് എന്നിവയുമാണ് മുഖ്യ കൃഷിയിനങ്ങൾ. നാമമാത്രമായി തേയില കൃഷിയുമുണ്ട്.

കാപ്പിയുടെ വിലയിടിവും ഉൽപ്പാദന ചെലവിൽ വന്ന വൻ വർദ്ധനവും കോഫി ബോർഡിന്റെ തെറ്റായ നടപടികളും 1993വരെ കാപ്പിച്ചെടി വെട്ടി നശിപ്പിക്കുവാൻ പ്രേരിപ്പിച്ചതും, ദ്രുതവാട്ടം മൂലം കുരുമുളക് വള്ളിക്കുണ്ടായ വൻ നാശവും, ഇഞ്ചിയുടെ മഹാളിരോഗവും കാർഷികമേഖലയുടെ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്. ഉൽപാദനച്ചിലവ് വർദ്ധിക്കുന്നുണ്ടെങ്കിലും കാർഷികോൽപ്പന്നങ്ങൾക്ക് പൊതുവെ തൃപ്തികരമായ വില ലഭ്യമാണ്.

### മൃഗസംരക്ഷണം

ജില്ലയിലെ തന്നെ മുഖ്യ പാലുൽപാദന കേന്ദ്രമാണ് നമ്മുടെ പഞ്ചായത്ത്. നല്ലയിനം പശുക്കൾ ധാരാളം കണ്ടുവരുന്നു. ആട്, കോഴിവളർത്തൽ എന്നിവ വ്യാപകമായുണ്ടെങ്കിലും വ്യാണിജ്യാടിസ്ഥാനത്തിൽ ഇല്ലതന്നെ.

### തൊഴിൽമേഖല

പഞ്ചായത്തിലെ 2,3,4,5,11 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന കരിങ്കൽ ക്വാറികളിൽ 1200ൽ പരം പേർ പ്രത്യക്ഷജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. റീജണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷനിൽ 200ൽ പരം പേരും ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ 75ഓളം പേരും ജോലി ചെയ്യുന്നു. കുപ്പമുടി, മട്ടപ്പാറ, പോത്തുകെട്ടി, പായിക്കൊല്ലി നല്ലന്നൂർ മേഖലകളിലെ കാപ്പിത്തോട്ടങ്ങളിലും മറ്റുമായി 500ഓളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. കൂടാതെ കർഷക തൊഴിലാളികൾ, മോട്ടോർ എൻജിൻ തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ തുടങ്ങി ബൃഹത്തായ തൊഴിലാളി സമ്പത്ത് നമുക്കുണ്ട്. ആയിരത്തോളം പേർ വിവിധ വ്യാപാര സംരംഭങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 970 ഓളം പേർ ജോലി ചെയ്യുന്നു. 243 പേർ വിദേശ രാജ്യങ്ങളിലുമായി ജോലി ചെയ്തുവരുന്നുണ്ട്.

31,000 ഓളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയിൽ നിന്നും 36 കോടി രൂപയും മൃഗപരിപാലനത്തിലൂടെ 6 കോടിയും ശമ്പളയിനത്തിൽ 21/2കോടി രൂപയും വരുമാനമുണ്ടെന്ന് കണക്കാക്കാം. എന്നാൽ ഇതനുസരിച്ചുള്ള സാമ്പത്തിക വളർച്ച ദൃശ്യമല്ല.

കെട്ടിട നിർമ്മാണം, വിവാഹം, എന്നിവയിൽ

ചിലവഴിക്കുന്ന ആർഭാട ചെലവുകൾ, അശ്രദ്ധമായ ധനവിനിയോഗം എന്നിവയാണ് ഇതിന്റെ പ്രധാന കാരണം. കൂടാതെ രൂപയുടെ മൂല്യശോഷണം, പ്രധാന കൃഷികളുടെ രോഗബാധ, കാലാവസ്ഥയിൽ വരുന്ന വ്യതിയാനങ്ങൾ എന്നിവയ്ക്കും മുഖ്യപങ്കുണ്ട്. മേൽ പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ ഏതെല്ലാം രീതിയിൽ അധിക വിഭവങ്ങങ്ങൾ കണ്ടെത്താൻ കഴിയും എന്നുള്ളതാണ് നമ്മുടെ പ്രധാനവിഷയം.

**വിഭവം**

60.65 ച.കി.മി വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ ആവശ്യംവേണ്ട റോഡ് നിർമ്മാണം, സംരക്ഷണ പ്രവർത്തനങ്ങൾ, ജലവിതരണം ആരോഗ്യവിദ്യാഭ്യാസ ക്ഷേമപ്രവർത്തനങ്ങൾ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ഇന്നത്തെ വരവിനങ്ങൾ തീരെ അപര്യാപ്തമാണ്. ഇതുമൂലം വിവിധ മേഖലകളിലെ അടിയന്തിര ആവശ്യങ്ങൾ പോലും നടപ്പിലാക്കാൻ കഴിയാതെ പോവുന്നു. മൊത്തം ചിലവിന്റെ 40% ഭരണ ചിലവിനായും 12% പൊതുമരാമത്തുകൾക്കായും 0.6% വിദ്യാഭ്യാസത്തിനായും 0.4% പൊതുജനാരോഗ്യത്തിനായും തെരുവുവിളക്കുകൾക്കായി 1.4%വും കടം തിരിച്ചടവ് എന്ന ഇനത്തിൽ 12%വും മറ്റു ചിലവുകൾക്കായി 33.6%വും വിനിയോഗിച്ചുകാണുന്നു. (പട്ടിക 2 കാണുക)

ഗ്രാമവികസനബോഡിന്റെ വായ്പാപദ്ധതി പ്രകാരം പണിതീർത്ത ഷോപ്പിംഗ്സെന്ററിന്റെ വാടകകൊണ്ടു മാത്രം കടം തിരിച്ചടക്കുന്നതിന് തികയാത്ത അവസ്ഥയാണിന്നുള്ളത്. പരിമിതമായി മാത്രം ലഭിക്കുന്ന JRY, ഉപാധി രഹിതഫണ്ട് എന്നിവ പ്രധാനമായും വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നത്. സാങ്കേതികതടസങ്ങൾകൊണ്ടും ജനപങ്കാളിത്തകുറവുകൊണ്ടും പല പ്രവർത്തനങ്ങളും ഉദ്ദേശിക്കുന്ന നിലവാരത്തിലെത്താറില്ല.

1994ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമനിർമാണത്തിലൂടെ അധികാരവികേന്ദ്രീകരണ പ്രക്രി

ഭൂവിനിയോഗം (പട്ടിക 1)

| നമ്പർ | ഇനം | എണ്ണം | വിസ്തൃതി | വരുമാനം/ഏക്കർ | വില | തുക |
|---|---|---|---|---|---|---|
| 1 | കാപ്പികൃഷി | | 4101 | 250Kg | 50 | 5,12,62,500 |
| 2 | കുരുമുളക് | | 3075 | 500Kg | 75 | 11,53,12,500 |
| 3 | കവുങ്ങ് | | 1666 | 3000Kg | 25 | 12,49,50,000 |
| 4 | റബ്ബർ | | 1025 | 700Kg | 40 | 2,87,00,000 |
| 5 | ഇഞ്ചി | | 320 | 10000Kg | 5 | 1,60,00,00 |
| 6 | തെങ്ങ് | | 256 | 50000Kg | 3 | 48,40,000 |
| 7 | യൂക്കാലിപ്സ് | | 128 | | ഏക്കറിന്10000 | 19,20,000 |
| 8 | തേയില | | 65 | | ഏക്കറിന്5000 | 13,00,000 |
| 9 | കിഴങ്ങുവർഗ്ഗം | | 128 | | 5 | 6,40,000 |
| 10 | നെല്ല് | | 1537 | 1500Kg | 5 | 1,15,27,500 |
| 11 | വാഴ | | 385 | 600Kg | ഏക്കറിന്10000 | 1,15,50,000 |
| 12 | പച്ചകൃഷി | | 64.5 | | ഏക്കറിന്5000 | 9,67,500 |
| 13 | മറ്റ് കൃഷികൾ | | 65 | | | 3,25,000 |
| 14 | മൃഗപരിപാലനം | | | | | 5,99,65,000 |
| 15 | ഖനനം(പാറ) | | | | | 2,00,00,000 |
| 16 | ശമ്പളം NRI | 243 | | | | 87,48,000 |
| 17 | ശമ്പളം മറ്റ് | 970 | | | | 1,74,60,000 |
| 18 | മറ്റിനങ്ങൾ | | | | | 5,66,000 |
| | | | | | ആകെ | 47,50,34,000 |

ചെലവ് സംബന്ധിച്ച വിവരങ്ങൾ (പട്ടിക 2)

| ഇനം | തുക (രൂപ) |
|---|---|
| ഭരണം | 8,54,155.1 |
| പൊതുമരാമത്ത് | 2,62സ346.00 |
| വിദ്യാഭ്യാസം | 13,916.85 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 9,165.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 36,095.00 |
| മറ്റുള്ളവ | 8,45,741.70 |

നമ്മുടെ പഞ്ചായത്ത്

മൊത്തം വിസ്തീർണ്ണം :15,162.5 ഏക്കർ

കര : 12,199.5 ie) 80.45%

വയൽ : 2,9063.0 ie) 19.55%

യക്ക് ആക്കം കൂട്ടുന്നു എന്നത് ആശാവഹമാണ്. ചെലവിനങ്ങൾ ചിട്ടപ്പെടുത്തിയും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തിയും ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തിയും ഇന്നത്തെ അവസ്ഥക്ക് കാര്യമായ മാറ്റമുണ്ടാക്കാൻ കഴിയും.

**വരവിനങ്ങൾ** ,

പഞ്ചായത്തിന്റെ മുഖ്യവരുമാനമാർഗ്ഗം കെട്ടിട നികുതിയിൽനിന്നുമാണ്. തൊഴിൽനികുതി, വാടക, ലൈസൻസ് ഫീ, മണൽലേലം തുടങ്ങിയവയിൽനിന്നും കുറഞ്ഞതോതിൽ വരുമാനമുണ്ട്. ഇതെല്ലാം കൃത്യമായി പിരിച്ചെടുത്താൽ 22,30,000 രൂപ മാത്രമേ ലഭ്യമാവൂ. (പട്ടിക 4 കാണുക)

കഴിഞ്ഞ അഞ്ചു വർഷത്തെ വരവുകൾ പരിശോധിക്കുമ്പോൾ 1995–96ൽ മാത്രമാണ് ചെറിയ വർദ്ധനവ് രേഖപ്പെടുത്തുന്നത്. എന്നാൽ ചെലവിനങ്ങൾ വർഷാവർഷം വർദ്ധനവു കാണുന്നുണ്ട്. (പട്ടിക 3 കാണുക.)

1995 വരെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പ്രവർത്തനം നടത്താനുള്ള അധികാരം പഞ്ചായത്തിനില്ലാതിരുന്നിതിനാലും ഗ്രാന്റുകളുടെ ലഭ്യത വളരെ പരിമിതമായതിനാലും വിഭവസമാഹരണം സാധ്യമായിരുന്നില്ല. പഞ്ചായത്തിന്റെ നേരിട്ടുള്ള വരുമാനത്തിനു പുറമേ 1989മുതൽ JRY ഫണ്ടും ആവറേജ്(8 ലക്ഷം രൂപ) 1991 മുതൽ ഉപാധിരഹിത ഫണ്ടും (ആവറേജ് 3ലക്ഷം) വിനിയോഗിച്ച് കുറെയൊക്കെ നിർമ്മാണപ്രവർത്തനം നടത്തുവാൻ കഴിഞ്ഞെങ്കിലും പ്രവർത്തനരംഗത്തെ ഇടനില, ബഹുജന പങ്കാളിത്തമില്ലായ്മ രാഷ്ട്രീയ അതിപ്രസരം എന്നിവ മൂലം വേണ്ടത്ര വിജയത്തിലെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

സർക്കാർ ധനസഹായങ്ങൾക്കുപുറമെ നമുക്കു പ്രധാനമായും ആശ്രയിക്കാവുന്നത് പ്രകൃതി വിഭവങ്ങളും മനുഷ്യാദ്ധ്വാനങ്ങളുമാണ്. നിശ്ചിത പരിധി കഴിഞ്ഞുള്ള ഭൂമിക്ക് പ്രത്യേക നികുതി, ആഡംബര വസ്തുക്കളിന്മേൽ നികുതി, ചിട്ടികൾ, പ്രത്യുൽപാദനപരമായ നിർമാണ പ്രവർത്തനങ്ങൾ, പുറംപോക്കു ലീസിന് നൽകൽ എന്നിവയിലൂടെ പുതിയ സ്രോതസ്സുകൾ കണ്ടെത്തി അധിക വിഭവസമാഹരണം നടത്താവുന്നതാണ്. ആബുലൻസ് തുടങ്ങി പല മേഖലകളിൽ മുതൽമുടക്കണമെന്ന് ഗ്രാമസഭകളിൽനിന്നും പല നിർദ്ദേശങ്ങളും വന്നിരുന്നെങ്കിലും അവയെല്ലാം വരവിനേക്കാൾ ചെലവു കൂടുന്നവയായതിനാൽ അവയൊന്നും പ്രയോഗികമായി കാണുന്നില്ല.

പട്ടിക 3

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1991–92 | 1673157 | 1492235 |
| 1992–93 | 1647731 | 1361908 |
| 1993–94 | 1842532 | |
| 1994–95 | 1793841 | 1857587 |
| 1995–96 | 2108863 | 2021419 |

അവലംബം: ഗ്രാമപഞ്ചായത്ത് ഓഫീസ് രേഖ

വരവ് സംബന്ധിച്ച വിവരങ്ങൾ (പട്ടിക 4)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 4,07,124.70 | 2,99,061.20 | 1,08,063.50 |
| സർവ്വീസ് ചാർജ് | – | – | – |
| തൊഴിൽ നികുതി | 1,12,320.00 | 1,02,672.00 | 9,648.00 |
| വാഹന നികുതി | – | – | – |
| വിനോദനികുതി | 34,975.00 | 34,975,00 | Nil |
| അഡി.വിനോദ നികുതി | 20,985.00 | 20,985.00 | Nil |
| പ്രദർശന നികുതി | 1,290.00 | 1,290.00 | Nil |
| പ്രദർശനനികുതിമേലുള്ള സർചാർജ്ജ് | 322.50 | 322.50 | Nil |
| ചന്തവരവ് | – | – | – |
| ലാന്റ് സെസ്സ് | – | – | – |
| ലൈസൻസ് ഫീസ് | 7,773.25 | 7,773.25 | Nil |
| കെട്ടിട നികുതി സർച്ചാർജ്ജ്(എൽ.സി) | 18,025.90 | 14,033.45 | 3,992.45 |
| വസ്തു കൈമാറ്റ നികുതി 75% | 1,72,891.00 | 1,72,891.00 | Nil |
| വസ്തു കൈമാറ്റ നികുതി 25% | – | – | – |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവിവരങ്ങൾ | – | – | – |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റ് | – | – | – |
| മറ്റുള്ളവ | 14,54,860.10 | 14,54,860.10 | Nil |
| ആകെ | 22,30,567.40 | 21,08,863.50 | 1,21,703.95 |

അവലംബം; ഗ്രാമപഞ്ചായത്ത് ഓഫീസ് രേഖ

**പ്രധാനപ്രശ്നങ്ങൾ**

നികുതി ചുമത്തലും പിരിവും കാര്യക്ഷമമല്ല.

വികസനത്തിലെ പിന്നോക്കാവസ്ഥ, ഗ്രാന്റുകൾ അനുവദിക്കുന്നതിൽ പരിഗണിക്കുന്നില്ല.

വിഭവങ്ങൾ ശാസ്ത്രീയമായി വിനിയോഗിക്കുന്നില്ല.

ചൂഷണം ചെയ്യപ്പെടുന്ന മുഖ്യ പ്രകൃതിവിഭവങ്ങളിൽനിന്ന് പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല.

പൊതുമുതൽ സംരക്ഷിക്കുന്നതിനുള്ള ജനങ്ങളുടെ ഉത്തരവാദിത്ത്വകുറവ്.

**സാധ്യതകൾ**

നിർമാണ രംഗത്തെ അമിത മുതൽമുടക്കും ആർഭാടച്ചിലവുകളും പരിമിതപ്പെടുത്തുക.

കരിങ്കൽ, മണൽ എന്നിവക്ക് റോയൽട്ടി ചുമത്തി പഞ്ചായത്തിന് ലഭ്യമാക്കുകയും കോറി പെർമിറ്റിന് പഞ്ചായത്തിന്റെ N.O.C നിർബന്ധമാക്കുകയും ചെയ്ത് വരുമാനം വർദ്ധിപ്പിക്കാം.

മൂപ്പെത്താത്ത മരങ്ങൾ കൂട്ടമായി മുറിച്ച് നീക്കുന്നത് നിയമംമൂലം തടയുകയും പൊതുസ്ഥലങ്ങളിലും പുറംപോക്കുകളിലും വൃക്ഷങ്ങൾ നട്ടുവളർത്തുകയും ചെയ്യുക. ഇതിന് ലീസ് സമ്പ്രദായം പരീക്ഷിക്കാവുന്നതാണ്. കെട്ടിടനിർമ്മാണ ചട്ടം നട

പഞ്ചായത്ത് വക സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ (പട്ടിക 5)

| വകവിവരം | വില്ലേജ് | വിസ്തീർണ്ണം | മതിപ്പുവില(രൂപ) |
|---|---|---|---|
| RDB ഷോപ്പിംഗ് സെന്റർ | അമ്പലവയൽ | 9 സെന്റ് | 40,00,000 |
| CES കോമ്പൗണ്ട് | അമ്പലവയൽ | 4 സെന്റ് | 4,00,000 |
| കമ്യൂണിറ്റി ഹാൾ | അമ്പലവയൽ | 68 സെന്റ് | 55,00,000 |
| ബസ് വെയ്റ്റിംഗ് ഷെഡ് | അമ്പലവയൽ | 2 സെന്റ് | 2,00,000 |
| T.B ഗ്രൗണ്ട് | അമ്പലവയൽ | 141 സെന്റ് | 1,00,00,000 |
| ഗവ.ആശുപത്രിക്ക് സമീപം | അമ്പലവയൽ | 50 സെന്റ് | 10,00,000 |
| KAUൽ നിന്നും കൈമാറി കിട്ടിയത് | അമ്പലവയൽ | 37 സെന്റ് | 3,70,000 |
| പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | അമ്പലവയൽ | 101സെന്റ് | 75,00,000 |
| K.A.Uൽ നിന്നും കൈമാറി കിട്ടിയ നിലം | അമ്പലവയൽ | 25 സെന്റ് | 25,00,000 |
| മാർക്കറ്റ് ഗ്രൗണ്ട് | തോമാട്ടുചാൽ | 1 ഏക്കർ | 50,00,000 |
| കാറ്റിൽ പൗണ്ട് | അമ്പലവയൽ | 50 സെന്റ് | 25,00,000 |
| റിക്രിയേഷൻ സെന്റർ | തോമാട്ടുചാൽ | 5 സെന്റ് | 5,00,000 |
| ആകെ | | 5.8. ഏക്കർ | 3,94,70,000 |

അവലംബം: ഗ്രാമപഞ്ചായത്ത് ഓഫീസ് രേഖ

പ്പിൽ വരുത്തി വീടുകൾക്ക് നിർമ്മാണചെലവിന്റെ അടിസ്ഥാനത്തിലും വാടകകെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിലും നികുതി ചുമത്തി കെട്ടിട നികുതി നിശ്ചയിക്കുന്നതിലെ അപാകതകൾ പരിഹരിക്കുക.

വിവിധ മേഖലകളിലെ നികുതി ചുമത്തലും പിരിവും കാര്യക്ഷമമാക്കുക. അടിസ്ഥാന ഭൂനികുതി സ്റ്റാമ്പു ഡ്യൂട്ടി എന്നിവ ജില്ലാ തലത്തിൽതന്നെ ലഭ്യമാക്കുക.

തങ്ങൾ കൊടുക്കുന്ന നികുതി പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നതെന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കേണ്ടതുണ്ട്. അതിന്റെ ആദ്യപടിയായി എല്ലാവിധ പഞ്ചായത്ത് നികുതികളേയും പഞ്ചായത്ത് വികസനഫണ്ട് എന്ന പൊതുപേരിലേക്കുമാറ്റി ഏകമുഖമാക്കേണ്ടതാണ്."

ഗ്രാന്റുകൾ അനുവദിക്കുമ്പോൾ വികസനത്തിലെ പിന്നോക്കാവസ്ഥകൂടി പ്രത്യേകം പരിഗണിക്കുക.

പഞ്ചായത്ത് നിശ്ചയിക്കുന്ന കേന്ദ്രങ്ങളിൽ കടമുറികളും ഹൗസിംഗ് കോളനികളും നിർമ്മിക്കുക. ഇതിനായി ഡെപ്പോസിറ്റും നിശ്ചിത കാലത്തെ വാടകയും അഡ്വാൻസായി ഈടാക്കി ഫണ്ടു സ്വരൂപിക്കാവുന്നകതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളിൽ നിന്നും ചെലവിന്റെ ഒരു നിശ്ചിത ശതമാനം അദ്ധ്വാനരൂപത്തിലോ ധനരൂപത്തിലോ സമാഹരിക്കാവുന്നതാണ്.

ഇതിലേയ്ക്ക് മേഖലാതലത്തിൽ തൊഴിൽസേന" രൂപീകരിക്കുക.

സ്വയം തൊഴിൽ, കുടിൽവ്യവസായം, പരമ്പരാഗതവ്യവസായം എന്നിവയ്ക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നുമുള്ള വായ്പ ലഭിക്കുന്നതിനുമുള്ള നടപടിക്രമം ലഘൂകരിക്കുക. മത്സ്യ- മാംസ മാർക്കറ്റ്, അറവുശാല എന്നിവ സ്ഥാപിച്ചും അറവുകാലികൾക്ക് നിശ്ചിത തുക പഞ്ചായത്ത് നികുതിയായി നിശ്ചയിച്ചും സാമ്പത്തിക സമാഹരണം നടത്താം. വളർത്തുപട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തുക.

പഞ്ചായത്ത് നേരിട്ട് ചിട്ടി നടത്തുക

ഹോട്ടൽ, സത്രം, വണ്ടിപ്പേട്ട, ബസ്റ്റാന്റ് എന്നിവ നിർമ്മിക്കുക

കേബിൾ ടി.വിക്ക് നികുതി ചുമത്തുക

എക്സിബിഷനുകൾ സംഘടിപ്പിക്കുക

കോളനി കോംപ്ലക്സ് അടക്കമുള്ള റവന്യൂ പുറംമ്പോക്കുകൾ പഞ്ചായത്ത് ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കന്നുകാലികൾ, കോഴി, മത്സ്യം, എന്നിവ വാണിജ്യ അടിസ്ഥാനത്തിൽ വളർത്തുവാൻ വേണ്ട സഹായം ചെയ്യുക.

ക്വാറിമേഖല, നിർമ്മാണ തൊഴിൽ മേഖലകളിൽ തൊഴിൽനികുതി ചുമത്തുക. തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം നടപ്പിലാക്കുക.

ഹൈസ്കൂൾ തലംവരെയുള്ള വിദ്യാർത്ഥികൾക്കായി ഉന്നതവിദ്യാഭ്യാസനിധി രൂപീകരിക്കുക. വിവിധ മേഖലകളിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിനുള്ള ബോധവല്ക്കരണവും പ്രോത്സാഹനവും നല്കുക.

പച്ചക്കറി മുതലായ നിത്യോപയോഗ സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. പച്ചക്കറി കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിച്ച് ലാഭകരമായി വിപണനം നടത്താവുന്നതാണ്. ഇതിലേക്കായി ഗ്രൂപ്പ് ഫാമിങ്ങ് രീതിയിൽ പച്ചക്കറി ഉല്പാദന തിന് അടുക്കള തോട്ടനിർമ്മാണ പ്രോത്സാഹനത്തിനുമായി ഒരു കർമ്മ സമിതി രൂപീകരിക്കുക. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള തൽപരരായ ആളുകൾക്ക് ആട്ടിൻകുട്ടിയെ വിതരണം ചെയ്യുകയും അവ വളർന്ന് പ്രജനനം നടത്തുമ്പോൾ പെൺകുഞ്ഞിനെ തിരിച്ചുനൽകുക. ഇത്തരം ചടങ്ങുകൾ ആഘോഷപരമാക്കുക.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ദുരിതസഹായനിധി" രൂപീകരിക്കുക. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ചടങ്ങുകൾ സംഘടിപ്പിക്കുക. ഈ നിധിയിൽ നിന്ന് അർഹരായവർക്ക് സഹായം കൊടുക്കാൻ നൽകും. ഉദാഹരണം വീട് വീണുപോയവർക്ക് തുടങ്ങി.

"ഒരു കാര്യം
ഞാൻ വ്യക്തമാക്കുന്നു.
മനുഷ്യനാണ്
പരമമായ മാനദണ്ഡം"
-ഗാന്ധിജി



5.13

# ടൂറിസം

വിവിധസംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ് വയനാട്. സഹസ്രാബ്ദങ്ങൾക്കപ്പുറം ജീവിച്ചിരുന്ന ഒരു ജനതയുടെ കലാസാംസ്കാരിക പാരമ്പര്യാവശിഷ്ടങ്ങൾ കൊണ്ട് ധന്യമാണ് അമ്പലവയൽ. സമുദ്രനിരപ്പിൽനിന്ന് 800 മീറ്ററോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഗ്രാമം മിതശീതോഷ്ണകാലാവസ്ഥയാൽ അനുഗ്രഹീതമാണ്. ഊട്ടിയേക്കാൾ സുഖദായകമായ പ്രകൃതിയാണ് ഇവിടെ. ഉന്നതങ്ങളായ പാറമലക്കൂട്ടങ്ങൾക്കിടയിലെ ഈ സമതലഭൂമി നിത്യഹരിതമാണ്.

700ലധികം റോസാപുഷ്പങ്ങളുടെ വർണ്ണഭംഗിയും, സൗരഭ്യവും, ഫലവൃക്ഷകൂട്ടങ്ങളുടെ സാന്നിധ്യവും കൊണ്ട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയലിനെ തിലകക്കുറി ചാർത്തുന്നു ഇതിനകം തന്നെ ആഗോളപ്രശസ്തിയാർജ്ജിച്ചിട്ടുള്ള എടക്കൽഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലനിരകളുടെ മടിത്തട്ടിലാണ് ഈ ഗ്രാമം സ്ഥതിചെയ്യുന്നത്. യുഗങ്ങളുടെ പഴക്കമുള്ള ക്ഷേത്രാവശിഷ്ടങ്ങൾ, ശിലാചിത്രങ്ങൾ, മുനിഅറകൾ, പുലിസങ്കേതങ്ങൾ തുടങ്ങി മൺമറഞ്ഞ നിരവധി ചരിത്രാവശിഷ്ടങ്ങൾ ഇവിടെയുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതി പൂർത്തീകരണത്തോടെ ഒരു വൻജലാശയത്തിന്റെ സൗകര്യങ്ങളും തീരഭംഗിയും പ്രതീക്ഷിക്കാം.

അടുത്ത നാൾ ഉദ്ഘാടനം ചെയ്യപ്പെട്ട വയനാട് ഹെറിറ്റേജ് മ്യൂസിയം സന്ദർശകരുടെ ആകർഷണ കേന്ദ്രമായി മാറിക്കഴിഞ്ഞു. ഗവേഷകരുടെയും ചരിത്ര അന്വേഷകരുടയും മാതൃകാ പഠന ഗവേഷണകേന്ദ്രമായി ഇത് പരിലസിക്കും.

ഇത്രയധികം പ്രകൃതിദത്തമായ വിഭവങ്ങൾ ഏറെയുണ്ടായിട്ടും, അമ്പലവയൽ ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ഇനിയും ഉണ്ടാകേണ്ടതുണ്ട്. മഴയുടെ ലഭ്യതയിൽ ഒരു കാലത്ത് ചിറാപുഞ്ചിക്കടുത്ത് സ്ഥാനം അവകാശപ്പെട്ടിരുന്ന ഇവിടെ ഇന്നുള്ള ജലലഭ്യത പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. സംസ്ഥാനന്തര ഗതാഗതമാർഗ്ഗങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന പ്രദേശമാകയാൽ, ദീർഘദൂര ബസ്സുകൾ അമ്പലവയൽ സ്പർശിക്കാറില്ല. ഇടത്തരവും ചെറുകിടവുമായ കർഷകരും ആദിമവാസികളുമായവരാണ് തദ്ദേശീയർ എന്നതുകാരണം പിന്നിട്ട പദ്ധതി കാലങ്ങളിൽ അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. വില്ലേജുകൾ, പഞ്ചായത്തുകൾ തുടങ്ങിയ പ്രാദേശിക ഭരണസംവിധാനങ്ങൾ കേവലം സർക്കാർ നടപടികളുടെ പരിധിയിൽ ഒതുങ്ങി. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനങ്ങളുടെ സൗകര്യങ്ങളും വികസനപ്രവർത്തനങ്ങളുടെ വീക്ഷണവും ഒന്നും ഇക്കാര്യത്തിൽ പരിഗണിച്ചില്ല. മൺമറഞ്ഞുകിടന്നിരുന്നതും വികൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ അമൂല്യ ചരിത്രാവശിഷ്ടങ്ങൾ തേടി എത്തിക്കൊണ്ടിരിക്കുന്ന വിദേശികൾ അടക്കമുള്ള ഗവേഷകരുടെയും സാംസ്കാരികനായകരുടെയും ആഗ്രഹാഭിലാഷങ്ങൾ പരിഗ

ണിക്കപ്പെട്ടിട്ടില്ല. വനാന്തരങ്ങളിലും മലമടക്കുകളിലെ പുഴകളുടെ ആഴങ്ങളിലുമായി ആണ്ടുകിടന്നിരുന്ന ചരിത്രാവശിഷ്ടങ്ങൾ പതിറ്റാണ്ടുകളുടെ കഠിനാദ്ധ്വാനത്തിലൂടെ ശേഖരിക്കപ്പെട്ടിട്ടുണ്ട്. ഈ അമൂല്യനിധി സൂക്ഷിക്കാൻ ഒരു ആലയം വേണമെന്ന ചരിത്രാന്വേഷകരുടെ നിർദ്ദേശം ചെവികൊള്ളാനാളില്ലാതെ പോയി.

1988ൽ അന്നത്തെ ജില്ലാ കലക്ടറായിരുന്ന ശ്രീ. രവീന്ദ്രൻ തമ്പിയാണ് ഈ ആഗ്രഹത്തിനു മുമ്പിൽ കണ്ണുതുറന്നത്. തെന്നിന്ത്യയിലെ തന്നെ ജില്ലാ തലത്തിലുള്ള പ്രഥമസംരംഭമെന്ന നിലയിൽ വയനാട് ഹെറിറ്റേജ് മ്യൂസിയത്തിന് തുടക്കം കുറിച്ചു. 1988 സെപ്റ്റംബറിൽ അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. ടി. കെ രാമകൃഷ്ണൻ മ്യൂസിയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. എന്നാൽ ദീർഘമായ എട്ടു വർഷക്കാലം നിർമ്മാണം പൂർത്തിയാക്കാൻ കാത്തിരിക്കേണ്ടിവന്നു. സർക്കാരും പുരാവസ്തുസംരക്ഷണവകുപ്പും ബാദ്ധ്യത ഏറ്റെടുക്കാൻ തയ്യാറായില്ല. അമ്പലവയൽ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും ശുഷ്കമായ വികസനഫണ്ടും, എം. പി. മാരുടെ വിഹിതങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹായവും കൊണ്ട് 15.9.1996-ൽ മ്യൂസിയം ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചരിത്രമുറങ്ങുന്ന് എടക്കൽ ഗുഹ, മ്യൂസിയം, കാർഷികഗവേഷണകേന്ദ്രം, എന്നിവ കാണാൻ ധാരാളം സന്ദർശകർ വന്നുകൊണ്ടിരിക്കുന്നു. ഇവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗ കര്യം പോലും മ്യൂസിയം പരിസരത്തുണ്ടാക്കിയിട്ടില്ല. സന്ദർശകർക്ക് സഹായവും നിർദ്ദേശങ്ങളും നൽകാൻ പര്യാപ്തമായവയൊന്നും ഏർപ്പെടുത്തപ്പെട്ടിട്ടില്ല. ഈ വക പോരായ്മകൾ പരിഗണിച്ച് മ്യൂസിയത്തിന്റെ പുരോഗതിക്കുവേണ്ടി ചില നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അടുത്ത ദിവസങ്ങളിലെ വാഗ്ദാനം ആശ്വാസമേകുന്നതാകുന്നു. ജനങ്ങളുടെ ജാഗ്രതയും സംഘടിത പ്രവർത്തനവും മുന്നിട്ടുനിന്നാലെ നമ്മുടെ ഗ്രാമത്തിന്റെ പുരോഗതി കൈവരിക്കാനാകൂ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

ടൂറിസം ഒരു വ്യവസായമായി രാഷ്ടങ്ങൾ അംഗീകരിച്ചുകഴിഞ്ഞു. ചില രാജ്യങ്ങളുടെ മുഖ്യവരുമാനം തന്നെ ടൂറിസത്തിൽനിന്നാണ്. നല്ല ടൂറിസ്റ്റ് സാധ്യതയുള്ള ഒരു പഞ്ചായത്താണ് ഇത്. വിനോദസഞ്ചാരികൾക്കുള്ള വിഭവങ്ങൾ പ്രകൃതിയുടെ വരദാനം എന്ന നിലയിൽ നമുക്ക് കൈമുതലായുണ്ട്. കാരാപ്പുഴ പദ്ധതിയുടെ പൂർത്തീകരണത്തോടെ ജലയാത്ര, നീന്തൽമത്സരം, ഫിഷിംഗ്, ബോട്ട് റൈസിംഗ് തുടങ്ങി പല വിനോദകായിക പരിപാടികൾക്കും പുത്തനവസരം ലഭിക്കും. സാംസ്കാരിക മ്യൂസിയം ചരിത്രഗവേഷകർക്കുള്ള പഠന പരിശീലന കേന്ദ്രമെന്ന നിലയിൽ അനുഗ്രഹീതമാകും. കാർഷിക ഗവേഷണകേന്ദ്രം ഹൃദയഹാരിയായ കാഴ്ചകൾ സമ്മാനിക്കുന്നതിലുപരി ശാസ്ത്രീയ കൃഷിയുടെ പരിശീലന വേദിയാകും. സർവ്വദേശീയ സാംസ്കാരിക സംഘടനകളുടെ സഹായം കൂടി ആർജ്ജിച്ചാൽ ``റോപ്പ്വേ'' പോലെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കി സാഹസികയാത്രികർക്ക് നല്ല മേഖല കണ്ടെത്താനാവും. മലമുകളിൽ ദൂരദർശിനി അടക്കം വ്യൂ പോയന്റ്, മ്യൂസിയം കോമ്പസിൽ പാർക്ക്, റഫറൻസ് ഗ്രന്ഥങ്ങൾ അടക്കമുള്ള ഗ്രന്ഥശാല തുടങ്ങിയവ സന്ദർശകരെ ആകർഷിക്കാനുള്ള ഉപാധികളാണ്. തികച്ചും ആസൂത്രിതമായി കേന്ദ്ര സംസ്ഥാന സർക്കാറുകളുടെയും പുരാവസ്തു ഗവേഷണവകുപ്പ് വിനോദസഞ്ചാര വകുപ്പ് എന്നിവയുടെയും പൂർണ്ണമായ സഹകരണത്തോടെ പരിശ്രമിച്ചാൽ അമ്പലവയലിനെ തെന്നിന്ത്യയിലെ തന്നെ ഒരു പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്നത് നിസ്തർക്കമാണ്.

**പ്രശ്നങ്ങൾ**

1. ഭൂമിശാസ്ത്രപരമായും പ്രകൃതിദത്തമായ ഘടകങ്ങളുടെ അടിസ്ഥാനത്തിലും ഒരേ ഭരണസംവിധാനത്തിൻ കീഴിലായിരിക്കേണ്ട പ്രദേശങ്ങളെ ശാസ്ത്രീയമായി പുനസംഘടിപ്പിക്കാത്തതു കാരണം വികസനപ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പാക്കാൻ തടസ്സങ്ങളുണ്ടാവുന്നു.

2. പ്രകൃതിവിഭവങ്ങളേയും സാധ്യതകളെയും സംയോജിപ്പിച്ച് സാമൂഹ്യ വളർച്ചയ്ക്ക് ഉപയുക്തമാക്കാനുള്ള ബാദ്ധ്യത നിറവേറ്റപ്പെടുന്നില്ല.

3. അമ്പലവയലിൽ ഉണ്ടായിരുന്ന P. W. D. റസ്റ്റ്ഹൗസ് പോലെയുള്ള സംവിധാനങ്ങൾ നഷ്ടപ്പെട്ടത് വികസനത്തിനേറ്റ തിരിച്ചടിയാണ്.

4. സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങളിൽ നിലനില്ക്കുന്ന മാന്ദ്യവും വിമുഖയും.

5. ഗതാഗതം വാർത്താവിനിമയം തുടങ്ങിയവയിലെ അപര്യാപ്തത

6. പരിസ്ഥിതി പ്രശ്നങ്ങളിലും പൊതുസ്വത്തിന്റെ സംരക്ഷണത്തിലും ജനങ്ങൾക്കുള്ള ജാഗ്രതയില്ലായ്മ

7. ജനമുന്നേറ്റപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലെ അപാകതകൾ

8. ടൂറിസത്തിന്റെ നല്ല വശങ്ങളും അനിവാര്യതയും സംബന്ധിച്ച വിജ്ഞാനത്തിന്റെ പരിമിതി.

**സാധ്യതകൾ**

1. അമ്പലവയൽ വില്ലേജിന്റെ കിഴക്കേ അതിർത്തി പ്രകൃതിദത്തമായ അമ്പുകുത്തിമലനിരയും, ആനപ്പാറ തോടുമായി പുനനിർണയം ചെയ്താൽ ജനങ്ങളുടെ സൗകര്യ നിർവ്വഹണത്തിലും വികസനപ്രവർത്തന നടത്തിപ്പിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വിഷമതകൾ പരിഹരിക്കപ്പെടും.

2. പ്രകൃതിദത്തമായി നിലവിലുള്ള പാറമലകളും നീരുവറകളും സസ്യസമ്പത്തും സംരക്ഷിക്കാനുള്ള സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയാൽ അമ്പലവയലിന്റെ പ്രകൃതിസൗന്ദര്യവും തനിമയും നിലനിർത്താനാവും.

3. അതിപുരാതനശിലാലിഖിതങ്ങൾ, ക്ഷേത്രാവശിഷ്ടങ്ങൾ, മുനിയറകൾ, ഗുഹകൾ തുടങ്ങിയവയുടെ സർവ്വേ നടത്തി സംരക്ഷിക്കാൻ സംവിധാനം ഉണ്ടാക്കിയാൽ ഇവ ചരിത്രഗവേഷണത്തിനുള്ള മാധ്യമങ്ങളായി മാറും.

4. അമ്പലവയലിനെ സംസ്ഥാനത്തിന്റെ പ്രമുഖകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ദീർഘദൂരബസ് സർവീസുകൾ തുടങ്ങിയാൽ സന്ദർശകർ ഇന്നനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കാനാകും.

5. മൈസൂർ കോഴിക്കോട് റോഡിൽ കൊളഗപ്പാറ, ഊട്ടി-കോഴിക്കോട് റോഡിൽ വടുവൻചാൽ എന്നിവിടങ്ങളിൽ ദീർഘദൂര ബസ്സുകൾക്ക് ഫെയർ സ്റ്റേജുകളും വിശ്രമസൗകര്യങ്ങളും ഉണ്ടാക്കിയാൽ വിനോദയാത്രികർക്കു സഹായകമാവും.

6. എടക്കൽ ഗുഹ, ഹെറിറ്റേജ് മൂസിയം, കാരാപ്പുഴ ജലസംഭരണി എന്നിവയെ സംയോജിപ്പിച്ച് ഒരു സുഖവാസകേന്ദ്രം വികസിപ്പിക്കാനാവശ്യമായ ബൃഹത്പദ്ധതി ആവിഷ്കരിക്കാനുള്ള വിദഗ്ധ സമിതിയെ നിയോഗിച്ച് വിവിധ വികസന ഏജൻസികളുടെ സംയുക്ത സംരംഭം രൂപകല്പന ചെയ്ത് നടപ്പാക്കാനാകും.

7. പുരാവസ്തുഗവേഷണവകുപ്പും വിനോദസഞ്ചാരവകുപ്പും സംയുക്തമായി സംരംഭങ്ങൾ ആവിഷ്കരിച്ച് അതിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായി മ്യൂസിയത്തിന്റെ ഭരണചുമതല സ്വയം നിർണയാവകാശമുള്ളതും ചരിത്രകാരന്മാർ വിദ്യാഭ്യാസ പ്രവർത്തകർ, പ്രാദേശിക ഭരണാധികാരികളും ജനനായകരുമായവർ, കലാസാംസ്കാരിക സംഘടനാ പ്രതിനിധികൾ എന്നിവ ഉൾപ്പെട്ടതുമായ ഒരു സമിതി സംഘടിപ്പിച്ചാൽ മ്യൂസിയത്തെ ഒരു ഗവേഷണ പഠന പ്രദർശനകേന്ദ്രമായി ശക്തമാക്കാൻ കഴിയും.

8. അമ്പലവയൽ കോളനി കോംപ്ലക്സിലെ റവന്യൂ ഭൂമിയും അതിനോടു കൂട്ടിചേർക്കാവുന്നതും ലഭ്യമാക്കി മ്യൂസിയത്തോട് ചേർന്ന് പാർക്കുകൾ ഗ്രന്ഥാലയം, വിശ്രമമന്ദിരങ്ങൾ സ്റ്റേഡിയം കലാപരിപാടികൾക്കുള്ള സ്റ്റേജുകൾ എന്നിവ നിർമ്മിച്ചാൽ മാതൃകാപരമായ ഒരു സാംസ്കാരിക കോംപ്ലക്സ് ഉണ്ടാക്കാൻ കഴിയും.

9. അമ്പുകുത്തിമല, കൊളഗപ്പാറ, ചീങ്ങേരിപ്പാറ എന്നീ പാറമലകളെതമ്മിൽ ബന്ധിപ്പിച്ച് മ്യൂസിയത്തിൽ താവളം ഉണ്ടാകത്തക്കവിധം ഒരു റോപ്പ്വേ നിർമ്മിച്ചാൽ വിനോദസഞ്ചാരികൾക്കും സാഹസികയാത്രികർക്കും മുഖ്യ ആകർഷണമായിരിക്കും.

10. കെ. ടി.ഡി. സി. സ്വകാര്യ ഹോട്ടൽ സംരംഭകർ, തൊഴിലില്ലാത്ത ബിരുദധാരികൾ എന്നിവർക്ക് വേണ്ടത്ര സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കാൻ കേന്ദ്രസംസ്ഥാന സർക്കാറുകൾ തയ്യാറായാൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ഹോട്ടലുകൾ, മോട്ടലുകൾ എന്നിവ നിർമ്മിക്കാനും അതുവഴി തൊഴിലവസരങ്ങൾ പ്രധാനം ചെയ്യുവാനും കഴിയും.

11. കാരാപ്പുഴ ജലസംഭരണിയും തീരഭൂമിയും ആസൂത്രിതമായ നിലയിലുള്ള ബോട്ടിംഗ്, നീന്തൽ, പരിശീലനം, മത്സ്യകൃഷി, ഉദ്യാനം എന്നിവക്കായി രൂപകല്പന ചെയ്താൽ വിനോദസഞ്ചാരികൾക്കും

സിനിമാ നിർമാതാക്കളടക്കമുള്ളവർക്കും മുഖ്യ ആകർഷണമായിത്തീരും.

12. വയനാട്ടിലെ വിനോദസഞ്ചാര ഭൂപടത്തിലും ബ്രോഷറിലും അമ്പലവയലിന് മതിയായ പ്രാധാന്യം നല്കുകയും കണ്ടക്ടർ ടൂർ പ്രോഗ്രാമിൽ മ്യൂസിയം, കൃഷിഫാം, കാരാപ്പുഴ ജലസംഭരണി, എടക്കൽ ഗുഹ എന്നിവയ്ക്ക് പരിഗണനയും നൽകിയാൽ ഈ പ്രദേശത്തിന്റെ മാത്രമല്ല വയനാടിന്റെ തന്നെ പ്രശസ്തി ലോകശ്രദ്ധയാകർഷിക്കും.

13. സമയ ബന്ധിതമായി നിലവിലുള്ള പ്രധാന റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ പ്രത്യേക ഫണ്ട് അനുവദിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്താവുന്നതാണ്.

14. വിസ്മൃതിയിലായിക്കൊണ്ടിരിക്കുന്നു വയനാടൻ പ്രാചീനകലകൾ ഉൽസവാദി വാർഷികാഘോഷങ്ങൾ എന്നിവ പുനരുജീവിപ്പിക്കാൻ കലാസാംസ്കാരിക സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താവുന്നതാണ്.

15. അമ്പലവയലിലെ സ്കൂളുകൾ, പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ എന്നിവയിലെ സംവിധാനങ്ങൾ കാലോചിതമായി വികസിപ്പിച്ചാൽ കലാകായിക മേളകൾക്ക് സൗകര്യം വർദ്ധിപ്പിക്കാനാകും.



# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

എസ്. ഉമ്മർ – ചെയർമാൻ
എം. ജെ ബേബി – കൺവീനർ

**ജലസേചനം**
ടി.ടി സ്കറിയ
കെ. ടി ജോസഫ്
ഡോക്ടർ അബ്ദുൾ കരീം
കുരിയൻ സെബാസ്റ്റ്യാൻ
പി. കെ. മാധവൻ
പി. സി. ഗീവർഗ്ഗീസ്
എൻ. കെ ബാലകൃഷ്ണൻ

**വിദ്യാഭ്യാസം**
എൻ. വാസുദേവൻ
എം.എം. ഐസക്ക്
കെ. എ. എബ്രഹാം
ഭാസ്കരൻമാസ്റ്റർ
രമണൻമാസ്റ്റർ
എം.കെ. മുരളീധരൻ

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**
സി. കുര്യാക്കോസ്
കെ. ആർ. ഉണ്ണീരി
കെ. അഹമ്മദ്കുട്ടി
സി. ജനാർദ്ദനൻ
കെ. പി. സെയ്തലവി

**മൃഗസംരക്ഷണം, മത്സ്യബന്ധനം**
കെ. മാമുക്കുട്ടി
പി. കെ മുരളീധരൻ
ഡോക്ടർ രാധമ്മപിള്ള
ഡോക്ടർ സജി
കൂട്ടാറ് ദാമോദരൻ

**വ്യവസായം**
പി. ജെ. സേവ്യർമാസ്റ്റർ
ലീലാമ്മ തോമസ്
എം. ഡി. തങ്കച്ചൻ
ഗഫൂർ സി.

**പാർപ്പിടം സാമൂഹ്യക്ഷേമം**
വിജയ കേശവൻ
കെ. ഒ. മത്തായി
കെ. കെ. രാധാകൃഷ്ണൻ
അന്നമ്മ മത്തായി
ജയന്തി
എം. താഹക്കുട്ടി

**സംസ്കാരം**
വി. ശശിധരൻ
അശോകൻ എ. എ.
എൻ. ഒ. വർക്കി
കുര്യൻ സെബാസ്റ്റ്യൻ
മുജീബ്
എൻ. സി. കൃഷ്ണകുമാർ
കെ. ഇ. സതീശൻ

**ആരോഗ്യം കുടിവെള്ളം**
ഭാനുവതിഅമ്മ
പ്രഭാ നാണു
എൻ. ജി. അച്ചൻകുഞ്ഞ്
ജനാർദ്ദൻ സി.
സി. അനിത
ബി. ശ്യാമളാഭായി
ജയപ്രകാശ്

**പട്ടികജാതി പട്ടികവർഗ്ഗക്ഷേമം**
സി. കെ. ശിവദാസൻ
മോഹനൻ സി. പി
കെ. കെ. രാധാകൃഷ്ണൻ
കല്യാണി പാലൻ
വി. സുന്ദർലാൽ
ആലംതട്ട പ്രഭാകരൻ
റ്റി. മോഹൻദാസ്

**വനിത**
കെ. ബി. അനിത
പെണ്ണമ്മ ചാക്കോ
തോമസ് ജോസഫ്
അംബുജാക്ഷി
സെലീനാ ആന്റണി
സരസ്വതി കെ. എം.
ഒ. വത്സല

**സഹകരണമേഖല**
കെ. ആർ. രാമകൃഷ്ണൻ
എം. ഐ. ജോസഫ്
വി. ശശിധരൻ
കെ. ആർ. ശിവശങ്കരൻ
എ. എം. വർഗ്ഗീസ്
റ്റി. ജെ. രാജുജോൺ
എം. യു. ജോർജ്ജ്
ദേവാനന്ദ് കെ. പി.

**വിഭവ സമാഹരണം**
കെ. വിജയൻ
റ്റി. വിജയൻ
റ്റി. ശ്രീനിവാസൻ
റ്റി. കെ. ജയശങ്കരൻ
റ്റി. ഡി. മാത്യു.
കെ. സി. ജോർജ്
എലീസാ പൗലോസ്
സനൽകുമാർ എൻ.

**ചരിത്രം**
എൻ. വാസുദേവൻ
ശ്രീ. രമണൻമാസ്റ്റർ
കെ. എ. എബ്രഹാം
കെ. സി. ജോർജ്
ഭാസ്കരൻമാസ്റ്റർ
വിജയ കേശവൻ

**സഹായികൾ**
സി. കെ. ഗോവിന്ദൻനായർ
എ. സുശീല
ആർ. പ്രേമലീല
എം. കെ. ഗോപിനാഥൻ
സി. കെ. സരസമ്മ

**സ്റ്റേറ്റ് റിസോഴ്സ് പേഴ്സൻ**
എസ്. ഉമ്മർ

**ജില്ലാ റിസോഴ്സ് പേഴ്സൻ**
1. ശ്രീ. എം. ജെ ബേബി
2. കെ. വിജയൻ
3. എം. എം. ബഷീർ
4. റ്റി. ഡി. ജോസഫ്.
5. ഒ. വത്സല
6. എൻ. സി. കുര്യാക്കോസ്


വയനാട്
കണ്ണൂർ
കർണാടക
തിരുനെല്ലി
മുള്ളൻകൊല്ലി
തവിഞ്ഞാൽ
മാനന്തവാടി
പുൽപള്ളി
എടവക
തൊണ്ടർനാട്
പനമരം
സുൽത്താൻ ബത്തേരി
പൂതാടി
വെള്ളമുണ്ട
കണിയാമ്പറ്റ
നൂൽപുഴ
പടിഞ്ഞാറത്തറ
കോട്ടത്തറ
മീനങ്ങാടി
വെങ്ങപ്പള്ളി
തരിയോട്
മുട്ടിൽ
നെന്മേനി
കൽപറ്റ
അമ്പലവയൽ
പൊഴുതന
വൈത്തിരി
തമിഴ്നാട്
മേപ്പാടി
കോഴിക്കോട്
മലപ്പുറം

ആശംസകളോടെ

# അമ്പലവയൽ ക്ഷീരോത്പാദക സഹകരണ സംഘം

## (APCOS) No. D1961




# അധികാരം ജനങ്ങൾക്ക്